വാല്യം 68

അങ്കമാലി ബ്ലോക്ക്

(എറണാകുളം ജില്ല)

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

മുക്കന്നൂർ ഗ്രാമ പഞ്ചായത്ത്

വികസന റിപ്പോർട്ട്



1996

ഒമ്പതാം പദ്ധതി

ജനകീയ പദ്ധതി

മൂക്കന്നൂർ ഗ്രാമ പഞ്ചായത്ത്

വികസന റിപ്പോർട്ട്

1996 ഡിസംബർ 15 ഞായർ

സേക്രഡ് ഹാർട്ട് ഓർഫനേജ് ഹൈസ്കൂൾ

മൂക്കന്നൂർ

മൂക്കന്നൂർ പഞ്ചായത്ത് - രേഖാചിത്രം

സമർപ്പണം

സുഹൃത്തുക്കളെ,

ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്തിരാജ് നഗരപാലിക നിയമം നടപ്പിലായതോടുകൂടി അധികാര വികേന്ദ്രീകരണത്തിന് അടിത്തറയായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണം സുതാര്യവും അഴിമതി രഹിതവുമാക്കിത്തീർത്താൽ ജനങ്ങളുടെ പങ്കാളിത്തം സുദൃഢമാകും. പഞ്ചവത്സര പദ്ധതികൾ പലതും കടന്നുപോയെങ്കിലും അതിലൊന്നിലും സാധാരണ ജനങ്ങളുടെ നേരിട്ടുള്ള പങ്കാളിത്തത്തിന് പ്രസക്തി ഉണ്ടായിരുന്നില്ല. എന്നാൽ ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ വാർഡുകളിലെ മുഴുവൻ ജനങ്ങളും അണിചേരുന്ന ഒരു കാഴ്ചയാണ് ജനകീയാസൂത്രണം വഴി നമുക്ക് കാണുവാൻ കഴിയുന്നത്. ഗ്രാമ സഭകളിൽ ചർച്ച ചെയ്യുന്ന വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ വാർഡിലെ ജനങ്ങളുടെ നേരിട്ടുള്ള ബന്ധം അതിൽ ദർശിക്കാം. അതുകൊണ്ടുതന്നെ ഒമ്പതാം പദ്ധതി ജനങ്ങളുടെ പദ്ധതി എന്ന് നമുക്ക് വിവക്ഷിക്കാം.

പല ഘട്ടങ്ങളിലായുള്ള ജനകീയാസൂത്രണ പരിപാടിയിൽ ജനങ്ങളെ അടുപ്പിക്കാനും അവരുടെ സഹകരണം ഉറപ്പു വരുത്താനും വികസന റിപ്പോർട്ടിനു രൂപം നൽകാനും ഞങ്ങളെ സഹായിച്ച ജില്ലാ തല പരിശീലകരോടും പഞ്ചായത്തുതല പരിശീലകരോടും ബഹുമാനപ്പെട്ട ഉദ്യോഗസ്ഥരോടും സാംസ്കാരിക സാമുദായിക രാഷ്ട്രീയ നേതാക്കളോടും പഞ്ചായത്ത് ഭരണ സമിതിക്കുള്ള സ്നേഹാദരവുകൾ അറിയിച്ചുകൊണ്ടും മൂക്കന്നൂർ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും വേണ്ടി ഈ വികസന റിപ്പോർട്ട് പൊതുജനസമക്ഷം സമർപ്പിക്കുന്നു.

ആദരവോടെ,

എം. പി. വർഗ്ഗീസ് മാസ്റ്റർ,

പ്രസിഡൻറ്,
മൂക്കന്നൂർ ഗ്രാമപഞ്ചായത്ത്.

മൂക്കന്നൂർ
15.12.96

കൺവീനർ സംസാരിക്കുന്നു.....

ഒമ്പതാം പഞ്ചവത്സര പദ്ധതി ഒരു ജനകീയ പദ്ധതിയാക്കി മാറ്റുന്നതിന്റെ ഭാഗമായി പഞ്ചായത്തിൽ നടന്ന വിവിധ ഗ്രാമസഭകളുടെ ആവശ്യങ്ങളും നിർദ്ദേശങ്ങളും, വിവിധ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച ദ്വിതീയ സ്ഥിതി വിവര കണക്കുകളും, പഠന പര്യടനത്തിൽ നിന്നും ലഭിച്ച പഞ്ചായത്തിന്റെ പ്രത്യേകതകളും, കാരണവസംഗമത്തിൽ നിന്നും കിട്ടിയ അറിവും പുരാണ രേഖകളിൽ നിന്നും വായിച്ചറിഞ്ഞ വിവരങ്ങളും ആധാരമാക്കിയാണ് ഈ വികസന റിപ്പോർട്ട് രൂപപ്പെടുത്തിയിട്ടുള്ളത്. ഈ പഞ്ചായത്തിന്റെ സമഗ്ര വികസനമാണ് ഈ റിപ്പോർട്ട് ലക്ഷ്യമിടുന്നത്.

ജനപങ്കാളിത്തത്തോടെ നടപ്പാക്കാൻ പോകുന്ന ഈ ജനകീയാസൂത്രണ പ്രക്രിയക്ക് ഇവിടത്തെ മുഴുവൻ ജനങ്ങളുടേയും സഹായസഹകരണങ്ങൾ ഉണ്ടാകുമെന്ന് എനിക്കുറപ്പുണ്ട്.

ഈ വികസന രേഖ തയ്യാറാക്കാൻ സഹായിച്ച ജില്ലാ പരിശീലകരായ ശ്രീ. എം.പി. അഗസ്റ്റിൻ, ശ്രീ. വി.പദ്മനാഭൻ, ശ്രീ. കെ.ഒ.വർഗ്ഗീസ്, ശ്രീ. എം.വി. ജോണി, ശ്രീ കെ.ടി. തോമസ്, ശ്രീ. പോൾ പി. പുതുശ്ശേരി, കൃഷി ആഫീസർ ശ്രീ കെ.പി. സതീഷ്കുമാർ, ഹോമിയോ ഡോക്ടർ ശ്രീ. സലിം, വൈദ്യുതി ബോർഡ് അസി. എഞ്ചിനീയർ ശ്രീ. എ. എൻ രാമചന്ദ്രൻ ., വില്ലേജ് ആഫീസർ ശ്രീ. വിജയൻ, വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ ശ്രീ. സദാനന്ദൻ, വെറ്റിനറി സർജൻ ഡോ. ജിജിമോൻ, ഫെഡറൽ ബാങ്ക് മാനേജർ ശ്രീ. വി.ഡി. ഔസേഫ്, സഹകരണ ബാങ്ക് സെക്രട്ടറി ശ്രീ. എം.വി. ചെറിയാച്ചൻ, പഞ്ചായത്ത് വനമുഖ്യൻ ശ്രീ. ടി.എം. വർഗ്ഗീസ്, ശ്രീ. പി.ഡി. ആൻറണി, ശ്രീ. ജോസ് കട്ടക്കയം, ശ്രീ. പി.ജി. ബാലകൃഷ്ണൻ നായർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ.എൻ. നാരായണൻ, ശ്രീ. എം.പി. പൗലോസ് (ഹെഡ്ക്ലാർക്ക്) ശ്രീ. കെ.വി. സുബ്രഹ്മണ്യൻ (യു.ഡി.സി) എന്നിവർക്കും പഞ്ചായത്തിലെ മറ്റു ജീവനക്കാർക്കും പഞ്ചായത്ത് തല പരിശീലകർക്കും എന്റെ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. ഇതിനോട് സഹകരിച്ച എല്ലാവർക്കും സ്നേഹത്തിന്റെ ഭാഷയിൽ ഒരിക്കൽ കൂടി നന്ദി പറഞ്ഞുകൊണ്ട്

സ്നേഹപൂർവ്വം

പ്രൊഫ. ജോസ് പാപ്പു

ജനകീയാസൂത്രണ സമിതി കൺവീനർ
മുക്കന്നൂർ ഗ്രാമ പഞ്ചായത്ത്

മുക്കന്നൂർ
6.12.1996

വികസനറിപ്പോർട്ട്

ശില്പികൾ

പ്രൊഫ. ജോസ് പാപ്പു

ശ്രീ. കെ. ടി. തോമസ്

ശ്രീ. കെ. ഒ. വർഗ്ഗീസ്

ശ്രീ. വി. പദ്മനാഭൻ

ശ്രീ. എം. പി. അഗസ്റ്റിൻ

ശ്രീ. എം. വി. ജോണി

ശ്രീ. പ്രൊഫ. പി. പുരുഷ്ശ്രീ

ശ്രീ. പി. ഡി. ആൻറണി

ശ്രീ. റ്റി. എം. വർഗ്ഗീസ്

ശ്രീ. കെ. പി. സതീഷ് കുമാർ

ഡോ. ജിജി മോൻ

ഡോ. എം. സലിം

ശ്രീ. വിജയൻ

ശ്രീ. എ. എൻ. രാമചന്ദ്രൻ

ശ്രീ. കെ. എൻ. നാരായണൻ

ശ്രീ. വി.ഡി. ജോസഫ്

ശ്രീ. എം. വി. ചെറിയാച്ചൻ

ശ്രീ. പി. ജി. ബാലകൃഷ്ണൻ നായർ

ശ്രീ. ജോസ് കട്ടക്കയം

ശ്രീ. എം. ടി. ബേബി

ശ്രീ. പി.ഡി. ജോർജ്ജ്

സാരഥികൾ

ശ്രീ. പി.സി. ചാക്കോ. എം.പി. (മുകുന്ദപുരം)

ശ്രീ. പി.ജെ. ജോയി എം.എൽ.എ. (അങ്കമാലി)

ശ്രീമതി. ലിസി ആൻറണി മെമ്പർ, ജില്ലാ പഞ്ചായത്ത്

ശ്രീ. തോമസ് ഐക്യരേത്ത് പ്രസിഡൻറ്, ബ്ലോക്ക് പഞ്ചായത്ത്

ശ്രീമതി ആനി മത്തായി മെമ്പർ, ബ്ലോക്ക് പഞ്ചായത്ത്

ഗ്രാമപഞ്ചായത്ത് അംഗങ്ങൾ

ശ്രീ. എം.പി. വർഗ്ഗീസ് മാസ്റ്റർ പ്രസിഡൻറ്

ശ്രീ. എം.പി. പൗലോസ് വൈസ് പ്രസിഡൻറ്

ശ്രീ. ജോസഫ് അട്ടാറ ചെയർമാൻ, സ്റ്റാൻറിംഗ് കമ്മിറ്റി

ശ്രീമതി. മേരി തരിയാക്കു

ശ്രീ. വി.വി. വിശ്വനാഥൻ

ശ്രീമതി. ഉഷ ആൻറണി

ശ്രീമതി. ഏല്യാക്കുട്ടി ആൻറണി

ശ്രീ. സി.കെ. കുഞ്ഞപ്പൻ

ശ്രീ. ജോസ് മാടശ്ശേരി

ജില്ലാതല പരിശീലകർ

പ്രൊഫ. ജോസ് പാപ്പു (കൺവീനർ, പഞ്ചായത്ത് ആസൂത്രണ സമിതി)

ശ്രീ. വി. പത്മനാഭൻ

ശ്രീ. എം.പി. അഗസ്റ്റിൻ

ശ്രീ. കെ.ഒ. വർഗ്ഗീസ്

ശ്രീ. കെ.ടി. തോമസ്

ശ്രീ. പോൾ. പി. പുതുശ്ശേരി

ശ്രീ. എം.വി. ജോണി മാടശ്ശേരി

മൂക്കന്നൂർ പഞ്ചായത്ത് ഒറ്റ നോട്ടത്തിൽ

പഞ്ചായത്തി ന്റെ പേര്	മൂക്കന്നൂർ
വിസ്തീർണ്ണം	17.5 ച.കി.മീ.
അതിർത്തികൾ	പടിഞ്ഞാറ് കറുകുറ്റി പഞ്ചായത്ത്, തെക്ക്-കിഴക്ക് തുറവൂർ പഞ്ചായത്ത്, വടക്ക് അയ്യംപുഴ പഞ്ചായത്ത്
വില്ലേജുകൾ	മൂക്കന്നൂർ, കറുകുറ്റി, തുറവൂർ, അയ്യംപുഴ
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	ആഴകം, മൂക്കന്നൂർ
ബ്ലോക്ക് പഞ്ചായത്ത്	അങ്കമാലി
ജില്ലാ പഞ്ചായത്ത് ഡിവിഷൻ	മഞ്ഞപ്ര
താലൂക്ക്	ആലുവ
ജില്ല	എറണാകുളം
അസംബ്ലിമണ്ഡലം	അങ്കമാലി
ജനസംഖ്യ	17148
വാർഡുകളു ടെ എണ്ണം	9
പ്രഥമ പ്രസിഡൻറ്	ശ്രീ. സിറിയക്ക് പുതുമന
ഇപ്പോഴത്തെ പ്രസിഡൻറ്	ശ്രീ. എം.പി. വർഗ്ഗീസ് മാസ്റ്റർ
വൈസ് പ്രസിഡൻറ്	ശ്രീ. എം.പി. പൗലോസ്
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ	ശ്രീ. ജോസഫ് അട്ടാറ
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ	ശ്രീമതി. ആനി മത്തായി (ആഴകം)
ജില്ലാ പഞ്ചായത്ത് മെമ്പർ	ശ്രീ.തോമസ് ഐക്യരേത്ത് (മൂക്കന്നൂർ) ശ്രീമതി. ലിസി ആൻറണി
നിയമസഭാംഗം	ശ്രീ. പി .ജെ. ജോയി
ലോക സഭാംഗം	ശ്രീ. പി.സി. ചാ ക്കോ.

മൂക്കന്നൂരിന്റെ ചരിത്രത്തിലെ നാഴികക്കല്ലുകൾ-കാലക്രമമനുസരിച്ച്

കൂട്ടാലക്ഷേത്രം	നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്
സെൻറ് മേരീസ് കത്തോലിക്കാ ദേവാലയം	1884
സെൻറ് മേരീസ് ഹെർമോൻ ദേവാലയം	1904
വാർത്താപത്രം - നസ്രാണി ദീപിക - പ്രചാരത്തിൽ	1910
സർക്കാർ എൽ.പി.സ്കൂൾ	1913
തിരുഹൃദയ അനാഥശാല	1915
ഡോ. ഉമ്മന്റെ ആശുപത്രി (നിലവിലില്ല)	1931
ബി.വി.എം. നടനകലാസമിതി	1931
റൂറൽ സെൻട്രൽ ലൈബ്രറി	1947
തിരുഹൃദയ അനാഥശാല യു.പി.സ്കൂൾ	1948
പോസ്റ്റ് ഓഫീസ്	1951
മാർ അഗസ്റ്റിൻ ജൂബിലി സ്മാരക ആശുപത്രി	1951
മൂക്കന്നൂർ പഞ്ചായത്ത് - ആസ്ഥാനം തുറവൂർ	1953
ബസ്സ് സർവ്വീസ്	1953
ചാലക്കുടി ഇടതുകര കനാൽ	1956
വൈദ്യുതി	1957
സർവ്വീസ് സഹകരണ ബാങ്ക്	1960
തിരുഹൃദയ അനാഥശാല ഹൈസ്കൂൾ	1966
ടെലിഫോൺ	1968
പഞ്ചായത്ത് വിഭജനം - മൂക്കന്നൂർ പഞ്ചായത്ത്	1969
ഫെഡറൽ ബാങ്ക് മൂക്കന്നൂർ ശാഖ	1969

വൈദ്യുതി ബോർഡ് സെക്ഷൻ ഓഫീസ്, കൃഷിഭവൻ, വില്ലേജ് ഓഫീസ്, ഹോമിയോ ആശുപത്രി, മൃഗാശുപത്രി, പ്രാഥമികാരോഗ്യ കേന്ദ്രം, ബാലനഗർ ഐ.ടി.സി, ആഴകം സർക്കാർ സ്കൂൾ, മൂക്കന്നൂർ സർക്കാർ സ്കൂൾ, ഹയർ സെക്കൻററി സ്കൂൾ, താബോർ തിരുക്കുടുംബ സ്കൂൾ, എന്നീ സ്ഥാപനങ്ങളും വളർച്ചയുടെ പട്ടികയിൽ പെടുന്നു. ആരാധനാലയങ്ങളായ കോക്കുന്ന് സെ. ജോസഫ്സ് ദേവാലയം, താബോർ തിരുക്കുടുംബ ദേവാലയം പൂതംകുറ്റി സെ. മേരീസ് ദേവാലയം കോക്കുന്ന് സെഹിയോൻ ദേവാലയം, പറമ്പയം വിജോപുരം ദേവാലയം, അട്ടാറ ജോസ് ഗിരി ആശ്രമം, ശ്രീ. സുബ്രമണ്യക്ഷേത്രം, പൂതംകുറ്റി ശ്രീ ഭൂതഭൂവനേശ്വരി ക്ഷേത്രം വട്ടേക്കാട് ഉമാ മഹേശ്വരി ക്ഷേത്രം മൂക്കന്നൂർ ബേസിൽ ഭവൻ, വിൻസെൻഷ്യൻ ആശ്രമം എന്നിവയും മൂക്കന്നൂരിന്റെ ചരിത്രത്തിലെ നാഴികക്കല്ലുകളാണ്.

സാരഥികൾ

ശ്രീ. പി.ജെ. ജോയി എം.എൽ.എ
(അങ്കമാലി)

ശ്രീ. തോമസ് ഐക്യരേത്ത്
പ്രസിഡന്റ്, അങ്കമാലി
ബ്ലോക്ക് പഞ്ചായത്ത്

ആനി മത്തായി
മെമ്പർ, അങ്കമാലി ബ്ലോക്ക്
പഞ്ചായത്ത്, (ആഴകം ഡിവിഷൻ)

ശ്രീമതി ലിസ്സി ആന്റണി
മെമ്പർ, എറണാകുളം ജില്ലാപഞ്ചായത്ത്
(മഞ്ഞപ്ര ഡിവിഷൻ)

മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി

ശ്രീ. എം. പി. വർഗീസ്സ് മാസ്റ്റർ
പ്രസിഡൻറ്

ശ്രീ. എം. പി. പൗലോസ്
വൈസ് പ്രസിഡൻറ്



ശ്രീ. ജോസഫ് അട്ടാറ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ



ശ്രീ. വി.വി. വിശ്വനാഥൻ

ശ്രീ. സി.കെ. കുഞ്ഞപ്പൻ

ശ്രീ. ജോസ് മാടശ്ശേരി

ശ്രീമതി മേരി തരിയാക്കു

ശ്രീമതി ഉഷ ടീച്ചർ

ശ്രീമതി. എല്യാക്കുട്ടി ടീച്ചർ

വികസന റിപ്പോർട്ട്

താളുകളിലൂടെ

ആമുഖം

മൂക്കന്നൂർ പഞ്ചായത്ത് ഇന്നലെ - ഇന്ന്

ഭൂപ്രകൃതി - വിഭവങ്ങൾ

കൃഷി - ജലസേചനം

മൃഗ സംരക്ഷണം

പൊതുജനാരോഗ്യം - കുടിവെള്ളം

വ്യവസായം

വിദ്യാഭ്യാസം

ഗതാഗതം - ഊർജ്ജം

പാർപ്പിടം - സാമൂഹ്യക്ഷേമം

സംസ്കാരം

വനിതാക്ഷേമം

സഹകരണം

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

വിഭവ സമാഹരണം

ആമുഖം

ജനകീയ ആസൂത്രണപ്രക്രിയ, അധികാരവികേന്ദ്രീകരണം നടപ്പാക്കുന്നതിനുള്ള ഒരു ജനകീയ മുന്നേറ്റമാണ്. ഒമ്പതാം പഞ്ചവത്സര പദ്ധതി, ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന്റെ ഭാഗമായി ഈ പഞ്ചായത്തിൽ അടുത്ത അഞ്ച് വർഷത്തേക്കുള്ള വികസനപ്രവർത്തനത്തിന്റെ ഒരു രൂപരേഖയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ജനകീയ ആസൂത്രണവുമായി ബന്ധപ്പെട്ട് ജില്ലാതലത്തിൽ നടന്ന പരിശീലന പരിപാടിയിൽ പഞ്ചായത്ത് സമിതി അംഗങ്ങളും നാമനിർദ്ദേശം ചെയ്യപ്പെട്ട ഏഴ് പേരും പങ്കെടുത്തു. പിന്നീട് നടന്ന പഞ്ചായത്ത്തല ശില്പശാലയിൽ വിവിധ വാർഡുകളിൽ നിന്നുള്ള 54 പേരും വിവിധ വകുപ്പ് അദ്ധ്യക്ഷന്മാരും, പഞ്ചായത്ത് സമിതി അംഗങ്ങളും, സജീവമായി സംബന്ധിച്ചു.

വ്യത്യസ്ത ദിവസങ്ങളിലായി നടന്ന 9 ഗ്രാമസഭകളിൽ 1300-ൽ പരം ഗ്രാമ വാസികൾ ഒരുമിച്ച് കൂടി. ഗ്രൂപ്പ് തിരഞ്ഞ് നടന്ന ചർച്ചകളിൽ പുരുഷന്മാരോടൊപ്പം സ്ത്രീകളും സജീവമായിരുന്നു.

ജില്ലാതലത്തിൽ നടന്ന രണ്ടാം ഘട്ട പരിശീലന പരിപാടിയിലും മൂക്കന്നൂർ പഞ്ചായത്തിന്റെ പ്രാതിനിധ്യം ശ്രദ്ധേയമായിരുന്നു.

ഗ്രാമസഭകളിൽ നിന്നും ഉരുത്തിരിഞ്ഞ ആവശ്യങ്ങളും ഓഫീസ് തലവന്മാരുടെ പദ്ധതി അവലോകനവും തലമുതിർന്ന കാരണവന്മാരിൽ നിന്നും ലഭിച്ച അറിവും, പഠന പര്യടനപരിപാടിയിൽ നിന്നും ക്രോഡീകരിച്ച പഞ്ചായത്തിന്റെ പ്രത്യേകതകളും ദ്വിതീയ സ്ഥിതിവിവരകണക്കുകളും പഞ്ചായത്തിന്റെ ചരിത്രപഠനവും ഈ വികസന റിപ്പോർട്ടിന് ആധാരമായിട്ടുണ്ട്.

1953-ൽ കേരളത്തിൽ പഞ്ചായത്ത് സംവിധാനം നിലവിൽ വന്നതോടെ മൂക്കന്നൂരിലും പഞ്ചായത്ത് രൂപം കൊണ്ടു. പക്ഷെ ആസ്ഥാനം തുറവൂരായി നിശ്ചയിച്ചു. പ്രഥമ പ്രസിഡണ്ടായി ശ്രീ. എം.എ ആൻറണി അധികാരമേറ്റു. രണ്ടു വ്യത്യസ്ത പ്രദേശങ്ങളിലായി വ്യാപിച്ച് കിടന്ന പഞ്ചായത്ത്, ഭരണപരമായ അസൗകര്യവും മൂക്കന്നൂരിന് സ്വന്തമായ പഞ്ചായത്താഫീസ് വേണമെന്ന നാട്ടുകാരുടെ ശക്തമായ സമ്മർദ്ദത്തിനും തുടർന്നുണ്ടായ ശീത സമരത്തിനും പരിഹാരമെന്നോണം 1969-ൽ മൂക്കന്നൂരിന് സ്വന്തമായി ഒരു പഞ്ചായത്തുണ്ടായി ആദ്യ പ്രസിഡൻറായി ശ്രീ. സിറിയക്ക് പുതുമന സ്ഥാനമേറ്റു. ശ്രീ. എം.ജെ. വർക്കി, ശ്രീ.കെ. ഒ. തോമസ്, ശ്രീ. പി.ജെ. ജോയി, ശ്രീ കെ.പി. സണ്ണി എന്നിവർ പഞ്ചായത്ത് പ്രസിഡണ്ടുമാരായിരുന്നിട്ടുണ്ട്. ശ്രീ. എം. പി. വറുഗീസ് മാസ്റ്റർ പ്രസിഡണ്ടായും ശ്രീ. എം.പി. പൗലോസ് വൈസ്പ്രസിഡണ്ടായും ഇപ്പോഴത്തെ പഞ്ചായത്ത് സമിതി പ്രവർത്തിക്കുന്നു.

എറണാകുളം ജില്ലയുടെ വടക്കെ അറ്റത്ത് സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്ത് മൂക്കന്നൂർ, കറുകുറ്റി, തുറവൂർ, അയ്യംമ്പുഴ എന്നി വില്ലേജുകളിലായി വ്യാപിച്ച് കിടക്കുന്നു. ആലുവ താലൂക്കിലും അങ്കമാലി ബ്ലോക്ക് പഞ്ചായത്തിലും അങ്കമാലി നിയോജക മണ്ഡലത്തിലും ഉൾപ്പെടുന്നു ഈ പഞ്ചായത്ത്.

ഇതിന്റെ വിസ്തീർണ്ണം 17.5 ചതുരശ്ര കിലോമീറ്ററും ജനസംഖ്യ 17648ഉം ആണ്. ഈ പഞ്ചായത്ത് 9 വാർഡുകളായി തിരിച്ചിരിക്കുന്നു.

ഇവിടെ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു കൃഷിഭവൻ ഉണ്ട്. മൂക്കന്നൂർ വില്ലേജ് ഓഫീസ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. വൈദ്യുതി ബോർഡിന്റെ ഒരു സെക്ഷൻ ഓഫീസും പഞ്ചായത്തതിർത്തിയിലുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള മൃഗാശുപത്രിയുടെ സേവനവും പഞ്ചായത്തിൽ ലഭ്യമാണ്. പൊതു ജനാരോഗ്യപരിപാലനത്തിന്റെ ഭാഗമായി ഹോമിയോ ആശുപത്രിയും സേവനരംഗത്തുണ്ട്. പഞ്ചായത്തിന് അനുവദിച്ച പ്രാഥമിക ആരോഗ്യകേന്ദ്രം പ്രവർത്തന സംജ്ജമാകുന്നു. മാർ അഗസ്റ്റിൻ ഗോൾഡൻ ജൂബീലി മെമ്മോറിയൽആശുപത്രിയും, വളരെ പഴക്കമുള്ള മാടശ്ശേരി ആയുർവേദവൈദ്യശാലയും ഹനീഫ, ആയുർവേദ വൈദ്യശാലയും ഹോമിയോ ഡോക്ടർ മോഹൻ ബാബു നടത്തുന്ന ശാന്തി നേഴ്സിങ്ഹോമും, ഡോ. മേരിബേബിയുടെ നേതൃത്വത്തിൽ പൂതംക്കുറ്റി സെൻറ് മേരിസ് ക്ലീനിക്കും ഈ രംഗത്തു ശ്രദ്ധേയമാണ്.

നല്ല നിലയിൽ പ്രവർത്തിക്കുന്ന ഫെഡറൽ ബാങ്കിന്റെ ഒരു ശാഖയും സർവ്വീസ് സഹകരണ ബാങ്കും ഇവിടെയുണ്ട്.

ജനങ്ങൾക്ക് വേണ്ടി ജനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുവാൻ പോകുന്ന 9-ാം പഞ്ചവത്സര പദ്ധതി ഒരു ജനകീയ പദ്ധതിയായി തീരട്ടെയെന്ന് പ്രത്യാശിക്കാം.

മുക്കന്നൂർ പഞ്ചായത്ത് - ഇന്നലെ ഇന്ന്

'മുക്കന്നൂര്' എന്ന പേര് പുരാതനമായി അറിയപ്പെട്ടിരുന്ന ഒരു പ്രദേശത്തിന്റെ സൂചനയായി കണക്കാക്കാം. 'ഊര്' എന്ന തമിഴ് പദത്തിൽ അവസാനിക്കുന്ന സ്ഥലനാമങ്ങൾ നമ്മുടെ സംസ്ഥാനത്ത് ധാരാളമുണ്ട്.

വളരെ പുരാതന കാലത്ത് തന്നെ ഈ പ്രദേശം ജനനിബിഡമായിരുന്നുവെന്നും പിന്നീടുണ്ടായ യുദ്ധമോ പകർച്ച വ്യാധികളോ പ്രകൃതിക്ഷോഭമോ കൊണ്ട് ജനങ്ങൾ ഒഴിഞ്ഞുപോയതാണെന്നും അങ്ങിനെ കുറേക്കാലം വനപ്രദേശമായിരുന്നുവെന്നും വീണ്ടും ജനവാസം ആരംഭിക്കുകയാണുണ്ടായതെന്നും വിശ്വസിക്കപ്പെടുന്നു.

1930 ൽ ചീനം ചിറയിൽ കണ്ടെത്തിയ കല്പടവുകളും കൽക്കെട്ടുകളും നാടിന്റെ വിവിധഭാഗങ്ങളിൽ കാണപ്പെട്ട മുനിയറകളും വലിയ മൺ ഭരണികളും നൂറ്റാണ്ടുകൾ പഴക്കമുള്ള കൂട്ടാല ദേവിക്ഷേത്രവും അതിന് മുന്നിലുള്ള ആലും, തേവർക്കക്ഷേത്രത്തിലെ ആറാട്ടുമായി ബന്ധപ്പെട്ട ആറാട്ടുപുഴയും മുകളിൽ രേഖപ്പെടുത്തിയ വിശ്വാസത്തിന് പിൻബലമാകുന്നു.

സ്വാതന്ത്ര്യസമരത്തിൽ പ്രകൃക്ഷമായും പരോക്ഷമായും പങ്കെടുത്തവർ ഏറെയുണ്ട് ഈ പഞ്ചായത്തിൽ. ഇവരിൽ പരസ്യമായി ഗാന്ധിത്തൊപ്പി ധരിക്കാൻ തന്റേടം കാണിച്ച് കൃഷ്ണൻകുട്ടി വൈദ്യരും പന്തപ്പിള്ളി നാരായണപിള്ളയും തുടിയൻ ചാക്കുവും മുൻപന്തിയിൽ നില്ക്കുന്നു.

ജാതിമതരാഷ്ട്രീയ സൗഹൃദത്തിനും സഹിഷ്ണതയ്ക്കും കൂട്ടായ്മക്കും ഇന്നും ഈ നാട് പേര് കേട്ടതാണ്. ഭൂരിഭാഗം ജനങ്ങളും കർഷകരാണ്. അതുകൊണ്ട് തന്നെ ലളിത ജീവിതവും സത്യസന്ധതയും സാമാധാന ചിന്തയും ഇവിടത്തെ ജനങ്ങളുടെ മുഖമുദ്രയാണ്.

ഭൂപ്രകൃതിയനുസരിച്ച് ഈ പഞ്ചായത്തിന്റെ തെക്ക് പടിഞ്ഞാറ് ഭാഗം താരതമ്യേന സമതലവും കിഴക്ക് ഭാഗം ഉയർന്നതും വടക്ക് ഭാഗം മലമ്പ്രദേശവുമാണ്. കാർഷിക പ്രാധാന്യമുള്ള ഒരു പഞ്ചായത്ത് എന്ന നിലയിൽ നാടിന് ആവശ്യമുള്ള മിക്കവാറും എല്ലാ കാർഷിക ഉല്പന്നങ്ങളും ഇവിടെതന്നെ ഉല്പാദിപ്പിച്ചിരുന്നു. ഇന്ന് ഈ സ്ഥിതി മാറിയിരിക്കുന്നു.

ട്രേഡ് യൂണിയനുകളൊ, കർഷകസംഘടനകളൊ ആദ്യകാലഘട്ടങ്ങളിൽ ഇവിടെ പ്രവർത്തിച്ചിരുന്നില്ല. നാടിന്റെ പൊതുവായ ആവശ്യങ്ങളിൽ ജാതിമതരാഷ്ട്രീയ പരിഗണനകൾക്കതീതമായി ഇവിടത്തെ മുഴുവൻ ജനങ്ങളും ഒറ്റക്കെട്ടായി നിന്നിരുന്നു. അതുകൊണ്ട് തന്നെ അഭിമാനിക്കാവുന്ന പലനേട്ടങ്ങളും ഇവിടെ ഉണ്ടായിട്ടുണ്ട്. പിന്നീട് സംസ്ഥാനത്തുണ്ടായ മാറ്റങ്ങളുടെ മുഖ്യധാരയിലേയ്ക്ക് ഈ പഞ്ചായത്തും എത്തിച്ചേർന്നു.

നമ്പൂരി ഇല്ലങ്ങളുടേയും ക്ഷേത്രങ്ങളുടേയും ഏതാനും വൻകിട ഭൂഉടമകളുടേയും വകയായിരുന്ന കൃഷിയിടങ്ങൾ ഭൂപരിഷ്കരണനിയമം വന്നതോടെ പാട്ടക്കാരുടേയും കുടികിടപ്പുകാരുടേയും സ്വന്തമായി തീർന്നു; അങ്ങിനെ ഭൂഉടമസ്ഥതയിൽ വലിയ ഒരു മാറ്റം സംഭവിച്ചു. ബഹുഭൂരിപക്ഷം പേരും ഇടത്തരം കർഷകരായിരുന്നു. നെൽകൃഷിക്ക് പുറമേ ഇഞ്ചിപ്പുല്ല് (പുൽതൈലം) മരിച്ചീനി, റബ്ബർ, കുരുമുളക്, അടയ്ക്ക എന്നിവയായിരുന്നു ആദ്യകാലവിളകൾ. ചാലക്കുടി ഇടതുകരകനാൽ മുക്കന്നൂരിന്റെ ഹൃദയഭാഗത്തു കൂടിയാണ് കടന്നുപോകുന്നത് ഇത് നാടിന്റെ കാർഷിക മേഖലയുടെ പുരോഗതിയെ കാര്യമായി സ്വാധീനിച്ചു. കനാൽ വെള്ളം ലഭിക്കാത്ത സ്ഥലങ്ങളിൽ വിദേശസാമ്പത്തിക ഏജൻസികളുടെ സഹായത്തോടെ ബ. മാർട്ടിൻ അച്ചൻ നടപ്പാക്കിയ ജലസേചന പദ്ധതികൾ പ്രത്യേകം എടുത്ത് പറയേണ്ടതാണ്.

വിദ്യാഭ്യാസരംഗത്ത് ഈ പഞ്ചായത്തിന്റെ ചരിത്രപശ്ചാത്തലം വളരെ പഴക്കമുള്ളതാണ്. കുടിപള്ളിക്കൂടങ്ങളാണ് ഇതിന്റെ ആദ്യസംരംഭം. ഈ രംഗത്ത് വെട്ടിയ്ക്ക ഔസേപ്പ് ആശാനും (വല്ല്യാശാൻ)

ആഴകത്തെ കുട്ടനാശ്ശാനും സ്മരിക്കപ്പെടേണ്ടവരാണ്.

1883 ൽ സ്ഥാപിതമായ മൂക്കന്നൂർ സെൻറ് മേരീസ് ദേവാലയത്തിൻെറ അഭിമുഖ്യത്തിൽ ഇടവക ജനങ്ങളുടെ ശ്രമഫലമായി ആരംഭിച്ച ലോവർ പ്രൈമറി സ്ക്കൂളാണ് ഈ നാട്ടിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം. പിന്നീട് ഇത് സർക്കാരിന് വിട്ടുകൊടുത്തു. ഇന്ന് ഈ സ്ഥാപനം ഒരു ഹയർ സെക്കൻററി സ്കൂളായി ഉയർത്തപ്പെട്ടു. ആഴകം ഹെർമോൻ പള്ളി ആരംഭിച്ച സ്കൂളും സർക്കാരിന് വിട്ടുകൊടുത്തതാണ്. പഞ്ചായത്തിൽ 5 ലോവർ പ്രൈമറിസ്കൂളും 4 അപ്പർ പ്രൈമറി സ്കൂളും 3 ഹൈസ്കൂളും 1 ഹയർ സെക്കൻററിസ്കൂളും ഒരു ഐ.ടി.സി.യും പ്രവർത്തിക്കുന്നു. ഭൂരിഭാഗം പേരും കർഷകരാണെങ്കിലും വിദ്യാഭ്യാസത്തിനും വളരെയേറെ പ്രാധാന്യം കൊടുത്തിരുന്നവെന്നതിൻെറ തെളിവാണ്, ഇന്ന് വിദ്യാഭ്യാസപരമായി വളരെ മുമ്പിൽ നില്ക്കുന്ന ഒന്നായി ഈ പഞ്ചായത്ത് വളർന്നത്. എസ്സ്.എസ്സ്.എൽ.സി. വരെയെങ്കിലും വിദ്യാഭ്യാസം ലഭിച്ചിട്ടുള്ള ഒരാളെങ്കിലും ഇല്ലാത്ത കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ടാകില്ല. 80% വീടുകളിൽ ബിരുദധാരികളേയും കാണാൻ കഴിയും.

ജനങ്ങളുടെ വസ്ത്രധാരണത്തിലും കാര്യമായ മാറ്റം സംഭവിച്ചിരിക്കുന്നു. പൊതുവേദികളിലും നിരത്തുകളിലും മുണ്ടും തോർത്തുമായി പ്രത്യക്ഷപ്പെട്ടിരുന്നവർ പോലും ഇന്ന് ഭംഗിയായി മുണ്ടും ഷർട്ടും ധരിച്ച് മാത്രമേ പ്രത്യക്ഷപ്പെടാറുള്ളൂ. സ്ത്രീകളിലും ഈ മാറ്റം പ്രകടമാണ് മുണ്ടും ചട്ടയും റൗക്കയും ധരിച്ചിരുന്നവർ ആധുനിക രീതിയിലുള്ള വസ്ത്രധാരണത്തിലേക്കു മാറിയിരിക്കുന്നു. സാംസ്ക്കാരിക സാമൂഹ്യ മാറ്റത്തിൻേറയും വളർച്ചയുടേയും പ്രതിഫലനമാണ് ഇത് സൂചിപ്പിക്കുന്നത്.

പാർപ്പിട രംഗത്ത് ഈ പഞ്ചായത്തിൽ വിപ്ലവകരമായ മാറ്റങ്ങളാണ് സംഭവിച്ചിട്ടുള്ളത്. വരുമാനത്തിൻെറ നല്ലൊരുപങ്കും പാർപ്പിട സൗകര്യങ്ങൾക്ക്വേണ്ടി ഉപയോഗ പ്പെടുത്തുന്ന ഒരു പ്രവണത ഇവിടേയും പ്രകടമാണ്. ഓലയും വയ്ക്കോലും ഓടും മേഞ്ഞ വീടുകളുടെ സ്ഥാനത്ത് പടുകൂറ്റൻ വാർക്ക കെട്ടിടങ്ങൾ രൂപപ്പെട്ടു കൊണ്ടിരിക്കുന്നു.

1953 ലാണ് മൂക്കന്നൂരിൽ ആദ്യമായി ബസ്സ് സർവ്വീസ് ആരംഭിക്കുന്നത്. അന്ന് മലയോരപ്രദേശമായിരുന്ന ഈ പഞ്ചായത്ത് ഇന്ന് ഗതാഗത സൗകര്യങ്ങളുടെ കാര്യത്തിൽ ഒരു കുതിച്ചു ചാട്ടമാണ് നടത്തിയത്. ഇന്ന് ഓരോ 25 മിനിട്ടിലും പെരുമ്പാവൂർ, അങ്കമാലി, ആലുവ, ചാലക്കുടി എന്നീ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന ഗതാഗത സൗകര്യം ലഭ്യമാണ്. സാധാരണക്കാരൻെറ യാത്രാ സൗകര്യമായ സൈക്കിൾ വിട്ട് ഇരു ചക്രവാഹനങ്ങളുടെ ഘട്ടത്തിൽ എത്തിനില്ക്കുന്നു. ഏതെങ്കിലും ഇരുചക്രമോട്ടോർ വാഹനമില്ലാത്ത വീടുകൾ ഈ പഞ്ചായത്തിൽ വളരെചുരുക്കമാണ്.

ഗ്രന്ഥശാലാ പ്രസ്ഥാനം കേരളത്തിൽ ആരംഭിച്ചകാല ഘട്ടത്തിൽ തന്നെ നമ്മുടെ പഞ്ചായത്തിൽ ഒരു റൂറൽ സെൻട്രൽ ലൈബ്രറി ആരംഭിച്ചു. നാടിൻെറ വിവിധ ഭാഗങ്ങളിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന വായനശാലകളുണ്ട്. ഇതിൽ പഞ്ചായത്ത് ലൈബ്രറിയും ഉൾപ്പെടുന്നു.

തിരുഹൃദയ അനാഥശാല ദേവാലയത്തിലെ വി.കൊച്ചു ത്രേസ്യയുടെ തിരുനാളും കുട്ടാല അമ്പലത്തിലെ മുടിയേറ്റും ശ്രീസുബ്രമണ്യക്ഷേത്രത്തിലെ ഉത്സവവും കോക്കുന്ന് സെഹിയോൻ പള്ളിയിൽ ദിവസങ്ങളോളം നീണ്ടുനില്ക്കുന്ന തിരുനാൾ ആഘോഷങ്ങളും ഈ നാടിൻെറ സംസ്ക്കാരിക വളർച്ചക്ക് ഏറെ സംഭാവനകൾ ചെയ്തിട്ടുണ്ട്. പൂതംകുറ്റി സെ.മേരിസ് യാക്കോബായ പള്ളിയിൽ നടക്കുന്ന കൺവൻഷൻ ഇന്ന് ഏറെ ആളുകളുടെ ശ്രദ്ധ പിടിച്ചുപറ്റിയിരിക്കുന്നു.

കലാരംഗത്ത് മൂക്കന്നൂരിൻെറ നേട്ടങ്ങൾ ഏറെ അഭിമാനിക്കാവുന്നവയാണ്. സിനിമാ നിർമ്മാതാവും നടനുമായിരുന്ന മൂക്കന്നൂർ സെബാസ്റ്റ്യൻ, ആർട്ടിസ്റ്റ് ദേവസ്സി, പിന്നണി ഗായിക മിന്മിനി, കവി കെ. വി. ബേബി, നാടകനടീനടന്മാരായ മൂക്കന്നൂർ എൽസി, പോൾ പുതുശ്ശേരി, നാടക-ടി.വി-സിനി ആർട്ടിസ്റ്റ് എൻ. ഒ. തോമസ്സ്, റേഡിയോ ആർട്ടിസ്റ്റ് പി.ഡി. ആൻറണി എന്നിവർ മൂക്കന്നൂരിൻെറ അഭിമാന ഭാജനങ്ങളാണ്. പത്രപ്രവർത്തനരംഗത്തും ഇന്നാട്ടുകാർ വ്യക്തി മുദ്ര പതിപ്പിച്ചിട്ടുണ്ട്. ശ്രീ. ജീമോൻ ജേക്കബ്, ശ്രീ. ജോസഫ് മാടശ്ശേരി, ശ്രീ. റ്റി. എം. വർഗ്ഗീസ് എന്നിവർ ഈ രംഗത്ത് മൂക്കന്നൂരിൻെറ സംഭാവനകളാണ്.

രണ്ട് എം.എൽ.എ.മാർക്ക് ജന്മം കൊടുത്ത നാടാണ് നമ്മുടേത് - ശ്രീ.കെ.പി.ഹോർമീസും, ശ്രീ.പി.ജെ. ജോയിയും. ശ്രീ.കെ.പി.ഹോർമീസ് ഭരണ രംഗത്ത് മാത്രമല്ല സാമ്പത്തിക രംഗത്തും തൻെറ വ്യക്തി മുദ്ര

പതിപ്പിച്ചിട്ടുണ്ട്. ഇന്ന് ഇന്ത്യയിൽ സാകാര്യബാങ്കുകളിൽ രണ്ടാംസ്ഥാനത്തു നില്ക്കുന്ന ഫെഡറൽ ബാങ്ക് ശ്രീ.ഹോർമീസിന്റെ ശ്രമഫലമാണ്. ഏറെക്കാലം അദ്ദേഹം അതിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായി സേവനം ചെയ്തു. ഈ സ്ഥാപനം മുക്കന്നൂരിന്റെ തൊഴിൽ സാമ്പത്തിക മേഖലയെ സമ്പുഷ്ടമാക്കിയെന്നത് നിസ്തർക്കമാണ്.

മുക്കന്നൂരിന്റെ ചരിത്രവും സാംസ്ക്കാരിക പശ്ചാത്തലവും പരാമർശിക്കുമ്പോൾ ഏറ്റവും മുൻപന്തിയിൽ നില്ക്കുന്ന വ്യക്തിത്വം ബ.ബസേലിയൂസച്ചന്റേതാണ്. (ബ.തോമസ് പാണാട്ടച്ചൻ) ഈ നാടിന്റെ വളർച്ചയ്ക്ക് തിരുഹൃദയ അനാഥശാലയും ചെറുപുഷ്പ സന്യാസാശ്രമവും നൽകിയിട്ടുള്ള സംഭാവനകൾ നിസ്തുലമാണ്.

1915 ൽ എറണാകുളം അതിരൂപതയുടെ നേതൃത്വത്തിൽ സ്ഥാപിച്ച അനാഥശാലയുടെ ഭരണസാരഥ്യം വല്ല്യച്ചൻ (ഫാ.ബസേലിയൂസ്) ഏറ്റെടുത്തതോടുകൂടി ഈ പ്രദേശത്തിന്റെ പുരോഗതിക്ക് അടിത്തറ പാകി. അദ്ദേഹം ആരംഭിച്ച ഗ്രാമീണ വികസന കേന്ദ്രത്തിലൂടെ നല്ലയിനം കോഴികൾ, പന്നികൾ, പശുക്കൾ എന്നിവയെ വളർത്താനും വിതരണം ചെയ്യാനും തുടങ്ങി. ഈ ആശ്രമത്തിന്റെ മേൽനോട്ടത്തിൽ ഈ പഞ്ചായത്തിൽ ആരംഭിച്ച നെയ്ത്ത് സ്കൂൾ, കാർപന്ററി സ്കൂളുകൾ ഐ.ടി.സി. ഓട്ടോമൊബൈൽ പരിശീലനകേന്ദ്രം സി.എസ്സ്.റ്റി വെൽഫയർ സെന്ററർ, ബാലനഗർ വർക്ക്ഷോപ്പ് ബാലനഗർ പ്രസ്സ്, ആശുപത്രി എന്നിവ ഈ പ്രദേശത്തെ കുറെയേറെപേരുടെ ജീവിത മാർഗ്ഗവും ആശാകേന്ദ്രവുമാണ്.

എന്നിരുന്നാലും പഞ്ചായത്തിന്റെ മലയോര പ്രദേശമായ വടക്കൻ മേഖലകളിൽ വേണ്ടത്ര പുരോഗതി ഇപ്പോഴും ഉണ്ടായിട്ടില്ല.

9-ാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതി

അധികാരം ജനങ്ങളിലേക്ക്

ഭൂപ്രകൃതിയും വിഭവങ്ങളും

കാർഷിക മേഖലയ്ക്ക് ഏറെ പ്രാധാന്യമുള്ള ഈ പഞ്ചായത്തിന്റെ ഭൂ പ്രകൃതിയു വിഭവങ്ങളും പഠനവിധേയമാക്കുന്നത്, വികസന സാദ്ധ്യതകൾ കണ്ടെത്തുന്നതിന് സഹായകരമാകുമെന്ന് കരുതുന്നു.

ഭൂപ്രകൃതി

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിന്റെ വടക്കു കിഴക്ക് ഭാഗം ഉയർന്നതും തെക്ക് പടിഞ്ഞാറ്ഭാഗം സമതലവും താഴ്ന്ന പ്രദേശവുമാണ്. ഉയർന്ന പ്രദേശം പാറക്കെട്ടുകളും ഉണ്ടൻ കല്ലുകളോടുകൂടിയ വരണ്ട മണ്ണ് നിറഞ്ഞതാണ്. സമതലത്തിൽ ചെമ്മണ്ണും ചെളി മണ്ണും കാണാം. താഴ്ന്ന പ്രദേശത്ത് വളക്കൂറുള്ള മണ്ണ് ലഭിക്കുന്നു.

കാലാവസ്ഥ - താലതമ്യേന മിതശീതോഷ്ണമാണ് ഇവിടത്തെ കാലാവസ്ഥ. മഴയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലിനുനസരിച്ച് ചില പ്രദേശങ്ങളിൽ ശക്തമായ വരൾച്ച അനുഭവപ്പെടാറുണ്ട്. ഇത് കാർഷിക മേഖലയെ പ്രതികൂലമായി ബാധിക്കുകയും ചില മാസങ്ങളിൽ കൂടി വെള്ള പ്രശ്നം രൂക്ഷമാവുകയും ചെയ്യാറുണ്ട്.(പട്ടിക താഴെ)

	ജനുവരി	ഫെബ്രുവരി	മാർച്ച്	മേയ്	ജൂൺ	ജൂലായ്	ആഗസ്റ്റ്	സെപ്റ്റംബർ	ഒക്ടോബർ	നവംബർ	ഡിസംബർ
മഴ	-	-	-	-	-	0	0	0	0	0	--
ചൂട്	-	0	0	0	0	-	-	-	-	-	--
തണുപ്പ്	0	-	--		--	-	-	-	-	-	00

ജലലഭ്യത -

മഴയിൽ നിന്നുമാണ് പ്രധാനമായും ഇവിടെ വെള്ളം ലഭിക്കുന്നത്. ഇതിനു പുറമെ ചാലക്കുടിപുഴയുടെ കനാൽ ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്നു. ഇത് ഇവിടത്തെ കാർഷിക മേഖലയെ സമ്പുഷ്ടമാക്കുന്നു. പ്രധാന ജല ശ്രോതസ്സുകൾ, തോടുകളും ചിറകളും കുളങ്ങളുമാണ്. ഈ പഞ്ചായത്തിൽ 36 പൊതു കിണറുകളുണ്ട്.

ചിറകൾ/കുളങ്ങൾ	
1.	ചാലിലെ ചിറ
2.	അട്ടാറ ചിറ കിഴക്ക് പടിഞ്ഞാറ്
3.	കടുപ്പാടം ചിറ കിഴക്ക്
4.	കടുപ്പാടം ചിറ (പടിഞ്ഞാറ്)
5.	ചാണകക്കാട് ചിറ
6.	പറമ്പയം ചിറ
7.	എത്തിളി ചിറ
8.	പറമ്പിച്ചിറ
9.	കൊച്ചുചിറ
10.	വലിയ ചിറ
11.	ചീനംചിറ
12.	നെടുംചിറ
13	മൂലേപ്പാറ തോട്
14	പാണ്ടി യേപ്പിള്ളി ചിറ
15	വാതക്കാട് ചിറ

ഭൂവനി യോഗം

ആകെ ഭൂമി	2127 ഹെക്ടർ		
പുരയിടം 7	6%	നിലം 21%	
പുറമ്പോക്ക്	1.25%	തരിശ് 1.75%	

ഇവി ടെ ഏറെ വ്യാപകമായി കൊണ്ടിരിക്കുന്ന ഒന്നാണ് റബ്ബർ കൃഷി. നെൽ പാടങ്ങ‍ം നികത്തി വീട് വെയ്ക്കുന്നതിനുള്ള സാദ്ധ്യതയും കർഷകർ ചിന്തിച്ചു തുടങ്ങിയിരിക്കുന്നു. കൃഷിയിടങ്ങ‍ം ഏറെയും മുപ്പൂവ് കൃഷിക്കനു യോജ്യമാണ്. വാഴകൃഷിയും വ്യാപകമാണ്.

ഭൂമി സംബന്ധിച്ച വിവരം :



1.പുരയിടം

2.നിലം

3.പുമ്പോക്ക്

4.തരിശ്

വിള സംബന്ധിച്ച വിവരം



1. നെല്ല്
2. തെങ്ങ്
3. റബ്ബർ
4. വാഴ
5. ജാതി
6. കുരുമുളകം
7. പച്ചക്കറികൃ
8. ഇഞ്ചി
9. മരിച്ചീനി
10.പയർ,എള്ള്,
പ്ലാവ്, കശുമാവ്, മാവ്, കവുങ്ങ്
മഞ്ഞ‍ം, കൊക്കൊ,
പൈനാപ്പിൾ, വെറ്റില
ഗ്രാമ്പു, പൂകൃഷി

വിളവിവരം

പഞ്ചായത്തി ലെ മുഖ്യവിള നെല്ലായിരുന്നു. കാലക്രമത്തിൽ കേരകൃഷിയും വ്യാപകമായി. എന്നാൽ നെൽകൃഷി ലാഭകരമല്ലാതാകുകയും (വർദ്ധിച്ച കൂലി, വളം കീടനാശികവു ടെ വർദ്ധിച്ച വില, കർഷക തൊഴിലാളികളു ടെ ദൗർലഭ്യം) തെങ്ങിന് പെതു വെ നാശം സംഭവിക്കുകയും ചെയ്തി നെ (കാറ്റ് വീഴ്ച, കൂമ്പ് ചീയൽ) തുടർന്ന് കർഷകർ പുതിയ മേഖലകളി ലേക്ക് തിരിയാൻ തുടങ്ങി. ഇവി ടെ ഏറെ വ്യാപകമായി കൊണ്ടിരിക്കുന്ന ഒന്നാണ് റബ്ബർ കൃഷി. നെൽ പാടങ്ങ‍ം നികത്തി വീട് വെയ്ക്കുന്നതിനുള്ള സാദ്ധ്യതയും കർഷകർ ചിന്തിച്ചു തുടങ്ങിയിരിക്കുന്നു. കൃഷിയിടങ്ങ‍ം ഏറെയും മുപ്പൂവ് കൃഷിക്കനു യോജ്യമാണ്. വാഴകൃഷിയും വ്യാപകമാണ്.

വിള വിസ്തീർണ്ണവും ഉല്പാദനവും ഉല്പാദനക്ഷമതയും

വിള	വിസ്തീർണ്ണം ഹെക്ടറിൽ	ഉല്പാദനം	ഉല്പാദനക്ഷമത
നെല്ല് 1-ാം വിള	450	1171350 കി.ഗ്രാം.	2603 കി.ഗ്രാം.
നെല്ല് 2-ാം വിള	450	1196100 കി.ഗ്രാം.	2658 കി.ഗ്രാം
നെല്ല് 3-ാം വിള	450	1059300 കി.ഗ്രാം.	2354 കി.ഗ്രാം
പയർ	5	3575 കി.ഗ്രാം	715 കി.ഗ്രാം
എള്ള്	10	2350 കി.ഗ്രാം	235 കി.ഗ്രാം.
പച്ചക്കറികൾ	32	-	-
തെങ്ങ്	795	3816000 ന.	-
വാഴ	165	290400 കി.ഗ്രാം	1760 കി.ഗ്രാം
മരച്ചീനി	40	123440 കി.ഗ്രാം	3086 കി.ഗ്രാം
കുരുമുളക്	50	11750 കി.ഗ്രാം	235 കി.ഗ്രാം
പ്ലാവ്	13	-	-
കശുമാവ്	5	2900 കി.ഗ്രാം	580 കി.ഗ്രാം
മാവ്	8	-	-
റബ്ബർ	450	1312500 കി.ഗ്രാം	2910 കി.ഗ്രാം
കവുങ്ങ്	10	1100000 ന.	27500 ന.
ജാതി	120	20200 കി.ഗ്രാം	168 കി.ഗ്രാം
ഇഞ്ചി	20	49000 കി.ഗ്രാം.	2450 കി.ഗ്രാം
മഞ്ഞൾ	13	4550 കി.ഗ്രാം	350 കി.ഗ്രാം
കൊ ക്കോ	15	6408 കി.ഗ്രാം	427 കി.ഗ്രാം
പൈനാപ്പിൾ	15	8900 കി.ഗ്രാം	593 കി.ഗ്രാം
വെറ്റില	1.5	-	-
ഗ്രാമ്പൂ	5	25 കി.ഗ്രാം.	5 കി.ഗ്രാം
പൂ കൃഷി	1	-	-

മനുഷ്യ വിഭവം

ഇവിടത്തെ എൺപത് ശതമാനം കുടുംബങ്ങളും കർഷകരാണ്. 20 ശതമാനം കുടുംബങ്ങൾ കർഷക തൊഴിലാളികളുമാണ്. ആകെയുള്ള 17148 ജനങ്ങളിൽ 8493 പേർ പുരുഷന്മാരും 8654 പേർ സ്ത്രീകളുമാണ്. ഏകദേശം 4677 പേർ വിദ്യാർത്ഥികളും 2061 പേർ 5 വയസ്സിന് താഴെയുള്ളവരും ആണ്. ഉദ്യോഗസ്ഥരിൽ ഭൂരിപക്ഷവും പുരുഷന്മാരാണ്. എന്നാൽ അദ്ധ്യാപകരിൽ കൂടുതലും സ്ത്രീകളാണ്. ദാരി ദ്ര്യ രേഖയ്ക്ക് താ ഴെയുള്ളവർ 1083 പേരുണ്ട് ഈ പഞ്ചായത്തിൽ.

പുരുഷന്മാർ	സ്ത്രീകൾ	ആകെ	വിദ്യാർത്ഥികൾ	5 വയസ്സിനു താ ഴെയുള്ളവർ	ദാരി ദ്ര്യ രേഖക്ക് താ ഴെ
8493	8654	17148	4677	2061	1083

വളർത്തുമൃഗങ്ങളും പക്ഷികളും

ഒരു ഉപ തൊഴിൽ എന്ന നിലയിൽ ക്ഷീ രോല്പാ ദനരംഗത്ത് വലിയ പു രോഗതിയാണ് ഈ പഞ്ചാ യത്തിലെ ജനങ്ങൾ നേടിയിട്ടുള്ളത്. കറവ പശുക്കളി ല്ലാത്ത വീടുകൾ താരതമ്യേന കുറവാണ്. ഭൂരിപക്ഷം വീടുകളിലും കോഴികളേയും കാണാൻ കഴിയും. വ്യ വസായികാടിസ്ഥാനത്തിൽ ഇറച്ചി കോഴി വളർത്തൽ കേന്ദ്രങ്ങളും ലഭ്യമാണ്. താഴെ കൊടുക്കുന്ന പട്ടിക കാണുക.

കാള (നാടൻ)	കാള (സങ്കരം)	പോത്ത്	ആട്	പട്ടി	പശു	എരുമ
449	202	127	606	806	2125	115

പിടക്കോഴി		താറാവ്
മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	
17232	1132	629

കൃഷി - ജലസേചനം

കാർഷിക ചരിത്രം:-

മൂക്കന്നൂർ ഒരു കാർഷിക ഗ്രാമമാണ്. കൃഷിയെ ജീവിതമാർഗ്ഗമായി സ്വീകരിച്ചവരാണ് ഇവിടുത്തെ ജനങ്ങൾ. കാർഷികവൃത്തിയിലൂടെ ഉപജീവനം കഴിച്ചവരാണ് ഇവിടുത്തെ പൂർവ്വികർ. ജനസംഖ്യയിൽ 80% പേരും കർഷകരാണ്. ശേഷിക്കുന്ന 20% പേർ കർഷകതൊഴിലാളികളും.

ഈ നൂറ്റാണ്ടിന്റെ ആദ്യകാലഘട്ടങ്ങളിൽ ഗ്രാമത്തിന്റെ പകുതിയിലധികവും വനമായിരുന്നു. സാഹസികരായിരുന്ന അന്നത്തെ കർഷകർ കാടുകൾ വെട്ടിത്തെളിച്ച് കൃഷിയിറക്കി. കാടിനോടും കാട്ടുമൃഗങ്ങളോടും മല്ലടിച്ച് മണ്ണിൽ കനകം വിളയിക്കുവാൻ അവർ പരിശ്രമിച്ചു. അവരുടെ ആ സാഹസികത ഈ ഗ്രാമത്തിന്റെ കാർഷിക ചരിത്രത്തിലെ ആവേശകരമായ ഒരു അദ്ധ്യായമാണ്.

നെല്ല്, മരച്ചീനി, കശുമാവ്, ഇഞ്ചിപ്പുല്ല്, കുരുമുളക്, കമുര് എന്നിവയായിരുന്നു അക്കാലത്തെ പ്രധാന കൃഷിയിനങ്ങൾ. സമീപഗ്രാമങ്ങളിലുള്ളവരുടെ ഭക്ഷ്യ ആവശ്യങ്ങൾ നിറവേറ്റുന്നതിനു പോലും അന്ന് കഴിഞ്ഞിരുന്നു. ഇവിടുത്തെ നെല്ലും മരച്ചീനിയും ദൂരദിക്കുകളിലേക്ക് പോലും അയച്ചിരുന്നു. നാണ്യ, സുഗന്ധവിളകളുടെ ഉൽപാദനത്തിലും ഈ ഗ്രാമം മുൻപന്തിയിലായിരുന്നു. ജൈവ സമ്പത്തിന്റെ കാര്യത്തിൽ സമ്പന്നമായിരുന്നു ഗ്രാമം. സമീപ ഗ്രാമങ്ങളിലേതിനേ ക്കാൾ ഫലഭൂയിഷ്ടമായിരുന്നു ഇവിടുത്തെ മണ്ണ്.

യശശ്ശരീരനായ പനമ്പിള്ളി ഗോവിന്ദമേനോന്റെ ശ്രമഫലമായി ഉദയം ചെയ്ത ചാലക്കുടി ജലസേചന പദ്ധതി പ്രവർത്തനക്ഷമമായതോടെ ഗ്രാമത്തിലെ ഭൂരിഭാഗം പ്രദേശവും ജലസേചന യോഗ്യമായി. അതോടെ കാർഷിക ഘടനയിൽ തന്നെ സമൂലമായ പരിവർത്തനമായി. നെൽകൃഷി കൂടുതൽ വ്യാപകമായി. വെള്ളം ലഭ്യമായതോടെ കർഷകരുടെ ശ്രദ്ധ തെങ്ങ് കൃഷിയിലേക്ക് മാറി. നെൽപ്പാടങ്ങളും തെങ്ങിൻ തോപ്പുകളും കൊണ്ട് ഗ്രാമം സമ്പുഷ്ടമായി.

ഇവിടുത്തെ കർഷകരും ഭാഗ്യാന്വേഷികളായിരുന്നു. കൃഷിയിറക്കുന്നതിനുള്ള മുടക്കുമുതലും ലഭിക്കുന്ന വരുമാനവും പരിശോധിച്ച് നഷ്ടം വരുന്നവയെ ഉപേക്ഷിച്ച് കൂടുതൽ വരുമാനം ലഭിക്കുന്നവയെ സ്വീകരിക്കുന്നതിൽ കർഷകർ ബദ്ധശ്രദ്ധരായിരുന്നു. കശുമാവ്, ഇഞ്ചിപ്പുല്ല് എന്നിവ നാട്ടിൽ നാമാവശേഷമായി. കാർഷിക മേഖലയിലെ സാദ്ധ്യതകളും സാഹചര്യങ്ങളും പരമാവധി ചൂഷണം ചെയ്യുന്നതിന് ഇവിടുത്തെ കർഷകർ എന്നും ശ്രദ്ധിച്ചിട്ടുണ്ട്.

നെല്ല്, തെങ്ങ്, റബ്ബർ,ജാതി എന്നിവയാണ് ഇപ്പൊഴത്തെ മുഖ്യവിളകൾ. ഗ്രാമത്തിലൂടനീളം നിരവധികനാലുകൾഉണ്ടെങ്കിലും ഇവയിൽപലതിലും വേനൽ കാലത്ത് വെള്ളം ഒഴുകാറില്ല. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ എല്ലാം തന്നെ പഴക്കം ചെന്നവയാണ്. തന്മൂലം വേനലിന്റെ രൂക്ഷതയിൽ വിളകൾ അപ്പാടെ നശിക്കുന്നു. വർഷകാലത്തെ ചിത്രം തികച്ചും വ്യത്യസ്ഥമാണ്.

മൂക്കന്നൂർ ഗ്രാമത്തിലെ മണ്ണ് പ്രധാനമായും ലാറ്ററൈറ്റ് വിഭാഗത്തിൽപെടുന്നവയാണ്. ജൈവ വളങ്ങളുടെ അഭാവം മണ്ണിന്റെ ഫലപുഷ്ടിയെ സാരമായി ബാധിക്കുന്നു.

കർഷകർക്ക് മാന്യമായ പരിരക്ഷയും അംഗീകാരവും ഇല്ലാത്ത അവസ്ഥയാണ് ഇന്നുള്ളത്. അതുകൊണ്ട് പുതിയ തലമുറ കൃഷിയോട് വിമുഖത പുലർത്തുന്നു. ഇത് ഗ്രാമത്തിന്റെ സാമൂഹ്യ സാമ്പത്തിക മേഖലകളിൽ ദൂരവ്യാപകമായ ദോഷഫലങ്ങളുണ്ടാക്കും.

ഇന്നത്തെ വിളചേരുവ

പഞ്ചായത്തിലെ മൊത്തം കാർഷികവിളകളുടെ വിസ്തൃതി 2085 ഹെക്ടർ ആണ്. മുഖ്യ വിളകളും അവയുടെ വിസ്തൃതിയും താഴെകൊടുക്കുന്നു.

1) നെല്ല് - ഒന്നാം വിള 450 ഹെ.
രണ്ടാം വിള 450 ഹെ.
മൂന്നാം വിള 450 ഹെ.

2) തെങ്ങ്	795 ഹെ.
3) റബ്ബർ	450 ഹെ.
4) പയർ പച്ചക്കറി	37 ഹെ.
5 വാഴ	165 ഹെ.
6) മരച്ചീനി	40 ഹെ.
7) കുരുമുളക്	50 ഹെ.
8) കമുക്	10 ഹെ.
9) പൈനാപ്പിൾ	15 ഹെ.
10) ഇഞ്ചി	20 ഹെ.
11) മഞ്ഞൾ	13 ഹെ.
12) ജാതി	120 ഹെ.
13) കൊക്കൊ	15 ഹെ.
14) എള്ള്	10 ഹെ.
15) വെറ്റില	1.5 ഹെ.
16) ഗ്രാംപൂ	5 ഹെ.

ഉൽപാദനക്ഷമത

പഞ്ചായത്തിലെ വിവിധ വിളകളുടെ ഉൽപാദനക്ഷമത നിലവിലുള്ളത് താഴെ കൊടുക്കുന്നു.

1) നെല്ല് - 1-ാം വിള	2603Kg/hec
2-ാം വിള	2658Kg/hec
3-ാം വിള	2354Kg/hec
2) തെങ്ങ്	4800Nos/hec
3) റബ്ബർ 3	750Kg/hec
4) പച്ചക്കറി/പയർ	2589/Kg/hec
5) വാഴ	17600Kg/hec
6) മരച്ചീനി	30.86T/hec
7) കുരുമുളക്	235Kg/hec
8) കമുക്	2.75lakhs nuts/hec
9) പൈനാപ്പിൾ	8.9T/hec
10) ഇഞ്ചി	2450Kg/hec
11) മഞ്ഞൾ	350Kg/hec
12) ജാതി	2.53T/hec
13) കൊക്കൊ	534Kg/hec
14) എള്ള്	234Kg/hec
15) ഗ്രാമ്പു	5Kg/hec

പൊതുവിൽ പ്രധാന വിളകളുടെ ഉൽപാദനക്ഷമത സംസ്ഥാനത്തിന്റെ ശരാശരി ഉൽപാദനക്ഷമതയിലും താഴെയാണ്. ഉൽപാദനക്ഷമതയെ പ്രധാനമായും ബാധിച്ചിട്ടുള്ള ഘടകങ്ങൾ താഴെ കാണിക്കുന്നു.

മണ്ണിന്റെ ഫലപുഷ്ടികുറവ്:- പ്രധാനമായും ജൈവ വളങ്ങളുടെ ഉപയോഗം ഗണ്യമായി കുറഞ്ഞു കാണുന്നു. രാസവളങ്ങളുടെ വില വർദ്ധനയും ഒരു ഘടകമാണ്.

ജലസേചന സൗകര്യങ്ങളുടെ അഭാവവും ജല ദൗർലഭ്യവും

കീടരോഗബാധ:- തെങ്ങിന്റെ കാറ്റ് വിഴ്ച, കുരുമുളകിന് ദ്രുതവാട്ടം മുതലായ മാരകരോഗങ്ങൾ ഉൽപാദനക്ഷമതയെ കാര്യമായി ബാധിച്ചിരിക്കുന്നു.

അനിയന്ത്രിതമായ കൂലിവർദ്ധന:- ഉൽപ്പന്നങ്ങളുടെ വിലക്കുറവ്, ഉൽപ്പന്നങ്ങളുടെ സംസ്കരണ വിപണന സൗകര്യങ്ങളുടെ അഭാവം.

പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശം, മണ്ണൊലിപ്പ്

ജലസേചന സൗകര്യങ്ങൾ

വളരെയേറെ ജലസേചന സംവിധാനങ്ങളുള്ള ഒരു ഗ്രാമമാണ് മുക്കന്നൂർ. ചാലക്കുടി പുഴയും ചാലക്കുടി ജലസേചന പദ്ധതിയും ഈ ഗ്രാമത്തെ കടാക്ഷിച്ചിരിക്കുന്നു. ചാലക്കുടി ജലസേചന പദ്ധതിയുടെ ഇടതുകര മെയിൻ കനാൽ, കാലടിമെയിൻ കനാൽ എന്നിവയും അനുബന്ധ ബ്രാഞ്ച് കനാലുകളും ഉൾപ്പെടെ 33 കിലോമീറ്റർ ദൈർഘ്യത്തിൽ കനാലുകൾ ഗ്രാമത്തിന്റെ തലങ്ങും വിലങ്ങുമായി സ്ഥിതിചെയ്യുന്നു. ഇവയുടെ ഭൂമിശാസ്ത്രപരമായ കിടപ്പും ഘടനയുമെല്ലാം അനുയോജ്യമാംവിധം തന്നെ. അതോടൊപ്പം നിരവധി കുളങ്ങളും ചിറകളും കിണറുകളും ഉണ്ട്. ഏതാനും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുമുണ്ട്.

കനാലുകൾ

- ഇടുതകര മെയിൻ കനാൽ:- 5 മുതൽ 10 വരെ കിലോമീറ്റർ ഈ ഗ്രാമത്തിൽ 200 ഹെക്ടർ സ്ഥലം നേരിട്ട് ജലസേചന യോഗ്യമാക്കുന്നു.

- കാലടി മെയിൻ കനാൽ :- പറമ്പയം മുതൽ കാളാർ കുഴിവരെ 9 കിലോമീറ്റർ ദൈർഘ്യത്തിൽ വടക്ക് നിന്ന് തെക്കോട്ട് പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് കൂടി ഒഴുകുന്നു. ആയക്കെട്ട് 400 ഹെ.

- പൂതംകുറ്റി ബ്രാഞ്ച് കനാൽ:- ഇടതുകര മെയിൻ കനാലിന്റെ 10-ാം കിലോമീറ്ററിൽ നിന്ന്

ആരംഭിക്കുന്നു. ദൈർഘ്യം 7 കിലോ മീറ്റർ, ആയക്കെട്ട് 200 ഹെക്ടർ.

- പൂതം കുറ്റി സൗത്ത് ബ്രാഞ്ച്:- കാലടി മെയിൻ കനാലിന്റെ 3/600 ൽ ആരംഭിക്കുന്നു. ദൈർഘ്യം 1700 മീറ്റർ, 1300 മീറ്ററും മൂക്കന്നൂർ പഞ്ചായത്തിൽ, ആയക്കെട്ട് 50 ഹെക്ടർ.

- മഞ്ഞപ്ര ബ്രാഞ്ച്:- കാലടി മെയിൻ കനാലിന്റെ 4-ാം കിലോമീറ്ററിൽ ആരംഭിക്കുന്നു. 2000 മീറ്റർ മൂക്കന്നൂരിൽ ആയക്കെട്ട് 140 ഹെക്ടർ.

- കൊമരപ്പാടം ബ്രാഞ്ച്:- കാലടി മെയിൻ കനാലിന്റെ 5-ാം കിലോമീറ്ററിൽ ആരംഭിക്കുന്നു. ദൈർഘ്യം 4 കിലോമീറ്റർ. മൂക്കന്നൂർ പഞ്ചായത്തിൽ 1 1/2 കി.മീ. ആയക്കെട്ട് - 50 ഹെക്ടർ.

- മുണ്ടപ്പിള്ളി പാടം ബ്രാഞ്ച്:- കാലടി മെയിൻ കനാലിന്റെ 3.7കി.മീ. ൽ ആരംഭിക്കുന്നു. ദൈർഘ്യം 1800 മീറ്റർ - 1500 മീറ്ററും മൂക്കന്നൂർ പഞ്ചായത്തിൽ ആയക്കെട്ട് 140 ഹെക്ടർ.

- കറുകുറ്റികര ബ്രാഞ്ച്:- കാലടി മെയിൻ കനാലിന്റെ 5.7 കി.മീ. ൽ ആരംഭിക്കുന്ന ദൈർഘ്യം 2.8 കി.മീ, 1.5 കി.മീ മൂക്കന്നൂരിൽ ആയക്കെട്ട് 160 ഹെക്ടർ.

- ആഴകം ബ്രാഞ്ച്:- കാലടി മെയിൻ ബ്രാഞ്ചിന്റെ 8ാം കി.മീ. ൽ ആരംഭിക്കുന്നു. ദൈർഘ്യം 1400 മീറ്റർ. ആയക്കട്ട് 150 ഹെ.

ലിഫ്റ്റ് ഇറിഗേഷൻ:-

മൂക്കന്നൂർ ഗ്രാമത്തിൽ നിരവധി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുണ്ട്. ഇവയിൽ ഭൂരിഭാഗവും സി.എസ്.ടി. കോൺഗ്രിഗേഷൻ നേതൃത്വം നൽകി ആരംഭിച്ചവ യാണ്. അതിന് നേതൃത്വം നൽകിയ ഫാ.മാർട്ടിൻ CSTയുടെ സേവനങ്ങൾ പ്രശംസനീയമാണ്.

ഇത്തരത്തിലുള്ള പദ്ധതികൾ - ആയക്കെട്ട് 510 ഹെക്ടർ

1. കാളാർ കുഴി ലിഫ്റ്റ് ഇറിഗേഷൻ സ്കീം	65 ഹെക്ടർ
2. കോക്കുന്ന്	65 ഹെക്ടർ
3. പൂപ്പിളികുന്ന്	25 ഹെക്ടർ
4. സെൻറ്മേരീസ് വെസ്റ്റ്	22 ഹെക്ടർ
5. മൂക്കന്നൂർ വെസ്റ്റ്	43 ഹെക്ടർ
6. സോഷ്യൽ (എരപ്പ്)	32 ഹെക്ടർ
7. ലിറ്റിൽ ഫ്ളവർ	15 ഹെക്ടർ
8. വട്ടേക്കാട്	48 ഹെക്ടർ
9. കുണ്ടുപാടം	15 ഹെക്ടർ
10. പറമ്പയം	120 ഹെക്ടർ
11. കാളാർ കുഴി വാട്ടർ ഡൈവേർഷൻ സകീം	60 ഹെക്ടർ
ആകെ	510 ഹെക്ടർ

കൂടാതെ സംസ്ഥാനകൃഷി വകുപ്പ് സമഗ്ര നാളികേര വികസന പദ്ധതിയിൽപെടുത്തി നിർമിച്ച വലിയ ചിറ ലിഫ്റ്റ് ഇറിഗേഷൻ 80 ഹെക്ടർ സ്ഥലം ജലസേചന യോഗ്യ മാക്കുന്നു.

ചിറകൾ കുളങ്ങൾ:- ഗ്രാമത്തിൽ ധാരാളം ചിറകളും കുളങ്ങളും ഉണ്ട്. ഇവയിൽ ഭൂരിഭാഗവും ചാലക്കുടി ജലസേചന പദ്ധതിയുടെ കനാലുകളെ ആശ്രയിച്ച് നിലകൊളളുന്നവയാണ്. ഗ്രാമത്തിലെ മുഖ്യ ജലസ്രോതസാണ് ഒലിവേലിച്ചിറ. 600 ഹെക്ടർ വനപ്രദേശത്തെ മഴവെളളം ഒലിവേലിച്ചിറയിൽ ഒഴുകിയെത്തുന്നു. മാവേലിമറ്റം, ഏടലക്കാട്, കൂട്ടാടം, ഒലിവേലി പ്രദേശങ്ങളിലെ 200 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യമുണ്ട്. ഒലിവേലിച്ചിറ സാങ്കേതികമായി അയ്യംപുഴ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നുവെങ്കിലും പ്രയോജനം മുഴുവൻ മൂക്കന്നൂർ പഞ്ചായത്തിനാണ്. വലിയചിറ, കൊച്ചുചിറ, ചാലിൽ ചിറ, കുണ്ഠപാടം ചിറ, കടുപ്പാടം ചിറ, പാണ്ടിയപ്പിളളി ചിറ, അട്ടാറ ചിറ, അട്ടാറ വെസ്റ്റ് ചിറ, കാട്ടാമ്പിളളി ചിറ, ചീനംചിറ, കോഴികുളം., പുലിതുക്കി ചിറ, നെടുംചിറ, വാതക്കാട് ചിറ, എത്തളിചിറ, പറമ്പയം ചിറ, പറമ്പിച്ചിറ എന്നിവയാണ് പ്രധാന ചിറകൾ.

തോടുകൾ:- ഗ്രാമത്തിന്റെ അതിരിലൂടെ ഒഴുകുന്ന ആറാട്ട് പുഴ, ചേരമ്പിളളി തോട് പുത്തൻ പാലം വലിയ തോട് എന്നിവ വലിയ സ്രോതസുകളാണ്. പാടശേഖരങ്ങളിലേക്ക് ജലമെത്തിക്കുന്നതിനും അധികജലം ഒഴുക്കികളയുന്നതിനും ഇവ ഉപകരിക്കുന്നു. എടലക്കാട് കൂട്ടാടം, പൂതംകുറ്റി കൂട്ടാടം തോടുകളും വളരെ പ്രാധാന്യമർഹിക്കുന്നു.

കിണറുകൾ, പമ്പ് സെറ്റുകൾ:- ജലസേചനത്തിനായി ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിൽ കിണറുകൾ നിർമിച്ചിട്ടുണ്ട്. തുലാവ്, കാളത്തേക്ക് തുടങ്ങിയ പഴയ രീതികൾ ഇന്ന് പമ്പ് സെറ്റുകൾക്ക് വഴിമാറിക്കഴിഞ്ഞു. കൃഷിയാവശ്യത്തിനായി 463 പമ്പ്

സെറ്റുകൾ ഗ്രാമത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ഉൽപന്നങ്ങളുടെ വിലയും വിപണനവും

പഞ്ചായത്തിനകത്ത് കാർഷിക ഉൽപന്നങ്ങൾ സംസ്കരിക്കുന്നതിനൊ, വിപണനം ചെയ്യുന്നതിനൊ ഉള്ള യാതൊരു വിധ സൗകര്യങ്ങളും ഇല്ല. ആയതുകൊണ്ട് കൃഷിക്കാരന് ഉല്പന്നങ്ങളുടെ യഥാർത്ഥ വില ലഭിക്കുന്നില്ല. കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനത്തിൽ കർഷകന് ലഭിക്കേണ്ട വിലയിൽ നല്ലൊരു ഭാഗം ഇടത്തട്ടുകാർ സ്വന്തമാക്കുന്നു.

കാർഷികബന്ധങ്ങൾ

പഞ്ചായത്തിലെ മൊത്തം കർഷക കുടുംബങ്ങളുടെ എണ്ണം 4366 ആണ്. കൃഷിയിടങ്ങളുടെ വലുപ്പ ചെറുപ്പത്തിന്റെ കണക്ക് താഴെ കൊടുക്കുന്നു.

1) നാമമാത്രകർഷകർ	3942
(1 ഹെക്ടറിൽ താഴെ സ്ഥലമുളളവർ)	
2) ചെറുകിട കർഷകർ	299
(1 ഹെക്ടർ മുതൽ 2 ഹെക്ടർ വരെ)	
3) വൻകിട കർഷകർ (2 ഹെക്ടറിന് മുകളിൽ)	125
ആകെ	4366

സ്വയം പണിയെടുക്കുന്ന കർഷകരുടെ എണ്ണം ദിനംപ്രതി കുറഞ്ഞു വരുന്നതായാണ് കാണുന്നത്. കൃഷി ലാഭകരമല്ലാത്തതും കർഷകന് സമൂഹത്തിൽ മാന്യതയും അംഗീകാരവും ഇല്ലാത്തതുമാണ് പ്രധാന കാരണങ്ങളായികാണുന്നത്. ഇപ്പോൾ 55% ഉടമസ്ഥർ ഭൂമിയിൽ പണിയെടുക്കുന്നതായി കാണുന്നു. 20% ത്തോളം പേർ കർഷക തൊഴിലാളികളാണ്.

കൂലി സേവനവ്യവസ്ഥകൾ

പ്രധാന കൃഷികൾക്ക് ഇപ്പോൾ നിലവിലുള്ള കൂലി നിരക്കുകൾ ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	ഇനം	ആൺ	പെൺ
നമ്പർ			
1.	ഉഴവ്	125 രൂപ	–
2.	കിളയ്ക്കൽ	125 രൂ	–
3.	ഞാറുനടീൽ	–	80 രൂപ
4.	കള എടുക്കൽ	–	60 രൂപ
5.	കൊയ്ത്ത്	–	70 രൂപ
6.	മെതിയ്ക്കൽ	–	70 രൂപ
7.	തേങ്ങ ഇടൽ (തെങ്ങൊന്നിന്)	2രൂ.50പൈ.	–
8.	തെങ്ങ് നന്നാക്കി കുലകെട്ടൽ	രൂപ	–
9.	റബ്ബർ ടാപ്പിംഗ് (ഒരു മരത്തിന്)	20 പൈസ.	20 പൈസ
10.	കീടനാശിനി തളിയ്ക്കൽ	100 രൂപ	–
11.	വളം ചേർക്കൽ	100 രൂപ	60 രൂപ
12.	സാധാരണ ജോലി	90 രൂപ	50 രൂപ

പൊതുവിൽ, നിലവിലുള്ള കൂലി നിരക്ക് സാധാരണ കർഷകന് താങ്ങാവുന്നതിലും അധികമാണ്. ഒരു ഹെക്ടർ നെൽകൃഷി നടത്തുന്നതിലേക്ക് കൂലിയിനത്തിൽ മാത്രം 500 രൂപയിലധികം ഇപ്പോൾ ചിലവാകുന്നു. ആയതുകൊണ്ട് നെൽകൃഷി സ്ഥലങ്ങൾ മണ്ണിട്ട് നികത്തി മറ്റ് കൃഷികൾ ചെയ്യുന്നതിന് കർഷകർ നിർബ്ബന്ധിതരാകുന്നു.

നടപ്പ് പദ്ധതികളുടെ അവലോകനം

● സമഗ്രനാളികേര വികസന പദ്ധതി:-

നാളികേര വിസ്തൃതിയും ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് വേണ്ടി രൂപീകരിച്ച ഒരു പ്രധാന പദ്ധതിയാണ് സമഗ്രനാളികേര വികസന പദ്ധതി.

പ്രസ്തുത പദ്ധതിയിൽ കൃഷിക്കാരുടെ സ്വന്തം സ്ഥലങ്ങളിൽ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും മറ്റുമായി സബ്സിഡി നൽകിവരുന്നു. പദ്ധതിയിലെ പ്രധാന ഘടകങ്ങൾ താഴെ പറയും പ്രകാരമാണ്.

● പുതുതായി കിണർ കുഴിക്കുക. പമ്പ് സെറ്റുകൾ സ്ഥാപിക്കുക. 33 1/3% സബ്സിഡി നൽകുന്നു. പരമാവധി 2500 രൂപ.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ വരുന്ന കർഷകർക്കും കിണർ കുഴിക്കുന്നതിന് 100% സബ്സിഡി നൽകുന്നു. പരമാവധി 10000 രൂപ

● കമ്മ്യൂണിറ്റി ഇറിഗേഷൻ:- കൃഷിക്കാരുടെ സമൂഹത്തിന് ലിഫ്റ്റ് ഇറിഗേഷൻ മുതലായ കാര്യങ്ങൾ നടപ്പിലാക്കുന്നതിലേക്കായി 85% വരെ സബ്സിഡി നൽകുന്നു. പഞ്ചായത്തിൽ ഏടലക്കാട് കോക്കുന്ന്,

ആഴകം, നെടുംചിറ, കടുപ്പാടം എന്നീ 5 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

- റോക്കർ സ്പ്രെയറുകൾ, പച്ചില വളച്ചെടി വിത്തുകൾ, കൊപ്രാ ഉണക്കു യന്ത്രം, തെങ്ങു കയറ്റയന്ത്രം മുതലായവ പ്രസ്തുത പദ്ധതിയിൽ സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നു.

- രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ വയ്ക്കുന്നതിന് തെങ്ങൊന്നിന് 200 രൂപയും സബ്സിഡി നിരക്കിൽ തെങ്ങിൻ തൈകളും നൽകുന്നു.

തെങ്ങൊന്നിന് 8 രൂപ സബ്സിഡി അനുവദിച്ചുകൊണ്ട് രാസവളകിറ്റുകൾ വിതരണം ചെയ്യുന്നു.

- നെൽകൃഷിഗ്രൂപ്പ് ഫാമിങ് പദ്ധതി:-

നിലവിലുള്ള നെൽകൃഷിയുടെ സംരക്ഷണത്തിനും ഉൽപാദനവർദ്ധനവിനും ലക്ഷ്യമിട്ടുകൊണ്ട് വിഭാവന ചെയ്തിട്ടുള്ള ഒരു പദ്ധതിയാണ് ഗ്രൂപ്പ് ഫാമിങ്. പാടശേഖരങ്ങളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ സജ്ജീകരിച്ച് നെൽകൃഷി കൂടുതൽ ആദായകരമാക്കുകയാണ് ഉദ്ദേശ്യം. പാടശേഖരങ്ങളിൽ തോടുകളും നിർച്ചാലുകളും കെട്ടി സംരക്ഷിക്കുക. വിത്ത് വളം കീടനാശിനി മുതലായവയുടെ സമയബന്ധിത ഉപയോഗം ആഗ്രോ ക്ലിനിക്കുകൾ സ്ഥാപിക്കുക, ആധുനിക യന്ത്രോപകരണങ്ങളായ ട്രാക്ടർ, ടില്ലർ, മെതിയന്ത്രം, സ്പ്രെയറുകൾ, എന്നിവ ലഭ്യമാക്കുക. അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ കൃഷി ചെയ്യുക. ശാസ്ത്രീയ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി സെമിനാറുകൾ ഗ്രൂപ്പ് ചർച്ചകൾ എന്നിവ സംഘടിപ്പിക്കുക എന്നിവയാണ് പദ്ധതിയിൽ പ്രതിപാദിക്കുന്ന പ്രധാന ഘടകങ്ങൾ

- നെൽവിത്ത് ഉൽപാദനപദ്ധതി:-

പാടശേഖരങ്ങളിൽ ആവശ്യമായ വിത്തുകൾ അതാത് സ്ഥലങ്ങളിൽ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നു. പാടശേഖര സമിതികൾക്ക് സബ്സിഡി നൽകുന്നു.

- തെങ്ങിൻ തൈകളും മറ്റ് നടീൽ വസ്തുക്കളും വിതരണം:-

അത്യുൽപാദനശേഷിയുള്ള തെങ്ങിൻ തൈകളും മറ്റ് നടീൽ വസ്തുക്കളും കൃഷിവകുപ്പിന്റെ ഫാമുകളിലും, അംഗീകൃതസ്വകാര്യനേഴ്സറികളിലും ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നു.

- കുരുമുളക് വികസന പദ്ധതി:-

ദ്രുതവാട്ട രോഗം വന്ന് നശിച്ചിട്ടുള്ള തോട്ടങ്ങളിൽ രോഗം വന്നവ വെട്ടിമാറ്റി നശിപ്പിച്ച് പുതിയ വള്ളികൾ വെച്ച് പിടിപ്പിക്കുക. പുതുതായി തോട്ടങ്ങളിൽ കുരുമുളക് വള്ളികൾ നട്ടുപിടിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയിലെ പ്രധാന ഘടകങ്ങൾ. ഇതിലേക്കായി നടീൽ വസ്തുക്കൾ, വളം കീടനാശിനി എന്നിവയ്ക്ക് സബ്സിഡി നൽകിവരുന്നു.

- ബയോഗ്യാസ് വികസന പദ്ധതി:-

ബയോഗ്യാസ് ഒരു പ്രധാന ഊർജ്ജ സ്രോതസ്സാണ് വീടുകൾ തോറും ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിന് കർഷകർക്ക് സബ്സിഡി നൽകി വരുന്നു.

- പ്രത്യേക ഘടക പദ്ധതി:-

ഈ പദ്ധതിയിൽ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ കർഷകർക്കായി കാർഷിക വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

- മണ്ണുപരിശോധന:-

കൃഷിഭവനിൽ ശേഖരിക്കുന്ന മണ്ണ് സാമ്പിളുകൾ വൈറ്റില മണ്ണ് പരിശോധന ലാബിൽ അയച്ച് സൗജന്യമായി പരിശോധന നടത്തുന്നു.

പ്രശ്നങ്ങൾ

- മണ്ണിന്റെ ഫലപുഷ്ടിക്കുറവ്:- ജൈവവളങ്ങളുടെ ഉപയോഗത്തിൽ ഗണ്യമായ കുറവ്, മണ്ണൊലിപ്പ്, അമ്ലതം, അശാസ്ത്രീയമായ കൃഷിരീതി അനിയന്ത്രിതമായ ചൂഷണം.

- ജലസേചനസൗകര്യങ്ങളുടെ അപര്യാപ്ത.

- നെൽപാടങ്ങൾ മണ്ണിട്ട് നികത്തുന്നതിനുള്ള പ്രവണത കൂടിവരുന്നു. നെൽകൃഷിയുടെ വിസ്തൃതി പഞ്ചായത്തിൽ ഗണ്യമായി കുറയുവാനുള്ള സാധ്യതകൾ ഏറിവരുന്നു.

- തെങ്ങിന്റെ കാറ്റുവീഴ്ച, കുരുമുളകിന്റെ

ദ്രുതവാട്ടം, വാഴയുടെ കൂമ്പടപ്പ് മുതലായ മാരക രോഗങ്ങളും നെൽകൃഷിയെ ആക്രമിക്കുന്ന തണ്ട് തുരപ്പൻ, ചാഴി മുതലായ കീടങ്ങളും പ്രസ്തുത വിളകളുടെ ഉൽപാദനത്തെ സാരമായി ബാധിക്കുന്നു.

- അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങളുടെയും നടീൽ വസ്തുക്കളുടെയും ലഭ്യതക്കുറവ് ഉൽപാദനക്ഷമതയെ ബാധിക്കുന്ന പ്രധാന ഘടകങ്ങളാണ്.

- വർഷകാലത്ത് അനിയന്ത്രിതമായ വെള്ളക്കെട്ടും വേനൽകാലത്ത് ആവശ്യാനുസരണം ജലം കിട്ടാതെ വരുന്ന അവസ്ഥയും ഉൽപാദനക്ഷമതയെ ബാധിക്കുന്നു.

- അനിയന്ത്രിതമായ കൂലി സേവനവ്യവസ്ഥകളും ആവശ്യം കർഷകതൊഴിലാളികളെ ലഭ്യമല്ലാത്തതും ഉടനടി പരിഹാരം തേടേണ്ട ഒരു മുഖ്യപ്രശ്നമാണ്.

- ആധുനിക രീതിയിലുള്ള യന്ത്രസാമഗ്രികളുടെ ലഭ്യതക്കുറവ്

- കാർഷിക ഉൽപന്നങ്ങളുടെ വിലക്കുറവ്, കർഷകർ ഉൽപാദിപ്പിക്കുന്ന വിളകൾക്ക് വേണ്ടിവരുന്ന ഉൽപാദനചെലവുമായി നോക്കുമ്പോൾ ന്യായമായ വില ലഭിക്കുന്നില്ല.

- കാർഷിക വായ്പകളുടെ ലഭ്യതക്കുറവും അമിതമായ പലിശനിരക്കും കർഷകനെ സാരമായി ബാധിക്കുന്നു.

- കാർഷിക ഉല്പന്നങ്ങളുടെ സംസ്ക്കരണത്തിനും വിപണനത്തിനും ആവശ്യമായ സൗകര്യങ്ങൾ ഇന്ന് പഞ്ചായത്തിൽ ഇല്ല.

- കൃഷിഭവൻ ഉദ്യോഗസ്ഥന്മാരിൽ നിന്നും ആവശ്യമായ സമയത്ത് സാങ്കേതിക വിജ്ഞാനം കർഷർക്ക് ലഭിക്കുന്നില്ല.

- പഞ്ചായത്തിൽ പച്ചക്കറികളുടെ ഉൽപാദനം വളരെ കുറവാണ്, മറ്റ് സംസ്ഥാനങ്ങളെപോലും ആശ്രയിച്ചാണ് പച്ചക്കറികളുടെ ആവശ്യം നിറവേറ്റുന്നത്. ഈ പ്രധാനപ്രശ്നം പരിഹരിക്കപ്പെടേണ്ടതാണ്.

- കൃഷി ലാഭകരമല്ലാതായതിനാൽ കർഷകന്റെ വരുമാനം അനുദിനം കുറഞ്ഞുവരികയാണ്.

- ഒട്ടേറെ കനാലുകളും കുളങ്ങളും ചിറകളും ഉണ്ടെങ്കിലും ജലസേചന പ്രശ്നങ്ങൾ ഗ്രാമത്തിൽ രൂക്ഷമാണ്. വേനൽക്കാലത്ത് കനാലുകളിൽ വെള്ളം ഒഴുകുന്നില്ല. കനാൽ ജലം കൊണ്ട് 1600 ഹെക്ടർ സ്ഥലം ജലസേചനപ്രദമാകുമെന്നാണ് കണക്കാക്കിയിരിക്കുന്നതെങ്കിലും യഥാർത്ഥത്തിൽ 1000 ഹെക്ടർ സ്ഥലത്ത് പോലും വെള്ളം ലഭിക്കാത്ത സ്ഥിതിയാണുള്ളത്

- പുതംകുറ്റി ബ്രാഞ്ച് കനാലിലും ആഴകം ബ്രാഞ്ച് കനാലിലും വെള്ളം ഒഴുകിയിട്ട് വർഷങ്ങളായി. കനാലിന്റെ ശോച്യാവസ്ഥയാണ് കാരണം. പുതുതായി കമ്മീഷൻ ചെയ്ത മുണ്ടപ്പിള്ളി പാടം കനാലിന്റെ അവസാനഭാഗത്തേക്ക് വെള്ളം ഒഴുകുന്നില്ല. തുമ്പൂർ മുഴി ഡാം മുതൽ ഇടതുകര മെയിൻ കനാലും ബ്രാഞ്ച് കനാലും ചോർച്ചമൂലം വെള്ളം ഒഴുകാത്ത അവസ്ഥയിലാണ്.

- സുപ്രധാനമായ ഒട്ടേറെ ജലസേചന പദ്ധതികളുടെ നിർമ്മാണം മുടങ്ങി കിടക്കുകയാണ് 1981 ൽ നിർമ്മാണമാരംഭിച്ച എടലക്കാട് ചുള്ളി കനാലിന്റെ നിർമ്മാണം ഇനിയും പൂർത്തിയായിട്ടില്ല. ഇടമലയാർ ലിങ്ക് കനാലിന്റെ ലാൻഡ് അക്വിസിഷൻ നടപടികളും എങ്ങും എത്താതെ നിൽക്കുന്നു. കൃഷിവകുപ്പിന്റെ സി.സി.ഡി.പി. പദ്ധതിയിലുൾപ്പെടുത്തി. നിർമ്മാണം പൂർത്തിയാക്കിയ താബോർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും ചെറുകിട ജലസേചന വകുപ്പ് ജലധാര പദ്ധതി പ്രകാരം പൂർത്തിയാക്കിയ ആട്ടാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും വൈദ്യുതികണക്ഷൻ ലഭിക്കാത്തത് മൂലം പ്രവർത്തനരഹിതമായി കിടക്കുന്നു.

- കൃഷിവകുപ്പ് സി.സി.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിരിക്കുന്നു ആഴകം, എടലക്കാട്, കോക്കുന്ന്, നെടുംചിറ, കടുപ്പാടം, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നിർമ്മാണമാരംഭിക്കാൻ കഴിയാതെ കിടക്കുകയാണ്. 1992 ലെ ഷെഡ്യൂൾ അനുസരിച്ച് കണക്കാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കുക സാധ്യമല്ല. സി.സി.ഡി.പി. പദ്ധതിയിൽപെടുത്തി പണിപൂർത്തിയാക്കി പ്രവർത്തനം തുടങ്ങിയതാണ് വലിയ ചിറ പദ്ധതി.

- നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽ ആറാട്ടുപുഴ ഉൾപ്പെടെ പലതിന്റെയും പമ്പ് സെറ്റുകളും പൈപ്പുകളും കാലഹരണപ്പെട്ടവ ആയതിനാൽ പ്രവർത്തനക്ഷമമല്ല. ഇവയുടെ

പുനരുദ്ധാരണം ഒരു വലിയ പ്രശ്നമാണ്.

- ഗ്രാമത്തിലുള്ള പ്രധാന തോടുകളെല്ലാം മണ്ണ് വീണ് നികന്നത് മൂലമുള്ള പ്രശ്നങ്ങൾ വളരെ ഗുരുതരമാണ്. ആറാട്ട്പുഴ, ചേരാമ്പള്ളി താഴം, മുലേപ്പാറ, എടലക്കാട് കുട്ടാടം, പുതംകുറ്റി, കുട്ടാടം തോടുകൾ പാർശ്വങ്ങൾ ഇടിഞ്ഞുവീണ് മണ്ണ്കൊണ്ട് നികന്നു പോയിരിക്കുന്നു. വേനൽകാലത്ത് പാടങ്ങളിലേക്ക് ജലം തിരിക്കുന്നതിനും വർഷക്കാലത്ത് അധികജലം ഒഴുക്കികളയുന്നതിനുമുള്ള ഈ തോടുകളുടെ സംരക്ഷണം അടിയന്തിര സംഗതിയാണ്.

- കനാലുകളിൽ വെള്ളമില്ലാത്തതുകൊണ്ട് കിണറുകളും കുളങ്ങളും ചിറയും വറ്റിവരളുന്ന ഗുരുതരമായ സ്ഥിതിവിശേഷം നിലനിൽക്കുന്നു. കനാലിന്റെ അടിഭാഗം കോൺക്രീറ്റ് ചെയ്യുന്നതുമൂലം നീർവാർച്ച നിലയ്ക്കുന്നത്കൊണ്ട് വരൾച്ചയുടെ വ്യാപ്തി വലുതാകുന്നു.

സാധ്യതകൾ

- മണ്ണിന്റെ ഫലപുഷ്ടി നിലനിർത്താൻ ജൈവവളങ്ങളുടെ ഉൽപാദനവും ഉപയോഗവും വർദ്ധിപ്പിക്കുക. കൂടാതെ മണ്ണുപരിശോധന സമഗ്രമായി നടത്തുക.

- മണ്ണു ജല സംരക്ഷണ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക.

- ശാസ്ത്രീയമായ കൃഷിരീതി അവലംബിക്കുന്നതിന് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കുക.

- നെൽപ്പാടങ്ങൾ നികത്തുന്നത് പഞ്ചായത്ത് അടിസ്ഥാനത്തിൽ കർശനമായി നിരോധിക്കുക.

- രോഗം ബാധിച്ച തെങ്ങുകൾ, കുരുമുളക് വള്ളികൾ മുതലായവ വെട്ടിനശിപ്പിച്ച് പുതിയവ വെച്ച് പിടിപ്പിക്കുന്നതിന് കൃഷിക്കാർക്ക് സഹായം നൽകുന്ന പദ്ധതികൾ നടപ്പിലാക്കുക.

- അത്യുൽപാദനശേഷിയുള്ള വിത്തുകളും നടീൽ വസ്തുക്കളും ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ ആവിഷ്ക്കരിക്കുക.

- കർഷക തൊഴിലാളികളെ അതാത് മേഖലകളിൽ നിലനിർത്തുന്നതിനും കൂലിസേവന വ്യവസ്ഥകൾ നിയന്ത്രിക്കുന്നതിനും പഞ്ചായത്ത് അടിസ്ഥാനത്തിൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കുക.

- ആവശ്യമായ യന്ത്രോപകരണങ്ങൾ ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിൽ പദ്ധതികൾ നടപ്പിലാക്കുക.

- കാർഷിക ഉൽപ്പന്നങ്ങൾക്ക് പർച്ചേസിങ് സെൻററുകൾ സ്ഥാപിക്കുക, പൊതുമാർക്കറ്റ് സ്ഥാപിക്കുവാനും മുൻകൈ എടുക്കുക.

- കാർഷിക വായ്പകൾ കുറഞ്ഞ പലിശ നിരക്കിൽ ലഭ്യമാക്കുന്നതിന് സൗകര്യങ്ങൾ ചെയ്യുക.

- കൃഷിഭവന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.

- കൃഷിക്കാരന്റെ വരുമാനം മെച്ചപ്പെടുത്തുന്നതിലേക്കും യുവകർഷകരെ കൂടുതൽ ആകർഷിക്കുന്നതിലേക്കും പട്ടുനൂൽ പുഴു വളർത്തൽ, തേനീച്ച വളർത്തൽ, കൂൺകൃഷി, പൂകൃഷി, ഔഷധ സസ്യകൃഷി മുതലായവ പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

- പഞ്ചായത്തിലെ നെല്ലുൽപാദക സമിതികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ സംവിധാനം ചെയ്യുക.

- നെൽകൃഷിയുടെ വികസനത്തിനായി ഉൽപാദനോപാധികൾ യഥാസമയം ലഭ്യമാക്കുക.

- കൃഷിയാവശ്യത്തിന് ഉപയോഗിക്കുന്ന പമ്പ്സെറ്റുകൾ പൂർണ്ണമായും വൈദ്യുതി ചാർജിൽ നിന്നും ഒഴിവാക്കണം.

- പഞ്ചായത്ത് അടിസ്ഥാനത്തിൽ കൃഷി വിജ്ഞാനവ്യാപനത്തിനായി ഒരു കാർഷിക ലൈബ്രറി സ്ഥാപിക്കുക. കൂടാതെ 'കേരളകർഷകൻ' മുതലായ കാർഷിക പ്രസിദ്ധീകരണങ്ങൾ എല്ലാ കർഷകർക്കും എത്തിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

- തെങ്ങ ഉപയോഗിച്ച് അടിസ്ഥാന വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സഹായകരമായ പദ്ധതികൾ ആവിഷ്ക്കരിക്കുക.

- മുഖ്യ ജലസേചന ഘടകങ്ങളായ കനാലുകൾ പുനരുദ്ധരിക്കുകയാണ് ഗ്രാമത്തിലെ ജലസേചന പ്രശ്നങ്ങൾക്കുള്ള പ്രധാന പരിഹാരം തുമ്പൂർ മുഴി

ഡാം മുതൽ ഇടതുകര മെയിൻ കനാലും കാലടി മെയിൻ കനാലും പാർശ്വങ്ങൾ കോൺക്രീറ്റ് ചെയ്ത് ശക്തിപ്പെടുത്തണം. ഇപ്പോൾ പുഴയിൽ നിന്ന് തിരിക്കുന്ന വെള്ളത്തിൽ പകുതിയിലധികവും ഇടതുകരമെയിൻ കനാലിന്റെ ശോച്യാവസ്ഥ മൂലം പാഴായി പോകുകയാണ്.

- പൂതം കുറ്റി ആഴകം ബ്രാഞ്ച് കനാലുകൾ അടിയന്തിരമായി പാർശ്വങ്ങൾ കോൺക്രീറ്റ് ചെയ്ത് ബലപ്പെടുത്തണം. പൂതംകുറ്റി മുണ്ടപ്പിള്ളി ബ്രാഞ്ചുകളുടെ നിർമ്മാണത്തിലുണ്ടായിട്ടുള്ള സാങ്കേതിക പോരായ്മകൾ പരിഹരിച്ച് അവസാനഭാഗം വരെ വെള്ളമെത്തിക്കണം.

- കനാൽ മെയിൻറനൻസും സ്പൗട്ടുകളുടെ അറ്റകുറ്റപണികളും യഥാസമയം നടത്തുവാൻ നടപടികളുണ്ടാകണം. ഇപ്പോൾ അനുവദിക്കുന്നതുകതികച്ചും അപര്യാപ്തമാണ്. മെയിൻറനൻസ് ഫണ്ട് വർദ്ധിപ്പിക്കുകയും യഥാസമയം ലഭ്യമാക്കുകയും വേണം. ഓരോ പ്രദേശത്തും കർഷക സമിതികൾ മുഖേന പണി നടത്തണം.

- എടലക്കാട്- ചുള്ളി കനാലിന്റെ അവശേഷിക്കുന്ന ജോലികൾ അടിയന്തരമായി തീർക്കുവാൻ നടപടി സ്വീകരിക്കണം.

- ഇടമലയാർ ലിങ്ക് കനാൽ നിർമ്മാണം ത്വരിതപ്പെടുത്തണം. നിർദ്ദിഷ്ട ലിങ്ക് കനാൽ മൂലേപ്പാറയിൽ നിന്ന് ആരംഭിച്ച് ശങ്കരൻ കുഴി, ദേവഗിരി വഴി കോക്കുന്നിൽ കാലടി മെയിനിൽ ബന്ധിക്കുന്ന തരത്തിൽ ഒരു പുതിയ കനാൽ നിർമ്മിക്കുന്നത് ഏറെ പ്രയോജനകരമായിരിക്കും.

- കോക്കുന്ന് കേന്ദ്രമായി ജലസേചനവകുപ്പ് സബ്ഡിവിഷൻ സ്ഥാപിക്കണം, ഇടമലായർ ലിങ്ക് കനാൽ, ഇടതുകര മെയിൻ കനാൽ, കാലടി മെയിൻ കനാൽ അനുബന്ധബ്രാഞ്ചുകൾ എന്നിവ ഈ സബ്ഡിവിഷന്റെ കീഴിലാക്കണം. ജലസേചന വകുപ്പിന് ഇപ്പോൾ കോക്കുന്നിലുള്ള ഒന്നര ഏക്കർ ഭൂമി ഇതിനായി വിനിയോഗിക്കാവുന്നതാണ്.

- ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് വൈദ്യുതി സൗജന്യമായിലഭിക്കുവാൻ സംവിധാനമേർപ്പെടുത്തേണ്ടതാണ്. താന്മോർ, അട്ടാറ, പദ്ധതികൾക്ക് ഉടൻ കണക്ഷൻ ലഭ്യമാക്കുക.

- പഴയതും കാലഹരണപ്പെട്ടതുമായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നവീകരിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുക.

കൃഷിവകുപ്പ് അനുവദിച്ചിരിക്കുന്ന സി.സി.ഡി.പി. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ എസ്റ്റിമേറ്റ് നിരക്ക് കാലാനുസൃതമായി വർദ്ധിപ്പിച്ച് നൽകി പണികൾ പൂർത്തിയാക്കുവാൻ പഞ്ചായത്ത് തലത്തിൽ നടപടി എടുക്കുക.

- യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ ധനസഹായത്തോടെ നടപ്പിലാക്കുവാൻ തെഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഭരണിപറമ്പ്-മൂലേപ്പാറ പൂതംകുറ്റി ഒലിവേലിച്ചിറ പദ്ധതികൾ ഉടനെ നടപ്പിലാക്കുക.

- കൃഷിവകുപ്പിന്റെ പരിഗണനയിലുള്ള വെള്ളപ്പാറ, കണ്ടപാടം പദ്ധതികൾ എത്രയും നേരത്തെ നടപ്പിലാക്കുക. കൂടാതെ എത്തളിച്ചിറ കടുപാടം വെസ്റ്റ് ചിറ, അട്ടാറ വെസ്റ്റ് ചിറ, താബോർ വെസ്റ്റ് പറമ്പയം ഈസ്റ്റ് എടലക്കാട് - ഒലിവേലിച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും നടപ്പാക്കുക.

- പഞ്ചായത്തിലെ ജലസേചന യോഗ്യമായ ചിറകളുടെ ആഴം വർദ്ധിപ്പിച്ച് പാർശ്വങ്ങൾകെട്ടി സംരക്ഷിക്കുന്നതിന് ചിറകളിൽ നിന്നുള്ള തോടുകൾ കോൺക്രീറ്റ് ചെയ്യുന്നതിനും നടപടികളെടുക്കുക.

- പ്രത്യേക ഘടക പദ്ധതിയിൽപ്പെടുത്തി പട്ടികജാതി-പട്ടിക വർഗ്ഗ കോളനികളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പാക്കുക. തെക്കെ അട്ടാറ, കാരമറ്റം എടലക്കാട് കോളനികളിൽ പദ്ധതി നടത്തിപ്പിന് സാധ്യതകൾ ഉണ്ട്.

മൃഗസംരക്ഷണം

മൃഗസംരക്ഷണമേഖല

ഗ്രാമസഭകളിൽ നിന്നും ലഭിച്ച സ്ഥിതി വിവരകണക്കുകളും പ്രശ്നങ്ങളും പ്രശ്നപരിഹാരങ്ങളും പഞ്ചായത്തിലെ പ്രാദേശികവിഭവങ്ങളും സാധ്യതകളും കണക്കാക്കിയാണ് വികസനറിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

മൃഗപരിപാലനരംഗത്ത് കഴിഞ്ഞ രണ്ടുമൂന്നു ദശാബ്ദകാലത്തിനിടയിൽ വന്നിട്ടുള്ള മാറ്റങ്ങൾ പരിശോധിച്ചാൽ അത്യുത്പാദനശേഷിയുള്ള ഇനങ്ങളുടെ വ്യാപനവും തുടർന്നു ഉത്പാദനത്തിലും ഉത്പാദനക്ഷമതയിലും ഉണ്ടായ വർദ്ധനവും ഒപ്പം നാടൻ ഇനങ്ങൾ അപ്രത്യക്ഷമാവുകയും ഉണ്ടായി. പരിപാലനരീതി, ഉത്പാദനക്ഷമത, വിപണനരീതികൾ തുടങ്ങിയവയുടെ പഴയ സ്ഥിതിയും മാറിക്കഴിഞ്ഞിരുന്നു.

മൃഗസംരക്ഷണമേഖലയുമായി ബന്ധപ്പെട്ട് മുക്കന്നൂർ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം നിലവിലുള്ള പ്രശ്നങ്ങൾ:- സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സേവനങ്ങളുടെ ഗുണനിലവാരം, പര്യാപ്തത, മൃഗാശുപത്രിയിലെ സൗകര്യങ്ങൾ, പ്രശ്നങ്ങൾ, കാലിവളർത്തൽ, കോഴിവളർത്തൽ തുടങ്ങിയ ഓരോ മേഖലയിലേയും പ്രശ്നങ്ങൾ, തീറ്റയുടെ ഉത്പാദനം, ലഭ്യത, വില, പുതിയ ജെനുസ്സുകളുടേയും കുഞ്ഞുങ്ങളുടേയും ലഭ്യത, ഉത്പാദനക്ഷമത, വിപണനം, ഇടനിലക്കാരുടെ ഇടപെടൽ, അസംസ്കൃതവിഭവങ്ങളുടെ ലഭ്യതക്കുറവ്, പുതിയ സാങ്കേതികവിദ്യയുടെ അഭാവം എന്നിവയാണ്.

പാൽ, ഇറച്ചി, മുട്ട, മത്സ്യം എന്നിവയുടെ കാര്യത്തിൽ സ്വയംപര്യാപ്തതയും ഒരു പരിധിവരെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും അഭ്യസ്തവിദ്യരായ യുവജനങ്ങൾ സഹകരണസംഘങ്ങൾ, സന്നദ്ധസംഘടനകൾ, പഞ്ചായത്ത് അധികൃതർ, ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പരിശ്രമം ആവശ്യമാണ്.

9-ാം പഞ്ചവത്സരപദ്ധതിയിൽ ജനപങ്കാളിത്തത്തോടെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, മൃഗസംരക്ഷണമേഖലയിലെ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ താഴെ പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കേണ്ടതാണ്.

1)മൃഗസംരക്ഷണമേഖലയിലെ ഉത്പാദനം വർദ്ധിപ്പിക്കുക.

2)ഉത്പാദനക്ഷമത വർദ്ധിപ്പിക്കാൻ അനുയോജ്യമായ സാങ്കേതികവിദ്യയും മാനേജ്മെൻറ് സങ്കേതങ്ങളും പ്രയോഗത്തിൽ വരുത്തുക.

3)ഈ മേഖലയിൽ മുഴുവൻ സമയതൊഴിൽ നേടുന്നവരുടേയും ഉപതൊഴിൽ സ്വീകരിക്കുന്നവരുടേയും എണ്ണം വർദ്ധിപ്പിക്കുക. ദരിദ്രജനവിഭാഗങ്ങളുടെപ്രത്യേകിച്ചും പട്ടികജാതിക്കാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിൽ ഈ മേഖലയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.

4)തൊഴിൽരഹിതരായ ഗ്രാമീണസ്ത്രീകളെ മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ആഭിമുഖ്യമുള്ളവരാക്കുക. അതുവഴി കുടുംബവരുമാനം വർദ്ധിപ്പിക്കുക.

5)കാലിത്തീറ്റ ഉത്പാദനരംഗത്ത് ഇന്നുള്ള സ്ഥാപിതതാത്പര്യക്കാരിൽ നിന്നും കർഷകരെ രക്ഷിക്കാൻ ഉത്പാദനത്തിലും വിപണനത്തിലും ഇടപെടുക.

6)മൃഗചികിത്സാ കേന്ദ്രങ്ങളിലെ സജീകരണങ്ങൾ അടിയന്തിരമായി ആധുനികവത്കരിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യുക.

7)പേവിഷനിർമ്മാർജനത്തിൽ ജനപങ്കാളിത്തത്തോടെ സമ്പൂർണ്ണവും ആസൂത്രിതവുമായ പരിപാടി നടപ്പാക്കുക.

8)വായ്പയും വിപണനവും വിജ്ഞാനവ്യാപനവും ഈ മേഖലയിൽ തൊഴിൽ ഏർപ്പെടുത്തുന്നവർക്ക് വായ്പലഭ്യമാക്കാനും ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്താനും ശ്രമിക്കണം. അതോടൊപ്പം ആധുനിക സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കുകയും വേണം.

9) ഉത്പാദകന് പുല്ല്, വൈക്കോൽ, തീറ്റ തുടങ്ങിയവ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനും ഉത്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിനും ഉള്ള നടപടികൾ എടുക്കണം.

10)ഉപഭോക്താക്കൾക്ക് ഉത്പന്നങ്ങൾ ശരിയായ അളവിലും ഗുണത്തിലും ലഭ്യമാക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കണം.

കന്നുകാലി സമ്പത്തി ന്റെ 98 ശതമാനവും ഗ്രാമ പ്രദേശങ്ങളിലാണ്. കന്നുകാലി ഉടമകളിൽ ഭൂരി പക്ഷവും ചെറുകിടകർഷകരും കർഷകതൊഴിലാളി കളുമാണ്. അതിനാൽ അവരു ടെ ജീവിതനിലവാരം ഉയർത്താനും വേണ്ട പദ്ധതികൾ വേണം നാം ആവി ഷ്ക്കരി ക്കേണ്ടത്.

ഈ മേഖലയി ലേക്ക് കടന്നുവരാനുള്ള അഭ്യ സ്തവിദ്യരുടെ വിമുഖത ധനകാര്യവായ്പ സ്ഥാ പനങ്ങൾ കാണിക്കുന്ന താത്പര്യക്കുറവ്, തീറ്റപുൽ കൃഷിയിൽ ഉണ്ടായ മാന്ദ്യം, കന്നുകാലിത്തീറ്റയുത്പാ ദനത്തിനാവശ്യമായ അസംസ്കൃതപദാർത്ഥങ്ങളു ടെ ലഭ്യതക്കുറവ് കാലിത്തീറ്റ രംഗത്തേയ്ക്കുള്ള ബഹു രാഷ്ട്രകുത്തകകളു ടെ കടന്നുകയറ്റം തുടങ്ങിയവ ഈ രംഗത്തെ ചില പ്രധാനപ്രശ്നങ്ങളാണ്. സമഗ്രമാ യ ആസൂത്രണത്തി ന്റെ പിൻബലമു ണ്ടെങ്കിൽ പാൽ,മാംസം, മുട്ട മുതലായവയു ടെ ഉത്പാദന മേഖലയിൽ വിപ്ലവകരമായ മാറ്റം ഉണ്ടാക്കാൻ നമു ക്കു കഴിയും.

നടപ്പ് പദ്ധതികൾ:-

1.പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി

2.പേവിഷ നിയന്ത്രണ പദ്ധതി

3.കാലിവസന്ത നിർമ്മാർജ്ജന പദ്ധതി

4.കാലി രോഗ നിയന്ത്രണ പദ്ധതി

5.പന്നി വളർത്തൽ വികസനപദ്ധതി

6.ആടു വളർത്തൽ

7.കാലിത്തീറ്റ മിശ്രണം

8.സമീകൃത ആഹാരനിർമ്മാണം

9.മുയൽ ഉത്പാദനപദ്ധതി

10.ഇറച്ചിക്കോഴി വളർത്തൽ വ്യാപകമാക്കുന്ന പദ്ധതി

11.വീട്ടുവളപ്പി ലെ കോഴിവളർത്തൽ

12.താറാവുകൃഷി വികസനം, കാടയുത്പാദനം

13.സ്വകാര്യ മേഖലയിൽ ഹാച്ചറിയും കന്നുകാലി വളർത്തലും

പദ്ധതി പോരായ്മകൾ

ഓരോ വർഷവും പ്രതിരോധത്തിനാവശ്യമായ വാ ക്സിൻ വാങ്ങാനുള്ള പദ്ധതിവിഹിതം ലഭിക്കുന്നില്ല. അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കാൻ ത ദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വേണ്ടത്ര ശു ഷ്ക്കാന്തികാണിക്കുന്നില്ല. ലൈസൻസ് നിർബന്ധമാ ക്കുന്നില്ല. പടർന്നുപിടിക്കാൻ സാദ്ധ്യതയുള്ള കാലി വസന്ത, കുളമ്പു രോഗം എന്നിവയെ നിയന്ത്രിക്കാ നുള്ള പദ്ധതികളില്ല. പന്നിയിറച്ചിയു ടെ ഉത്പാദനവും ലഭ്യതയും വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതി യി ലേയ്ക്ക് ആവശ്യമായ കുഞ്ഞുങ്ങളെ ലഭിക്കുന്നി ല്ല. മലബാറി ആടുകളു ടെ വംശനാശം ഒഴിവാക്കു വാൻ വേണ്ടത്ര പദ്ധതികളില്ല. നമ്മു ടെ സംസ്ഥാ നത്തിനാവശ്യമായ നല്ലയിനം കോഴിക്കുഞ്ഞുങ്ങളു ടെ ദൗർലഭ്യം പ്രശ്നമാണ്. ജലാശയങ്ങളും തോടു കളും ഉള്ള സ്ഥലങ്ങളിൽ താറാവുകൃഷിയും മത്സ്യകൃ ഷിയും വ്യാപകമാക്കുന്നില്ല. ഇറച്ചി ക്കോഴി വളർത്തൽ മേഖലയിൽ കർഷകർ അസംഘടിതരാണ്. മൃഗചി കിത്സയ്ക്ക് വേണ്ടത്ര പ്രാധാന്യം നല്കിയിട്ടില്ല.

പൊതുനിർദ്ദേശങ്ങൾ:-

1. ഡയറി യൂണിറ്റുകൾ

a. രണ്ടു പശുക്കളുടെ യൂണിറ്റ്:-

ഒരു ഉപതൊഴിൽ അല്ലെങ്കിൽ ഒരു തൊഴിൽ എന്ന രീതിയിൽ രണ്ട് പശുവളർത്തുന്നതിനും കുടുംബവരു മാനം ഗണ്യമായ രീതിയിൽ മെച്ചപ്പെടുത്തുന്നതിനും സഹായിക്കുന്നതാണ് ഈ പദ്ധതി. രണ്ടു പശുക്കളെ 6 മാസത്തെ കാലാവധി ഇടവിട്ട് വാങ്ങി ശാസ്ത്രീയമാ യി പരിപാലിച്ച് പരമാവധി വരുമാനം ഉറപ്പാക്കുകയും ഗ്രാമീണജനതയ്ക്ക് സംശുദ്ധമായ പാൽ വിതരണം ചെയ്യുകയുമാണ് പദ്ധതിയുടെ ഉദ്ദേശം. നൂറു ഉപഭോ ക്താക്കൾ ക്കെങ്കിലും ഈ പദ്ധതി പ്രയോജനപ്പെടു ത്തേണ്ടതാണ്. പശുക്കളെ വാങ്ങുന്നതിനും തൊഴുത്ത് നിർമ്മാണത്തിനും വരുന്നതിന്റെ പകുതിചിലവ് സബ്സിഡിഅനുവദി ക്കേണ്ടതാണ്.

b)മൂന്ന് പശുക്കളുടെ യൂണിറ്റ്:-

പശുവളർത്തുന്നതിലും പാൽ ഉത്പാദനത്തിലും താത്പര്യമുള്ള ഉപഭോക്താക്കളെ തിരഞ്ഞു പിടിച്ച് ഒരു മുഖ്യ തൊഴിലായിത്തന്നെ നടത്തി ക്കൊണ്ടു പോകാവുന്ന രീതിയിൽ ചെറിയ ഡയറിയൂണിറ്റുകൾ സ്ഥാപിക്കുകയാണ് ലക്ഷ്യം. കറവപശുവിനെ രണ്ടെണ്ണത്തിനെ ആദ്യവും ആറുമാസത്തിനു ശേഷം മൂന്നാമത്തതും വാങ്ങി ശാസ്ത്രീയരീതിയിൽ പരിപാലി ക്കേണ്ടതാണ്. ഈ പദ്ധതി പ്രകാരം വളർത്തുന്ന കാലികളുടെ ചാണകത്തിൽ നിന്നും പാചകത്തിനും വെളിച്ചത്തിനുള്ള ഗ്യാസ്സ് ഉത്പാദിപ്പിക്കാൻ സാധിക്കും. നൂറുകുടുബത്തിന് ഇതി ന്റെ ഗുണം ലഭിക്കേണ്ടതാണ്.

c)അഞ്ച് പശുക്കളുടെ യൂണിറ്റ്:-

മാതൃകാഡയറി യൂണിറ്റായി മുഴുവൻ സമയതൊഴിലായി കൊണ്ടുപോകത്തക്കവിധത്തിൽ സന്നദ്ധരായ ഉപഭോക്താക്കളെ മാത്രമേ ഈ പദ്ധതിയിൽ തിരഞ്ഞെടുക്കാവൂ. തീറ്റപ്പുൽകൃഷിചെയ്യാനുള്ള സൗകര്യം ഉണ്ടായിരിക്കണം. പശുക്കളെ വാങ്ങുന്നതിനും തൊഴുത്തുനിർമ്മാണത്തിനും വരുന്ന ചിലവിന്റെ പകുതി തുക സബ്സിഡിയായും ബാക്കി തുക വായ്പയായും അനുവദിയ്ക്കുന്നത് നന്നായിരിക്കും.

d)മാതൃക ഡയറിഫാം:-

ധാരാളം ജലസേചന സൗകര്യമുള്ള പൂതംകുറ്റി പ്രദേശത്ത് ഒരു മാതൃകാ ഡയറിഫാം തുടങ്ങേണ്ടതാണ്. 50-തോ നൂറോ പശുക്കളുള്ള യൂണിറ്റായിരിക്കണം ഇത്. പഞ്ചായത്തിന്റെ നേരിട്ടുള്ള മേൽനോട്ടത്തി ലോ അല്ലെങ്കിൽ പ്രാപ്തനായ സ്വകാര്യവ്യക്തിയു ടെ കീഴിലോ നടത്തി ക്കൊണ്ടു പോകാവുന്നതാണ് ഈ ഫാം. പഞ്ചായത്തതൃത്തിക്കുള്ളിൽ ആവശ്യമുള്ള പശുക്കളെ വിതരണം ചെയ്യുകയും ആവശ്യമുള്ള പാൽ ഉല്പാദിക്കുകയുമാണ് ഇതി ന്റെ മുഖ്യഉദ്ദേശം. ഇതുവഴി കൂടുതൽ പേർക്ക് തൊഴിലവസരങ്ങൾ ഉണ്ടാവുന്നു.

e)വനിതാ സംരംഭകർക്കുള്ള പശുവളർത്തൽ:-

പഞ്ചായത്തിലെ 15 വനിതകളുടേയോ 10 വനിതകളു ടേയോ ഒരു സംഘമാണ് ഉപഭോക്താക്കൾ. ഒരാൾ കൺവീനറായി ധനകാര്യസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വേണം മു ന്നോട്ടു പോകാൻ. ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യാവുന്നതും ഗ്രാമവികസനവകുപ്പുമായി ബന്ധപ്പെട്ട് D.W.C.R.A. ധനസഹായം ലഭ്യമാക്കുകയും ചെയ്യാം.

2.കിടാരി വളർത്തൽ യൂണിറ്റ്:-

മേൽത്തരം സങ്കരവർഗ്ഗ കിടാരികളുടെ ഗർഭകാല സംരക്ഷണം ഉറപ്പാക്കുകയാണ് ലക്ഷ്യം. സബ്സിഡിയോടെ ഗുണമേന്മയുള്ള കാലിത്തീറ്റ വിതരണം ചെയ്യുന്നു. ഉപഭോക്താവിന്റെ പ്രതിമാസ കാർഷികേതര വരുമാനം 900 രൂപയിൽ കവിയരുത്. ഈ പദ്ധതിയു ടെ പകുതി സബ്സിഡിയായി ക്ഷീരസംഘം ലൈവ്സ്റ്റോക്ക് ഇംപ്രൂവ്മെൻറ് അസ്സോസിയേഷൻ നല്കണം.

3.പാൽ ഉത്പന്ന നിർമ്മാണ വിപണന യൂണിറ്റ്:-

പാൽ ഉത്പന്ന നിർമ്മാണത്തിൽ പരിശീലനം ലഭിച്ചിട്ടുള്ള വനിതകളെ ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ യൂണിറ്റ്. പാലിൽ നിന്ന് ഉത്പന്നങ്ങളുണ്ടാക്കി പഞ്ചായത്തിന്റെ ഒന്നോ രണ്ടോ പ്രധാനസ്ഥലങ്ങളിൽ സ്റ്റാളുകൾ തുടങ്ങുകയാണ് ലക്ഷ്യം. ഇതിനാവശ്യമായ കെട്ടിടം, ഡീപ്പർ ഫ്രീസർ വെള്ള സൗകര്യം ഇലക്ട്രിസിറ്റി, മേശ, പാ ത്രങ്ങൾ തുടങ്ങിയവ വാങ്ങുന്നതിന് പഞ്ചായത്തുതലത്തിൽ മുൻ കൈയെടു ക്കേണ്ടതാണ്. കൂടുതൽ സ്ത്രീകളെ ഈ രംഗത്ത് പരിശീലിപ്പിക്കേണ്ടതാണ്. ഇതുവഴി ഒഴിവുസമയം ഫലപ്രദമായി ഉപയോഗപ്പെടുത്താനും വനിതകൾക്ക് വരുമാനമാർഗ്ഗം കണ്ടെത്താനും സാധിക്കുന്നു.

4.കോഴിവളർത്തൽ

a)വീട്ടുമുറ്റത്തെക്കോഴി:- ഏറ്റവും കുറഞ്ഞചിലവിൽ വീടുകളിൽത്തന്നെ മുട്ടയുത്പാദിപ്പിക്കാനുതകുന്ന ഈ പദ്ധതിമുട്ടയുടെ ലഭ്യത ഉറപ്പുവരുത്തുന്നു. ഭക്ഷണത്തിൽ മാംസത്തി ന്റെ തോത് ഉയർത്തുന്നു. വീട്ടമ്മമാർക്ക് വരുമാന മാർഗ്ഗം ലഭിക്കുന്നു. 45 ദിവസം പ്രായമുള്ള 10 കോഴിക്കുഞ്ഞുങ്ങളെ വീതം നല്കാം. പഞ്ചായത്തി ലെ മുഴുവൻ കുടുംബങ്ങൾക്കും കുഞ്ഞുങ്ങളെ നല്കാവുന്നതാണ്. എഗ്ഗർ നഴ്സറികളിൽ നിന്നോ മൃഗാശുപത്രിമുഖേനയോ കുഞ്ഞുങ്ങളെ ലഭ്യമാക്കാം.

b)എഗ്ഗർനഴ്സറി:- ഗുണമേന്മയുള്ള മുട്ടകോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഒരുദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ 60 ദിവസം വരെ വളർത്തി വിവിധപദ്ധതികൾക്കായി വിതരണം ചെയ്യുകയാണ് ലക്ഷ്യം. തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് ഈ തൊഴിൽ സ്വീകരിക്കാം. ഗുണഭോക്താക്കൾ മൃഗസംരക്ഷണവകുപ്പിൽ നിന്നും പരിശീലനം നേടിയിരിക്കണം. 500 കുഞ്ഞുങ്ങൾവീതമുള്ള പത്ത് യൂണിറ്റു

കൾ ഒരു പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്. ഒരു വർഷം 5 തവണയെങ്കിലും കോഴിക്കുഞ്ഞുങ്ങളെ വളർത്തിവിൽക്കാം. ഇതിനാവശ്യമായ ധനസഹായം ധനകാര്യസ്ഥാപനങ്ങൾ നല്കേണ്ടതാണ്.

c)സ്കൂൾ പൗൾട്രി ക്ലബ്:- കുട്ടികളിൽ പഠനത്തോടൊപ്പം സമ്പാദ്യശീലവും ഉണ്ടാക്കുകയാണ് ലക്ഷ്യം. 5 രൂപ അംഗത്വഫീസ്നല്കി സ്കൂൾ പൗൾട്രി ക്ലബിൽ അംഗമാകുന്നവർക്ക് 3 മുട്ടക്കോഴിക്കുഞ്ഞുങ്ങളെ സൗജന്യമായി നല്കാവുന്നതാണ്. താത്പര്യമുള്ള ഒരദ്ധ്യാപകനായിരിക്കണം ക്ലബ്ബിന്റെ ചുമതല.

d) വ്യവസായികാടിസ്ഥാനത്തിൽ മുട്ടക്കോഴി വളർത്തൽ:- പഞ്ചായത്തിലെ സാമ്പത്തിക ശേഷിയുള്ള കർഷകർ ഗൾഫിൽ നിന്ന് തൊഴിൽരഹിതരായി മടങ്ങിയെത്തിയവർ എന്നിവരെ ഏകോപിപ്പിച്ച് മുട്ട ഉത്പാദനവിപണനസഹകരണസംഘങ്ങൾ സ്ഥാപിക്കാം. കോഴിത്തീറ്റ ഉത്പാദനവും സംഘം ഏറ്റെടുത്തു നടത്തേണ്ടതാണ്. 5000 കോഴികളെങ്കിലും ഉണ്ടായിരിക്കണം. മുട്ട ഉത്പാദനത്തിനു ശേഷം ഇവയെ ഇറച്ചിക്കായി ഉപയോഗിക്കാം.

e)ഇറച്ചിക്കോഴി വളർത്തൽ:-

കുടുംബത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും ഒഴിവുസമയം പ്രയോജനപ്പെടുത്തി രണ്ടാഴ്ചയിലൊരിക്കൽ ഇരുന്നൂറ്റമ്പത് ഇറച്ചിക്കോഴികളെ വീതം വിൽപനയ്ക്ക് സജ്ജമാക്കുന്നതാണ് ഈ പദ്ധതി. 20 ഗ്രാമീണവനിതകൾ അടങ്ങിയ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്. സാമൂഹ്യ ക്ഷേമവകുപ്പിന്റെ ഗ്രാമീണവനിതാശിശുവികസനപദ്ധതിയിൽ ലഭിക്കുന്ന ധനസഹായം ഉപയോഗപ്പെടുത്താവുന്നതാണ്.

5. ആടുവളർത്തൽ:- പാവപ്പെട്ടവരുടെ പശുവാണ് ആട്. ഇടത്തരം കർഷകരുടെ സാമ്പത്തിക പരിമിതികൾക്കനുയോജ്യം, പരിസ്ഥിതികളോടു ഇണങ്ങിച്ചേരാനുള്ള ആടുകളുടെ കഴിവ് എന്നിവ ശ്രദ്ധേയമാണ്. കുറഞ്ഞമൂലധനം മറ്റൊരു അനുകൂലസാഹചര്യമാണ്. വിട്ടുമ്മമാരുടെയും, കുട്ടികളുടെയും അദ്ധ്വാനശേഷി ഉപയോഗപ്പെടുത്തുകയും ചെയ്യാം. ഒച്ചിന് സ്ഥലമുണ്ടെങ്കിൽ അങ്ങിനെയും അല്ലെങ്കിൽ തൂലയിൽ കെട്ടിയിട്ടും വളർത്താം.

6.പന്നിവളർത്തൽ:- പഞ്ചായത്തിലെ സാധ്യതയുള്ള മേഖലകളെ കണ്ടുപിടിച്ച് പദ്ധതി നടപ്പിലാക്കാം. അഞ്ചു പെൺപന്നികളും ഒരു ആൺ പന്നിയുമടങ്ങിയതാണ് ഒരു ബ്രീഡിംഗ് യൂണിറ്റ്. താത്പര്യമുള്ള അമ്പത് ഉപഭോക്താക്കളെ തെരഞ്ഞെടുത്ത് പകുതി വീതം നിരക്കിൽ കുഞ്ഞുങ്ങളെ ലഭ്യമാക്കേണ്ടതാണ്. രണ്ടുപന്നികുഞ്ഞുങ്ങൾ അടങ്ങിയതാണ് ഒരു ഫാറ്റനിംഗ് യൂണിറ്റ്. വാർഷികവരുമാനം ഏറ്റവും കുറഞ്ഞ നൂറുഉപഭോക്താക്കളെ തെരഞ്ഞെടുത്ത് നൽകാവുന്നതാണ്. ഹോട്ടൽ അവശിഷ്ടങ്ങൾ, പച്ചക്കറി ചന്തയിലെ അവശിഷ്ടങ്ങൾ എന്നിവ പന്നിത്തീറ്റയാക്കുന്നതോടൊപ്പം മാലിന്യദൂരീകരണവും സാധ്യമാവുന്നു.

7.സമ്മിശ്രിത മൃഗപരിപാലനം:-

മൃഗപരിപാലത്തോടൊപ്പം കൃഷി, മത്സ്യം വളർത്തൽ, പശുവളർത്തൽ, കോഴിവളർത്തൽ, താറാവുവളർത്തൽ എന്നിവ സംയോജിപ്പിച്ച് ലഭ്യമായ കൃഷിസ്ഥലം പൂർണ്ണമായി ഉപയോഗപ്പെടുത്തി ലാഭം കൂട്ടുകയാണ് ലക്ഷ്യം. നിലവിലുള്ള കാർഷികവിളകൾക്കൊപ്പം മൂന്നു പശുക്കൾ, മൂന്നു ആട്ടിൻകുട്ടികൾ, 5 + 1 പന്നികൾ, ഇരുപത്തിയഞ്ചു കോഴികൾ എന്നിവയെ വളർത്തുകയും പുല്ലുകൃഷി ചെയ്യുകയുമാണ് രീതി. മൂന്ന് ക്യുബിക്ക്മീറ്റർ വലിപ്പമുള്ള ഗോബർഗ്യാസ് പ്ലാന്റും പ്രവർത്തിപ്പിക്കാം. അതിന്റെ മട്ട് കാർഷികവിളകൾക്കും പുൽകൃഷിക്കും ജൈവവളമായി ഉപയോഗിക്കാം. സൗകര്യവും താത്പര്യവുമുള്ള അമ്പത് ഉപഭോക്താക്കളെയെങ്കിലും ഈ രീതിയിൽ പരിശീലിപ്പിക്കേണ്ടതാണ്.

8)കാളക്കുട്ടി പരിപാലനം:-

രണ്ടുമൂന്നുമാസം പ്രായമായ കുട്ടികളെ തെരഞ്ഞെടുത്ത് പന്ത്രണ്ടുമാസം വരെ ശാസ്ത്രീയമായി പരിചരിച്ച് മാംസാവശ്യത്തിനായി ഉപയോഗിക്കുന്നു. സ്കിമിലുള്ള കാളക്കുട്ടികൾക്ക് ഇൻഷ്വറൻസ് പരിചരണം ലഭ്യമാക്കാവുന്നതാണ്. ഇതിനുള്ള സാമ്പത്തികസഹായവും ഉറപ്പുവരുത്തേണ്ടതാണ്.

9)താറാവുവളർത്തൽ:-

ഇതിന് അനുയോജ്യമായ സ്ഥലങ്ങൾ ഈ പഞ്ചായത്തിൽ ധാരാളമുണ്ട്. ഈ പദ്ധതിയനുസരിച്ച് ജലസേചനസൗകര്യമുള്ള ഒരു കർഷകന് ഒരുമാസം പ്രായമായ പത്ത് താറാവിൻ കുഞ്ഞുങ്ങളെ നല്കാവുന്നതാണ്. പഞ്ചായത്തിലെ നൂറുകർഷകനെങ്കിലും പകുതിവിലയ്ക്ക് താറാവിൻ കുഞ്ഞുങ്ങളെ ലഭ്യമാക്കണം.

10)താറാവിൻ കുഞ്ഞുങ്ങളുടെ നേഴ്സറി:-

അത്യുല്പാദനശേഷിയുള്ള താറാവിൻകുഞ്ഞുങ്ങളെ യഥാക്രമം കിട്ടാത്തത് താറാവു വളർത്തുന്നവർക്ക് ഗുരുതരമായ ഒരു പ്രശ്നമാണ്. ഒരു ദിവസം പ്രായമായ താറാവിൻ കുഞ്ഞുങ്ങളെ നിരണം താറാവുവളർത്തൽ കേന്ദ്രത്തിൽ നിന്നും വാങ്ങി ശാസ്ത്രീയമായ രീതിയിൽ രണ്ടുമാസം വളർത്തി ആവശ്യമുള്ള കർഷകർക്ക് വിതരണം ചെയ്യാം. നാമമാത്രകർഷകരെയും വീട്ടമ്മമാരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. സർക്കാർ പദ്ധതിക്കായി ഈ നേഴ്സറികളിൽ നിന്നും കുഞ്ഞുങ്ങളെ ലഭിക്കുന്നതാണ്. 500 കുഞ്ഞുങ്ങൾ വീതമുള്ള പത്തുയൂണിറ്റുകളെങ്കിലും താത്പര്യമുള്ള കർഷകർക്ക് ധനസഹായത്തോടുകൂടി നടപ്പിലാക്കികൊടുക്കേണ്ടതാണ്.

11)മുയൽ വളർത്തൽ:-

പത്ത് പെൺമുയലുകളും രണ്ട് ആൺ മുയലുകളും അടങ്ങുന്നതാണ് ഒരു യൂണിറ്റ്. വിവിധ സ്കൂളുകളിൽ 8-ാം ക്ലാസ്സിൽ പഠിക്കുന്ന അമ്പത്കുട്ടികളെ വീതം ഓരോ വർഷവും തെരഞ്ഞെടുത്ത് അവർക്ക് ഒരാൺമുയലും രണ്ട് പെൺമുയലും അടങ്ങിയ ഓരോ യൂണിറ്റു വീതം നൽകുന്നു. 9-ാം ക്ലാസ്സിലും 10-ാം ക്ലാസ്സിലും എത്തുമ്പോൾ അവർ ഒരുജോടി മുയൽകുഞ്ഞുങ്ങളെ വീതം പഞ്ചായത്തിന് തിരികെ നൽകണം. അവയെ വീണ്ടും വിതരണം ചെയ്യാം.

12) ചെറുകിട കാലിത്തീറ്റ യൂണിറ്റ്:-

സഹകരണാടിസ്ഥാനത്തിൽ ഒരു കാലിത്തീറ്റ നിർമ്മാണയൂണിറ്റ് ഈ പഞ്ചായത്തിൽ അനിവാര്യമാണ്. ഉത്പാദിപ്പിക്കുന്ന കാലിത്തീറ്റ സൊസൈറ്റികൾ മുഖേനയോ റേഷൻ കട അടിസ്ഥാനത്തിലോ വിപണനം നടത്താവുന്നതാണ്. നല്ലയിനം കാലിത്തീറ്റ ലഭിക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനും കുറഞ്ഞവിലയ്ക്ക് കാലിത്തീറ്റ ലഭിക്കുന്നതിനും ഇത് സഹായിക്കുന്നു. സൊസൈറ്റികൾ മുഖേന വൈയ്ക്കോൽ അയൽ സംസ്ഥാനത്തുനിന്നും വിലകുറവിന് വാങ്ങി ശേഖരിച്ച് കർഷകർക്ക് ആവശ്യാനുസൃതം ലഭ്യമാക്കേണ്ടതാണ്. ഇതുവഴി വളരെ വിലക്കുറവിന് കർഷകന് വൈയ്ക്കോൽ ലഭിക്കുന്നു.

13.ഹാച്ചറി:-

കോഴിമുട്ട യന്ത്രസഹായത്താൽ വിരിയിച്ച് വിതരണം ചെയ്യുകയാണ് ഇതുവഴി ഉദ്ദേശിക്കുന്നത്. പഞ്ചായത്തിന്റെ നേരിട്ട മേൽനോട്ടത്തിലോ മൃഗാശുപത്രിയുടെ കീഴിലോ ആണ് പ്രവർത്തിക്കേണ്ടത്. ഈ ഹാച്ചറി വഴി ഈ പഞ്ചായത്തിനാവശ്യമുള്ള കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ സാധിക്കുന്നു. അതുവഴി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നസ്ഥിതി മാറ്റിനിർത്താം. 2500 മുട്ട വിരിയിക്കാൻ കഴിവുള്ള ഒരു യൂണിറ്റാണ് ഈ പഞ്ചായത്തിൽ സ്ഥാപിക്കേണ്ടത്.

14.പാൽ വാങ്ങി - വിൽപ്പനക്കാർ:-

ഉത്പാദിപ്പിക്കുന്ന പാലിന് വിലകിട്ടുന്നില്ല എന്നതും വാങ്ങുന്ന പാലിന് ഗുണനിലവാരം ഇല്ല എന്നുള്ളതും പ്രധാന പ്രശ്നങ്ങളാണ്. ഇതിനായി വീടുകളിൽ നിന്ന് പാൽ വാങ്ങി ആവശ്യമുള്ള വീടുകളിൽ വില്ക്കുന്ന സമ്പ്രദായം നടപ്പിലാക്കേണ്ടതാണ്. ഇതുവഴി 10 രൂപയ്ക്ക് വീടുകളിൽ നിന്ന് പാൽ സംഭരിച്ച് സൈക്കിൾ മുഖേന ആവശ്യമുള്ള വീടുകളിൽ 11 രൂപ നിരക്കിൽ എത്തിക്കുകയാണ് ലക്ഷ്യം. ഇതിനായി ഓരോ വാർഡിലും ഒരാളെവീതം തെരഞ്ഞെടുത്ത് സൈക്കിളും ക്യാനും സൗജന്യമായി നൽകേണ്ടതാണ്.

15.മലയോരകർഷകർക്ക് മൃഗാശുപത്രിയുടെ സേവനം ഫലപ്രദമായി ലഭിക്കുന്നതിന് പൂതംകുറ്റി I.C.D.P. സബ്സെന്ററർ മൃഗാശുപത്രിയായി ഉയർത്തേണ്ടതാണ്. മുഴുവൻ സമയം ഡോക്ടറുടെ സേവനം ഉറപ്പുവരുത്തേണ്ടതാണ്.

16. ക്ഷീരോല്പാദനം മുഖ്യതൊഴിലായി സ്വീകരിച്ചിട്ടുള്ള കർഷകർക്ക് പെൻഷൻ ആനുകൂല്യം നടപ്പിലാക്കേണ്ടതും അവരുടെ മക്കൾക്ക് പഠിക്കാൻ സാമ്പത്തികസഹായം നടപ്പിലാക്കേണ്ടതുമാണ്.

17.മത്സ്യകൃഷി:-

അട്ടാറച്ചിറ, ആറാട്ടുപുഴ, ചീൻചിറ, കടൂപ്പാടം ചിറ, പാണ്ടിയപ്പിള്ളിചിറ, വലിയ ചിറ തുടങ്ങിയ ചിറകളിൽ വെള്ളം കെട്ടിനിർത്തി മത്സ്യകൃഷി ആരംഭിക്കേണ്ടതാണ്. ഇതിൽ നിന്ന് വെള്ളം കൃഷിക്ക് ഉപയോഗിക്കയും ചെയ്യാം.

18.മൃഗാശുപത്രി:-

നിലവിലുള്ള കോക്കുന്ന് മൃഗാശുപത്രി പഞ്ചായത്തിന്റെ സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കേണ്ടതാണ്. വെള്ളം, വൈദ്യുതി എന്നിവ ലഭ്യമാകുന്നതും എല്ലാ കർഷകർക്കും എത്തിച്ചേരാൻ പറ്റുന്നതുമായ സ്ഥലത്തായിരിക്കണം മൃഗാശുപത്രി. ആധുനിക രോഗനിർണ്ണയ സംവിധാനങ്ങൾ മൃഗാശുപത്രികളിൽ തന്നെ പരിശോധനലാബറട്ടറികൾ ലഭ്യ

മാക്കണം. തീറ്റ, മരുന്ന്, വാക്സിൻ എന്നിവ കർഷകർക്ക് ലഭ്യമാക്കാൻ ന്യായവിലസ്റ്റോറുകൾ ഇതിനോടൊപ്പം സജ്ജീകരിക്കാവുന്നതാണ്. 9-ാം പഞ്ചവത്സരപദ്ധതി ഇതിനായി 7 ലക്ഷംരൂപയെങ്കിലും വകയിരുത്തേണ്ടതാണ്.

19.ശാസ്ത്രീയ അറവുശാല:-

ഉപഭോക്താക്കൾക്ക് ശുചിത്വമുള്ളതും ഗുണമേന്മയേറിയതുമായ മാംസം ലഭിക്കുന്നതിന് സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കാതിരിക്കുന്നതിനും ആധുനിക രീതിയിലുള്ള അറവുശാല അത്യാവശ്യമാണ്. റോഡരികിലും, പറമ്പുകളിലും പശുക്കളെ അറുത്ത് മണ്ണുപുരണ്ടതും വൃത്തികെട്ടതുമായ അറച്ചിവിൽക്കുന്ന ഇന്നത്തെ സ്ഥിതിയിൽ മാറ്റംവരുത്തേണ്ടതാണ്. ശാസ്ത്രീയ അറവുശാലയിൽ മാത്രമേ മാടുകളെ അറക്കാൻ പാടുള്ളൂ. പഞ്ചായത്തിലെ വിവിധഭാഗങ്ങളിൽ മീറ്റ് സ്റ്റാളുകൾവഴി ഇറച്ചിവിൽപന നടത്താവുന്നതാണ്. അറക്കുന്നതിനു മുമ്പും പിമ്പും മാടുകളെ വെറ്റിനറി ഡോക്ടറുടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. മാടുകളെ അറക്കുന്നവർക്ക് ലൈസൻസ് നിർബന്ധമാക്കണം. ഇതിനാവശ്യമായ തുക ഈ പഞ്ചവത്സരപദ്ധതിയിൽ വകയിരുത്തേണ്ടതാണ്.

20.പേവിഷ നിയന്ത്രണം:-

2000-മാണ്ടോടെ പേവിഷനിയന്ത്രിതമായ ഒരു ജനത എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഏകോപിപ്പിച്ച് സമയബന്ധിതമായ തീവ്രയത്നപരിപാടിയിലൂടെ പേവിഷ നിയന്ത്രണപദ്ധതി നടപ്പിലാക്കണം. ജില്ലാതല പ്രവർത്തനസമിതികളും പഞ്ചായത്തുതല പ്രവർത്തനസമിതികളും രൂപീകരിച്ചും വാർഡുതല സ്ക്വാഡുകൾ രൂപീകരിച്ചും പ്രവർത്തനം ഊർജ്ജിതമാക്കാം. വളർത്തുനായ്ക്കളുടെ കണക്കെടുപ്പുമുതൽ ജനനം വരെയുള്ള റിപ്പോർട്ടുണ്ടാക്കി നിർബന്ധമായും വളർത്തുനായ്ക്കളെ പ്രതിരോധകുത്തിവയ്പിന് വിധേയമാക്കണം. അലഞ്ഞുനടക്കുന്ന തെരുവുനായ്ക്കളെ നശിപ്പിക്കണം. വളർത്തുനായ്ക്കൾക്ക് ലൈസൻസ് കർശനമാക്കണം. വർഷംതോറും നായ്ക്കളെ പ്രതിരോധകുത്തിവയ്പിന് വിധേയമാക്കണം. പേവിഷബോധവൽക്കരണം വ്യാപകമാക്കുകയും ചപ്പുചവറുകളും ഭക്ഷണാവശിഷ്ടങ്ങളും തെരുവീഥികളിൽ വലിച്ചെറിയുന്നതിനെ വിലക്കുകയും വേണം.

കുറഞ്ഞമുതൽ മുടക്കി കുറഞ്ഞകാലയളവിനുള്ളിൽ തന്നെ പ്രത്യക്ഷത്തിൽ സാമ്പത്തിക നേട്ടം ഉണ്ടാക്കാവുന്ന മേഖലയാണ് മൃഗസംരക്ഷണം. ഇൻഡ്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് ശുപാർശ ചെയ്യുന്ന 250ഗ്രാം ആളോഹരി ഉപഭോഗത്തിലെത്തുവാൻ നാമിനിയും വളരെദൂരം പോകേണ്ടിയിരിക്കുന്നു. അതായത് ഉത്പാദനത്തിന്റെ കാര്യത്തിൽ കേരളം സ്വയംപര്യാപ്തത ഇനിയും കൈവരിച്ചിട്ടില്ല. ഇന്നും അന്യസംസ്ഥാനങ്ങളെ ആശ്രയിച്ചാണ് നമ്മുടെ ദൈനംദിനകാര്യങ്ങൾ നിർവ്വഹിക്കുന്നത്. സ്വയംപര്യാപ്തത നേടുന്നതിന് നമുക്ക് കൂട്ടായി പ്രവർത്തിക്കാം.

പൊതുജനാരോഗ്യം-കുടിവെള്ളം

ആരോഗ്യം, കുടിവെള്ളം, ശുചിത്വം

"ഏതൊരു നാടിനേറയും സമ്പത്താണ് ആരോഗ്യമുള്ള ജനത" രാഷ്ട്രപുരോഗതിയെ ഇത് അത്യധികം സ്വാധീനിക്കുന്നു. 2000-ാം ആണ്ടോടുകൂടി എല്ലാവർക്കും ആരോഗ്യം എന്ന മുദ്രവാക്യം ഉയർത്തി പിടിച്ചുതുതന്നെ ആരോഗ്യസമ്പുഷ്ടമായ ഒരു ജനതയെവാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിന് ശുചിത്വബോധവും കുടിവെള്ള ലഭ്യതയും വളരെ അത്യന്താപേക്ഷിതവും പരസ്പര പൂരകങ്ങളുമാണ്.

ആരോഗ്യം:

തിരുകൊച്ചി സംസ്ഥാനം നിലവിലിരുന്ന കാലത്ത് മലമ്പനി, കോളറ, എന്നിവ സർവ്വസാധാരണമായിരുന്നു. ഈ കാലയളവിൽ പ്രാചീന ചികിത്സാരീതിയെയാണ് ജനങ്ങൾ ആശ്രയിച്ചിരുന്നത്. മൂക്കന്നൂർ ചെറുപുഷ്പസന്യാസസമൂഹത്തിന്റെ വകയായി M.A.G.J. മെമ്മോറിയൽ ആശുപത്രി എന്ന പേരിൽ ഒരു സ്ഥാപനം പ്രവർത്തനം ആരംഭിക്കുകയുണ്ടായി. തുടർന്ന് കോക്കുന്നിലും മൂക്കന്നൂരിലും രണ്ട് ആയുർവേദ ചികത്സാസ്ഥാപനങ്ങളും കോക്കുന്നിൽ സർക്കാരിന്റെ വകയും, സെഹിയോൻകപ്പേള, പൂതംകുറ്റി എന്നിവിടങ്ങളിൽ സ്വകാര്യവ്യക്തികളുടേതുമായി മൂന്ന് ഹോമിയോ ചികത്സാകേന്ദ്രവും താബോർ ആരാധന മഠത്തിനോട് ചേർന്ന് ഒരു ക്ലിനിക്കൽ ഡിസ്പെൻസറിയും പ്രവർത്തിച്ചുവരുന്നു.

എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം കൈവരിക്കേണ്ട പ്രധാന പ്രവർത്തനങ്ങൾ നടക്കേണ്ടത് പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലൂടെയാണ്. 2000-ാം ആണ്ട് പടിവാതിൽക്കൽ എത്തിനിൽക്കുമ്പോഴും നമ്മുടെ പഞ്ചായത്തിൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രം ഇല്ലെന്നുള്ള അവസ്ഥതികച്ചും പരിതാപകരംതന്നെയാണ്. എല്ലാ അർത്ഥത്തിലും പ്രവർത്തനക്ഷമമായ ഒരു ഗവൺമെൻറ് ആശുപത്രി പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് സ്ഥാപിക്കേണ്ടതാണ്. എല്ലാ പഞ്ചായത്തിലും പ്രാഥമികാരോഗ്യം കേന്ദ്രം എന്ന ലക്ഷ്യം കൈവരിക്കാൻ വേണ്ടി ഗവണ്മെൻറ് മൂക്കന്നൂർ പഞ്ചായത്തിൽ അനുവദിച്ച പ്രാഥമികാരോഗ്യകേന്ദ്രം ഈ പഞ്ചായത്തിന്റെ വടക്കൻ മേഖലകളിൽ താമസിക്കുന്ന കുരിങ്കൽ തൊഴിലാളികൾക്കുകൂടി ഉപകാരപ്രദമായരീതിയിൽ ഈ പഞ്ചായത്തിന്റെ IV, V, VI, VII വാർഡുകളുടെ സംഗമസ്ഥലത്ത് സ്ഥാപിക്കേണ്ടതാണ്.

ദേശീയ തലത്തിലും അന്തർദേശീയതലത്തിലും ഓൾട്ടർനേറ്റീവ് മെഡിക്കൽ സമ്പ്രദായത്തിന് മുമ്പെന്നത്തേക്കാളും പ്രസക്തി വർദ്ധിച്ചിരിക്കുന്നു. ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള ലോകാരോഗ്യ സംഘടന ഓൾട്ടർനേറ്റീവ് മെഡിസിനെ പ്രോത്സാഹിപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണല്ലോ. കേരള സർക്കാർ ഇത് നേരത്തെ മനസ്സിലാക്കുകയും എല്ലാപഞ്ചായത്തുകളിലും മുഖ്യചികിത്സാവിഭാഗങ്ങളുടെ (അലോപ്പതി, ആയുർവേദം, ഹോമിയോ) സ്ഥാപനങ്ങൾ വേണമെന്നു തീരുമാനിക്കുകയും ചെയ്തു. ഏകദേശം മൂന്നിലൊന്നിൽ കൂടുതൽ പഞ്ചായത്തുകളിൽ ഈ ലക്ഷ്യം കൈവരിച്ചുകഴിഞ്ഞിരിക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു ആയുർവേദ ചികിത്സാകേന്ദ്രം ഈ പഞ്ചായത്തിൽ നമുക്ക് അർഹതപ്പെട്ടതാണ്.

പ്രാഥമികാരോഗ്യകേന്ദ്രം: സർക്കാർ അനുവദിച്ച് ഉത്തരവായിരിക്കുന്ന ആരോഗ്യ കേന്ദ്രം സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തേണ്ടതുണ്ട്. അതിന് മറ്റു ഡിപ്പാർട്ടുമെൻറിന്റെ കൈവശമുള്ള സ്ഥലമോ പുറമ്പോക്ക് സ്ഥലമോ ആകാം. അല്ലെങ്കിൽ പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ഫണ്ടോ M.P. ഫണ്ടോ ഉപയോഗിച്ച് ആവശ്യമായ ഒരു ഏക്കർ സ്ഥലം വാങ്ങാവുന്നതാണ്. കെട്ടിടം പണിയുന്നതിന് അനുവദിക്കുന്ന ഫണ്ടും പ്രാദേശീക വിഭവസമാഹാരണത്തിലൂടെ ലഭ്യമാകുന്നതുകയും ഉപയോഗപ്പെടുത്താം. പ്രാഥമികാരോഗ്യംകേന്ദ്രത്തിൽ പഞ്ചായത്ത് തലത്തിൽ പ്രായമായ

വരെ സംരക്ഷിക്കുന്നതിനുള്ള ഒരു സ്ഥാപനം തുടങ്ങേണ്ടതാണ്. ഈ കേന്ദ്രത്തിൽ ആവശ്യമുള്ള ജീവനക്കാരും അവർക്ക് താമസിക്കുന്നതിനുള്ള ക്വാർട്ടേഴ്സും ഉണ്ടായിരിക്കേണ്ടതാണ്. പ്രാഥമികാരോഗ്യകേന്ദ്രം നടപ്പാക്കിയതിനുശേഷം അത്യാവശ്യമുള്ള പ്രദേശങ്ങളിൽ ഉപകേന്ദ്രം സ്ഥാപിക്കാവുന്നതാണ്.

ഹോമിയോ : ചികത്സാരംഗത്ത് 2-ാം സ്ഥാനമുള്ള ഹോമിയോപ്പതിക്ക് മുക്കന്നൂർ പഞ്ചായത്തിൽ ഒരു സ്ഥാപനമുണ്ട്. 1974-ൽ പ്രവർത്തനം തുടങ്ങിയ ഈ സ്ഥാപനത്തിന് എഗ്രിമെൻറ് പ്രകാരമുള്ള 25സെൻറ് സ്ഥലവും കെട്ടിടവും നൽകുവാൻ ഇതുവരെ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. 9-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാഥമീകാരോഗ്യ കേന്ദ്രത്തിനേറത് എന്ന പോലെ സ്ഥലവും കെട്ടിടവും കണ്ടെത്താവുന്നതാണ്. മറ്റൊരു സർക്കാർ ഹോമിയോ ഡിസ്പെൻസറിയോട് താരതമ്യപ്പെടുത്തുമ്പോൾ ഇവിടെ സ്റ്റാഫ് കുറവാണ്. അതു പരിഹരിക്കണം. ആവശ്യമായ ബോധവൽക്കരണത്തിലൂടെ ഈ സ്ഥാപനത്തിൻെറ സേവനം ജനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണം. ജനകീയ പങ്കാളിത്വത്തിലൂടെ മരുന്നില്ലാത്ത അവസ്ഥക്ക് പരിഹാരം കണ്ടെത്താവുന്നതാണ്.

ആയുർവേദം : കുറെ വർഷങ്ങൾക്കു മുമ്പ് വരെ ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും ചികിത്സാരംഗത്ത് ആശ്രയിച്ചിരുന്ന ആയുർവേദത്തിന് ഒരു സ്ഥാപനം ഈ പഞ്ചായത്തിൽ സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്

പൊതുജനാരോഗ്യം : പഞ്ചായത്ത് തലത്തിൽ ചാരായനിരോധനം പൂർണ്ണമായി വിജയിപ്പിക്കാൻ ശ്രമിക്കണം. ഇതിലേക്കായി പഞ്ചായത്ത് തലത്തിൽ ഒരു വിജിലൻസ്സെൽ രൂപവൽക്കരിച്ച് വാർഡുകളിലേക്ക് അതിൻെറ പ്രവർത്തനം വ്യാപിപ്പിക്കണം. ഭക്ഷ്യമായം ചേർക്കലിനെതിരെ ബ്ലോക്ക് തലത്തിൽ ഫുഡ് ഇൻസ്പെക്ടറെ നിയമിക്കേണ്ടതും ആഴ്ചയിൽ ഒരിക്കലെങ്കിലും മുക്കന്നൂർ പഞ്ചായത്തിലെ ഭക്ഷ്യവിപണന സ്ഥാപനങ്ങൾ പരിശോധിക്കേണ്ടതും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

മാതൃശിശുസംരക്ഷണരംഗത്ത് ഈ പഞ്ചായത്തിൽ 5 സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനങ്ങൾ നല്ല നിലയിൽ പ്രവർത്തിക്കുന്നതിന് ആവശ്യമായ സർക്കാർ സഹായങ്ങൾ ചെയ്തു കൊടുക്കേണ്ടതാണ്. T.B. രോഗനിവാരണത്തിനുള്ള മരുന്നുകൾ പാവപ്പെട്ടവരായ രോഗികൾക്ക് സൗജന്യമായി ലഭ്യമാക്കണം. പഞ്ചായത്ത് തലത്തിൽ 24 മണിക്കൂറും ലഭ്യമാകത്തക്കവിധം ഒരു ആംബുലൻസ് ഉണ്ടാക്കേണ്ടതാണ്.

ചെറുപ്പത്തിലെ കുട്ടികളിൽ ആരോഗ്യശീലം വളർത്തുന്നതിനായി പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും ഓരോ ഹെൽത്ത് ക്ലബുകൾ ആരംഭിക്കണം. ടി ക്ലബ്ബിൽ വിദ്യാർത്ഥിപ്രതിനിധികൾ, രക്ഷാകർതൃപ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ, ഡോക്ടർ, നേഴ്സ് തുടങ്ങിയവർ ഉൾപ്പെട്ടിരിക്കണം. ഒരു പഞ്ചായത്തിൻെറ ക്ലബുകൾക്കുവേണ്ടി ഒരു ഡോക്ടറുടെയെങ്കിലും സേവനം ലഭ്യമാക്കണം. ഇതുവഴി കുട്ടികളുടെ പരിശോധന, മരുന്ന്, ആരോഗ്യപരിപാലന ബോധവൽക്കരണ ക്ലാസ്സുകൾ തുടങ്ങിയവ സംഘടിപ്പിക്കണം. ഈ ക്ലബുകൾ പൊതുആരോഗ്യവകുപ്പിൻെറയും പഞ്ചായത്തിൻെറയും കീഴിലായിരിക്കണം.

ശുചിത്വം:

മലയാളികളുടെ ശുചിത്വം ലോകപ്രസിദ്ധമാണ് എന്നാൽ അവൻെറ ശുചിത്വം അവനിലും അവൻെറ വീടിനകത്തും മാത്രമായി ഒതുങ്ങി നിൽക്കുന്നു. എന്നാൽ അത് അവൻെറ ചുറ്റുപാടിലേക്കും ഗ്രാമത്തിലേക്കും വ്യാപിപ്പിക്കുന്നതിനാവശ്യമായ ബോധവൽക്കരണം അത്യാവശ്യമാണ്. പഞ്ചായത്ത് മുനിസിപ്പൽ കോർപ്പറേഷൻ തലത്തിൽ നടക്കുന്ന കൊതുക് നിവാരണ നിർമ്മാർജ്ജന പരിപാടികൾ പരാജയപ്പെടുന്നതിന് പ്രധാനകാരണം ജനകീയ പങ്കാളിത്തമില്ലായ്മയും ജനങ്ങൾക്ക് അതിൽ വേണ്ടത്ര അവബോധമില്ലായ്മയുമാണ്. ശുചീകരണം ബോധവൽക്കരണത്തിലൂടെയും ജനപങ്കാളിത്വത്തിലൂടേയും നടപ്പിലാക്കേണ്ടതാണ്. പഞ്ചായത്തിൽ മാത്രം നടത്തുന്ന ശുചീകരണ പദ്ധതികൾ ജനപങ്കാളിത്തമില്ലെങ്കിൽ പരാജയമായിരിക്കും.

ശുചീകരണരംഗത്ത് അടിയന്തിരമായി നടപ്പിലാക്കേണ്ട നിർദ്ദേശങ്ങൾ:

1. മുക്കന്നൂർ പഞ്ചായത്തിൽ കക്കൂസില്ലാത്തവരായി കണ്ടെത്തിയിട്ടുള്ളവർക്ക് അടിയന്തിരമായി കക്കൂസ് പണിയുന്നതിനാവശ്യമായ ധനസഹായം ലഭ്യമാക്കുക.

2. പഞ്ചായത്തിൽ ഇപ്പോഴുള്ള ഓടകൾ വൃത്തിയാക്കുകയും മലിനജലം കെട്ടിക്കിടക്കുന്ന ജംഗ്ഷനുകളിൽ ഓടകൾ സ്ഥാപിക്കുകയും ചെയ്യണം.

3. ഓരോ പ്രധാനപ്പെട്ട ജംഗ്ഷനുകളിലും വെയിസ്റ്റ് ബോക്സ് സ്ഥാപിക്കുകയും ഓടകളും മറ്റും വൃത്തിയാക്കുകയും ചെയ്യുക, ചപ്പുചവറുകൾ നിക്കം ചെയ്യുക, തുടങ്ങിയ ജോലികൾ കൃത്യമായി ചെയ്യുന്നതിന് ജോലിക്കാരെ നിയമിക്കണം. അതിലേക്ക് ആവശ്യമായ വാഹനം പഞ്ചായത്തിൽ നിന്നും ലഭ്യമാക്കുക.

4. മൂക്കന്നൂർ ജംഗ്ഷനിൽ ഒരു കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുകയും വൃത്തിയായി സൂക്ഷിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും വേണം.

ഇപ്പോൾ മൂക്കന്നൂർ പഞ്ചായത്തിലുള്ള പൊതുമാർക്കറ്റ് മറ്റൊരിടത്തേക്ക് മാറ്റിസ്ഥാപിക്കുക. ഷോപ്പിങ് കോംപ്ലക്സ് കം ലോഡ്ജ് ആക്കി മാറ്റി പഞ്ചായത്തിന് ഒരു നികുതിയിതര വരുമാനമാർഗ്ഗം കണ്ടെത്താവുന്നതാണ്. മൂക്കന്നൂർ പഞ്ചായത്തിൽ ലോഡ്ജുകൾ ഒന്നുമില്ലെന്ന അവസ്ഥക്ക് ഇത് ഒരു പരിഹാരമാർഗ്ഗമാവുകയും ചെയ്യും.

കുടിവെള്ളം:

ആദ്യകാലഘട്ടങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമായിരുന്നു. എന്നാൽ ചാലക്കുടി ഇറിഗേഷൻ പ്രൊജക്റ്റിന്റെ ഇടതുകരകനാൽ വന്നതിനുശേഷം പഞ്ചായത്തിന്റെ തെക്കൻ മേഖലകളിൽ കുടിവെള്ളക്ഷാമം പരിഹരിക്കപ്പെടുകയും ജലസേചന സൗകര്യം വർദ്ധിക്കുകയും ചെയ്തു. എന്നാൽ വടക്കൻ മേഖലകളിൽ കുടിവെള്ളക്ഷാമം രൂക്ഷമായി തുടരുകയാണ്. പൊതുജലവിതരണത്തിനായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പൊതുകിണർ ഉണ്ടെങ്കിലും അവയൊന്നും പ്രയോജനമല്ല.

വടക്കൻ മേഖലകളുടെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി സ്ഥാപിക്കപ്പെട്ടു. താബോർ ശുദ്ധജലവിതരണപദ്ധതി ജലദൗർലഭ്യതയും ദീർഘവീക്ഷണമില്ലാത്ത വിതരണവും നിമിത്തം ഉദ്ദേശിച്ച ഫലം ചെയ്യുന്നില്ല. നിലവിലുള്ള പദ്ധതിയുടെ ഫലപ്രാപ്തിക്കായി കൂടുതൽ വെള്ളം പമ്പിങ് സ്റ്റേഷനിൽ എത്തിക്കുന്നതിന് സമീപത്തുകൂടി ഒഴുകുന്ന ഇടതുകര കനാലിൽ നിന്നും പൈപ്പുവഴി വെള്ളം കിണറിൽ എത്തിക്കാവുന്നതും അല്ലെങ്കിൽ കുളത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുകയും ചെയ്ത് 3 ഷിഫ്റ്റ് പമ്പിങ് നടത്തി ജലക്ഷാമം പരിഹരിക്കാവുന്നതുമാണ്.

രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന മൂക്കന്നൂർ പഞ്ചായത്തിന്റെ വടക്കൻ മേഖലകൾക്കും അയ്യമ്പുഴ, കറുകുറ്റി പഞ്ചായത്തുകൾക്കുംകൂടി പ്രയോജനപ്രദമായ നിർദ്ദിഷ്ട കോതകുളങ്ങര നോർത്ത് ശുദ്ധജലവിതരണപദ്ധതി എത്രയും വേഗം നടപ്പിലാക്കുക.

ആളുകൾ തിങ്ങി പാർക്കുന്ന കുടിവെള്ള ക്ഷാമമുള്ള സ്ഥലങ്ങളിൽ കേന്ദ്രഗവൺമെൻറ് ഏജൻസിയായ അനർട്ടിന്റെ പമ്പ് സെറ്റ് സ്ഥാപിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കാം. ഇതുവഴി വൈദ്യുതി പ്രശ്നം പരിഹരിക്കാവുന്നതാണ്.

ചാലക്കുടി ഇടതുകര കനാലിലും ബ്രാഞ്ചു കനാലിലും വേനൽക്കാലങ്ങളിൽ വെള്ളം ഒഴുക്കിയാൽ മൂക്കന്നൂർ പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലേയും കുടിവെള്ളക്ഷാമം പരിഹരിക്കാം.

എല്ലാ പഞ്ചായത്തു കിണറുകളും കെട്ടി വൃത്തിയാക്കി സൂക്ഷിക്കുക. കാലാകാലങ്ങളിൽ ആറ്റുകുറ്റപ്പണികളും ശുചീകരണ പ്രവർത്തനങ്ങളും നടത്തുക കിണറില്ലാത്തവർക്ക് കിണർ കുഴിക്കുന്നതിനും മോട്ടർ വാങ്ങുന്നതിനും ധനസഹായം നൽകുക.

അംഗീകൃത മാനദണ്ഡങ്ങളുപയോഗിച്ച് ശുദ്ധിചെയ്ത വെള്ളം മാത്രമേ പൈപ്പുവഴി വിതരണം ചെയ്യാവൂ.

വ്യവസായം

ഒരു കാർഷിക മേഖലയായ മൂക്കന്നൂർ പഞ്ചായത്തിലെ എഴുപത് ശതമാനത്തോളം ജനങ്ങൾ കാർഷിക - വാണിജ്യ രംഗങ്ങളിൽ പ്രവർത്തിച്ചു വരുന്നുണ്ട്. വ്യവസായ പുരോഗതിക്കു വേണ്ടി മറ്റുള്ളവരോടൊപ്പം ചേർന്ന് പ്രവർത്തിക്കുവാൻ ഇവർ സന്നദ്ധരാണ്. വ്യവസായ വളർച്ചയ്ക്ക് അനുയോജ്യമായ ഭൂപ്രകൃതിയും പരിതസ്ഥിതിയും ഈ പഞ്ചായത്തിന് കൈമുതലായുണ്ട്.

വർഷങ്ങൾക്ക് മുമ്പ് ചെറുപുഷ്പ സന്യാസ സഭ നേതൃത്വം നൽകി ആരംഭിച്ച ചെറുകിട വ്യവസായ പരിശീലന കേന്ദ്രങ്ങളും, നല്ലയിനം പശു, കോഴി, പന്നി എന്നിവ വളർത്തുന്നതിനുള്ള സംവിധാനവും ഈ പഞ്ചായത്തിന്റെ വ്യവസായ വളർച്ചയ്ക്ക് അടിസ്ഥാന ഘടകങ്ങളാണ്. വിവിധ ട്രേഡുകളിൽ പരിശീലനം നൽകി വരുന്ന ബാലനഗർ ITC യും വ്യവസായ പുരോഗതിക്കു വലിയ സംഭാവന ചെയ്യുന്നുണ്ട്. കൂടാതെ കല്പണിക്കാരും മരപ്പണിക്കാരും വളരെയധികമുള്ള ഈ പഞ്ചായത്തിൽ നിർമ്മാണ മേഖലയിലുള്ള തൊഴിൽ സാദ്ധ്യത വളരെ വലുതാണ്.

മൂക്കന്നൂർ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള വ്യവസായ യൂണിറ്റുകളുടെ ഏകദേശ രൂപം താഴെ കൊടുക്കുന്നു.

I. എൻജിനീയറിംഗ് വർക്ഷോപ്പുകൾ

(a) ട്രാൻസ്ഫോർമർ കവർ നിർമ്മാണയൂണിറ്റ് - 2

(b) സ്റ്റീൽ ഫർണീച്ചർ യൂണിറ്റ് - 5

II. തടി വ്യവസായം

(a) അറക്ക മില്ലുകൾ - 5

(b) ഫർണീച്ചർ യൂണിറ്റുകൾ - 15

(c) വൈദ്യുതി ബോക്സ് നിർമ്മാണ യൂണിറ്റ് - 1

III ഉടുപ്പ്/വസ്ത്ര നിർമ്മാണം

(a) ഉടുപ്പുകളും ചിത്രവേലകളും - 1

IV.

(1) കാലിത്തീറ്റ യൂണിറ്റ് - 1

(2) കൊപ്ര ആട്ടുന്നതിനുള്ള ചക്കുകൾ - 6

(3) ഓട്ടോ മൊബൈൽ വർക്ഷോപ്പ് - 2

(4) ആധുനിക റൈസ് മിൽ - 1

(5) ഖാദി യൂണിറ്റുകൾ - 2

(6) കാർട്ടൺ നിർമ്മാണ യൂണിറ്റ് - 1

(7) കരിങ്കൽ മടകൾ - 20

V. വനിതാ വ്യവസായ യൂണിറ്റുകൾ

(a) കറി പൗഡർ യൂണിറ്റ് - 2

(b) റബ്ബർ കഴുകൽ യൂണിറ്റ് - 1

(c) ചിപ്സ് നിർമ്മാണ യൂണിറ്റ് - 8

(d) പാലുല്പന്ന - യൂണിറ്റ് 1

VI. കോഴി വളർത്തൽ യൂണിറ്റ്- 11

VII. പരമ്പരാഗത വ്യവസായം

(a) ബാംബു ഡിപ്പോകൾ - 2

VIII. കേബിൾ യൂണിറ്റ് - 1

1X. കല്പണിക്കാരും മരപ്പണിക്കാരും വളരെ കൂടുതലുള്ള നിർമ്മാണ തൊഴിലാളികളുടെ തൊഴിൽ മേഖല.

പഞ്ചായത്തിൽ വന്നു കൊണ്ടിരിക്കുന്ന വ്യവസായ മാറ്റങ്ങൾ:

1. റബ്ബർ യൂണിറ്റുകൾ:

റബ്ബർ ചെരുപ്പ് നിർമ്മാണത്തിനുള്ള രണ്ട് യൂണിറ്റുകളുടെ പണി ആരംഭിച്ചിരിക്കുന്നു. റബ്ബർ റീത്രെഡ് ഉണ്ടാക്കുന്നതിനുള്ള ഒരു യൂണിറ്റിന്റെ ജോലികൾ പൂർത്തിയായി വരുന്നു.

വൈദ്യുതിയും ഗതാഗത സൗകര്യങ്ങളും വ്യവസായ പുരോഗതിക്ക് അവശ്യഘടകങ്ങളായതുകൊണ്ട്, കാലടിയിൽ നിന്ന് എം.സി. റോഡ് മൂക്കന്നൂർ വഴി, വെറ്റിലപ്പാറ പാലം തീർത്ത് അതിരപ്പിള്ളി റോഡിലൂടെ വാഴച്ചാൽ, ഷോളയാർ വഴി തമിഴ്നാട്ടിലെത്തിച്ചേരുന്നതിന് ഏറ്റവും എളുപ്പമാർഗ്ഗമാണ്. വെറ്റിലപ്പാറ

പാലം തീർത്ത് ഇതിലൂടെ യാത്ര ചെയ്ത് അതിരപ്പിള്ളി, വാൽപ്പാറ, മലക്കപ്പാറ, ഷോളയാർ വഴി തമിഴ്നാട്ടിലേക്കെത്തുമ്പോൾ 50 കി.മീ. എളുപ്പമായിരിക്കും. മലയോര ഹൈവേയ്ക്ക് ഏറ്റവും എളുപ്പവഴിയും ഇതു തന്നെയാണ്.

1997 ൽ കമ്മീഷൻ ചെയ്യുമെന്ന് പറഞ്ഞിരിക്കുന്ന നെടുമ്പാശ്ശേരി ഇൻറർനാഷണൽ എയർപോർട്ടു നിലവിൽ വരുമ്പോൾ സമീപ പഞ്ചായത്തായ മൂക്കന്നൂരിന്റെ വ്യവസായ സംരംഭങ്ങൾക്ക് ഏറെ സഹായകരമാകും എന്ന് ഉറപ്പുണ്ട്.

ഓരോ മേഖലയിലും ഇനി ആവശ്യമായവ:

I. റബ്ബർ ഉല്പന്നങ്ങൾ കൊണ്ടുണ്ടാക്കാവുന്ന വ്യവസായങ്ങൾ:

(a) കൈഉറ, ബലൂൺ, ഫോം.

(b) ചെരുപ്പ്, ഷീറ്റ്, ബാൻഡ്-എയ്ഡ്, V. ബെൽറ്റ്.

(c) ഫോം ബെഡ്, ബുഷ്, ചവിട്ടി.

(റബ്ബർ കൃഷി ഇവിടെ ധാരാളമായുള്ളതുകൊണ്ട്)

II. ജാതി:

ജാതിക്കായിൽ നിന്നും എസ്സൻസ് ഉണ്ടാക്കുന്നതിനുള്ള ഒരു യൂണിറ്റ് തുടങ്ങുക, ജാതിക്കാ തൊണ്ടിൽ നിന്നും അച്ചാർ ഉണ്ടാക്കുന്ന വ്യവസായ യൂണിറ്റ് ആരംഭിക്കുക.

(ജാതി കൃഷിയും ഇവിടെ ധാരാളമാണ്.)

III. കരിങ്കല്ല്:

(a)പാളികളായി കരിങ്കൽ മുറിച്ച് രൂപപ്പെടുത്തുന്ന യൂണിറ്റ് ഫ്ലോറിംഗിനും, റോഡിൽ വിരിക്കുന്നതിനും ഉപയോഗിക്കാവുന്നതാണ്. പോളീഷിംഗ് നടത്തി കയറ്റുമതി ചെയ്യാവുന്നതുമാണ്.

(b) കൊത്തുപണികൾ, മെറ്റൽക്രഷർ.

മണൽ, കരിങ്കൽ പൊടി എന്നിവ ലഭിക്കുവാൻ സാധ്യതയുള്ളതുകൊണ്ട് ഹോളോ ബ്രിക്സ്, വാതിൽ, ജനലുകൾ, ഗ്രിൽ മുതലായവ വാർത്തുണ്ടാക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

IV.തെങ്ങ്:

മൂക്കന്നൂർ പഞ്ചായത്തിൽ എഴുപത്തയ്യായിരം തെങ്ങുള്ള സ്ഥലമാണ്.

(a)ചിരട്ട, ഈർക്കിൽ ഇവ ഉപയോഗിച്ച് ഫാൻസി സാധനങ്ങൾ ഉണ്ടാക്കി വില്ക്കുന്ന യൂണിറ്റ് ആരംഭിക്കാം.

(b)കരിക്കിൻ വെള്ളം ചീത്തയാകാതെ സൂക്ഷിച്ച് ഉപയോഗപ്പെടുത്തുവാനുള്ള യൂണിറ്റ്.

(c) ചകിരി ഉപയോഗിച്ച് ഫോം ബെഡ് നിർമ്മിക്കുന്ന യൂണിറ്റും പച്ചത്തൊണ്ടിൽ നിന്നും ചകിരി എടുക്കുവാൻ സാധിക്കുന്ന ഒരു യൂണിറ്റും തുടങ്ങുക.

V.ചക്ക, പൈനാപ്പിൾ, വാഴപ്പഴം എന്നിവ കേടുവരാതെ സൂക്ഷിച്ച് ഉപയോഗപ്പെടുത്താനുള്ള ഒരു യൂണിറ്റ് തുടങ്ങുക.

VI.ബാംബൂ.

(a)പനമ്പ്

(b) ബാംബൂകോർപ്പറേഷന്റെ ഡിപ്പോകൾ 2, 5, 6, 7, 8 എന്നീ വാർഡുകളിൽ ആരംഭിക്കണം.

(c) ചൂരൽ, ഈറ്റ എന്നിവ ഉപയോഗിച്ച് ഫാൻസി സാധനങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റ് തുടങ്ങുക.

VII. വാഴനാരുപയോഗിച്ച് ഉണ്ടാക്കാവുന്ന കരകൗശല സാധനങ്ങൾ വനിതാ സംരംഭകർക്കായി തുടങ്ങുന്നതിന് യൂണിറ്റ് ആരംഭിക്കുക.

VIII. മരം ഉപയോഗിച്ചുള്ള വ്യവസായം:

(a) പ്ലൈവുഡ്: അസംസ്കൃത സാധനങ്ങളായ പാഴ്മരങ്ങൾ, വെള്ളം എന്നിവ സുലഭമായി ലഭിക്കാനുള്ള സൗകര്യമുള്ളതുകൊണ്ട് പ്ലൈവുഡ് ഫാക്ടറി തുടങ്ങണം.

(b) വുഡ് പ്രൈമർ, മെറ്റൽ പ്രൈമർ, ഇവ ഉണ്ടാക്കുന്നതിനുള്ള യൂണിറ്റ്, റബ്ബർ കുരുവിൽ നിന്നും എണ്ണയെടുക്കുന്ന യൂണിറ്റ്.

ഈ ഗ്രാമത്തിൽ മാത്രമല്ല, സമീപ പ്രദേശങ്ങളിലും ഇവയ്ക്ക് വിപണിയുണ്ടാകും.

(c) റീപ്പർ, പാക്കിംഗ്കെയ്സ്, എന്നിവയുണ്ടാക്കി വില്പന നടത്തുന്ന യൂണിറ്റുകൾ.

(d)ഫർണിച്ചർ നിർമ്മാണം വൻവ്യവസായമായി നടത്തുവാൻ സാധിക്കും.

IX. ഖാദിയൂണിറ്റ്:

ഉന്നതനിലവാരമുള്ള ഖാദി തുണികൾ നിർമ്മിച്ച് ഗാർമെൻറ്സ് നിർമ്മാണ യൂണിറ്റുകൾ ഉണ്ടാക്കുകയും, റെഡിമെയ്ഡ് വസ്ത്രങ്ങൾ വിദേശത്തേക്കു കയറ്റി അയയ്ക്കുന്ന പീസ്മീൽ വർക്കിംഗ് യൂണിറ്റുകൾ സംവിധാനം ചെയ്യുക.

X. കാലിത്തീറ്റ ഉണ്ടാക്കുന്നതിന് യൂണിറ്റ്.

XI. തേങ്ങാചകിരിചോറ് ഉപയോഗിച്ച് റബ്ബറിനും വാഴയ്ക്കും ചേർക്കാവുന്ന വളനിർമ്മാണ യൂണിറ്റാരംഭിക്കുക.

XII. വനിതാ യൂണിറ്റ്:

കറിമസാല, സോപ്പ്, ചിപ്സ്, തയ്യൽ, കരകൗശലസാധനങ്ങൾ, പ്ലാസ്റ്റിക് നെയ്ത്ത്, പ്ലാസ്റ്റിക് ഉല്പാദനം എന്നിവയ്ക്ക് യൂണിറ്റുകൾ തുടങ്ങണം.

XIII. റൈസ് മിൽ: പൂർണ്ണമായും സ്വയം പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികളടങ്ങുന്ന റൈസ് മിൽ ആരംഭിക്കുക.

XIV. എൻജിനിയറിംഗ് വർക്ഷോപ്പുകളും ഇലക്ട്രോണിക് വ്യവസായ യൂണിറ്റുകളും നടത്തണം.

XV. മാംസ സംസ്ക്കരണ വ്യവസായ ശാല ആരംഭിക്കുക. അനുബന്ധ വ്യവസായങ്ങൾ: തുകൽ, എല്ലുപൊടി, നെയ്യ് എന്നിവ സംസ്കരിച്ച് കയറ്റി അയക്കുവാനുള്ള സംവിധാനം. പോത്തുകൊമ്പ് കൊണ്ട്കരകൗശല വസ്തുക്കൾ, ചീപ്പ് എന്നിവ ഉണ്ടാക്കുക.

XVI. നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളം മുക്കന്നൂരിന്റെ സമീപത്തായതിനാൽ, വെൽഡിംഗ്, ഫിറ്റിംഗ് എന്നിങ്ങനുബന്ധ വ്യവസായ യൂണിറ്റുകളുടെ സാദ്ധ്യത വളരെ വലുതാണ്.

നിർദ്ദേശങ്ങൾ:

1. മുക്കന്നൂർ പഞ്ചായത്തിൽ ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് സ്ഥാപിക്കണം.

2. മഹിളാവ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുകയും സാമ്പത്തിക സഹായ നൽകുകയും ചെയ്യുക.

3. കൃഷിഭവൻ വഴി പ്രത്യേക തൊഴിൽ ദാന പദ്ധതികൾക്ക് രജിസ്റ്റർ ചെയ്തുവരുന്ന തൊഴിൽ രഹിതർക്ക് വ്യവസായം തുടങ്ങുന്നതിന് ആവശ്യമായ ഫണ്ട് ഒരു ലക്ഷം രൂപയും സബ്സിഡിയും അനുവദിച്ച് ഗ്രാമീണ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക.

4. വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് കുറഞ്ഞ പലിശ നിരക്കിൽ ബാങ്ക് വായ്പാ സൗകര്യങ്ങൾ നൽകുക.

5. മുക്കന്നൂർ പഞ്ചായത്തിൽ കരിങ്കൽ ലഭ്യത ഏറെയുള്ള താബോർ - പൂതം കുറ്റി മേഖലകൾ കേന്ദ്രീകരിച്ച് കരിങ്കൽ വ്യവസാങ്ങൾ തുടങ്ങണം.

6. പുതിയ വ്യവസായ സംരംഭകർക്ക് പവ്വർ അലോക്കേഷൻ ഉറപ്പു വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുക.

7. വ്യവസായ സംരംഭകർക്ക് പഞ്ചായത്ത് മുഖേന പരിശീലനം സാധ്യമാക്കുക.

8. മുക്കന്നൂർ പഞ്ചായത്തിന്റെ ഏറ്റവും ഉയർന്ന പ്രദേശമായ താബോർ മലയിലും പാറഞ്ചേരികുന്നിലും സോളാർ വൈദ്യുതി നിലയങ്ങൾ സ്ഥാപിച്ച് മുക്കന്നൂർ പഞ്ചായത്തിനാവശ്യമായ വൈദ്യുതി ഉല്പാദിപ്പിക്കുവാൻ സംവിധാനം ചെയ്യുക.

9. സഹകരണ അടിസ്ഥാനത്തിൽ റെഡിമെയ്ഡ് ഗാർമെൻസ്, കരിപൗഡർ, ശീതള പാനീയങ്ങൾ, കളിപ്പാട്ട നിർമ്മാണം, പാൽ ഉല്പന്നങ്ങൾ, റബ്ബർ ഉല്പന്നങ്ങൾ, നാളികേരഉല്പന്നങ്ങൾ, ചിപ്സ് നിർമ്മാണം, ബൾബ് നിർമ്മാണം - ഇവ ആരംഭിക്കണം.

10. വ്യവസായ സംരംഭകർക്കായി പഞ്ചായത്ത് തലത്തിൽ വിദഗ്ദ ഉപദേശക സമിതിയെ ഏർപ്പെടുത്തുക.

11. പഞ്ചായത്ത് തലത്തിൽ വ്യവസായ സംരംഭകർക്ക് ഗ്രീൻചാനൽ സംവിധാനം ഏർപ്പെടുത്തുക.

വിദ്യാഭ്യാസം

എറണാകുളം ജില്ലയുടെ വടക്കുകിഴക്കായി സ്ഥിതി ചെയ്യുന്ന ഒരുഗ്രാമപഞ്ചായത്താണ് മുക്കന്നൂർ സഹ്യ പർവ്വതത്തിന്റെ ശീതളഛായയിൽ കിടക്കുന്ന കാലടി പ്ലാന്റേഷനെ തൊട്ടുരുമ്മി നില്ക്കുന്ന ഈ പഞ്ചായ ത്തിന്റെ വടക്കുഭാഗത്തെ കുന്നിൻ ചരിവുകളും പാറ ക്കെട്ടുകളും കണ്ടാൽ ഹൈറേഞ്ചിന്റെ ചിത്രമാണ് ആരുടേയും മനസ്സിൽ തെളിഞ്ഞുവരിക. ഈ പ്രദേശ ത്തിന്റെ അഭിവൃദ്ധിക്കും വികസനത്തിനും ഏതാനും കൂടിയേറ്റ കർഷകരുടെ പങ്ക് സ്മരണീയമാണ്.

ഗ്രാമവാസികളിൽ ഭൂരിപക്ഷവും കൃഷിക്കാരാണ്. വിദ്യാഭ്യാസരംഗത്ത് അഭിമാനിക്കത്തക്ക ഭൂതകാല ചരിത്രമൊന്നും ഈ പഞ്ചായത്തിനില്ല. വിദ്യാഭ്യാസ സൗകര്യങ്ങൾ ഇല്ലാതിരുന്ന മുൻകാലങ്ങളിൽ ഗ്രാമീണർ അക്ഷരജ്ഞാനം നേടിയിരുന്നത്. എഴുത്താശന്മാർ മുഖേനയാണ്. 1913 ൽ മാത്രമാണ് ഇവിടെ ഒരു വിദ്യാലയമുണ്ടായത്. വിദ്യാഭ്യയത തിനായി തുറവൂർ സെൻറ് അഗസ്റ്റിൻസ് മലയാളം മിഡിൽ സ്കൂളിലോ, അങ്കമാലി സെൻറ് ജോസഫ്സ് ഇംഗ്ലീഷ് മിഡിൽ സ്കൂളിലോ, ആലുവാ സെൻറ് മേരിസ് ഹൈസ്കൂളിലോ പോകേണ്ടിയിരുന്നു. എന്നാൽ സാമ്പത്തിക പിന്നോക്കാവസ്ഥയും, ഗതാഗതസൗകര്യങ്ങളുടെ കുറവും ഇത് തികച്ചും ദുഷ്ക്കരമായിരുന്നു. എന്നാൽ ഈ പ്രതികൂല സാഹചര്യങ്ങളെ അവഗണിച്ചും മേൽ പറഞ്ഞ സ്കൂളിൽ പോയി പഠിച്ച് പല നല്ല ജോലികളിലും എത്തിച്ചേർന്നവർ ധാരാളം ഉണ്ടായിരുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസ പുരോഗതിയെ ലക്ഷ്യമാക്കിക്കൊണ്ട് മുക്കന്നൂരിലുള്ള സെൻറ് മേരിസ് കത്തോലിക്കാപ്പള്ളിയുടെ കീഴിൽ ആ പ്രദേശവാസികളുടെ ശ്രമഫലമായി ആരംഭിച്ച ലോവർ പ്രൈമറി സ്കൂൾ സാമ്പത്തികമായ ബുദ്ധിമുട്ടുകൾ മൂലം അധികനാൾ കഴിയുന്നതിനു മുൻപായി ഗവ. വിട്ടുകൊടുത്തു. ഈ വിദ്യാലയമാണ് ഒന്നാം വാർഡിൽ തലയുർത്തി നില്ക്കുന്ന ഗവ. ഹയർ സെക്കണ്ടറി സ്കൂൾ. ഇത് 1962 ൽ ആണ് അപ്പർ പ്രൈമറി സ്കൂളായത്. പിന്നിട് 1980 ൽ ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു. അന്ന് സ്കൂളിനുവേണ്ട കെട്ടിടവും സ്ഥലവും നല്ലവരായ നാട്ടുകാർ നിർമ്മിച്ച് ഗവമേൻറി നെ ഏല്പിച്ചതാണ്. അന്ന് ഗവർമേൻറിന് നൽകിയ വാഗ്ദാനം നിറവേറ്റാൻ ഈ ഗ്രാമവാസികൾ പ്രകടിപ്പിച്ച ഐക്യവും അതിനായി സഹിച്ച ക്ലേശങ്ങളും എത്രപ്രശംസിച്ചാലും മതിയാകാത്തതാണ്. പിന്നിട് 1992 ഈ വിദ്യാലയം ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തപ്പെട്ടു.

1931 ൽ ഗ്രാമപഞ്ചായത്തിലെ 2-ാം വാർഡിൽ ആഴകത്ത് ഒരു ലോവർ പ്രൈമറി സ്കൂൾ ആരംഭിച്ചു. ഇന്ന് അത് ഒരു അപ്പർ പ്രൈമറി സ്കൂൾ ആയി പ്രവർത്തിച്ചു വരുന്നു. ഈ വിദ്യാലയവും ആഴകം ഭാഗത്തുള്ളവരുടെ ശ്രമഫലമായി ഉയർന്നു വന്നിട്ടുള്ളതാണ്. അവരുടെ സംഭാവനയുമാണ്.

1915 ജൂൺ 13-ാം തിയതി തിരുഹൃദയ അനാഥശാല എന്ന പേരിൽ മുക്കന്നൂരിൽ എറണാകുളം അതിരൂപതയുടെ കീഴിൽ ഒരു സ്ഥാപനം പ്രവർത്തനമാരംഭിച്ചു. ഈ സ്ഥാപനം 1931 ൽ ചെറുപുഷ്പ സന്യാസ സഭയായി രൂപപ്പെട്ടു. മുക്കന്നൂരിൽ സർവ്വതോമുഖമായ വികസനത്തിന് ഈ സഭ നൽകിയ സേവനങ്ങൾ എന്നും സ്മരിക്കപ്പെടേണ്ടതാണ്. 1931 ൽ ഈ സഭയുടെ കീഴിൽ സ്വകാര്യ മേഖലയിൽ L.P സ്കൂൾ ആരംഭിച്ചു. തുടർന്ന് 1948 ൽ ഇത് അപ്പർ പ്രൈമറി സ്കൂൾ ആയും 1966 ൽ ഹൈസ്ക്കൂളായും ഉയർത്തപ്പെട്ടു.

നമ്മുടെ പഞ്ചായത്തിന്റെ വടക്കുഭാഗത്ത് താബോറിൽ തിരുകുടുംബദേവാലയത്തിന്റെ കീഴിൽ 1951 ൽ ഒരു ലോവർ പ്രൈമറി സ്കൂൾ ആരംഭിച്ചു. 1956 ൽ ഇത് അപ്പർ പ്രൈമറി സ്കൂളായി ഉയർത്തപ്പെട്ടു. 1983 ൽ ഇതിനോട് അനുബന്ധമായി ഹോളി ഫാമിലി ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചു. ഇത് മലയോരകർഷകർക്കും കൂടിയേറ്റക്കാർക്കും ഒരു അനുഗ്രഹമായി ത്തീർന്നു.

മുക്കന്നൂർ ഗ്രാമപഞ്ചായത്തിലെ പട്ടിക ജാതി,

പട്ടികവർഗ്ഗക്കാർ കൂടുതലായി താമസിക്കുന്ന പ്രദേശങ്ങളാണ് വട്ടേക്കാട്. അട്ടാറ, കോക്കുന്ന്. ഈ പ്രദേശത്തെ ജനങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി 1976 ൽ വട്ടേക്കാട്ടിൽ നെഹ്റു മെമ്മോറിയൽ ലോവർ പ്രൈമറി സ്കൂൾ ആരംഭിച്ചു.

മുക്കന്നൂർ ഗ്രാമപഞ്ചായത്തിൽ ഗവർമേൻറ് വക ഒരു ഹയർ സെക്കൻണ്ടറി സ്കൂളും ഒരു അപ്പർ പ്രൈമറിസ്കൂളും പ്രവർത്തിക്കുന്നു. സ്വകാര്യ മേഖലയിൽ രണ്ട് ഹൈസ്കൂളും ഒരു ലോവർ പ്രൈമറി സ്കൂളും പ്രവർത്തിക്കുന്നു. പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങൾ ഉണ്ടെങ്കിലും തുടർ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ പരിമിതമാണ്.

സങ്കേതിക വിദ്യാഭ്യാസരംഗത്ത് ചെറുപുഷ്പ സന്യാസ സഭയുടെ കീഴിൽ പ്രവർത്തിക്കുന്ന ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെൻററും ഉന്നതനിലവാരം പുലർത്തുന്നതാണ്. ഏറ്റവും പുതിയ ട്രേഡുകളിൽ ഇവിടെ സങ്കേതിക പരിശീലനം നൽകി വരുന്നു. കേരളത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്ന് വിദ്യാർത്ഥികൾ ഇവിടെ പരിശീലനത്തിനായി എത്തുന്നുണ്ട്. വിദേശത്ത് ജോലിക്കായി ഇവിടെ നടക്കുന്ന തെരഞ്ഞെടുപ്പ് കേരളത്തിന് വെളിയിലുള്ള വരെപ്പോലും ഇവിടേക്ക് ആകർഷിക്കുന്നുണ്ട്.

ചെറുപുഷ്പ സന്യാസ സഭയുടെ കീഴിൽ പ്രവർത്തിക്കുന്ന കാർപെൻററി ട്രെയിനിംഗ് സെൻററും ഓട്ടോമൊബൈൽ വർക്കുഷോപ്പും പ്രസിദ്ധമാണ്. ഏതൊരു സങ്കേതിക സ്ഥാപനവും ഏറ്റെടുത്ത് നടത്താൻ പ്രാപ്തമാണ് ഈ സന്യാസ സഭ.

മുക്കന്നൂർ ഗ്രാമപഞ്ചായത്തിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനായി 5 ബാലവാടികൾ പ്രവർത്തിക്കുന്നുണ്ട്. ബാലവാടികളുടെ ആവശ്യകത വിവിധ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിരിക്കുന്നത് ശ്രദ്ധിക്കപ്പെടേണ്ടവയാണ്.

ഈ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ 4 വായനശാലകൾ പ്രവർത്തിക്കുന്നുണ്ട്. സാംസ്കാരിക സാഹിത്യ രംഗങ്ങളിൽ വിലയേറിയ സംഭാവനകൾ നൽകുന്നുണ്ടെങ്കിലും വേണ്ടത്ര ഗ്രന്ഥങ്ങളോ സൗകര്യങ്ങളോ എല്ലാ വായനശാലകൾക്കും ഇല്ല.

വിദ്യാഭ്യാസരംഗത്ത് ഈ ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ കാലഘട്ടത്തിൽ കാര്യമായ പുരോഗതി ദർശിക്കുവാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ഗുണനിലവാരം വേണ്ടത്ര ഉയർന്നിട്ടുണ്ടോ എന്നത് ഇനിയും പരിശോധിക്കേണ്ടിയിരിക്കുന്നു. കൂടുതൽ സ്കൂളുകൾ ആരംഭിക്കുകയും കുടുംബാസൂത്രണ പ്രവർത്തനങ്ങൾ വിജയിക്കുകയും ചെയ്തപ്പോൾ പല വിദ്യാലയങ്ങളിലും കുട്ടികളുടെ കുറവും അനുഭവപ്പെടുന്നുണ്ട് എന്നത് ഒരു വസ്തുതയാണ്. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറച്ചുകൊണ്ട് ഉയർന്ന ഗുണനിലവാരം ലക്ഷ്യമാക്കുന്ന ഒരു കർമ്മപരിപാടിക്ക് തുടക്കം കുറിക്കേണ്ട സമയം വൈകിയിരിക്കുന്നു എന്നു തന്നെ പറയാം.

കായികവിദ്യാഭ്യാസരംഗത്ത് എടുത്തു പറയത്തക്ക പ്രതിഭകളെ വാർത്തെടുക്കാൻ നമ്മുടെ ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്ക് ഇനിയും കഴിഞ്ഞിട്ടില്ല. നല്ലകളിസ്ഥലങ്ങളുടെ അഭാവം ഇതിന് ഒരു കാരണമായി ചൂണ്ടിക്കാണിക്കാൻ കഴിയും. ഹോളിഫാമിലി ഹൈസ്കൂളിന് ആവശ്യമായ കളിസ്ഥലം ഉണ്ടായിവരുന്നതേയുള്ളൂ. ഇത്തരം കുന്നിൻ പ്രദേശങ്ങളിലുള്ള കളിസ്ഥലത്തിൻെറ നിർമ്മാണം സ്പോർട്ട്സ് കൗൺസിലിൻെറയോ, ഗവർമേൻറിൻെറയോ ജില്ലാപഞ്ചായത്തിൻേറയോ സഹായം കൂടാതെ നടപ്പാക്കുക പ്രയാസമാണ്. നമ്മുടെ കായിക വിദ്യാഭ്യാസത്തിന് വ്യക്തമായ ഒരു സിലബസോ, പരിശോധനയോ ഇപ്പോഴും ഇല്ലഎന്നത് അടിയന്തിര ശ്രദ്ധ അർഹിക്കുന്നതാണ്. ഈ ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ കായിക പ്രതിഭകളെ കണ്ടെത്തി ഒഴിവുകാലത്ത് പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നത് നല്ല ഫലങ്ങൾ ഉളവാക്കാൻ സഹായിക്കുന്നതാണ്. ഇതിന് ഒരു കർമ്മപരിപാടി ആവിഷ്ക്കരിക്കേണ്ടത് ആവശ്യമാണ്. വിവിധ സ്കൂളുകൾക്ക് ഇനം തിരിച്ചുള്ള പരിശീലന പരിപാടി നിഷ്കർഷിക്കുന്നത് കൂടുതൽ നന്നായിരിക്കും.

വിദ്യാഭ്യാസരംഗത്തെ പ്രധാന ആവശ്യങ്ങൾ

ഈ ഗ്രാമപഞ്ചായത്തിൻെറ വടക്ക് കിഴക്ക് മലയോര പ്രദേശങ്ങളിൽ നിന്ന് ഉന്നത വിദ്യാഭ്യാസത്തിനായി 25 കിലോമീറ്ററെങ്കിലും യാത്ര ചെയ്യേണ്ടിയിരിക്കുന്നു. ബഹു. കേരളാ ഗവർമേൻറിൻെറ പ്രഖ്യാപിത വിദ്യാഭ്യാസപരിഷ്ക്കാരങ്ങൾ നടപ്പിലാക്കുമ്പോൾ പഞ്ചായത്തിൻെറ ഹൃദയഭാഗത്ത് പ്രവർത്തിക്കുന്ന S.H.O ഹൈസ്കൂളിനെ ഒരു ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തേണ്ടത് വളരെ അത്യാവശ്യമാണ്.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി താബോർ ഹോളിഫാമിലി ഹൈസ്കൂളിനെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളാക്കി ഉയർത്തണമെന്ന ആവശ്യവും അധികൃതരുടെ പരിഗണന അർഹിക്കുന്നതാണ്.

ഫുഡ് ക്രാഫ്റ്റ് സ്കൂൾ

ടൂറിസ്റ്റ് വ്യവസായത്തിന് വൻ സാദ്ധ്യതകളുള്ള സാഹചര്യത്തിൽ ആധുനിക പാചക കലയും അതുപോലെ കാർഷീക വിഭവങ്ങൾ പ്രത്യേകിച്ചും പഴവർഗ്ഗങ്ങളുടെ സംസ്കരണവും മുന്നിൽ കണ്ടുകൊണ്ട് കേന്ദ്രഗവർമേൻറിൻെറ ഫുഡ് ക്രാഫ്റ്റ് വകുപ്പിൻെറ സഹകരണത്തോടെ ഒരു കേറ്ററിംങ് (ഫുഡ് ക്രാഫ്റ്റ് സ്കൂൾ) സ്കൂൾ ഈ ഗ്രാമപഞ്ചായത്തിൽ ആരംഭിക്കാൻ വേണ്ട ശ്രമങ്ങൾ ആരംഭിക്കേണ്ടതാണ്. നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളം പ്രാവർത്തികമാകുമ്പോഴേക്ക് ഈ ഗ്രാമപഞ്ചായത്തിനേയും സമീപ പ്രദേശങ്ങളേയും ഈ രംഗത്ത് സൂസജ്ജമാക്കേണ്ടത് ആവശ്യമാണ്. അതിന് ഇത്തരത്തിലൊരു വിദ്യാലയം എന്തുകൊണ്ടും പ്രയോജനം ചെയ്യും.

വട്ടേക്കാട്നെഹ്റു മെമ്മോറിയൽ സ്കൂൾ ഒരു അപ്പർ പ്രൈമറി സ്കൂൾ ആയി ഉയർത്തണമെന്നും കോക്കുന്ന്, അട്ടാറ കോളനിയിൽ നിന്നുള്ള പട്ടികജാതിക്കാർക്ക് ഇത് ഏറെ ഗുണം ചെയ്യുന്നതാണ് എന്ന ആവശ്യത്തിനും ഏറെ പഴക്കമുണ്ട്. ഈ ആവശ്യവും അധികൃരുടെ പരിഗണനയർഹിക്കുന്നതാണ്.

സങ്കേതിക വിദ്യാഭ്യാസരംഗത്ത് ചെറുപുഷ്പ സന്യാസ സഭയുടെ മികച്ച പ്രവർത്തനങ്ങളെ മാനിച്ച് നാളെയുടെ ആവശ്യങ്ങളെ മുന്നിൽ കണ്ടുകൊണ്ട് ഡിപ്ലോമാ തലത്തിലോ എഞ്ചിനിയറിംഗ് തലത്തിലോ ഉള്ള ഒരു വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കാൻ എത്രയും പെട്ടെന്ന് അനുമതി നൽകേണ്ടത് ആവശ്യമാണ്. ആവശ്യമായ സ്ഥലവും മറ്റും എല്ലാവിധ സാഹചര്യങ്ങളും ഒത്തിണങ്ങുന്ന ഒരു സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്.

മൂക്കന്നൂർ M.A.G.J ആശുപത്രിയോടനുബന്ധിച്ച് ഒരു നഴ്സിംങ് പരിശീലന കേന്ദ്രം ആരംഭിക്കേണ്ടതാണ്.

കഴിഞ്ഞകാല സാക്ഷരതാ പ്രവർത്തനത്തിൽ വളരെയധികം സാക്ഷരത പ്രവർത്തകരെ സംഭാവന ചെയ്യാൻ ഈ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. സാക്ഷരതയുടെ തുടർ പ്രവർത്തനങ്ങൾ ഇന്ന് കാര്യക്ഷമമായി നടക്കുന്നില്ല. അതുകൊണ്ട് നിലവിലുള്ള അക്ഷര സംഘങ്ങളേയും, ജന വിദ്യാ കേന്ദ്രത്തിനേറയും പ്രവർത്തനങ്ങളെ ഉത്തേജിപ്പിക്കേണ്ടതാണ്. ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് പ്രോത്സാഹനവും, സാമ്പത്തിക സഹായവും നൽകണമെന്നും ഉദ്യോഗ കാര്യത്തിൽ അവർക്ക് മുൻഗണന അനുവദിക്കണമെന്ന് പരക്കെ അഭിപ്രായമുണ്ട്.

വിദ്യാഭ്യാസരംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്തണം

വിദ്യാഭ്യാസത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഈ ഗ്രാമപഞ്ചായത്തിലെ എല്ലാ ജനങ്ങളുടേയും ഏക കണ്ഠമായ ഒരാവശ്യമാണ് ഗുണനിലവാരം മെച്ചപ്പെടുത്തണം എന്നത്. താങ്ങാനാവാത്തതും, കുറെയേറെ അത്യാവശ്യമില്ലാത്തവയും കുത്തി നിറച്ചതുമാണ് ഇന്നത്തെ പാഠ്യപുസ്തകങ്ങൾ എന്ന് സാമാന്യ ജനങ്ങൾക്ക് വരെ അഭിപ്രായമുണ്ട്. സ്വരാജ്യസ്നേഹവും, തൊഴിലിനോട് ആഭിമുഖ്യവും പ്രായമായ തലമുറയെ ആദരിക്കുന്നതിനുള്ള മനോഭാവവും ഉള്ള ഒരു തലമുറയെയാണ് ഏവരും സ്വപ്നം കാണുന്നത്. അഴിമതിയും സ്വജനപക്ഷപാതവും അവരെ തീണ്ടാതിരിക്കണം എന്നും ഏവരും ആഗ്രഹിക്കുന്നു.

വിദ്യാഭ്യാസം നിലവാരം ഉയർത്തുന്നതിന് ഏവരാലും പ്രശംസിക്കപ്പെട്ടിട്ടുള്ള പഞ്ചായത്തുകളിലെ സ്കൂൾ കോംപ്ലക്സുകൾക്ക് പുതുജീവൻ നൽകേണ്ടത് എന്തുകൊണ്ടും അഭിലഷണീയമാണ്. ഈ രംഗത്ത് പഞ്ചായത്ത് കമ്മറ്റിക്ക് വിലപ്പെട്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും ലഭിക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ ഒരു വിദ്യാഭ്യാസ ഉപദേശക സമിതി രൂപീകരിക്കുന്നത് ഏറ്റവും ഉചിതമായിരിക്കും.

നിലവിലുള്ള വിദ്യാഭ്യാസ പ്രശ്നങ്ങൾ മനസിലാക്കാൻ ഗ്രാമപഞ്ചായത്ത് പ്രധാനദ്ധ്യാപകരുടേയും അദ്ധ്യാപകരക്ഷാകർത്തൃ ഭാരവാഹികളുടേയും യോഗം വിളിച്ചു കൂട്ടുന്നത് നന്നായിരിക്കും. എന്നാൽ ഇതുകൊണ്ടെല്ലാം വിദ്യാലയങ്ങളിലെ ഭൗതീക സാഹചര്യങ്ങൾ ഒരുക്കി ക്കൊടുക്കാനേ കഴിയുകയൊള്ളൂ.

വിദ്യാഭ്യാസം പൊലൊരു വിഷയം ഒരു

ഗ്രാമപഞ്ചായത്തിന്റെ നാലതിർത്തിക്കുള്ളിൽ ഒതുങ്ങിനില്ക്കുന്നില്ല. അതികഠിനമായ ഒരു മത്സര രംഗമാണിത്. ഈ കടുത്ത മത്സരത്തിൽ പലപ്പോഴും അതിന്റെ അന്ത:സത്ത ചോർന്നുപോകുന്നു. പ്രവേശനത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്ന സാഹചര്യത്തിൽ വിജയശതമാനം നോക്കി അഭിനന്ദിക്കുന്നത് അശാസ്ത്രിയമാണ്.

എല്ലാ സ്കൂളുകളിലും പ്രാഥമിക സൗകര്യങ്ങളെക്കുറിച്ച് ഗ്രാമപഞ്ചായത്ത് പരിശോധനനടത്തേണ്ടതും ആവശ്യമായവ ഉടൻ പരിഹരിക്കുകയും ചെയ്യണം. ഇക്കാര്യത്തിൽ മൂക്കന്നൂർ ഗവ:ഹയർസെക്കണ്ടറി സ്കൂളിലേയും ആഴകം ഗവ: അപ്പർ പ്രൈമറി സ്കൂളിലേയും കുട്ടികൾക്ക് ആവശ്യമായ മൂത്രപ്പുര കക്കൂസ്, ആവശ്യമായ കുടിവെള്ളം ഇവ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടാതാണ്. ആവശ്യമായ ഇരിപ്പിടസൗകര്യങ്ങൾ പഠനോപകരണങ്ങൾ ഇവയെപ്പറ്റിയും അന്വേഷിക്കേണ്ടതാണ്.

ഗവ:സ്കൂളുകളിൽ അദ്ധ്യാപകരുടെ കുറവ് ഉണ്ടെങ്കിൽ വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് ആയത് യഥാസമയം പരിഹരിക്കാൻ നടപടിയെടുക്കണം.

കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, കളിസ്ഥലത്തിന്റെ അവസ്ഥ, പുതിയകെട്ടിടങ്ങളുടെ ആവശ്യകത ഇവയെല്ലാം നേരത്തെ നിർണ്ണയിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

അദ്ധ്യാപകരെ അദ്ധ്യയനവർഷത്തിനിടയ്ക്ക് മറ്റൊരു കാര്യത്തിനും ഉപയോഗപ്പെടുത്താതിരിക്കുന്നത് വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന് സഹായകരമായിരിക്കും. അദ്ധ്യാപകർക്കുള്ള എല്ലാവിധ പരിശീലനപരിപാടികളും അവധിക്കാലങ്ങളിൽ നടത്താൻ നടപടിസ്വീകരിക്കണം. ഇതൊരു തുടർപ്രക്രിയയായി അനുവർത്തിക്കേണ്ടതാണ്.

ഈ ഗ്രാമപഞ്ചായത്തിലെ ഹയർസെക്കണ്ടറി സ്കൂളുകളിൽ കമ്പ്യൂട്ടറും, വി.സി.പി ഉൾപ്പടെയുള്ള ടെലിവിഷൻ സെറ്റും ലഭ്യമാക്കണം. അപ്പർ പ്രൈമറി സ്കൂളുകളിൽ ടെലിവിഷൻ സെറ്റ് ലഭ്യമാക്കണം.

നൂതനസംരംഭങ്ങൾ

വിവിധ സർവീസുകളിൽ നിന്നും വിരമിച്ചവരുടെ സംഘടനയായ പെൻഷനേഴ്സ് ക്ലബ്തുടങ്ങാൻ ഉദ്ദേശിക്കുന്ന ഗൈഡൻസ് കേന്ദ്രത്തിന് ആവശ്യമായ എല്ലാവിധ സഹായസഹകരണങ്ങളും പഞ്ചായത്തിൽ നിന്നും നൽകേണ്ടതാണ്. ഇവരുടെ സേവനം സ്കൂൾതലത്തിൽ ഉപയോഗപ്പെടുത്താൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതാണ്. ഗൈഡൻസ് സെൻററിലൂടെ വിദ്യാർത്ഥികൾക്കും,ഉദ്യോഗാർത്ഥികൾക്കും വ്യവസായ സംരഭകർക്കും നൽകാനുദ്ദേശിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നമ്മുടെ നിലവിലുള്ള വ്യവസ്ഥിതിയിലെ ഒരു നൂതന കാൽവയ്പായി കണേണ്ടതാണ്.

കാർഷിക വ്യവസായിക രംഗത്തുള്ള ഏറ്റവും പുതിയ അറിവുകൾ ഗ്രാമീണരിലേക്ക് പകരാനായി അപ്പപ്പോൾ ആവശ്യവും ഉചിതവുമായ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് ഏറ്റവും പുതിയ വിഷയങ്ങളിലെ ബോധവൽക്കരണം ബഹു. പഞ്ചായത്തു കമ്മറ്റി സാദ്ധ്യമാക്കേണ്ടാതാണ്.

ഗതാഗതം - ഊർജ്ജം

മൂക്കന്നൂർ ഗ്രാമത്തിലെ ജനങ്ങൾ മുഖ്യമായും റോഡ് മാർഗ്ഗമുള്ള ഗതാഗതത്തെയാണ് ആശ്രയിക്കുന്നത്. തെക്ക് പടിഞ്ഞാറെ അതിർത്തിയായ ഭരണിപറമ്പ് മുതൽ വടക്ക് പടിഞ്ഞാറെ അതിർത്തിയായ കട്ടിംഗ് വരെ 9 വാർഡുകളെയും ബന്ധിപ്പിച്ചുകൊണ്ട് ഹൃദയഭാഗത്തുകൂടി കടന്ന് പോകുന്ന രാജപാത ഈ ഗ്രാമത്തിന്റെ അനുഗ്രഹമാണ്. നാഷണൽ ഹൈവേ 47ൽ കരയാംപറമ്പിൽ ആരംഭിച്ച് മുന്നൂർപ്പിള്ളിയിൽ അവസാനിക്കുന്ന പ്രസ്തുത റോഡിന് പഞ്ചായത്ത് മേഖലയിൽ 12 കിലോമീറ്റർ ദൈർഘ്യമുണ്ട്. രണ്ട് സെക്ഷനുകളായി മൂക്കന്നൂർ - ഏഴാറ്റുമുഖം റോഡ് (9 കി.മീ) പൂതംകുറ്റി - ഏഴാറ്റുമുഖം റോഡ് (3 കി.മീ.) എന്നറിയപ്പെടുന്ന ഈ മെയിൻ റോഡിൽ നിന്ന് നിരവധി ഉപറോഡുകൾ ആരംഭിക്കുന്നു. ഗ്രാമത്തിന്റെ ഏത് ഭാഗത്തുള്ളവർക്കും ശരാശരി 1 കി ലോമീറ്റർ സഞ്ചരിച്ചാൽ മെയിൻ റോഡിൽ എത്തിച്ചേരാവുന്നതാണ്.

പ്ലാച്ചിപ്പാറ - പാലിശ്ശേരി, മൂക്കന്നൂർ - ആഴകം - കറുകുറ്റി, മൂക്കന്നൂർ - മൂന്നാംപറമ്പ് - കറുകുറ്റി, മൂക്കന്നൂർ - തുറവൂർ, ആനപ്പാറ - പൂതംകുറ്റി, എടലക്കാട് - ചുള്ളി എന്നിവയാണ് മറ്റ് പി.ഡബ്ലിയു.ഡി. റോഡുകൾ. കൂടാതെ മൂക്കന്നൂർ - കിടങ്ങൂർ, കോക്കുന്ന് - വാതക്കാട്, സെഹിയോൻ ജംഗ്ഷൻ - എടക്കുന്ന്, മഞ്ഞിക്കാട് - ദേവഗിരി, പൂതംകുറ്റി - കാരമറ്റം, പൂതംകുറ്റി - മള്ളൂർക്കാട് എന്നിങ്ങനെ 6 റോഡുകൾ ബ്ലോക്ക്, ഗ്രാമ തലങ്ങളിൽ വിവിധ പദ്ധതികളിൽ പെടുത്തി ടാറിംഗ് നടത്തിയിട്ടുള്ളവയാണ്. സമീപ പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്ന 8 മീറ്റർ വീതിയുള്ള ഈ സുപ്രധാന റോഡുകൾ പി.ഡബ്ലിയു. ഡി. അടിയന്തിരമായി ഏറ്റെടുക്കേണ്ടവയാണ്.

ഈ റോഡുകളെല്ലാം തന്നെ വളരെയേറെ ഗതാഗത സാന്ദ്രതയുള്ളവയാണ്. കാർഷികമേഖലയായ ഇവിടുത്തെ കാർഷികോൽപ്പന്നങ്ങളുടെ വിപണനം വടക്കൻ മേഖലകളിലുള്ള 50ൽ പരം ക്വാറികളിലെ കരിങ്കല്ല്, വിവിധ ഭാഗങ്ങളിൽ ധാരാളമായി ലഭിക്കുന്ന വെട്ടുകല്ല് എന്നിവ വിവിധ സ്ഥലങ്ങളിലെത്തിക്കുക ക്വാറികളിൽ പണിയെടുക്കുന്ന നൂറ് കണക്കിന് തൊഴിലാളികളുടേയും 3 ഹൈസ്ക്കൂളുകൾ, ഒരു ഹയർ സെക്കൻററി സ്കൂൾ, കേരളത്തിലെ തന്നെ ഏറ്റവും മികച്ചതെന്നവകാശപ്പെടാവുന്ന ഐ.ടി.സി., യു.പി.സ്കൂളുകൾ, എൽ.പി.സ്കൂളുകൾ എന്നിവിടങ്ങളിലെ അദ്ധ്യാപകരുടേയും കുട്ടികളുടേയും ദൈനം ദിനമുള്ള യാത്ര, എന്നിങ്ങനെ വിപുലമായ ഗതാഗതാവശ്യങ്ങളും യാത്രക്കാരുടെ സംഖ്യയും അനുദിനം വർദ്ധിച്ചു വരികയാണ്. കൂടാതെ വൻകിട തൊഴിൽ മേഖലയായ പ്ലാന്റേഷൻ കോർപ്പറേഷൻ എസ്റ്റേറ്റുകൾ, വിനോദസഞ്ചാര പ്രാധാന്യമുള്ള ഒലിവേലിച്ചിറ, ഏഴാറ്റുമുഖം, തടിസമ്പത്തിന്റെ കേന്ദ്രമായ ഒലിവേലി വനപ്രദേശം എന്നിവയുടെ സാമീപ്യവും ഗ്രാമത്തിലെ ഗതാഗത സാന്ദ്രത വർദ്ധിപ്പിക്കുന്ന ഘടകങ്ങളാണ്.

വെറ്റിലപ്പാറ പാലവും കൊച്ചി - പൊള്ളാച്ചി ഹിൽ ഹൈവേയും

ഗ്രമത്തിന്റെ സമീപത്തുകൂടി ഒഴുകുന്ന ചാലക്കുടി പുഴക്ക് കുറുകെ വെറ്റിലപ്പാറയിൽ പാലം പണിയണമെന്ന ആവശ്യത്തിന് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. യാഥാർത്ഥ്യമായാൽ മൂക്കന്നൂർ, അതിരപ്പിള്ളി, വാൽപ്പാറ വഴി കൊച്ചി - പൊള്ളാച്ചി ഹിൽ ഹൈവേ നിർമ്മിക്കാൻ കഴിയും. നിലവിലുള്ള ദൂരത്തിൽ 30 കി ലോമീറ്റർ എളുപ്പം ലഭിക്കും. പ്രസിദ്ധമായ അതിപ്പിള്ളി വെള്ളച്ചാട്ടത്തിലേക്ക് ദക്ഷിണ, മദ്ധ്യ കേരളത്തിൽ നിന്നുള്ള എളുപ്പമാർഗ്ഗം മൂക്കന്നൂർ വഴിയാകും. വാഴച്ചാൽ, പെരിങ്ങൽ, ഷോളയാർ, വാൽപ്പാറ ഷേക്കൽ മുടി എന്നിവിടങ്ങളിൽ ധാരാളമായി ഉൽപ്പാദിപ്പിക്കപ്പെടുന്ന നാണ്യ, സുഗന്ധവിളകൾ മൂക്കന്നൂർ റോഡിലൂടെ കൊച്ചി തുറമുഖത്ത് എളുപ്പത്തിൽ എത്തിക്കാൻ കഴിയും. വെറ്റിലപ്പാറ പാലം പൂർത്തിയായാൽ തമിഴ്നാട്ടിലെ 3 ജില്ലകൾക്ക് ഏറ്റവും സമീപത്തുള്ള അന്താരാഷ്ട്ര വിമാനത്താളം എന്ന നിലക്ക് വിമാനത്താവളത്തിലേക്ക് തമിഴ്നാട്ടിൽ നിന്നുള്ള യാത്രക്കാരുടെ എളുപ്പമാർഗ്ഗവും ഇത് തന്നെയാണ്. വിമാനത്താവളം പ്രവർത്തന സജ്ജമാകുന്നതോടെ ഒലിവേലിച്ചിറ, ഏഴാറ്റുമുഖം എന്നിവയെ അതിരപ്പിള്ളി വെള്ളച്ചാട്ടവുമായി ബന്ധിപ്പിച്ചു ഒരു ടൂറിസ്റ്റ് ശൃംഘല രൂപീകരി

ക്കുന്നതിന് കഴിയും. മൂക്കന്നൂരിന്റെയും അയ്യംമ്പുഴ, തുറവൂർ, മഞ്ഞപ്ര, കറുകുറ്റി എന്നീ സമീപ ഗ്രാമങ്ങളുടേയും അങ്കമാലി പട്ടണത്തിന്റേയും, വിമാനത്താവളത്തിന്റേയും കൊച്ചി തുറമുഖത്തിന്റേയും സമഗ്രവികസനത്തിന് വെറ്റിലപ്പാറ പാലവും കൊച്ചി - പൊള്ളാച്ചി ഹിൽ ഹൈവേയും അനിവാര്യഘടകങ്ങളാണ്.

മെയിൻ റോഡും ബൈപാസ് റോഡും.

മൂക്കന്നൂർ - പൂതംകുറ്റി - ഏഴാറ്റുമുഖം മെയിൻ റോഡിന്റെ വികസനം ഗ്രാമത്തിന്റെ വികസനം തന്നെ. ഇത്രയും പ്രധാനപ്പെട്ട ഈ റോഡ്. മേജർ ജില്ലാ റോഡ് വിഭാഗത്തിൽ പെടുത്തിയിട്ടില്ലെന്നത് നിർഭാഗ്യകരമാണ്. നാഷണൽ ഹൈവേയോട് ചേർന്ന് കരയാംപറമ്പ് ഭാഗത്ത് വളവ് നേരേയാക്കൽ പ്രക്രിയ ദ്രുതഗതിയിലാക്കണം. മുഴുവൻ വീതിയിലും ടാർ ചെയ്ത് ഓടകളും നിർമ്മിക്കണം. താബോർ കയറ്റത്തിന്റെ ഉയരം കുറയ്ക്കണമെന്ന അഭിപ്രായമുണ്ടെങ്കിലും വളരെയേറെ മനോഹാരിതയുള്ള, ഹൈറേഞ്ചിന്റെ പ്രതീതിയുണർത്തുന്ന കയറ്റം വീതികൂട്ടി നിലനിർത്തുന്നതാണ് അഭികാമ്യമെന്ന വിദഗ്ദ്ധാഭിപ്രായം കണക്കിലെടുക്കേണ്ടതുണ്ട്.

കട്ടിംഗ് മുതൽ പാലാകവല വരെ മെയിൻ റോഡിന് സമാന്തരമായുള്ളകനാൽ ബണ്ട് ഗ്രാമത്തിന്റെ മറ്റൊരനുഗ്രമാണ്. പ്രസ്തുത കനാൽ ബണ്ട് കട്ടിംഗ് മുതൽ കാരമറ്റം വരെയും പ്ലാച്ചിപ്പാറ മുതൽ പാലാ കവല വരെയും ടാർ ചെയ്താൽ മനോഹരമായ ബൈപാസ് റോഡായി. ഇത് മറ്റെങ്ങുമില്ലാത്ത സൗഭാഗ്യമാണ്. തന്മൂലം അൽപ്പം പോലും ഭൂമി ഏറ്റെടുക്കാതെ ബഹുനിരട്രാഫിക്ക് സൗകര്യം ലഭിക്കും. കോക്കുന്ന് കവലയുടെ പടിഞ്ഞാറ് ഭാഗത്ത് കനാൽ ബണ്ടിൽ നിന്ന് മൂക്കന്നൂർ - മൂന്നാംപറമ്പ് റോഡുമായി ബന്ധിപ്പിച്ച് 250 മീറ്റർ റോഡ് നിർമ്മിച്ചാൽ ബണ്ട് റോഡിന്റെ ദൈർഘ്യം കുറയ്ക്കുവാൻ കഴിയും. കട്ടിംഗ് മുതൽ ഏടലക്കാട് വരെയും അനാഥശാല മുതൽ പാലാകവല വരെയും കനാൽ ബണ്ട് അടിയന്തിരമായി ഗതാഗതയോഗ്യമാക്കേണ്ടതാണ്.

ഗ്രാമത്തിന്റെ വടക്കേ അറ്റത്ത് മെയിൻ റോഡിൽ നിന്നാരംഭിക്കുന്ന വെള്ളപ്പാറ - നെല്ലിച്ചുവട് റോഡിന്റെ വികസനം മൂക്കന്നൂരിന്റെ വികസനത്തിന് അനിവാര്യഘടകമാണ്. പ്ലാന്റേഷൻ എസ്റ്റേറ്റുകളിലേക്കും അതിരപ്പിള്ളിയിലേക്കുമുള്ള ദൂരം 4 കി ലോമീറ്റർ കുറയുന്നതിനും ഈ റോഡ് ഉപകരിക്കും. തന്മൂലം മൂക്കന്നൂർ ടൗൺ, പ്ലാന്റേഷൻ എസ്റ്റേറ്റുകളുടെ ഏറ്റവും സമീപത്തുള്ള ടൗണായി മാറും. നിർദ്ദിഷ്ട കൊച്ചി - പൊള്ളാച്ചി ഹിൽ ഹൈവേയിൽ വെള്ളപ്പാറ റോഡിന് നിർണ്ണായകമായ സ്ഥാനമുണ്ട്.

മൂക്കന്നൂരിനെ തുറവൂരുമായി ബന്ധിപ്പിക്കുന്ന കാളാർകുഴി റോഡിന്റെ വികസനം വളരെ പ്രാധാന്യമുള്ളതാണ്. ഇതര പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്ന ഒലിവേലിച്ചിറ റോഡ്, കോക്കുന്ന്- ആനപ്പാറ റോഡ്, സീക്കാട് - പോർക്കുന്നുപാറ - പ്ലാന്റേഷൻ റോഡ്, പറമ്പയം - കാട്ടാമ്പിള്ളി - സ്രാമ്പിതുരുത്ത് റോഡ്, താബോർ- കാരമറ്റം റോഡ്, കാനാൻ ദേശം റോഡ്, എടലക്കാട് - ഇഞ്ചക്കുഴി - മാണിക്കവല റോഡ്, മള്ളൂർക്കാട് കോളനി - പാലിശ്ശേരി റോഡ് എന്നീ റോഡുകൾ ഗ്രാമത്തിന്റെ വികസനത്തിന് അത്യന്താപേക്ഷിതങ്ങളാണ്. ഇവയ്ക്ക് പുറമെ ഗ്രാമത്തിന്റെ പരിധിയിൽ മാത്രം ഉൾക്കൊള്ളുന്നവയെങ്കിലും വളരെയേറെ പ്രാധാന്യമുള്ള റോഡുകൾ നിരവധിയുണ്ട്. ലിസ്റ്റ് അന്യത്ര ചേർത്തിട്ടുണ്ട്.

റോഡ് ഗതാഗതത്തിൽ പുറമെ പരിമിതമായ തോതിൽ ജലഗതാഗതത്തിനുള്ള സാദ്ധ്യതകളും ഗ്രാമത്തിലുണ്ട്. ആറാട്ട് പുഴയും ചേരാമ്പിള്ളി തോടും ഭാവിയിൽ വിനിയോഗിക്കപ്പെടാവുന്ന ജലപാതകളാണ്. അങ്കമാലി - മാഞ്ഞാലി തോടുമായി ബന്ധിപ്പിച്ച് വികസിപ്പിച്ചാൽ ഇവയെ ജലഗതാഗതത്തിന് ഉപയുക്തമാക്കാൻ കഴിയും.

മൂക്കന്നൂർ ഗ്രാമത്തിലെ റോഡുകൾ

പി.ഡബ്ലിയു.ഡി. റോഡുകൾ

1. മൂക്കന്നൂർ - ഏഴാറ്റുമുഖം റോഡ്
2. പൂതംകുറ്റി - ഏഴാറ്റുമുഖം റോഡ്
3. മൂക്കന്നൂർ - തുറവൂർ റോഡ്
4. മൂക്കന്നൂർ - ആഴകം - കറുകുറ്റി റോഡ്
5. മൂക്കന്നൂർ - വട്ടേക്കാട് - കറുകുറ്റി റോഡ്
6. പ്ലാച്ചിപ്പാറ - പാലിശ്ശേരി റോഡ്
7. പൂതംകുറ്റി - ആനപ്പാറ റോഡ്
8. ഏടലക്കാട് - ചുള്ളി റോഡ്

ഇതര പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്നതും 8 മീറ്റർ വീതിയുള്ളതും പി.ഡബ്ലിയു.ഡി. ഏറ്റെടുത്തിട്ടില്ലാത്തതും ടാർ ചെയ്ത് ഗതാഗതയോഗ്യമായതുമായ റോഡുകൾ

1. മുക്കന്നൂർ - കിടങ്ങൂർ റോഡ്
2. കോക്കുന്ന് - വാതക്കാട് റോഡ്
3. മഞ്ഞിക്കാട് - ദേവഗിരി റോഡ്
4. പൂതംകുറ്റി - മള്ളൂർക്കാട് കോളനി റോഡ്
5. പൂതംകുറ്റി - കാരമറ്റം റോഡ്
6. സെഹിയോൻ ജംഗ്ഷൻ - എടക്കുന്ന് റോഡ്

ടാർ ചെയ്ത് ഗതാഗതയോഗ്യമായിട്ടുള്ള ഇതര റോഡുകൾ

1. റേഷൻകട - ആഴകം റോഡ്
2. പാല - ഏരപ്പ് റോഡ്
3. പാലാ - കാളർകുഴി റോഡ്
4. ബസ്സേലിയോസ് റോഡ്
5. ഷാപ്പുകവല - വട്ടേക്കാട് റോഡ്
6. കൂഴുക്കാരൻ കവല - പറമ്പയം റോഡ്
7. താബോർ - ലക്ഷം വീട് കോളനി റോഡ്
8. സീക്കാട് - ഒലിവേലി റോഡ്
9. പള്ളിപ്പടി - കാളാർകുഴി റോഡ്
10. കോക്കുന്ന് - കോളനി റോഡ്
11. പുല്ല റോഡ് (ഭാഗികം)
12. താബോർ - ശാസ്താംപാററോഡ് (ഭാഗീകം)

ഇതര പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്നതും മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ടവയുമായ റോഡുകൾ

1. വെള്ളപ്പാറ - നെല്ലിച്ചുവട് റോഡ്
2. കാളാർകുഴി - തുറവൂർ റോഡ്
3. കാനാൻ ദേശം - വാതക്കാട് റോഡ്
4. മുണ്ടപ്പിള്ളി - വാതക്കാട് റോഡ്
5. ഷാപ്പുകവല - എത്തള്ളി - വാതക്കാട് റോഡ്
6. കോക്കുന്ന് - ആനപ്പാറ റോഡ്
7. ഒലിവേലിച്ചിറ റോഡ്
8. സീക്കാട്- പോർക്കുന്നുപാറ - പ്ലാന്റേഷൻ റോഡ്
9 എടലക്കാട് - ഇഞ്ചക്കുഴി - മാണിക്കവല റോഡ്
10. മള്ളൂർക്കാട് കോളനി - പാലിശ്ശേരി റോഡ്
11. താബോർ - കാരമറ്റം റോഡ്
12. പറമ്പയം - കാട്ടാമ്പിള്ളി - സ്രാമ്പിതുരുത്ത് റോഡ്
13. അട്ടാറ - കാട്ടാമ്പിള്ളി റോഡ്

പഞ്ചായത്തിന്റെ പരിധിയിൽ മാത്രമുള്ളതും മെറ്റൽ വിരിച്ച് ടാർ ചെയ്യേണ്ടതുമായ റോഡുകൾ

1. പുല്ല റോഡ്
2. പുല്ല - കിടങ്ങൂർ പാടം റോഡ്
3. കാളാർകുഴി - വാൽപ്പാറ റോഡ്
4. നക്കാളിപ്പാടം റോഡ്
5. തച്ചേപ്പാടം റോഡ്

6. കോക്കുന്ന് - എത്തള്ളിപാടം റോഡ്

7. സൈഫൻ-കോക്കുന്ന് ഈസ്റ്റ് റോഡ്

8. ജനസഭ റോഡ്

9. കോക്കുന്ന് - കിണർ റോഡ്

10. ഗാന്ധിനഗർ - പുലിതുക്കി റോഡ്

11. കോഴിക്കുളം റോഡ്

12. കൂഴുകാരൻ കവല - ശങ്കരൻ കുഴി റോഡ്

13. താബോർ - ശങ്കരൻ കുഴി റോഡ്

14. താബോർ - പ്ലാക്കമുറി റോഡ്

15. പൂതംകുറ്റി - കുട്ടാടം - ഒലിവ്മൗണ്ട് റോഡ്

16. എടലക്കാട് ജംഗ്ഷൻ - ഒലിവേലി റോഡ്

17. സീക്കാട് - ഒലിവേലി ബൈൽറ്റ് റോഡ്

18. എടലക്കാട് കോളനി റോഡ്

19. പൂതംകുറ്റി - ആനാട്ട് ചോല റോഡ്

20. താബോർ - പൂതംകുറ്റി വെസ്റ്റ് റോഡ്

21. എടലക്കാട് സൗത്ത് - കുട്ടാടം റോഡ്

22. താബോർ - ശാസ്താം പാറ റോഡ്

23. താബോർ മേട് - പറമ്പയം റോഡ്

24. താബോർ - ലക്ഷംവീട് ലിങ്ക് റോഡ്

25. പറമ്പയം - കാട്ടാമ്പിള്ളി റോഡ്

26. എലവുങ്ങമറ്റം - കാട്ടാമ്പിള്ളി റോഡ്

27. തെക്കേ അട്ടാറ - പാണ്ടിയപ്പിള്ളി റോഡ്

28. പാണ്ടിയപ്പിള്ളി - മൂന്നാംപറമ്പ് റോഡ്

29. വട്ടേക്കാട് - കടൂപ്പാടം ചിറ റോഡ്

30. വട്ടേക്കാട് - പാണ്ടിയപ്പിള്ളി കോളനി റോഡ്

31. വട്ടേക്കാട് - അമ്പലം - പാണ്ടിയപ്പിള്ളി റോഡ്

32. ആഴകം - ചോട്ടുകാല റോഡ്

33. ആഴകം - കണിച്ചിപ്പാറ റോഡ്

34. തുരുത്ത് കപ്പേള - കണിച്ചിപ്പാടം റോഡ്

35. ഇരുത്ത് ഷാപ്പു കവല റോഡ്

36. ആഴകം -തുരുത്ത് പാണ്ടിയപ്പിള്ളി റോഡ്

37. ആഴകം - വിത്തിരുന്നിൽ വേലി റോഡ്

38. ബസ്സേലിയോസ് - ചാലിൽചിറ റോഡ്

39. എരപ്പ് - തൊടുവ റോഡ്

40. ആഴകം കവല - മില്ലുപടി റോഡ്

41. അമ്പലം - ആഴകം റോഡ്

42. കൂട്ടാല അമ്പല - കൈതാലം റോഡ്

43. ആശാൻ പീടിക - കൈതാലം റോഡ്

44. ശാസ്താംപാറ - പറമ്പയം ലിങ്ക് റോഡ്

മെറ്റൽ വിരിച്ച് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കേണ്ട കനാൽ ബണ്ട് റോഡുകൾ

ബൈപാസ് റോഡുകൾ

പ്ലാച്ചിപ്പാറ - പാലാ കവല

കട്ടിംഗ് - കാരമറ്റം

സാധാരണ റോഡുകൾ

1. പാലാ - കാളാർകുഴി - ബണ്ട്

2. പൂതംകുറ്റി - കാരമറ്റം - ബണ്ട്

3. മൂലേപ്പാറ - ശങ്കരൻകുഴി ബണ്ട്

4. പ്ലാച്ചിപ്പാറ - പറമ്പയം ബണ്ട്

5. പൂതംകുറ്റി നോർത്ത് - മള്ളൂർകാട് കോളനി ബണ്ട്

6. സെഹിയോൻ കവല - ആനപ്പാറ - ബണ്ട്

7. കട്ടിംഗ് - എടലക്കാട് ബണ്ട്

8. ഷാപ്പ് കവല - ആഴകം ബണ്ട്

9. എടലക്കാട് - ചുള്ളി ബണ്ട്.

കാനാൽ പാലങ്ങൾ

1. പൂതംകുറ്റി - പാലിശ്ശേരി - നാല്കെട്ട് - കൊരട്ടി റോഡിൽ നാല്കെട്ട് കനാൽ പാലം വീതി കൂട്ടി നിർമ്മിക്കുക.

2. മള്ളൂർക്കാട് കോളനി റോഡിൽ കാരമറ്റത്ത് പുതിയ കനാൽ പാലം നിർമമിക്കുക.

3. ആനാട്ട് ചോല - കട്ടിംഗ് റോഡിൽ കനാൽ പാലം നിർമ്മിക്കുക.

4. എലവുങ്ങമറ്റം - കാട്ടാമ്പിള്ളി റോഡിൽ കാനാൽ പാലം വീതിയിൽ നിർമ്മിക്കുക.

5. ഷാപ്പ് കവല - വട്ടേക്കാട് റോഡിൽ കനാൽ പാലം വീതി കൂട്ടുക.

6. തെക്കേ അട്ടാറ - പാണ്ടിയപ്പിള്ളി റോഡിൽ പാലം വീതി കൂട്ടണം.

7. കാനാൻ ദേശം റോഡിൽ പാലം വീതി കൂട്ടണം.

8. സൈഫൺ - കോക്കുന്ന് ഈസ്റ്റ് റോഡിൽ പാലം വീതികൂട്ടണം.

പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

1. കൂട്ടാല അമ്പലം - ആശാരിത്താഴം - ഞാലൂക്കര റോഡ്

2.. പള്ളിപ്പടി - എരപ്പ് വടക്കേപ്പാടം റോഡ്

3. കണ്ടകുറ്റി - കിടങ്ങൂർ റോഡ്

4. കാളാർ കുഴി - കണ്ണേപ്പാടം റോഡ്

5. വാൽപ്പാറ - കൊമരറോഡ്

6. എരപ്പ് - ആഴകം സ്കൂൾ റോഡ്

7. തുരുത്ത് - ആഴകം കവല റോഡ്

8. ആഴകം പടിഞ്ഞാറേ കവല - അമ്പലം റോഡ്

9. വട്ടേക്കാട് - തെക്കേ അട്ടാറ റോഡ്

10. കട്ടിംഗ് - പൊങ്ങം റോഡ്

11. താബോർ പള്ളിപ്പടി - മൂലേപ്പാറ റോഡ്

12. മാവേലി മറ്റം - ഒലിവേലി റോഡ്

13. എടലക്കാട് - കുട്ടാടം ഫാം റോഡ്

പ്രശ്നങ്ങൾ

മൂക്കന്നൂർ-ഏഴാറ്റുമുഖം, പൂതംകുറ്റി-ഏഴാറ്റുമുഖം മെയിൻറോഡിനെ മേജർ ജില്ലാറോഡായി പരിഗണിക്കാത്തതു മൂലമുള്ള പ്രശ്നങ്ങൾ ഗുരുതരമാണ്. തന്മൂലം ഈ റോഡിന് അർഹിക്കുന്ന പരിഗണന ലഭിക്കുന്നില്ല.

കരയാംപറമ്പിൽ വളവ് നേരയാക്കൽ പ്രക്രിയ വിവിധകാരണങ്ങളാൽ നീണ്ടുപോകുന്നു.

പാലാ കവലമുതൽ പള്ളിപാരിഷ്ഹാൾ വരെയും

റേഷൻകട കവലയുടെ കിഴക്കുഭാഗത്തും പാറമുതൽ കോഴിക്കുളം റോഡ് വരെയും കുഴുക്കാരൻ കവലമുതൽ എടലക്കാട് കവലവരെയും വീതി കൂട്ടേണ്ടതാണ്.

ടെലിഫോൺ, വൈദ്യുതിപോസ്റ്റുകൾ അശാസ്ത്രീയമായി സ്ഥാപിച്ചിരിക്കുന്നതുമൂലം ഗതാഗതതടസ്സം ഉണ്ടാകുന്നു.

റോഡ് ടാറിംഗ് വീതി വർദ്ധിപ്പിക്കാത്തത് വലിയ പ്രശ്നമാണ്.

കരയാംപറമ്പ് മുതൽ കട്ടിംഗ് വരെ മുഴുവൻ വീതിയിൽ ടാർ ചെയ്യണം.

മെയിൻ റോഡിൽ ഗതാഗത സാന്ദ്രതകൂടിയതു കൊണ്ട് ഒട്ടേറെ പ്രശ്നങ്ങളുണ്ട്. മൂക്കന്നൂർ ടൗൺ ഭാഗത്ത് ഗതാഗതകുരുക്ക് നിത്യസംഭവമാണ്. മെയിൻ റോഡിന് സമാന്തരമായി ബൈപാസ്റോഡ് ഗതാഗതയോഗ്യമാകാത്തത് മറ്റൊരു പ്രശ്നം. കട്ടിംഗ് മുതൽ കാരമറ്റംവരെയും പ്ലാച്ചിപാറമുതൽ പാല കവലവരെയും കനാൽബണ്ട് ഗതാഗതയോഗ്യമാക്കിയേ തീരൂ. ഇതിൽ തന്നെ ബാലനഗർ മുതൽ പാലാക്കവലവരെയുള്ള ഭാഗം അടിയന്തിരപ്രാധാന്യം നല്കി പണിയണം.

റോഡുകളുടെ വാർഷിക മെയിൻറനൻസും റീടാറിംഗും യഥാസമയം നടക്കുന്നില്ല. പൂതംകുറ്റി-ആനപ്പാറ റോഡിൽ ടാറിംഗ് ജോലികൾ ചെയ്തിട്ട് ഒരു ദശകത്തിലേറെയായി. പൂതംകുറ്റി-ഏഴാറ്റുമുഖം, ഇടലക്കാട് - ചുള്ളി റോഡുകൾ റീടാറിംഗ് നടത്തുവാൻ ടെൻഡർ വിളിച്ചിട്ടും കരാറുകാർ പങ്കെടുക്കാൻ തയ്യാറാകാത്തതുമൂലം റീടാറിംഗ് ജോലികൾ അനന്തമായി നീളുന്നു. P.W.D. റോഡുകളിലെല്ലായിടത്തും ഓടകളില്ല. ഉണ്ടാക്കിയേ തീരൂ.

കോക്കുന്ന്, മഞ്ഞിക്കാട്, സെഹിയേൻ കവല, പൂതംകുറ്റി, ആഴകം, എടലക്കാട് എന്നീ ജംഗ്ഷനുകളിൽ റോഡുവികസനവും ഓടകളുടെ നിർമ്മാണവും നടന്നട്ടില്ല. തന്മൂലം ജംഗ്ഷനുകളിൽ ഗതാഗതകുരുക്ക് വർദ്ധിക്കുന്നു. കവല വികസനപദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

താബോർ കയറ്റത്തിന്റെ ഉയരവും വളവുകളും കണക്കിലെടുത്ത് കയറ്റം വീതിവർദ്ധിപ്പിക്കണം. നിലവിലുള്ള വീതിയിൽ ടാർ ചെയ്യണം. ടാറിംഗ് പൂർത്തിയാക്കിയ ബ്ലോക്ക്, പഞ്ചായത്ത് റോഡുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിന് ഫലപ്രദമായ സംവിധാനങ്ങളില്ല. പൂതംകുറ്റി-മള്ളൂർക്കാട് കോളനി റോഡ്, സെഹിയോൻ ജംഗ്ഷൻ-ഇടക്കുന്ന് റോഡ്, കോക്കുന്ന്-വാതകാട് റോഡ് എന്നീ റോഡുകളുടെ സ്ഥിതി വളരെ ശോചനീയമാണ്. ഫണ്ടില്ലാത്തതുമൂലം മൺറോഡുകളുടെ വികസനം വഴിമുട്ടിനിൽക്കുന്നു. മഴക്കാലത്ത് വാഹനങ്ങൾ കൊണ്ടുപോകുതിന് കഴിയാറില്ല. കാൽനടയാത്രപോലും അസാദ്ധ്യമായിരുന്നു. മൺറോഡുകൾ ടാറിംഗ് ചെയ്യുന്നതിനും പുതിയ റോഡുകൾ നിർമ്മിക്കുന്നതിനും ഫണ്ട് കണ്ടെത്തേണ്ടിയിരിക്കുന്നു. മൂക്കന്നൂരിൽ കനാലുകൾ തലങ്ങും വിലങ്ങുമുണ്ട്. ഇവ പതിറ്റാണ്ടുകൾക്കുമുമ്പ് നിർമ്മിച്ചിട്ടുള്ളവയാണ്. ഇവ നിർമ്മിക്കുന്ന കാലഘട്ടത്തിൽ ആൾതാമസം കുറവായിരുന്നു; വഴികളും. എന്നാൽ ഇന്ന് കനാലുകളുമായി ബന്ധിച്ചുപോകുന്ന റോഡുകൾ നിരവധി. അവയിലെ പാലങ്ങൾ വീതികൂട്ടാത്തതുമൂലം ഏറെ ക്ലേശിക്കുന്നു. വട്ടേക്കാട്-ഷാപ്പുകവല, തെക്കേഅട്ടാറ-പാണ്ടിയപ്പിള്ളി, കാനാൻദേശം റോഡ്, സൈഫൺ-കോക്കുന്ന് ഈസ്റ്റ്, സെഹിയോൺ ജംഗ്ഷൻ-ഇടക്കുന്ന്, എലവുങ്ങ മറ്റം-കാട്ടാംമ്പിള്ളി, എന്നീ റോഡുകളിലെ കനാൽ പാലങ്ങൾ വളരെ ചെറുതാണ്. പൂതംകുറ്റി-ആനാട്ടുചോല-കട്ടിംഗ്, മള്ളൂർകാട് കോളനി-പാലിശ്ശേരി റോഡ് എന്നീ റോഡുകളിൽ കനാൽ പാലങ്ങൾ ഇല്ലാത്തതുമൂലം ബുദ്ധിമുട്ടുന്നു.

ബസ്സ്, ടാക്സി സ്റ്റാൻഡുകൾ ഇല്ലാത്തതുമൂലം ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്. മൂക്കന്നൂർ ടൗണിൽ ഓട്ടോറിഷകൾ, കാറ്, ജീപ്പ്, ടെംമ്പോ എന്നിവയ്ക്കു വേണ്ടത്ര പാർക്കിംഗ് സൗകര്യങ്ങളില്ല. ടൗണിൽ അനുദിനം വർദ്ധിച്ചുവരുന്ന ഗതാഗതകുരുക്കിന് കാരണവും ഇതുതന്നെ.

കമാൻഡ് ഏരിയ ഡവലപ്പ്മെൻറ് അതോറിറ്റി നിർമ്മിച്ച റോഡുകളുടെ അവസ്ഥയും ദയനീയമാണ്. പൂതംകുറ്റി-കൂട്ടാടം-ഒലിവ്മൗണ്ട്റോഡ് മെറ്റൽ വിരിച്ച് ടാർ ചെയ്യുന്നതിന് ഭരണാനുമതി ലഭിച്ചെങ്കിലും തുടർന്നുള്ള നടപടികൾ നിർത്തിവച്ചിരിക്കുന്നത് പ്രതിഷോധാർഹമാണ്. പാടശേഖരങ്ങളിൽ കാഡാ പദ്ധതിയിൽപെടുത്തി ഫാം റോഡുകൾ നിർമ്മിക്കണം. പ്രസ്തുത റോഡുകളുടെ മെയിൻറനൻസും നടത്തണം.

ഒലിവേലിച്ചിറ റോഡ് മെറ്റൽ വിരിച്ച് ടാർ ചെയ്യുന്നതിന് വനംവകുപ്പിന്റെ ഒലിവേലിച്ചിറ വികസനപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇത്വരെയും നടപടികൾ സ്വീകരിച്ചിട്ടില്ലെന്നത് ഖേദകരമാണ്. വനത്തിൽ നിന്നും തടികയറ്റിപോകുന്ന അത്രയും വാഹനങ്ങൾ ഓടുന്നത് മൂലം റോഡ് താറുമാറായി, കാൽനടയാത്രപോലുംദുസ്സഹമായിരിക്കുന്നു.

ജലഗതാഗത സാദ്ധ്യതകളുള്ള ചേരാമ്പിള്ളി തോടും ആറാട്ട്പുഴയും നികന്നുകൊണ്ടിരിക്കുകയാണ്. ഇവ താഴ്ത്തി പാർശ്വങ്ങൾ കെട്ടിസംരക്ഷിക്കാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

സാദ്ധ്യതകൾ

മൂക്കന്നൂർ-ഏഴാറ്റുമുഖം, പൂതംകുറ്റി-ഏഴാറ്റുമുഖം മെയിൻ റോഡിനെ മേജർ ജില്ലാ റോഡായി പരിഗണി

ക്കുകയാണ് ഗതാഗതപ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗ്ഗങ്ങളിൽ പ്രഥമകാര്യം. കരയാംപറമ്പിൽ വളവ് നേരയാക്കൽ ത്വരിതപ്പെടുത്തണം. റോഡിന് ഇപ്പോൾ വീതികുറവുള്ള ഭാഗങ്ങളിൽ ജനകീയ പങ്കാളിത്തത്തോടെ വീതി വർദ്ധിപ്പിക്കുവാൻ ഗ്രാമപഞ്ചായത്തു ഭരണസമിതിയും ജനപ്രതിനിധികളും രംഗത്തിറങ്ങണം. കൂട്ടായ യജ്ഞം ഇതിലുണ്ടാകണം.

ഇലക്ട്രിക്, ടെലിഫോൺ പോസ്റ്റുകൾ മാറ്റിയിട്ട് ഓടകൾ നിർമ്മിക്കണം. നിലവിലുള്ള മുഴുവൻ വീതിയിലും ടാർ ചെയ്യണം. വെറ്റിലപ്പാറ പാലം നിർമ്മാണത്തിന് മുൻഗണന നൽകണം. സമീപത്തുള്ള പഞ്ചായത്തുകളുടേയും അങ്കമാലി മുനിസിപ്പാലിറ്റിയുടേയും കൊച്ചി കോർപ്പറേഷന്റേയും സഹകരണം തേടണം. മൂക്കന്നൂർ പഞ്ചായത്ത് ഫണ്ടിൽ നിന്ന് ഒരു നിശ്ചിത തുക ഇതിനായി നീക്കിവയ്ക്കണം. പാലം ആക്ഷൻ കൗൺസിലുമായി സഹകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം.

മൂക്കന്നൂർ വഴി കൊച്ചി-പൊള്ളാച്ചി ഹിൽ ഹൈവേ നിർമ്മിക്കുവാൻ പഞ്ചായത്ത് ഭരണസമിതി മുന്നിട്ടിറങ്ങണം. ഇതിന്റെ ആവശ്യകതയും പ്രാധാന്യവും ജനപ്രതിനിധികളേയും ഭരണാധികാരികളെയും ബോദ്ധ്യപ്പെടുത്തുവാനുള്ള തീവ്രശ്രമം നടത്തണം. സമീപ പഞ്ചായത്തുകൾ, അങ്കമാലി മുനിസിപ്പാലിറ്റി എന്നിവയുമായി സഹകരിച്ചു ഇക്കാര്യത്തിൽ കൂട്ടായ പരിശ്രമത്തിന് മുൻകൈയെടുക്കണം.

വെള്ളപ്പാറ-നെല്ലിച്ചുവട് റോഡ് നിർമ്മാണത്തിന് മുൻഗണന നൽകണം. വിവിധ ഏജൻസികളിൽ നിന്ന് ഫണ്ട് കണ്ടെത്തുന്നതോടൊപ്പം പഞ്ചായത്ത് ഫണ്ടും ഈ റോഡിനായി മാറ്റിവയ്ക്കണം. താബോറും വെള്ളപ്പാറയും ടൂറിസവികസനത്തിന് ആക്കംകൂട്ടുന്ന പ്രകൃതിരമണീയമായ പ്രദേശങ്ങളാണ്. അവ നഷ്ടപ്പെടാത്ത തരത്തിലായിരിക്കണം റോഡുവികസനം. കനാൽ പാലങ്ങളും ബണ്ടു റോഡുകളും നിർമ്മിക്കുന്നതിന് ജലസേചന വകുപ്പിന്റെ സഹായം ലഭ്യമാക്കാവുന്നതാണ്. ഇപ്പോൾ ഇടമലയാർ പദ്ധതിയിൽ പെടുത്തി കനാൽ നവീകരണജോലികൾ നടന്നുവരികയാണ്. അതോടുബന്ധമായിത്തന്നെ റോഡുകളും പാലങ്ങളും നിർമ്മിക്കാവുന്നതാണ്.

ഒലിവേലി വനപ്രദേശത്തേയ്ക്കുള്ള ഒലിവേലിച്ചിറ റോഡു നിർമ്മാണത്തിന് വനംവകുപ്പിന്റെ സഹകരണം തേടാവുന്നതാണ്. വനത്തിൽ നിന്നും തടികയറ്റിപോകുന്ന വാഹനങ്ങളുടെ എണ്ണം വളരെയേറെയാണ്. ഒലിവേലിച്ചിറ വികസനപദ്ധതിയിൽ പെടുത്തിയിട്ടുള്ള പ്രസ്തുത റോഡ് മെറ്റൽ വിരിച്ച് ടാറു ചെയ്യുന്നതിന് വനംവകുപ്പിൽ സമ്മർദ്ദം ചെലുത്തേണ്ടതാണ്.

പുതിയ റോഡുകളുടെ നിർമ്മാണത്തിന് N.S.S., N.C.C. പോലുള്ള സന്നദ്ധസംഘടനകളുടെ സേവനം ലഭ്യമാക്കാവുന്നതാണ്. ഇതരപഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്ന റോഡുകൾക്ക് മുൻഗണന നൽകേണ്ടതാണ്. പൊതുമരാമത്തുവകുപ്പിന്റെ കവലവികസനപദ്ധതികളിൽ പെടുത്തി കവലകളുടെ വികസനവും ഓടനിർമ്മാണവും നടത്താവുന്നതാണ്.

കാഡാ, മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനം പഞ്ചായത്ത് പ്രദേശത്ത് വ്യാപിപ്പിക്കേണ്ടതാണ്. ഫാം റോഡുകളും ക്രോസ്സ് ബാറുകളും ഇവ മുഖേന നിർമ്മിക്കാവുന്നതാണ്. ഭരണാനുമതി ലഭിച്ചിട്ടുള്ള പൂതംകുറ്റി-കൂട്ടാടം-ഒലീവ്മൗണ്ട് ഫാം റോഡ് നിർമ്മാണം അടിയന്തിരമായി നടത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

താബോർ മേഖലയിലെ റോഡുവികസനത്തിന് കരിങ്കൽ ക്വാറി ഉടമകളുടെ സഹകരണം തേടാവുന്നതാണ്. താബോർ മേട്-പറമ്പയം റോഡ്, താബോർ-ശങ്കരൻകുഴി റോഡ് എന്നീ ക്വാറികളുമായി ബന്ധപ്പെട്ട റോഡുകൾ ഉടമകളുടെ സഹകരണത്തോടെ പൂർത്തിയാക്കേണ്ടവയാണ്.

സെഹിയോൻ ജംഗ്ഷൻ-എടക്കുന്ന്, പൂതംകുറ്റി-ആനപ്പാറ, പൂതംകുറ്റി-മള്ളൂർകാട്, പൂതംകുറ്റി-ഏഴാറ്റുമുഖം, എടലക്കാട്-ചുള്ളി, കോക്കുന്ന്-വാതക്കാട് റോഡുകൾ അടിയന്തിരമായി റീടാറിംഗ് നടത്തേണ്ടതാണ്. റോഡുകളുടെ റീടാറിംഗ്, മെയിൻറനൻസ് എന്നിവ യഥാസമയം നടത്തുന്നതിന് പഞ്ചായത്തു തലത്തിൽ തന്നെ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

മൂക്കന്നൂർ ടൗണിനോടനുബന്ധിച്ച് ടാക്സിസ്റ്റാൻഡും ബസ്സ്റ്റാൻഡും നിർമ്മിക്കേണ്ടതാണ്. വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ഏജൻസികളിൽ നിന്നും വായ്പ ലഭ്യമാക്കാവുന്നതാണ്. സ്റ്റാൻഡ് ഫീസ്, വാടക എന്നിങ്ങനെ പഞ്ചായത്തിന് വരുമാനവും ലഭിക്കുന്നതാണ്.

പട്ടികജാതി കോളനികളുമായി ബന്ധപ്പെട്ട റോഡുകൾ പ്രത്യേകഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കാവുന്നതാണ്.

മൈനർ ഇറിഗേഷൻ വകുപ്പിന്റെ സഹകരണത്തോടെ ആറാട്ട് പുഴയും, ചേരാമ്പിള്ളിതോടും താഴ്ത്തിപാർശ്വങ്ങൾ കെട്ടിസംരക്ഷിക്കേണ്ടതാണ്. യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സഹായവും ലഭ്യമാക്കാവുന്നതാണ്.

ഊർജ്ജം

1. മുക്കന്നൂർ ഇലക്ട്രിസിറ്റി ഓഫീസിന് സ്വന്തമായ കെട്ടിടം ഉണ്ടാക്കുക

2. ഉപഭോക്താക്കളുടെ എണ്ണത്തിനനുസരിച്ച് സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിക്കുക. പണികൾ കൃത്യമായി ചെയ്യുക.,

3. അപേക്ഷകർക്ക് എല്ലാവർക്കും കണക്ഷൻ കൊടുക്കുവാനുള്ള അടിയന്തിരനടപടി ഉണ്ടാക്കുക

4. മുക്കന്നൂർ പഞ്ചായത്തിന്റെ പാലാ കവല തുടങ്ങി മലഞ്ചരക്ക് കവല വരെ സോഡിയം വേപ്പർ ലാംബ് സ്ഥാപിക്കുക.

5. അതിവേഗം വളർച്ച പ്രാപിച്ചുകൊണ്ടിരിക്കുന്ന മുക്കന്നൂർ പഞ്ചായത്തിന്റെ ഭരണിപ്പറമ്പ് തുടങ്ങി കട്ടിംഗ് വരേയുള്ള ഇലക്ട്രിക്ക് പോസ്റ്റുകളിൽ ഒന്നിടവിട്ട് ട്യൂബ് ലൈറ്റ് സ്ഥാപിക്കുക

6. മുക്കന്നൂർ പഞ്ചായത്തിലെ ഉർജ്ജക്ഷാമം പരിഹരിക്കുന്നതിന് കാറ്റിൽ നിന്നുള്ള വൈദ്യുതിക്കും ചെറിയ ജലവൈദ്യുത പദ്ധതിക്കും രൂപംകൊടുത്ത്-വൈദ്യുതി ക്ഷാമം പരിഹരിക്കുക. കാറ്റിൽ നിന്നും വൈദ്യുതി ഉൽപാതിപ്പിക്കുന്നതിന് താബോർക്കുന്ന് അനുയോജ്യമാണോ എന്നു പരിശോധിക്കുക.

7.പഞ്ചായത്ത് അതിർത്തിയിലെ സ്ട്രീറ്റ് ലൈറ്റ് വിതരണം പൂർണ്ണമായും പഞ്ചായത്തിനെ ഏൽപ്പിക്കുക. അതിനുള്ള ഫണ്ട് പഞ്ചായത്തിന് കൈമാറുക.

8. മിനി വ്യവസായ സ്ഥാപനങ്ങൾക്ക് പെട്ടന്ന് കറൻറ് കൊടുക്കുവാൻ നടപടികൾ സ്വീകരിക്കണം.

9. എസ്സ്. എസ്സ്. ഐ. യൂണിറ്റുകൾക്ക് കറൻറ് ചാർജിൽ 50% സബ്സിഡി നൽകുക.

10. 4ാം വാർഡിൽ വോൾട്ടേജ് ക്ഷാമം വളരെക്കൂടുതലാണ് അതിനാൽ കപ്പാസിറ്റികൂടിയ ട്രാൻസ്ഫോമർ സ്ഥാപിക്കുക.

11. 5ാം വാർഡിലെ വോൾട്ടേജ് വ്യതിയാനം പരിഹരിക്കുന്നതിന് പറമ്പയം ട്രാൻസ്ഫോമർ ശേഷി വർദ്ധിപ്പിക്കണം.

12. ഒന്നും രണ്ടും മൂന്നും നാലും വാർഡിലും അടിയന്തിരമായി സ്ട്രീറ്റ് ലൈറ്റ് എത്തിക്കുക

13. പൂതംകുറ്റി മുള്ളൂർകാട് കോളനിയിൽ ത്രീഫേസ് കണക്ഷൻ കൊടുക്കുക

14. എടലക്കാട്- ഒലിവേലി, പൂതംകുറ്റി, ആനപ്പറ എന്നീറോഡുകളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക

15.പൂതംകുറ്റി-കാരമറ്റം,പൂതംകുറ്റി-ഇഞ്ചക്കുഴി, എടലക്കാട് - കൂട്ടാടം, പൂതംകുറ്റി- കൂട്ടാടം എന്നീഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് ഇടുക

16. 6ാം വാർഡിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പുതിയ ട്രാൻസ്ഫോമർ സ്ഥാപിക്കുക

17 വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് ശങ്കരൻകുഴിയിലും ഗാന്ധിനഗറിലും പുതിയ ട്രാൻസ്ഫോമർ സ്ഥാപിക്കുക.

18. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് കാനാൻ ദേശത്ത് പുതിയ ട്രാൻസ്ഫോമർസ്ഥാപിക്കുക.

19 വൈദ്യുതീകരിക്കാത്തലക്ഷം വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കുക

20 സ്ട്രീറ്റ്ലൈറ്റ് വേണ്ട സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

21.സോളാർ യൂണിറ്റുകൾ സ്ഥാപിക്കുക, അതിന് സബ്സിഡി നൽകുക.

22. കണ്ടംകുറ്റി കാളാർക്കുഴി റോഡിൽ ത്രീഫേസ് കണക്ഷൻ നൽകുകയും വഴിവിളക്കുകൾ സ്ഥാപിക്കുകയും ചെയ്യണം

23. കേടുവന്ന പോസ്റ്റുകൾ മാറ്റിയിടുക

24. പ്രധാനപ്പെട്ട ജംഗ്ഷനുകളിലും തെരുവുകളിലും വഴിവിളക്ക് സ്ഥാപിക്കുക.

25. വോൾട്ടേജ്ക്ഷാമം പരിഹരിക്കുന്നതിന് മൂന്നാം പറമ്പ് ഭാഗത്ത് പുതിയ ട്രാൻസ്ഫോമർ സ്ഥാപിക്കുക.

26 പടിഞ്ഞാറേ ഭാഗത്ത് നാലാം വാർഡ് 100 വീടു

കളിൽ വൈദ്യുതി കൊടുക്കുക.

27. പഞ്ചായത്ത് അതിർത്തിയിലെ എല്ലാ ഉപഭോക്താകൾക്കും മുക്കന്നൂർ ഇലക്ട്രിസിറ്റി ഓഫീസിൽ കറൻറ് ചാർജ് അടക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കണം.

28. 6ാം വാർഡിൽ കറൻറ് നിലവിലുള്ള സ്ഥലങ്ങളിൽ ത്രീഫേസ് കണക്ഷൻ നൽകുക.

29. തൃപ്തി ഓയിൽ മില്ലിന് സമീപം ട്രാൻസ്ഫോമർ, തുരുത്ത് വട്ടേക്കാട്, പാണ്ട്യായപിള്ളി ഭാഗത്ത് വൈദ്യുതി കൊടുക്കണം.

30. 9ാം വാർഡിലെ കാളാർകുഴി ഭാഗത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് - സമുദായപറമ്പിനടുത്ത് - (ലക്ഷം വീട് ജംഗ്ഷനിൽ) പുതിയ ട്രാൻസ്ഫോമർ സ്ഥാപിക്കുക.

31. 9ാം വാർഡിലെ കാളാർകുഴി ലക്ഷം വീട് - കണ്ടംകുറ്റി, പുല്ലകിടങ്ങൂർ റോഡ് മുതലായ സ്ഥാലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

32. കിടങ്ങൂർ റോഡിലും പുല്ല റോഡിലും തെക്കെകുരിശിൻ പറമ്പിലും, കാളാർകുഴി സ്റ്റോപ്പിലും കണ്ടംകുറ്റി കവലയിലും , ലക്ഷം വീട് കവലയിലും കളാർക്കുഴി കവലയിലും, വാൽ പാറ ജംഗ്ഷനിലും പൊങ്ങം കവലയിലും ട്യൂബ്ലൈറ്റുകൾ സ്ഥാപിക്കുക.

33. കാളാർക്കുഴി ഹരിജൻ കോളനികളിൽ കണക്ഷൻ കിട്ടാത്തവർക്ക് ഫ്രീയായി കണക്ഷൻ നൽകുക.

34. മുക്കന്നൂർ പഞ്ചായത്തിലെ എല്ലാവർക്കും - 9ാം പദ്ധതികാലത്ത് - കണക്ഷൻ നൽകുക.

35. പുല്ല- കാളാർകുഴി - ലക്ഷം - പ്രദേശങ്ങളിൽ ത്രീഫേസ് കണക്ഷൻ നൽകുക.

36. മിനിമം ഗ്യാരണ്ടി വച്ചിരിക്കുന്ന എല്ലാം ഇലക്ട്രിസിറ്റി ഗുണഭോക്താകൾക്കും കണക്ഷൻ നൽകുക.

37. മുക്കന്നൂർ പഞ്ചായത്തിലെ എല്ലാം ഹരിജൻ കോളനികളും സൗജന്യമായി വൈദ്യുതീകരിക്കുക

38. ഹരിജൻ കോളനികളിൽ റോഡുകൾക്ക് പ്രാധാന്യം നൽകി വഴിവിളക്കുകൾ സ്ഥാപിക്കുക

ആഴകം കറുകുറ്റി, തുരുത്ത് മുന്നാംപറമ്പ് ,വട്ടേക്കാട് കറുകുറ്റി, ചോട്ടുകവല ആഴകം എന്നി റോഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

പാർപ്പിടം - സാമൂഹ്യക്ഷേമം

മൂക്കന്നൂർ പഞ്ചായത്ത് വികസന സമിതിയുടെ നേതൃത്വത്തിൽ 9-ാം പഞ്ചവത്സര പദ്ധതിയുടെ നടത്തിപ്പിന്റെ ഭാഗമായി നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ പാർപ്പിടം സാമൂഹ്യ ക്ഷേമം എന്നിവിഷയങ്ങളെ സംബന്ധിക്കുന്ന സംക്ഷിപ്ത റിപ്പോർട്ട്

രാഷ്ട്രപിതാവ് മഹാത്മജിയുടെ സുന്ദരമായ സ്വപ്നങ്ങളെ സാക്ഷാത്ക്കരിച്ചുകൊണ്ട് അധികാരം ജനങ്ങളിലേക്ക് എന്ന മുദ്രാ വാക്യത്തിൽ നിന്നും ആവേശം ഉൾക്കൊണ്ട് ഭാരതത്തിലെ 100 കോടിയോളം വരുന്ന ജനതയോടൊപ്പം മൂക്കനനൂർ ഗ്രാമത്തിലെ 17147-ഓളം വരുന്ന ജനസമൂഹവും,അധികാരവികേന്ദ്രീകരണ പ്രകക്രിയയിൽ ഭാഗഭാക്കുകളായിത്തീരുന്നു.

ഭാരതത്തിന്റെ സമഗ്ര വികസനത്തിനായി നാം നടത്തിയ പല പരിപാടികളിലും ജനപങ്കാളിത്തത്തിന്റെ അഭാവം പലപ്പോഴും പുരോഗതിയുടെ പാതയിൽ ഒരു തടസമായിരുന്നു. ആസൂത്രണം മുകളിൽ നിന്നും എന്നതിനുപകരം താഴെനിന്ന് മുകളിലേക്കുള്ള ഒന്നായി മാറുന്നു.

മേൽപറഞ്ഞ ഉദ്ദേശ്യലക്ഷ്യങ്ങളോടെ മൂക്കന്നൂർ പഞ്ചായത്തിലെ 9-ാം പദ്ധതിയുടെ രൂപീകരണ പ്രക്രിയയിൽ ഈ ഗ്രാമത്തിലെ നല്ലൊരു ശതമാനം ജനങ്ങളും പങ്കുകാരായിട്ടുണ്ട്. വർദ്ധിച്ച ആവേശത്തോടെ ജനങ്ങൾ ഗ്രാമസഭകളിൽ പങ്കെടുക്കുകയും തങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു. ഈ അഭിപ്രായങ്ങൾ ക്രോഡീകരിച്ച് വികസനരൂപരേഖ തയ്യാറാക്കപ്പെട്ടു.

മുകളിൽ വിവരിച്ചപ്രകാരം അധികാര വികേന്ദ്രീകരണമെന്ന ലക്ഷ്യത്തോടെ ജനപങ്കാളിത്തം ഉറപ്പുവരുത്തി 9-ാം പഞ്ചവത്സരപദ്ധതി കേരളത്തിൽ നടപ്പിൽ വരുത്തുമ്പോൾ എറണാകുളം ജില്ലയിൽ ആലുവ താലൂക്കിലെ അങ്കമാലിബ്ലോക്ക് പഞ്ചായത്തിന്റെ ആഴകം മൂക്കന്നൂർ ഡിവിഷനുകളുൾപ്പെട്ട മൂക്കന്നൂർ പഞ്ചായത്തിലെ 17147- പരം വരുന്ന ജനങ്ങൾ ജനാധിപത്യത്തിനേറെയും, ആസൂത്രണ പ്രക്രിയയുടെയും ഭാഗഭാക്കുകളായിതീരുന്നു.

അങ്കമാലി അസംബ്ലിമണ്ഡലത്തിന്റെ ഒരു പ്രധാന ഭാഗമായി 17.5 ച.സ്കയർ മൈൽ വ്യാപിച്ചുകിടക്കുന്ന മൂക്കന്നൂർ പഞ്ചായത്തിലെ 9 വാർഡുകളിലേയും ജനങ്ങം അവരുടെ വാർഡ് മെമ്പർമാരുടെ കീഴിൽ അണിനിരന്ന് മൂക്കന്നൂർ ഗ്രാമത്തിന്റെ പ്രിയപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് എം.പി. വർഗീസ് മാസ്റ്ററുടെയും വൈസ് പ്രസിഡൻറ് ശ്രീ എം.പി. പൗലോസിന്റെയും നേതൃത്വത്തിൽ തങ്ങളുടെ ഗ്രാമത്തിന്റെ വികസനം മുന്നിൽ കണ്ട് ഒരു മനസ്സോടെ , ഒരുമയോടെ മുന്നേറുന്ന അനുഭവം ഇവിടെ സാക്ഷാൽക്കരിക്കപ്പെടുന്നു.

മൂക്കന്നൂർ പഞ്ചായത്തിലെ 17147 - ഓളംവരുന്ന ഈ പഞ്ചായത്തിലെ 4747 വീടുകളിലായി അധിവസിക്കുന്നു. വെള്ളം വെളിച്ചം, പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുള്ള സൗകര്യം എന്നീ അടിസ്ഥാന സൗകര്യങ്ങളെ വീടിന്റെ ലക്ഷണങ്ങളായി കണക്കാക്കിയാൽ ഈ പഞ്ചായത്തിലെ 4000 ഓളം വീടുകൾ ഇപ്രകാരം അടിസ്ഥാന സൗകര്യങ്ങളുള്ള വീടുകളായി കാണാനാകുകയില്ല.

ഭവന നിർമ്മാണരംഗത്തെ ആധുനികപ്രവണതകളെയും ഈ പഞ്ചായത്തിലും കാണാനാകും. അംബരചുംബികളായ മണിമന്ദിരങ്ങളുടെ നിർമ്മാണം എന്നും മനുഷ്യന് ഹരമാണല്ലോ!

മൂക്കന്നൂർ പഞ്ചായത്തിലെ 4747 വീടുകളിൽ 931 എണ്ണം വാർക്ക വീടുകളാണ്. എന്നാൽ പഴമയുടേയും പ്രതാപത്തിന്റെയും പ്രതീകങ്ങളായി തന്നെ നിലകൊള്ളുന്ന 3150 വീടുകൾ ഈ പഞ്ചായത്തിലുണ്ട്.ഇതിനിടയ്ക്ക് പൊതുവെ വെള്ളത്തിനടിയിലെ ദാഹം പോലെ ചോർന്നൊലിക്കുന്ന ഓല കുടിലുകളുടെ കാഴ്ചയുമുണ്ട്. 217 വീടുകൾ ഇത്തരത്തിലുള്ളവയാണ്.

പഞ്ചനക്ഷത്ര ഹോട്ടലിന്റെ തലയെടുപ്പോടെ ഉയർന്നു നിൽക്കുന്ന രമ്യഹർമ്യങ്ങൾക്കു മുമ്പിലായിമനുഷ്യന് കടന്നു കൂടുവാൻ പ്രയാസമായ ഓലക്കുടിലുകൾ കനാൽ ബണ്ടുകളിലായി കാണുന്നു. തന്റേതെന്നവകാശപ്പെടാൻ ഒരിഞ്ചുഭൂമി പോലുമില്ലാത്ത

ഈ ദരിദ്ര നാരായണന്മാർ പട്ടയമോ എന്തെങ്കിലും രേഖയോ കൈയ്യിലില്ലാതെ കനാൽ ബണ്ടുകളുടെ ഓരംപറ്റി അന്തിയുറങ്ങാൻ കുടിലുകൾ തീർത്തിരിക്കുന്നത് മൂക്കന്നൂർഗ്രാമത്തിന്റെ ഒരുൾ ചിത്രം മാത്രം.

മുമ്പു സൂചിപ്പിച്ചതുപ്രകാരം വെള്ളം വെളിച്ചം, പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുള്ള സൗകര്യങ്ങൾ എന്നിവ അടിസ്ഥാന സൗകര്യങ്ങളായി കണക്കിലെടുത്താൽ ഇവ പൂർണ്ണമായും ഇല്ലാത്ത ആറ് കോളനികൾ ഈ ഗ്രാമത്തിലുണ്ട്.സർക്കാരിന്റേയും പഞ്ചായത്തിന്റെയും പ്രവർത്തനങ്ങളുടെ ഫലമായി പല നാളുകളിലായി രൂപം കൊടുത്ത ആറ് ലക്ഷംവീടുകോളനികളിലായി 120 വീടുകൾ മൂക്കന്നൂർ ഗ്രാമത്തിലുണ്ട്. ഇതിൽ രണ്ട് കോളനികൾ 4 സെന്റ് കോളനികളാണ്. 40 വീടുകൾ ഇവയിൽ വരുന്നു.

വിവിധ പദ്ധതികൾ വഴി മൂക്കന്നൂർ പഞ്ചായത്തിൽ നാളിതുവരെ കൊടുത്തിട്ടുള്ള ഭവനങ്ങൾ 200 മാത്രമാണ്. ആവശ്യങ്ങൾ കണക്കിലെടുക്കുമ്പോൾ ഇത് തുലോം കുറവാണെന്നു കാണാവുന്നതാണ്.

എല്ലാവർക്കും ഭവനം എന്ന ആശയം പ്രാവർത്തികമാകണമെങ്കിൽ ഇനിയും ഈ പഞ്ചായത്തിന്റെ നോട്ടത്തിൽ 500 വീടുകളെങ്കിലും പണി തീർക്കേണ്ടിയിരിക്കുന്നു.

തലചായ്ക്കാനിടമില്ലാതെ വലയുന്ന വികലാംഗരുള്ള ഈ പഞ്ചായത്തിൽ രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി പ്രകാരം ഏതാനും വീടുകൾ അടിയന്തിരമായി നിർമ്മിക്കേണ്ടിയിരിക്കുന്നു. ജനങ്ങളുടെ തന്നെ പങ്കാളിത്തത്തോടെ സർക്കാരിന്റെ വിവിധ പദ്ധതികൾ വഴി ഭവനനിർമ്മാണ പദ്ധതികൾ നടപ്പിലാക്കാൻ ഈ ഗ്രാത്തിൽ സാധ്യതകളും അതിവിപുലമാണ്.

മൂക്കന്നൂർ പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലുമുള്ള ഹരിജൻ കോളനികളിൽ ഇപ്പോഴും അടിസ്ഥാന സൗകര്യങ്ങൾ എത്തിനോക്കിയിട്ടുപോലുമില്ല. ഇതുപോലെതന്നെ ഈ പ്രദേശത്തെ ലക്ഷംവീടുകളിലെ ഇരട്ട വീടുകളും നിർത്തലാക്കുകയെന്നത് ഈ പഞ്ചായത്തിലെ പാർപ്പിട മേഖലയിലെ ഒരു പ്രധാന ആവശ്യമാണ്.

ഭവന നിർമ്മാണ രംഗത്ത് മൂക്കന്നൂർ ഗ്രാമത്തിൽ നടപ്പിലിരിക്കുന്ന പ്രധാന പദ്ധതികൾ.

ഇന്ദിര ആവാസ് യോജന

ഐ.ആർ.ഡി.പി സർവ്വേയിൽപ്പെടുന്ന ഭവന രഹിതരും സ്വന്തമായി വീടുവയ്ക്കാൻ സ്ഥലമില്ലാത്തവരുമാണ് ഇതിന്റെ ഗുണഭോക്താക്കൾ. ഈ പദ്ധതി പ്രകാരം 10 വീടുകൾ അങ്കമാലി ബ്ലോക്ക് മുഖേന ലഭിച്ചിട്ടുണ്ട്. 15800 രൂപ പദ്ധതി വിഹിതമുള്ള ഈ സംരംഭം ഈ നാട്ടിലെ ജനങ്ങൾക്ക് ഒരാശ്വാസമാണ്.

മില്യൻ വെൽ സ്കീം.

ബ്ലോക്ക് മുഖേന ഈ പഞ്ചായത്തിൽ നടപ്പിലാക്കുന്ന മറ്റൊരു ഭവനനിർമ്മാണ പദ്ധതിയാണിത്. ഇതിന്റെ ഗുണഭോക്താക്കൾ നേരത്തെ സൂചിപ്പിച്ചപോലെ ഐ.ആർ.ഡി.പി. സർവ്വേയിൽപ്പെടുന്നവരാണ്. ഇതുപ്രകാരം 4 വീടുകളും ലഭിച്ചിട്ടുണ്ട്.

ഭവന നിർമ്മാണരംഗത്ത് മൂക്കന്നൂർ പഞ്ചായത്തിലെ പ്രവണതകളും, പ്രശ്നങ്ങളും.

അനുകരണഭ്രമത്തിന്റേയും ആർഭാട ജീവിതത്തിന്റേയും അമിത സ്വാധീനം ഭവന നിർമ്മണ രംഗത്ത് ഈ പഞ്ചായത്തിൽ കാണുവാൻ സാധിക്കും. ആവശ്യം എന്നതിനേക്കാൾ ആർഭാടത്തിനായി പടുകൂറ്റൻ കെട്ടിടങ്ങൾ ഉണ്ടാക്കുന്നതിൽ ഈ പഞ്ചായത്തിലെ നല്ലൊരു വിഭാഗം ജനങ്ങളും അതീവ തൽപരരാണ്.

ചിലവുകുറഞ്ഞ വീടുകളുടെ നിർമ്മാണം ഈ പഞ്ചായത്തിൽ വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോയതായി കാണാൻ കഴിയും. അതുപോലെ തന്നെ കോൺട്രാക്ട് സമ്പ്രദായം കെട്ടിടനിർമ്മാണരംഗത്ത് ഈയിടെ പ്രസിദ്ധിയാർജ്ജിച്ചുവന്നിട്ടുള്ളതായി കാണാൻ കഴിയും.

ഭവന നിർമ്മാണ രംഗത്തെ ഈ പഞ്ചായത്തിലെ പ്രധാന പ്രശ്നം കെട്ടിട തൊഴിലാളികളുടെ അഭാവം തന്നെ. കരിങ്കല്ല്, ചെങ്കല്ല് തുടങ്ങിയ നിർമ്മാണ സാമഗ്രികളുടെ ലഭ്യത കൂടുതലുള്ള ഈ പ്രദേശത്ത്, ഇവ വേണ്ട രീതിയിൽ വികസിപ്പിച്ചെടുക്കാൻ നമുക്ക് കഴിയേണ്ടിയിരിക്കുന്നു. ഇതിനായി തിരഞ്ഞെടുത്ത തൊഴിലാളികളെ പരിശീലിപ്പിക്കേണ്ടതാണ്.

സാധ്യതകൾ

ചെങ്കല്ല്, കരിങ്കല്ല് തുടങ്ങിയ നിർമ്മാണ സാമഗ്രികൾകൊണ്ട് അനുഗ്രഹീതമാണ് മൂക്കന്നൂർ പഞ്ചായത്ത്. ഇവ വേണ്ട രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ ഒരു വലിയ മാറ്റം തന്നെ സംഭവിക്കും.

മുക്കന്നൂർ പഞ്ചായത്തിലെ കെട്ടിടങ്ങളെ സംബന്ധിച്ച വിവിരങ്ങൾ

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽ കൂടുതൽ നിലകളുള്ളവ	കോൺക്രീറ്റണ	ഓട്	ഓല	മറ്റുള്ളവ
1	517	9	172	289	6	41
2	136	10	131	266	16	13
3	550	11	124	362	29	24
4	858	9	188	576	48	37
5	601	11	110	405	55	20
6	579	2	102	413	32	30
7	637	15	174	377	23	48
8	569	21	130	362	8	48
ആകെ	4747	88	1131	3050	217	261

സാമൂഹ്യക്ഷേമം

സമത്വ സുന്ദരവും മനോഹരവുമായ ഒരു ക്ഷേമ രാഷ്ട്രം കെട്ടിപ്പടുക്കുകയെന്നതാണ് നമ്മുടെ ലക്ഷ്യം തന്നെ. ഭാരതത്തിന്റെ ഭരണഘടനയുടെ ആമുഖത്തിലും, തുടർന്ന് ഓരോഭാഗങ്ങളിലും ഈ ലക്ഷ്യം എടുത്തു കാണിക്കുന്നുണ്ട്. എന്നാൽ നാളിതുവരെ പല പദ്ധതി കാലങ്ങളിലും നമുക്കീസങ്കല്പം നടപ്പിലാക്കാൻ കഴിയാതെ പോയി. ഈ അപാകത ഒരു വലിയ പരിധിവരെ ഇല്ലാതാക്കാൻ 9-ാം പഞ്ചവത്സരപദ്ധതി സഹായകരമാകും.

അധികാര വികേന്ദ്രീകരണത്തിലൂടെ 9-ാം പഞ്ചവത്സരപദ്ധതി ജനകിയ പങ്കാളിത്തത്തോടെ നടപ്പിൽ വരുത്തുമ്പോൾ മുക്കന്നൂർ പഞ്ചായത്തിൽ ഒട്ടേറെ ക്ഷേമ പ്രവർത്തനങ്ങൾ കൂടി നടപ്പിലാക്കേണ്ടിയിരിക്കുന്നു. ഇവയിൽ വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, വാർദ്ധക്യകാലപെൻഷൻ കർഷകതൊഴിലാളി പെൻഷൻ, തുടങ്ങിയ പെൻഷൻ പദ്ധതികൾ പ്രധാനമായവയാണ്. ഇവയൊന്നുംതന്നെ മുക്കന്നൂർ പഞ്ചായത്തിൽ വേണ്ടരീതിയിൽ നിലവിലില്ലയെന്നത് എടുത്തു പറയേണ്ടിയിരിക്കുന്നു.

അതുപോലെ തന്നെ സാമൂഹ്യക്ഷേമത്തിന്റെ ഭാഗമായ മഹിളാ സമാജങ്ങൾ, ബാലവാടികൾ എന്നിവ ഈ പഞ്ചായത്തിന്റെ ആവശ്യം വച്ചുനോക്കുമ്പോൾ കുറവാണെന്നുകാണാം.

ശരിയായ നിർദ്ദേശങ്ങളും ഉപദേശങ്ങളും വേണ്ട സമയത്ത് ലഭ്യമല്ലാത്തത് സ്വയം തൊഴിൽ സംരംഭങ്ങൾ പലപ്പോഴും പരാജയപ്പെടാൻ ഈ പഞ്ചായത്തിൽ കാരണമായിട്ടുണ്ട്. യഥാർത്ഥ അർഹതയുള്ളവർക്ക് സഹായങ്ങളെത്തിയാൽ സ്ഥിതിയാകെ മാറ്റാൻ കഴിയും.

ഇങ്ങനെയൊക്കെയാണെങ്കിലും മുക്കന്നൂർ പഞ്ചായത്തിൽ താഴെ പറയുന്ന രീതിയിലുള്ള ചില സാമൂഹ്യക്ഷേമ പദ്ധതികൾ ഒരു പരിധിവരെ ഭംഗിയായി നടത്തുന്നുണ്ടെന്ന് തന്നെ പറയാം. ഇവ താഴെ കാണും പ്രകാരമാണ്.

ഐ. ആർ.ഡി.പി

ദാരിദ്ര്യനിർമ്മാർജ്ജനം എന്ന ലക്ഷ്യം നേടുന്നതിനുവേണ്ടിയുള്ള ഒരു കേന്ദ്രസർക്കാർ പദ്ധതിയാണ് സംയോജിത ഗ്രാമ വികസന പരിപാടി (**Integrated Rural Development Programme**) പ്രതിവർഷ വരുമാനം 11000 രൂപയിൽ കുറവുള്ള കുടുംബങ്ങളെ ദാരിദ്ര്രേഖയ്ക്ക് താഴെയായി കണക്കാക്കി 1992 ൽ നടത്തിയ ഐ.ആർ.ഡി.പി. കുടുംബ സർവ്വെയിൽ മുക്കന്നൂർ പഞ്ചായത്തിൽ SC/ST വിഭാഗത്തിൽ 54 കുടുംബങ്ങൾ വരും ഇതിൽ നാളിതുവരെ 172 കുടുംബങ്ങളെ സഹായിച്ചു. 43 കുടുംബങ്ങൾ SC/ST വിഭാഗത്തിൽപ്പെടുന്നു(വാർഡ് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്)

ട്രൈസം (Training of Rural youth for self Employment)

ഗ്രാമീണയുവജനങ്ങൾക്ക് ചെറുകിട കുടിൽ വ്യവ

സായ സർവ്വീസ് മേഖലകളിൽ സ്വയംതൊഴിൽ പരിശീലനം നൽകി അവർക്ക് ഐ.ആർ.ഡി.പി യുടെ പൂർണ്ണ പ്രയോജനം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നതാണ് ഈ പരിപാടി. നമ്മുടെ പഞ്ചായത്തിൽ വിവിധ കാലങ്ങളിൽ, 13 പേർക്ക് ട്രെയിനിംഗ് ലഭിച്ച പദ്ധതികളുമായ് ബന്ധപ്പെട്ടു സ്വയം തൊഴിൽ ചെയ്യുന്നവരും മറ്റുള്ളവർ ഇതര തൊഴിൽ ചെയ്യുന്നവരുമാണ് . പ്രിൻറിംഗ് ആൻറ് കമ്പോസിംഗ്, ഡ്രൈവിംഗ്, ലാബ് ടെക്നീഷ്യൻ,റേഡിയോ ടി.വി റിപ്പയറിംഗ് തുടങ്ങിയ ട്രേഡുകളിലാണ് ഇവർക്ക് ട്രെയിനിംഗ് ലഭിച്ചിട്ടുള്ളത്. എന്നാൽ ചില ട്രേഡുകളിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിൽ കൂടുതൽ മുതൽ മുടക്ക് ആവശ്യമുള്ളതിനാൽ നമ്മുടെ മേഖലയിലുള്ള ബാങ്കുകൾ ഇവരെ സഹായിക്കുന്നതിന് താല്പര്യം കാണിക്കുന്നില്ല.

DWCRA (Development of women and children in Rural Area)

ഗ്രാമീണ വനിത ശിശു വികസന പരിപാടി 1993-94 ൽ ആണ് എറണാകുളം ജില്ലയിൽ നടപ്പിലാക്കി തുടങ്ങിയത്. ഇതു പകാരം നമ്മുടെ പഞ്ചായത്തിൽ 1994-95 ൽ കോക്കുന്ന് കേന്ദ്രമാക്കി 10 വനിതകളെ സംഘടിപ്പിച്ചു കൊണ്ട് കറിപ്പൗഡർ നിർമ്മിക്കുന്നതിൽ ഉഷസ്സ് DWCRA യൂണിറ്റ് എന്നപേരിൽ ഫെഡറൽ ബാങ്ക്, മൂക്കന്നൂർ ശാഖയുടെ സഹായത്തോടെ ഒരു യൂണിറ്റ് സ്ഥാപിക്കുകയുണ്ടയി. യൂണിറ്റിൻെറ പ്രവർത്തനം പൊതുവെ തൃപ്തികരമാണെങ്കിലും ചില അംഗങ്ങൾ യൂണിറ്റുമായ് ഇപ്പോൾ സഹകരിക്കുന്നില്ല.

കൈത്തൊഴിലുപകരണ വിതരണ പരിപാടി.

1992-93 വർഷങ്ങളിലാണ് ഈ പദ്ധതി എറണാകുളം ജില്ലയിൽ നടപ്പിലാക്കി തുടങ്ങിയത്. ഗ്രമീണ കൈത്തൊഴിലുകാർക്ക് അവരുടെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുന്നതിനും വരുമാനം മെച്ചപ്പെടുത്തുന്നതിനുമായി നവീന തൊഴിലുപകരണങ്ങൾ നൽകുന്നതാണ് ഈ പദ്ധതി, മരപ്പണി, ഇരുമ്പുപണി, സ്വർണ്ണപ്പണി, ചെരിപ്പുനിർമ്മാണം, പോട്ടറി നിർനിർമ്മാണം എന്നീ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കാണ് ഇതിൻെറ പ്രയോജനം ലഭിക്കുന്നത്.

ഇതിനുപുറമെ നമ്മുടെ പഞ്ചായത്തിൽ വിവിധ വാർഡുകളിലായി 60 കുടുംബങ്ങൾ സർവ്വേയിൽ പെട്ടിട്ടുണ്ട്. ഇതിൽ 20 പേർക്ക് തൊഴിലുപകരണങ്ങൾ (ഇലക്ട്രിക് ഡ്രില്ലും ബ്ലോവറും) നൽകുകയണ്ടായി. ഇതുവളരെ പ്രയോജനകരമാണെന്നു കാണുന്നു.

ആയതിനാൽ ഇത്തരം ക്ഷേമ പ്രവർത്തനങ്ങൾ നാടിൻെറ പുരോഗതിയ്ക്ക് അത്യന്താപേക്ഷിതമാണ്.

സംസ്കാരം

സംസ്കാരമെന്നാൽ സാഹിത്യവും കലയും മാത്രമല്ല മനുഷ്യരുടെ ധാർമ്മികവിശ്വാസങ്ങളും മൂല്യ ബോധവും ആചാരാനുഷ്ഠാനങ്ങളും എല്ലാം അതിൽപ്പെടും. സമന്വയമായാലും സംഘർഷമായാലും ജനങ്ങളെ ഘടിപ്പിച്ച് നിറുത്തുന്നത് സംസ്കാരത്തിന്റെ കണ്ണികളാണ്. മതത്തിന്റെ പേരിലായാലും മാനവികതയുടെ പേരിലായാലും ധർമ്മദീക്ഷയുടെ പേരിലായാലും മനുഷ്യരുടെ മനസ്സിൽ മാറ്റം വരുത്തി സംസ്കാരിക പരിവർത്തനത്തിലൂടെ നമ്മുടെ പഞ്ചായത്തിനെ നന്മയിലേക്ക് നയിക്കാൻ സാധിക്കണം.

മതാചാരങ്ങളും ഉത്സവങ്ങളും തിരുനാളുകളും നമ്മുടെ നാടിനെ സ്വാധീനിച്ചിട്ടുണ്ട്. മൂക്കന്നൂരിനെ സംബന്ധിച്ചിടത്തോളം ചെറുപുഷ്പാശ്രമത്തിലെ വി. കൊച്ചുത്രേസ്യായുടെ തിരുനാൾ, ശ്രീ സുബ്രഹ്മണ്യ ക്ഷേത്രത്തിലെ ഉത്സവം, കൂട്ടാല അമ്പലത്തിലെ മുടിയേറ്റ്, മറ്റു ക്ഷേത്രങ്ങളിലേയും ആഴകം ഹെർമ്മോൻ പള്ളി, മൂക്കന്നൂർ സെഹിയോൻ പള്ളി, പൂതം കുറ്റി സെൻറ് മേരീസ് പള്ളി, മൂക്കന്നൂർ സെൻറ് മേരീസ് പള്ളി കോക്കുന്ന് സെൻറ് ജോസഫ്സ് പള്ളി, താബോർ തിരുക്കുടുംബ ദേവാലയം എന്നിവിടങ്ങളിലെ ഉത്സവങ്ങളും തിരുനാളുകളും ദേവാലയങ്ങളിലെതിരുനാളും ഇവിടത്തെ ജനതയുടെ സംസ്കാരിക വളർച്ചക്ക് ഉപകരിച്ചിട്ടുണ്ട്. ഇവിടത്തെ ഗ്രന്ഥശാലകളുടെയും ക്ലബ്ബുകളുടെയും ആഘോഷങ്ങളും മത്സരങ്ങളും ഇതിൽപ്പെടും. ജനതയിൽ ക്രൈസ്തവരും ഹൈന്ദവരും ഉൾപ്പെടുന്നു. ക്രിസ്ത്യാനികളാണ് ഭൂരിപക്ഷം അതിൽ നല്ലൊരു വിഭാഗം യാക്കോബായ സമുദായക്കാരുമാണ്. ഹൈന്ദവരിൽ നായന്മാരും ഈഴവരും പട്ടികജാതിക്കാരുമുണ്ട്.

പട്ടിക ജാതി വർഗ്ഗക്കാർ കുറവാണ്. ജനസംഖ്യയിൽ സ്ത്രീകൾക്കാണ് മുൻതൂക്കം. യുവജനങ്ങളിൽ അഭ്യസ്ഥവിദ്യർ ധാരാളമുണ്ട്.

1940 ൽ ഗ്രന്ഥശാല പ്രസ്ഥാനം തിരുവിതാംകൂർ - കൊച്ചിയിൽ രജിസ്റ്റർ ചെയ്ത് ആരംഭിച്ച കാലഘട്ടത്തിൽ തന്നെ ഇവിടേയും ആരംഭിച്ചു. തുടർന്ന് എല്ലവുങ്കമറ്റം S.N.D.P. ലൈബ്രറിയും താബോറിൽ റെയിൻബോലൈബ്രറിയും മൂക്കന്നൂരിൽ പഞ്ചായത്ത് ലൈബ്രറിയും ഉണ്ടായി. സാംസ്കാരികമായി ക്ലബ്ബുകളും പ്രവർത്തിച്ചുവരുന്നു.

നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെഇവിടെ ജനവാസം ആരംഭിച്ചിട്ടുണ്ടെന്നുകാണാം. സ്വാതന്ത്ര്യത്തിനുമുമ്പ് തിരുവിതാംകൂറിന്റെ അന്നത്തെ പ്രധാന റോഡായ M.C റോഡിൽ നിന്നു നമ്മുടെ ഗ്രാമത്തിലേക്ക് മറ്റൊരു സ്ഥലത്തും ഉണ്ടാകാത്ത രീതിയിൽ ഭരണിപറമ്പ് പാലവും റോഡും ഉണ്ടായി എന്നുള്ളത് നമ്മുടെ സംസ്കാരത്തിന്റെ ഒരു വഴിത്തിരിവാണ്. സ്വതന്ത്ര്യ സമരത്തിൽ സേനാനികളായി സ്വാതന്ത്ര്യസമരത്തിൽ കൃഷ്ണകുട്ടി വൈദ്യർ, പന്തപ്പിള്ളി നാരായണപ്പിള്ള, K.P. ഹോർമീസ്, ആഴകത്ത് തുടിയൻ ചാക്കു, ബ്ര. മൈക്കിച്ച സി.എസ്.റ്റി. തുടങ്ങിയവർ പങ്കെടുത്തുവെന്നത്. ഈ ഗ്രാമത്തിന്റെ ചരിത്രത്തിലെ ഒരു വീരേതിഹാസമാണ്. നമ്മുടെ നാട്ടുകാരൻ ഗിർവാസിസ് കുളങ്ങര ദാനംചെയ്ത സ്ഥലത്ത് ഒരു അനാഥശാല ആരംഭിക്കുകയും അതിന്റെ മേൽ നോട്ടത്തിനായി ഫാ.തോമസ് പാണാട്ട് (ബസേലിയോസ് അച്ചൻ) നിയമിതാനാകുകയും ചെയ്തതോടെ ഇവിടെ ഒരു C.S.T. സഭ ഉണ്ടായി. ഈ സ്ഥാപനങ്ങൾ നമ്മുടെ സംസ്കാരത്തിന് മഹത്തായ സംഭാവനകൾ നല്കിയിട്ടുണ്ട്.

കായിക രംഗത്ത് നമ്മുടെ ഗ്രാമത്തിൽ നാടൻ പന്ത് കളി, പേപ്പന്ത്, കുട്ടിതട്ട് തുടങ്ങിയവ ഉണ്ടായിരുന്നു. കായികസംസ്കാരം വളർത്താൻ പറ്റിയ മൈതാനങ്ങൾ ഉണ്ടായിരുന്നില്ലെങ്കിലും പഴയകാലത്ത് പല സ്ഥലങ്ങളിലും തുറസ്സായ മൈതാനങ്ങൾ ഉണ്ടായിരുന്നു. അവിടെ ആർത്തട്ടഹസിച്ച് പഴമാങ്ങായും പറുക്കി നടന്നിരുന്ന പഴയകാലം. ഓണവസരങ്ങളിൽ ഓണക്കളി, തിരുവാതിരക്കളി, ക്രിസ്ത്യൻ വിവാഹങ്ങളോടനുബന്ധിച്ച് പരിചമുട്ട് കളി, കോൾകളി ഇതൊക്കെ പഴയകാലത്തെ കലയിലൂടെയുള്ള മെയ്യഭ്യാസങ്ങളായിരുന്നു.

മൂക്കന്നൂരിൽ ജനജീവിതം ആദ്യം തുടങ്ങിയത് കവാടമായ ഭരണിപ്പറമ്പ് പ്രദേശമാണെന്നനുമാനിക്കാം

കൂട്ടാല അമ്പലത്തിന്റെ മുൻവശത്തുള്ള ആലിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. പിന്നീട് ജനവാസം വടക്കോട്ട് വ്യാപിച്ച് അനാഥ ശാലവകസ്ഥലം പാട്ടത്തിനെടുത്ത് താമസിക്കാൻ തുടങ്ങി. വടക്കോട്ട് വീണ്ടും ജനങ്ങൾ താമസിച്ചുതുടങ്ങി. ജന്മിമാരുടേും ദേവസ്വങ്ങളുടെയും സ്ഥലങ്ങൾ മിക്കതും ഭൂപരിഷ്ക്കാരങ്ങളുടെ പേരിൽ വന്ന നിയമങ്ങളനുസരിച്ച് സ്വന്തമായി. 3 ഹൈസ്ക്കൂളുകളും 4 അപ്പർ പ്രൈമറിയും 5 ലോവർ പ്രൈമറി സ്കൂളുകളുമുള്ള ഈ ഗ്രാമത്തിൽ ആധുനിക തലമുറയിൽ ഭൂരിഭാഗം പേരും എസ്സ്. എസ്സ്. എൽ. സി. എങ്കിലും പാസ്സായിട്ടുണ്ട് ഒരു ഹയ്യർ സെക്കണ്ടറിയും 8 00റോളം വിദ്യാർത്ഥികളുമുള്ള ബാലനഗർ ഐ.ടി. സി. യുമുണ്ട് . മറ്റുസ്ഥലങ്ങളെ അപേക്ഷിച്ച് കൂട്ടായ്മയിലും സംസ്കാരത്തിലും മൂക്കന്നൂർക്കാർ മുന്നിട്ടുനില്ക്കുന്നു. പണ്ട്കാലത്ത് മുണ്ടപ്പിള്ളി ഭാഗത്ത് ഒരു ചന്ത ഉണ്ടായിരുന്നെന്നും അവിടെ പാണ്ടിയിൽ നിന്നു ചീരമുതലായസാധനങ്ങൾ വന്നിരുന്നുവെന്നും ഒരിക്കൽ ഫാദർ ജോസഫ് പുതവ പറഞ്ഞു കേട്ടിട്ടുണ്ട്.

ക്ഷേത്ര പ്രവേശനവിളംബരം വരുന്നതിന് മുമ്പ്തന്നെ ഇവിടത്തെ ആളുകൾ അധസ്ഥിതരുമായി പന്തിഭോജനവും സഹവർത്തിത്വവും നടത്തിയിരുന്നു

പ്രൊഫഷനൽ നാടകവേദികളില്ലെങ്കിലും അമച്വർ നാടകവേദിയിലൂടെ ഇവിടെ നല്ലനല്ലകലാകാരന്മാരെ സൃഷടിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിൽ ഒരാളായ കെ. ജെ. സെബാസ്റ്റ്യന്റെ ഡയറക്ഷനിൽ 'ബിന്ദു ' എന്ന ഒരു ആർട്ട് പടം വരെ പുറത്തിറങ്ങി എന്നുത് പ്രത്യേകം പ്രസ്താവ്യമാണ്. മൂക്കന്നൂർ പള്ളി ആസ്ഥാനമായി പ്രവർത്തിച്ചിരുന്നു.ബി. വി. എം. കലാവേദിക്ക് അന്ന് (70 വർഷം മുമ്പ്) കർട്ടൻ സെറ്റുവരെ ഉണ്ടായിരുന്നു.

മലയാള മനോരമ, മാതൃഭൂമി ദേശാഭിമാനി, ദീപിക, രാഷ്ട്ര ദീപിക, മംഗളം മുതലായ ദിനപത്രങ്ങളും മാതൃഭൂമി, മലയാളമനോരമ, മംഗളം തുടങ്ങിയ വാരികകളും ധാരാളം സിനിമാവാരികളും ഇവിടെ പ്രചാരത്തിലുണ്ട് സത്യദീപം, ആത്മദീപം മുതലായ അദ്ധ്യാത്മിക വാരികകളും മാസികകളും വേറെ. വായനകൊണ്ടും സാക്ഷാരത പ്രവർത്തനം കൊണ്ടും . നമ്മുടെ ഗ്രാമം സമ്പൂർണ്ണ സാക്ഷരത കൈവരിച്ചു.

മൂക്കന്നൂർ ഏലവുങ്ങമറ്റം ഭാഗത്ത് മാടശ്ശേരി ചാക്കപ്പൻ ജോസിന്റെ വീട്ടിൽ ഒരു ഇരട്ടകിണർ ഉണ്ട് രണ്ടു കിണറിലേയും ജലം അങ്ങോട്ടും ഇങ്ങോട്ടും കടക്കുന്നതിനു കിണറിനു അടിയിൽ ഒരു പസേജ് ഉണ്ട്. അവിടെ പ്രബലങ്ങളായ രണ്ടു നായർ തറവാടുകളുണ്ടായിരുന്നെന്നും ജേഷ്ഠത്തിയും അനുജത്തിയും അതിന്റെ വീട്ടമ്മമാരായിരുന്നെന്നും കിടമത്സരങ്ങൾ കൊണ്ട് ഒരു കിണറിൽ ജലത്തിൽ എന്തെങ്കിലും ചെയ്താൽ അത് മറ്റേക്കിണറിലും ബാധിക്കുമെന്നും മനസ്സിലാക്കി ജലത്തിൽഒന്നും ചെയ്യാതിരിക്കാൻ വേണ്ടിയാണ് രണ്ടുഭാഗത്തുമുള്ളകിണറുകളെ ബന്ധിപ്പിച്ചിരുന്നതെന്നു അനുമാനിക്കാം. വടക്കൻ ഭാഗങ്ങളിൽ പാറമടകൾകാണുന്നിടത്ത് കാട്ടുപട്ടികളുടെ ആവാസകേന്ദ്രങ്ങളായ വലിയ ഗുഹകൾ ഉണ്ടായിരുന്നു അവിടെ നമ്മടെ നാട്ടുകാർ നായാട്ട് നടത്തിയിരുന്നു .

ക്ഷേത്രങ്ങളിലെ ഉത്സവങ്ങളോടനുബന്ധിച്ചും പള്ളിതിരുനാളുകളോടനുബന്ധിച്ചും ക്ലബ്ബുകളുടേയും വായനശാലകളുടേയും വാർഷികത്തോടനുബന്ധിച്ചും അമച്വർ നാടകങ്ങൾ നടത്തിയിരുന്നു. അതിൽ നിന്നു നൈപുണ്യം നേടിയ പോൾ പുതുശ്ശേരി, തോമസ് ഞാളിയത്ത് തുടങ്ങിയവർ കേരളത്തിലെ പ്രസിദ്ധങ്ങളായ പ്രൊഫഷണൽ നാടക ട്രൂപ്പുകളിൽ പ്രധാന റോളുകൾ അഭിനയിച്ചിട്ടുണ്ട്.

പൊതു പ്രവർത്തന രംഗത്ത് വലിയൊരു നേതൃത്വ നിരയെത്തന്നെ വാർത്തെടുക്കുവാൻ മൂക്കന്നൂരിനു കഴിഞ്ഞിട്ടുണ്ട്. ഇന്നാട്ടുകാരനായിരുന്ന പരേതനായ ശ്രീ. കെ. പി. ഹോർമീസ് കേരളാനിയമസഭാംഗമായിരുന്നു. 1990 മുതൽ കേരള നിയമസഭയിൽ അങ്കമാലി നിയോജകമണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്ന ശ്രീ. പി.ജെ. ജോയി ദീർഘകാലം മൂക്കന്നൂർ പഞ്ചായത്ത് പ്രസിഡൻറും സഹകരണ ബാങ്ക് പ്രസിഡൻറും ആയിരുന്നു.

കായികസംക്കാരം കുറേയൊക്കെ ഉയർന്നിട്ടുണ്ട് സ്ക്കൂളുകളുകളോടനുബന്ധിച്ചുള്ള ഗ്രൗണ്ടുകളിൽ വളർന്ന പലരും സംഘടിച്ച് ഫുട്ട്ബാൾ, വോളിബോൾ മുതലായവക്ക് ടീമുകൾ ഉണ്ടാക്കി വിവിധവിവിധ സ്തലങ്ങളിൽ പോയി മത്സരിച്ച് വരുന്നു.ഫുട്ട്ബോ ൾ വോളിബോ മേളകളും ഈ ഗ്രാമത്തിൽ സംഘടിപ്പി ക്കാറുണ്ട്. സ്ക്കുളുകളിലെ യുവജനോൽസവത്തിലും കായികമേളകളിലും പ്രതിഭതെളിയിച്ച് സംസ്ഥാനതലം വരെ എത്തി നിലക്കുന്നവരുണ്ട് ഈ ഗ്രാമത്തിൽ. ബാങ്ക് ജീവനക്കാരും അദ്ധ്യാപകരും മറ്റു സർക്കാർ ജോലി ക്കാരുമുള്ള ഈ ഗ്രാമത്തിന് പകരതവന്ന ഒരു സംസ്ക്കാരം പ്രദാനം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

പ്രാദേശിക സ്വയം ഭരണസ്ഥാപനങ്ങളിലേക്ക് തെരെഞ്ഞെടുക്കപ്പെട്ട വനിതകൾ അവരുടെ കഴി വുകൾ തെളിയച്ചിട്ടുണ്ട്.

മൂക്കന്നൂർ സെൻറ് മേരീസ് പള്ളിയിൽ ഈസ്റ്ററി നോടനുബന്ധിച്ച് കൊല്ലം തോറും നടത്തുന്നദീപാ ലങ്കാരം നമ്മുടെ സംസ്ഥാനത്തെതന്നെ ചുരുക്കം ചിലസാംസ്കാരികമേളകളിലൊന്നാണ്. പൂംകുറ്റി സെൻറ് മേരീസ് പള്ളിയിലെ കൺവെൻഷനോടനു ബന്ധിച്ച് വർഷം തോറും നടന്നു വരുന്ന സാംസ്കാരി സമ്മേളനം മൂക്കന്നൂരിൻെറ സാംസ്കാരിക രംഗത്തെ ശ്രദ്ദേയമായ സംഗതിയാണ്. വ്യാപാരിവ്യവസായി സംഘടനയും സാംസ്കാരിക രംഗത്ത് അവരുടെ സംഭാ വനകളും നൽകുന്നുണ്ട്.

വാമൊഴി, വരമൊഴി, കേട്ടറിവ് ഈ രീതിയിലൂടെയാ ണല്ലോ ഒരു സ്ഥലത്തെസാംസ്കരികവർച്ച അറി യുന്നത്. മൂന്നു പ്രസ്സുകൾനമ്മുടെ പഞ്ചായത്തി ലുണ്ട്-ബാലനഗർ, അർച്ചന, ഡെൽമോൺ.

പ്രാചീനകലാരൂപങ്ങളെ പുനരദ്ധരിക്കണം നമ്മു ടെ പഞ്ചായത്തിൽ മിനി സേറ്റഡിയം ആവശ്യമാണ് . സ്ക്കൂളുകളിലുള്ള ഗ്രാണ്ടുകൾ വികസിപ്പിച്ചെടുക്കണം. മൂക്കന്നൂർ ഗവർമെൻെറു സ്ക്കുളിനും മുന്നേക്കർ കളി സ്ഥലമുണ്ട്. അത് ഉപയോഗയോഗ്യമല്ല. അതിന് പഞ്ചാ യത്ത് മുൻ കൈ എടുക്കണം ലൈബ്രറികളെ വികസി പ്പിക്കണം .നാടൻ കലാരൂപങ്ങൾ വിവരമുള്ള പഴമക്കാ രെവിളിച്ച് സംഘടിപ്പിക്കണം. അച്ചടക്കമുള്ള പൗര സഞ്ചയത്തെ വാർത്തെടുക്കാൻ കൂട്ടായ ശ്രമം ആവശ്യ മാണ്. അതിന് നാം നേതൃത്വം നൽകണം.

നമ്മുടെ പഞ്ചായത്തിൻെറ സംസ്ക്കാരം അഭികാ മ്യമാണ്. ആസംസ്ക്കാരത്തിൽ ഊന്നിനിന്നുകൊണ്ട് പഴയതും പുതിയതുമായ സംസ്ക്കാരങ്ങ കൂട്ടി ച്ചേർത്ത് മുമ്പോട്ടുപോകൻ നമുക്ക് ഒറ്റക്കെട്ടായി ശ്രമി ക്കാം. അതിന് മൂക്കന്നൂർ പഞ്ചായത്തും അതിൻെറ സാരഥികളും നേതൃത്വം നൽകട്ടെ. ഇനിയും വേണ്ടത്ര വികസിച്ചിട്ടില്ലാത്ത വനിതകളെയും പട്ടികവർഗ്ഗ പട്ടി കജാതിക്കാരെയും വിദ്യാഭ്യാസത്തിലൂടെ കൈപിടിച്ചു യർത്തി ഗ്രാമസംസകാരത്തിൻെറ മുഖ്യധാരയിലേക്ക് കൊണ്ടുവരണം. മറ്റു ഗ്രാ മങ്ങളിലുണ്ടാ കുന്നതി നേക്കാൾ മുമ്പ് മൂക്കന്നൂരിൽ സിനിമാതിയേറ്റർ തുടങ്ങി യെങ്കിലും ഇന്ന് തിയേറ്റർ ഇപ്പോ പ്രവർത്തിക്കുന്നില്ല.

സാംസ്കാരികരംഗം

മൂക്കന്നൂർ പഞ്ചായത്തിലെ വടക്കുഭാഗത്തുള്ള ഒലി വേലിക്ക് സാംസ്കാരിക പാരമ്പര്യമുള്ളതായികാ ണുന്നു. ഒലിവേലിചിറക്കുചുറ്റും മൈതാനങ്ങളായി രുന്നു. നൂറ്റാണ്ടുകൾക്കുമുമ്പ് നമ്മുടെ സംസ്ഥാനത്തി നെറ (അന്നത്തെ തിരുവിതാംകൂർ കൊച്ചി) വിവിധ ഭാഗങ്ങളിൽ നിന്ന് ആദിവാസികൾ ഒത്തുകൂടുകയും ആഴ്ചകളോളം ആവരുടെ ആയോധന മുറകളും കലാ പരിപാടികളും സംഘടിപ്പിച്ചിരുന്നതായി അനുമാനിക്കാ വുന്നതാണ്

സാംസ്കാരിക വികസനത്തിന് ആവശ്യമായ വാർത്താമാധ്യമങ്ങൾക്ക് വേണ്ടി ഒരു പൊതു സ്ഥാ പനം നിർമ്മിക്കുക കലാപ്രതിഭകളെ കണ്ടെത്തി അവരു ടെ കഴിവുകളെ വർത്തുന്നതിന് വേണ്ടി കൈയ്യെഴുത്ത് മാസിക സിനിമാ പ്രദർശനം എന്നിവ നടപ്പാക്കുക .

കലാസാംസ്കാരിക കേന്ദ്രം സ്ഥാപിക്കുക. വാർത്താ മാധ്യമങ്ങളായ ടെലിവിഷൻ റേഡിയോ വാർത്താബോർഡ് എന്നിവ സ്ഥാപിക്കുക

സാഹിത്യഅക്കാദമിയുടെ പ്രവർത്തനം പഞ്ചാ യത്ത് തലത്തിൽ വ്യാപിപ്പിക്കുക

കോരളാഗ്രന്ഥശാലയുടെ അംഗീകാരത്തോടുകൂടി വായനശാലകൾക്ക് ഗ്രാൻറ് വർദ്ധപ്പിക്കുക.

ഗ്രാമീണ പുസ്തകവിതരണ പദ്ധതി പ്രകാരം വായനശാലകൾക്ക് പുസ്തകങ്ങ സൗജന്യമായി നൽകുക

നാടൻകലാകാരൻമാരെ കണ്ടുപിടിച്ച് പ്രോത്സാ ഹനം നൽകുക

യുവാക്കളുടെ കഴിവുകൾ വികസിപ്പിക്കുവാൻ സഹായകമായ ആർട്ട്സ് ആൻറ് സ്പോർട്സ്

ക്ലബ്ബുകൾ നടത്തുക

ലൈബ്രറി - സാംസ്ക്കാരികകേന്ദ്രം, കുട്ടികൾക്ക് പാർക്ക്, സെൻറ്. തോമസ് കോൺവെൻറിന്റെ കീഴിൽ പ്രവർത്തിക്കുന്ന നേഴ്സറിസ്ക്കൂൾ പഞ്ചായത്ത് സഹകരണത്തോടെ വിപുലീക്കരിക്കുക.

നിലവിലുള്ള വായനശാലകൾക്ക് സ്വന്തമായ കെട്ടിടവും പുസ്തകങ്ങളും ഗ്രാൻറും അനുവദിക്കുക.

പൊതുസ്ഥലം, കമ്മ്യൂണിറ്റിഹാൾ, ടിവി, എന്നിവ സ്ഥാപിക്കുക.

കുട്ടികൾക്കുവേണ്ടി ഒരു ചിൽഡ്രൻസ് പാർക്ക് സ്ഥാപിക്കുക വിനോദസാഞ്ചാരികളെ ആകർഷിക്കുന്ന അതിരപ്പിള്ളിക്ക് മുക്കന്നൂർ പഞ്ചായത്തിൽ കൂടിയുള്ള ഗതാഗത സൗകര്യം ഉറപ്പാക്കുക.

സംഗീതം, ചിത്രരചന, കഥകളി എന്നിവക്കുള്ള ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക.

വായനശാലകൾ

1. മുക്കന്നൂർ റൂറൽ സെൻട്രൽ ലൈബ്രറി
2. എലബുങ്ങമറ്റം എസ്.എൻ.ഡി.പി. ലൈബ്രറി.
3. താബോർ റെയിൻബോ ലൈബ്രറി
4. മുക്കന്നൂർ പഞ്ചായത്ത് ലൈബ്രറി

ക്ലബുകളും കലാസമിതികളും

1. ലിറ്റിൽ ഫ്ലവർ യൂത്ത് സെൻറർ
2. മുക്കന്നൂർ ആർട്സ് സൊസൈറ്റി
3. ഫൈൻ ആർട്സ് സൊസൈറ്റി
4. ആഴകം ഹെർമ്മോൻ തിയറ്റേഴ്സ്
5. യുവഭാരത് ആർട്സ് & സ്പോർട്സ് ക്ലബ്
6. സാന്തോം ആർട്സ് ഒലിവേലി
7. മൈത്രി ആർട്സ് & സ്പോർടസ്, കാളാർകുഴി
8. പ്രണവം ആർട്സ് & സ്പോർട്സ്
9. ബി.വി.എം ആർട്സ്
10. കലാസദസ്
11പെൻഷണേഴ്സ് ക്ലബ്
12. വിൽമാസ് ആർട്സ്
13. റെയിൻബോ ആർട്സ് & സ്പോർട്സ് താബോർ
14. ചൈതന്യ ആർട്സ് ക്ലബ്
15. ലയനം ആർട്സ് ക്ലബ്
16. മാരുതി ആർട്സ് ക്ലബ്

വനിതാക്ഷേമം

സ്ത്രീകളെ ആദരിക്കുന്നതിലും പരിരക്ഷിക്കുന്നതിലും എന്നും മുമ്പന്തിയിലാണ് മുക്കന്നൂർ ഗ്രാമം. മറ്റേതൊരു ഗ്രാമത്തേക്കാളും ഇവിടുത്തെ വനിതകളും വിദ്യാസമ്പന്നരും പ്രബുദ്ധരുമാണ്. അടുക്കളയുടെ നാലതിരുകൾക്ക് വെളിയിൽ സമൂഹത്തിന്റെ സമസ്ത മേഖലകളിലും മുന്നേറുവാനും തങ്ങളുടെ സജീവ സാന്നിദ്ധ്യം ബോദ്ധ്യപ്പെടുത്തുവാനും ഇവിടുത്തെ സ്ത്രീകൾക്ക് കഴിഞ്ഞിട്ടുണ്ട്.

പൊതുപ്രവർത്തന രംഗത്ത് ഇവിടുത്തെ വനിതകൾ വളരെ ഉത്സുകരാണ്. ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ, സഹകരണബാങ്ക് എന്നിവിടങ്ങളിൽ ഇവിടത്തെ വനിതകൾ സജീവ നേതൃത്വം നല്കി വരുന്നു.

കാർഷിക ഗ്രാമമായ മുക്കന്നൂരിലെ വനിതകളിൽ ഏറിയ പങ്കും കൃഷിയിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. പുരുഷന്മാരോടൊപ്പം കൃഷി ജോലികൾ ചെയ്യുന്നതിൽ സ്ത്രീകൾ ഏറെ തൽപ്പരരാണ്. കൃഷിയിടങ്ങളിലെ എല്ലാ കാര്യങ്ങൾക്കും നേതൃത്വം നൽകുവാനും മേൽനോട്ടം വഹിക്കുവാനും സ്ത്രീകൾ ഉത്സുകരാണ്. പുരുഷന്മാർ ബിസ്സിനസ്സിലോ മറ്റ് ജോലികളിലോ വ്യാപൃതരായിരിക്കുന്നകുടുംബങ്ങളിൽ കൃഷികാര്യങ്ങളുടെ ചുക്കാൻ പിടിക്കുന്നത് സ്ത്രീകൾ തന്നെ. കൃഷിതൊഴിലാളികളായിട്ടുള്ള സ്ത്രീകളും നിരവധി.

ഉദ്യോഗസ്ഥകളിൽ കൂടുതലും അദ്ധ്യാപികമാരാണ്. പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ അദ്ധ്യാപകരിൽ ഭൂരിപക്ഷവും വനിതകൾ തന്നെ. ബാങ്കിംഗ് മേഖലയിൽ കുറച്ച് പേർ വ്യാപൃതരാണ്. ഫെഡറൽ ബാങ്ക്, സർവ്വീസ് സഹകരണ ബാങ്ക് തുടങ്ങിയ ബാങ്കുകളിലായി ഏതാനും വനിതകൾ ജോലിചെയ്യുന്നു. ഇവിടത്തെ നിരവധ വനിതകൾസമീപ ടൗണുകളിലെ വ്യാവസായ, വാണിജ്യ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നുണ്ട്. ഇഷ്ടിക കളങ്ങളിലും പാറമടകളിലും കെട്ടിടനിർമ്മാണ മേഖലയിലും ധാരാളം പേർ ജോലി ചെയ്യുന്നു.. ഏതാനും പേർ റബർ ടാപ്പിംഗിൽ വ്യാപൃതരാണ്; കുറെ പേർ പനമ്പ് നെയ്ത്തിലും.

ഖാദിബോർഡിന്റെ നൂൽ നൂൽപ്പ്-നെയ്ത്ത് ശാല, ജനസഭ പേപ്പർ യൂണിറ്റ്, പൂതംകുറ്റി മയൂര ഗാർമെൻറ്സ് എന്നിവയാണ് സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ നൽകുന്ന മുഖ്യസ്ഥാപനങ്ങൾ. പ്രിൻറിംഗ് പ്രസ്സുകളിലും തടിമില്ലുകളോടനുബന്ധിച്ചുള്ള ചെറിയ യൂണിറ്റുകളിലും കുറെ സ്ത്രീകൾ ജോലി ചെയ്യുന്നുണ്ട്.

ഈ ഗ്രാമത്തിലെ വനിതകളുടെ ഉന്നമനത്തിന് കന്യാസ്ത്രീമഠങ്ങൾ ഗണ്യമായ പങ്ക് വഹിച്ചിട്ടുണ്ട്. മുക്കന്നൂർ സെൻറ്. തോമസ് കോൺവെൻറ്, മുക്കന്നൂർ നസ്രേത്ത് കോൺവെൻറ്, താബോർ അഡോറേഷൻ കോൺവെൻറ് എന്നിങ്ങനെ 3 മഠങ്ങളാണ് ഗ്രാമത്തിലുള്ളത്. ഈ ഗ്രാമത്തിന്റെ വിദ്യാഭ്യാസ, സാംസ്ക്കാരിക, ആരോഗ്യ മേഖലകളിൽ ഈ മഠങ്ങൾ വഹിച്ചിട്ടുള്ള പങ്ക് നിസ്തുലങ്ങളാണ്. സെൻറ്. തോമസ് മഠത്തിന്റെ കീഴിൽ നഴ്സറി സ്കൂളും അഡോറേഷൻ കോൺവെൻറിന്റെ കീഴിൽ ഒരു ക്ലീനിക്കും പ്രവർത്തിക്കുന്നു. മാർ അഗസ്റ്റിൻ ഗോൾഡൻ ജൂബിലി ഹോസ്പിറ്റലിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് നസ്രേത്ത് മഠത്തിലെ കന്യാസ്ത്രീമാരാണ്. മഠങ്ങൾ കേന്ദ്രീകരിച്ച് സ്ത്രീകളുടെ വ്യക്തിത്വ വികസനത്തിനും ആരോഗ്യപരിരക്ഷയ്ക്കും ഉതകുന്ന ഒട്ടേറെ പ്രവർത്തനങ്ങൾ നടന്ന് വരുന്നു.

ഈ ഗ്രാമത്തിൽ 6 അംഗീകൃത വനിതാസമാജങ്ങളും 4 ബാല വാടികളുമുണ്ട്. 5 മഹിളാ പ്രധാനന്മാർ ഗ്രാമത്തിന്റെ നിക്ഷേപ സമാഹരണത്തിന് നേതൃത്വം നൽകുന്നു. പൂതംകുറ്റി കേന്ദ്രമായി രൂപീകരിച്ചിട്ടുള്ള പ്രിയ ദർശനി വനിതാ കർഷകസംഘത്തിന്റെ പ്രവർത്തനം ഏറെ പ്രതീക്ഷയുണർത്തുന്നു.

പൂർണ്ണമായും വനിതകളുടെ മാത്രം പങ്കാളിത്തമുള്ള ഗ്രാമത്തിലെ ഏകകർഷകസംഘമാണിത്.

പ്രശ്നങ്ങൾ

തൊഴിലില്ലായ്മയാണ് മൂക്കന്നൂരിലെ സ്ത്രീ സമൂഹത്തെ അലട്ടുന്ന മുഖ്യ പ്രശ്നം. വിദ്യാഭ്യാസ സൗകര്യങ്ങൾ കൂടുതലുണ്ടെങ്കിലും അതിനനുസരിച്ച് തൊഴിലവസരങ്ങൾ ഇല്ലതന്നെ. കാർഷിക വൃത്തിക്ക് സമൂഹത്തിൽ അംഗീകാരവും പരിരക്ഷയും ഇല്ലാതായത് സ്ത്രീകളുടെ തൊഴിൽ സാദ്ധ്യതകളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. മുടക്കു മുതലിനും അദ്ധ്വാനത്തിനും അനുസരിച്ച് വേണ്ടത്ര വരുമാനം ലഭിക്കാത്ത സാഹചര്യത്തിൽ കൃഷിയിൽ നിന്ന് പിന്തിരിയാൻ സ്ത്രീകൾ നിർബന്ധിതരായിരിക്കുന്നു.

ഗ്രാമത്തിൽവളരെയേറെ വികസനസാദ്ധ്യതകളുള്ള പൂകൃഷിക്ക് വേണ്ടത്ര പ്രചാരംലഭിച്ചിട്ടില്ല പൂക്കൾ വിറ്റഴിക്കുന്നതിനും,സംസ്ക്കരിക്കുന്നതിനും വേണ്ട സംവിധാനങ്ങളില്ല. തന്മൂലം പൂകൃഷി ആരംഭിച്ചിടത്ത് വച്ച് തന്നെ ഉപേക്ഷിക്കുവാൻ സ്ത്രീകൾ നിർബന്ധിതരായി. പച്ചക്കറികൃഷിയുടെ കാര്യവും ഇത് തന്നെ. വേണ്ട പ്രോത്സാഹനം ലഭിക്കുന്നില്ല. വിദഗ്ദ്ധോപദേശം ലഭിക്കുന്നതിനും സൗകര്യങ്ങളില്ല. ജോലിബാഹുല്യംമൂലവും വിദഗ്ദ്ധജീവനക്കാരുടെ അഭാവംമൂലവും കൃഷി അസിസ്റ്റൻറുമാരുടെ സേവനംകൃഷിയിടങ്ങളിൽ ആവശ്യാനുസരണം ലഭ്യമല്ല.

പൂതംകുറ്റി കേന്ദ്രമായിപ്രവർത്തനം ആരംഭിച്ചിട്ടുള്ള പ്രിയദർശനി വനിതാ കർഷകസംഘത്തിന് ഓഫീസ് മന്ദിരമോ മറ്റ് സൗകര്യങ്ങളോ ഇല്ല. സംഘാംഗങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കുൺ, പൂവ്, എന്നിവ വിറ്റഴിക്കുന്നതിനും സംവിധാനങ്ങളില്ല.

പ്രാഥമിക ചികിത്സാസൗകര്യങ്ങളുടെ അഭാവം വടക്കൻ മേഖലയിലെ മലയോരങ്ങളിലെ സ്ത്രീകളെ വല്ലാതെ അലട്ടുന്നു. പട്ടികജാതി കോളനികളും നാല് സെൻറ്, ലക്ഷംവീട് കോളനികളും ധാരാളമായുള്ള പഞ്ചായത്തിലെ എടലക്കാട്, ഒലിവേലി, കാരമറ്റം, മാവേലി മറ്റം, വെള്ളപ്പാറ, കുട്ടാടം, താബോർ, പൂതംകുറ്റി എന്നിവിടങ്ങളിലെ കൂലിപ്പണിക്കാരും ദുർബലവിഭാഗക്കാരുമായ സ്ത്രീകൾക്കും കുട്ടികൾക്കും ഇപ്പോൾ ചികിത്സാ സൗകര്യങ്ങളൊന്നും തന്നെയില്ല.

സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്ന വ്യവസായ സംരംഭങ്ങളുടെ അഭാവം ഒരു പ്രധാന പ്രശ്നമാണ്. കൂടിൽ വ്യവസായങ്ങളോ, ഏറെ സാദ്ധ്യതകളുള്ള റബർ വ്യവസായങ്ങളോ ഇല്ലതന്നെ. ഗ്രാമത്തിൽ വനിതാ ക്ഷേമ ബോർഡിൻെറ പ്രവർത്തനങ്ങളൊന്നും തന്നെയില്ല. വനിതാ വികസന സൊസൈറ്റിയുമില്ല. വനിതാ തൊഴിൽ പരിശീലന സ്ഥാപനങ്ങളുമില്ല.

ചിലമേഖലകളിൽ വേണ്ടത്ര കൂലിനൽകാതെ സ്ത്രീകളെ ചൂഷണം ചെയ്യുന്ന സ്ഥിതിയുമുണ്ട്. കറി പൗഡർ യൂണിറ്റുകളിൽ അദ്ധ്വാനത്തിനനുസരിച്ച് കൂലി നൽകാറില്ല എന്ന വസ്തുത ഒരു പ്രശ്നമായി നിലനിൽക്കുന്നു. തുല്യ ജോലിക്ക് തുല്യ കൂലിഎന്ന തത്വം പലപ്പോഴും പാലിക്കാപ്പെടാറില്ല.

നാട്ടിൽ വ്യാപകമായിരിക്കുന്ന വ്യാജമദ്യം സ്ത്രീ സമൂഹത്തെ പ്രതികൂലമായി ബാധിക്കുന്നു. തന്മൂലം കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രത തകരുന്നു. കുടുംബബന്ധങ്ങൾ ശിഥിലമാകുന്നു. താബോർ, എടലക്കാട്, വെള്ളപ്പാറ, മാവേലിമറ്റം, ഒലിവേലി അട്ടാറ, വട്ടേക്കാട്,പറമ്പയം എന്നിവടങ്ങളിൽ വ്യാജമദ്യ ഉൽപ്പാദകരും വിൽപ്പനക്കാരും സ്ത്രീകളുടെ സഞ്ചാര സ്വാതന്ത്ര്യത്തേയും സൈര്യജീവിതത്തേയുംതടസ്സപ്പെടുത്തുന്നു.

വിധവകളേും,വൃദ്ധകളേയും,അവിവാഹിതരെയും അംഗവൈകല്യമുള്ളവരെയും സംരക്ഷിക്കുന്നതിന് യാതൊരു വിധ സൗകര്യങ്ങളുമില്ല. തന്മൂലം ഈ വിഭാഗത്തിൽപ്പെട്ടവർ ഏറെ ക്ലേശിക്കുന്നു. അത്തരക്കാർക്ക് പെൻഷൻ കിട്ടുന്നതിനും സംവിധാനങ്ങളില്ല.

പരിഹാരമാർഗ്ഗങ്ങൾ

പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള ഏക പരിഹാരമാർഗ്ഗം. ഗ്രാമത്തിൻെറ വിവിധ ഭാഗങ്ങളിൽ വനിതാ വ്യവസായ സംഘങ്ങൾ രൂപീകരിച് വ്യവസായ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. താഴെ പറയുന്ന ഇനങ്ങളിൽ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് ഒട്ടേറെ സാദ്ധ്യതകളുണ്ട്.

1. റബർ ബാൻഡ് നിർമ്മാണം
2. കയ്യുറ, ബലൂൺ നിർമ്മാണം
3. ചെരുപ്പ് നിർമ്മാണം

4. കറിപൗഡർ നിർമ്മാണം
5. ഗാർമെൻറ് ഇൻഡസ്ട്രി
6. ചിപ്സ് & ബേക്കിംഗ്
7. ഹോസിയറി
8. തീപ്പെട്ടി നിർമ്മാണം
9. കുട്ട നിർമ്മാണം.
10. കൗതുക വ്തുക്കൾ

മേൽപ്പറഞ്ഞ യൂണിറ്റുകൾ ആരംഭിക്കുന്നതിന് സർക്കാർ ആനുകൂല്യങ്ങളും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പയും ലഭ്യമാക്കേണ്ടതാണ്. ഗ്രാമത്തിൽ നിലവിലുള്ള ബാങ്കിംഗ് സൗകര്യം അപര്യാപ്തമാണ്. വടക്കൻ മേഖലകളിലെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പൂതംകുറ്റിയിൽ ബാങ്ക് ആരംഭിക്കേണ്ടതാണ്.

വ്യവസായമാരംഭിക്കാനാഗ്രഹിക്കുന്ന വനിതകൾക്ക് വേണ്ടി സാങ്കേതികോപദേശം ലഭ്യമാക്കേണ്ടതാണ്. വനിതാ തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കേണ്ടതാണ്. പഞ്ചായത്തിൽ വനിതാ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കണം.

സ്ത്രകൾക്ക് എറെ തൊഴിൽ സാദ്ധ്യതകളുള്ള പൂകൃഷിയും പച്ചക്കറികൃഷിയും പ്രോത്സാഹിപ്പിക്കണം. ഇവ രണ്ടിനും എറെ അനുകൂലമായ സാഹചര്യങ്ങളുണ്ട്. ഈ സാഹചര്യങ്ങൾ മുതലാക്കുകയാണ് പ്രധാനം. വളവും വിത്തിനങ്ങളും സൗജന്യ നിരക്കിൽ നൽകണം. ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും സംസ്ക്കരിക്കുന്നതിനും സംവിധാനങ്ങളേർപ്പെടുത്തണം. സാങ്കേതിക വിജ്ഞാനം പകരുന്നതിനാവശ്യമായ ബോധവൽക്കരണം നടത്തണം. ആയതിന് മാത്രമായി ഒരു വനിതാ കൃഷി അസിസ്റ്റൻറിനെ നിയമിക്കണം.

പൂതംകുറ്റി കേന്ദ്രമായി പ്രവർത്തിക്കുന്ന പ്രിയദർശനി വനിതാ കർഷക സംഘത്തിൻെറ പ്രവർത്തനം ഗ്രാമത്തിലുടനീളം വ്യാപിപ്പിണ്ടേതാണ്. ടി സംഘത്തിന് ഓഫീസും മറ്റ് സൗകര്യങ്ങളും ഉണ്ടാക്കേണ്ടതും പ്രവർത്തന ഫണ്ട് നൽകേണ്ടതുമാണ്.

ഖാദി ബോർഡിൻെറ കീഴിലുള്ള ജനസഭ പേപ്പർ യൂണിറ്റും നൂൽനൂൽപ്പ്-നെയ്ത്ത് യൂണിറ്റും വികസിപ്പിക്കേണ്ടതാണ്. വാർഡ് തോറും ഖാദി വ്യവസായ യൂണിറ്റുകൾ ആരംഭിക്കേണ്ടതാണ്. ബാംബു കോർപ്പറേഷൻെറ ഡിപ്പോ എല്ലാ വാർഡുകളിലും ആരംഭിക്കേണ്ടതും നെയ്ത്ത് കൂലി വർദ്ധിപ്പിച്ച് നൽകേണ്ടതുമാണ്. കൂടിൽ വ്യവസായങ്ങൾക്കും കൈത്തൊഴിലിനും ആവശ്യമായ പ്രോത്സാഹനം നൽകണം.

സംസ്ഥാന വനിതാ ക്ഷേമ ബോർഡിൻറ പ്രാദേശിക കേന്ദ്രം മുക്കന്നൂരിൽ സ്ഥാപിക്കേണ്ടതാണ്. വർക്കിംഗ്വിമൻസ് ഹോസ്റ്റലും വിധവാ സംരക്ഷണ കേന്ദ്രവും അഗതി മന്ദിരവും ആരംഭിക്കേണ്ടതാണ്. വനിതാ ക്ഷേമബോർഡിൻെറയും വിവിധ സന്നദ്ധസംഘങ്ങളുടേയും സഹകരണം ഇതിന് വേണ്ടി ലഭ്യമാക്കാവുന്നതാണ്.

സ്വന്തമായി കെട്ടിടങ്ങളില്ലാത്ത ബാലവാടികൾക്ക് കെട്ടിടങ്ങൾനിർമ്മിക്കുവാൻസാമ്പത്തിക സഹായം നൽകണം സംസ്ഥാന ലളിതകലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ രു നൃത്ത വിദ്യാലയം ആരംഭിക്കണം. കോളനികളിൽ വനിതകൾക്കായി സാംസ്കാരിക കേന്ദ്രങ്ങൾ ആരംഭിക്കണം കോളനികളിൽ മാസത്തിലൊരിക്കലെങ്കിലും സൗജന്യ വൈദ്യ പരിശോന സൗകര്യമേർപ്പെടുത്തണം.

ആട്,കോഴി, പന്നി എന്നിവ വളർത്തുന്നതിന് സബ്സിഡിയും വായ്പയും ലഭ്യമാക്കേണ്ടതാണ്. പൂതംകുറ്റി, മഞ്ഞിക്കാട് ക്ഷീരോൽപ്പാദക സംഘങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന വനിതാ ഉൽപ്പന്ന യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും വിപുലീകരിക്കുകയും വേണം.

ഹോം നഴ്സിംഗ് പരിശീന കേന്ദ്രം ആരംഭിക്കണം വനിതകൾക്ക് സ്വയം തൊഴിൽ പദ്ധതിയിൽ പ്പെടുത്തി സഹായ നിരക്കിൽ ഓട്ടോറിക്ഷകൾ നൽകണം. പാല, ആശുപത്രിപ്പടി, ഷാപ്പ് കവല, കോക്കുന്ന്, വട്ടേക്കാട്, ആഴകം, മഞ്ഞിക്കാട്, സെഹിയോൻ കവല, താബോർ, പൂതംകുറ്റി, എടലക്കാട്, കാരമറ്റം എന്നിവിടങ്ങളിൽ വനിതാ എസ്.റ്റി.ഡി. ബൂത്തുകളാരംഭിക്കേണ്ടതാണ്.

പോഷകാഹാര വിതരണം കാര്യക്ഷമമാക്കണം. പ്രസവാനുകൂല്യം വർദ്ധിപ്പിക്കണം. സമസ്ത മേഖലകളിലും സ്ത്രീ സംവരണം നടപ്പിലാക്കണം. ക്ഷീരോല്പാദക സംഘം ഭരണ സമിതികളിൽ ഉടൻ തന്നെ സംവരണം ഉറപ്പ് വരുത്തണം. തുല്യ ജോലിക്ക് തുല്യ വേതനം നടപ്പിലാക്കണം. എല്ലാ വനിതകൾക്കും പെൻഷൻ നൽകണം.

സഹകരണം

ജനസംഖ്യയുടെ 80%-വും അധിവസിക്കുന്ന ഗ്രാമങ്ങളിലാണ് ഭാരതത്തിന്റെ ആത്മാവ് കുടികൊള്ളുന്നതെന്നും ഗ്രാമവികസനത്തിലൂടെ മാത്രമേ നമുക്ക് പുരോഗതി സാധ്യമാകുവെന്നും രാഷ്ട്രപിതാവ് ഉറച്ചുവിശ്വസിച്ചിരുന്നു. ഗ്രാമവികസനത്തിൽ സഹകരണ മേഖലക്ക് ഉന്നതമായ സ്ഥാനമാണുള്ളത് Each for all and all for each അടിസ്ഥാന തത്വത്തിൽ രൂപീകൃതമായ സഹകരണസ്ഥാപനങ്ങൾ ഓരോ ഗ്രാമത്തിന്റേയും നട്ടെല്ലായി മാറികഴിഞ്ഞു. തികച്ചും കാർഷികമേഖലകൾ മാത്രം ഉൾക്കൊള്ളുന്ന നമ്മുടെ ഗ്രാമപഞ്ചായത്തിൽ വായ്പാ-വായ്പേതര മേഖലകളിൽ സഹകരണപ്രസ്ഥാനം പന്തലിച്ചുകഴിഞ്ഞു.

മൂക്കന്നൂർ പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയുടെ നെടുംതൂണായി പ്രവർത്തിച്ചുവരുന്ന മൂക്കന്നൂർസർവ്വീസ് സഹകരണബാങ്ക് 1960-ൽ വിവിധോദ്ദേശ്യസഹകരണസംഘമായിട്ടാണ് രജിസ്റ്റർ ചെയ്യപ്പെട്ടത്. മൂക്കന്നൂർ-തുറവൂർ പഞ്ചായത്തിന്റെ 3,4,5 എന്നീ വാർഡുകൾ പ്രവർത്തനപരിധിയാക്കി 200 അംഗങ്ങളും 5000/- രൂപ ഓഹരിമൂലധനവുമായി 19-12-1960-ൽ പ്രവർത്തനം ആരംഭിച്ചു. കാർഷിക മേഖലയുടെ വികസനത്തിനുതകുന്ന പദ്ധതികളാണ് ബാങ്ക് നടപ്പിലാക്കി വന്നിരുന്നത്. കൃഷിഭൂമിയുടെ സംരക്ഷണം, ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, വളം കീടനാശിനികളുടെ വിപ്ലന എന്നിവക്ക് മുൻഗണന നൽകിയ ബാങ്ക് ഇന്ന് മൂന്ന് കോടിയോളം രൂപ നിക്ഷേപമുള്ള ഒരു സ്ഥാപനമായി വളർന്നിരിക്കുന്നു. മറ്റ് ബാങ്കിംഗ് സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്തമായി നമ്മുടെ ബാങ്ക് സ്വരൂപിക്കുന്ന നിക്ഷേപങ്ങൾ പൂർണ്ണമായും നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിനായി വിനിയോഗിക്കുന്നു.

നിക്ഷേപത്തിന്റെ കാര്യത്തിലെന്നപോലെ വായ്പാവിതരണത്തിലും വൈവിദ്ധ്യമായ പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നു. സ്വർണ്ണപണയവായ്പക്ക് മുൻതൂക്കം നൽകിവരുന്നു. നിക്ഷേപത്തിന്റെ കാര്യത്തിൽ ജനങ്ങൾ കുറച്ചുകൂടി സഹകരിച്ചാൽ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന്വേണ്ടി പ്രത്യേക ഭവനനിർമ്മാണപദ്ധതികൾ ആവിഷ്കരിക്കാൻ സാധിക്കും. വായ്പയെടുക്കുന്നവർ അത് കൃത്യസമയത്ത് തിരിച്ചടയ്ക്കാൻ വിമുഖത കാണിക്കുന്നത് സഹകരണ മേഖലയുടെ കാര്യക്ഷമമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. വായ്പകളുടെ ജാമ്യത്തിന്റെ കാര്യത്തിൽ ഉദാരവ്യവസ്ഥകളാണ് നിലവിലുള്ളതെങ്കിലും അത് കുറെകൂടി എളുപ്പമാക്കണമെങ്കിൽ ജനങ്ങളുടെ സഹകരണം കുറെകൂടി ഉണ്ടാകേണ്ടിയിരിക്കുന്നു. ബാങ്കിൽ 8000-ത്തോളം അംഗങ്ങൾ ഉണ്ടെങ്കിലും ഏകദേശം 50 ശതമാനം അംഗങ്ങൾ മാത്രമേ ബാങ്കിന്റെ പ്രവർത്തനങ്ങളുമായി സഹകരിക്കുന്നുള്ളു. സമഗ്രസഹകരണനിയമം നിർമ്മിക്കുമ്പോൾ മുഴുവൻ സഹകരണസ്ഥാപനങ്ങളിലും ആനന്ദ്മാതൃകാസംഘങ്ങളിലേതുപോലെ അംഗങ്ങളെ ആക്ടീവ് അംഗങ്ങളെന്നും സ്ലീപ്പിംഗ് അംഗങ്ങളെന്നും തരംതിരിച്ച് ആക്ടീവ് അംഗങ്ങൾക്ക് മാത്രം വോട്ടവകാശം നൽകുവാൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. കൂടാതെ സംഘവുമായി നടത്തിയിട്ടുള്ള കരാറുകൾ ലംഘിക്കുന്ന അംഗങ്ങൾക്ക് (പ്രത്യേകിച്ച് കുടിശ്ശികക്കാർക്ക്) വോട്ടവകാശം നൽകണോയെന്നകാര്യം പുനഃപരിശോധിക്കേണ്ടതാണ്.

വായ്പേതരമേഖലകളിലും നമ്മുടെ പഞ്ചായത്തിൽ സഹകരണപ്രസ്ഥാനം ശക്തമാണ്. നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്ഷീരസഹകരണസംഘങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ കൂടുതൽ ശ്രദ്ധനൽകേണ്ടിയിരിക്കുന്നു. എല്ലാ സംഘങ്ങളിലും കൃത്രിമബീജാധാന പരിപാടിക്ക് സംവിധാനം ഉണ്ടാക്കണം. നമ്മുടെ പഞ്ചായത്തിൽ തരിശായികിടക്കുന്ന ഭൂമി തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് ഉപയോഗപ്പെടുത്തണം. ഗ്രാമപഞ്ചായത്തിലെ മുഴുവൻ ക്ഷീരസംഘങ്ങളേയും സഹകരിപ്പിച്ചുകൊണ്ട് ഒരു മിനി കാലിത്തീറ്റഫാക്ടറിക്ക് രൂപം നൽകണം. ഉപഭോക്തൃസംസ്ഥാനമായി മാറികൊണ്ടിരിക്കുന്ന കേരളത്തിലെ ജനങ്ങളുടെ ആഹാരത്തിലെ ഒരു മുഖ്യ ഇനമായി മാറികൊണ്ടിരിക്കുന്ന ക്ഷീരോല്പന്നങ്ങൾ ധാരാളമായി ഉത്പാദിപ്പിക്കുവാനും അതിന് വി

പണനസാധ്യതകൾ കണ്ടെത്തുവാനും ഇത് ഒരു വലിയ തൊഴിൽ സാധ്യതാമേഖലയായി വളർത്തിയെടുക്കാനും ക്ഷീരസംഘങ്ങൾ വഴി സാധിക്കണം.

ഗ്രാമപഞ്ചായത്തിലെ കാർഷികമേഖലയിൽ നിന്നുള്ള വരുമാനത്തിന്റെ നല്ലൊരുഭാഗം റബർകൃഷിയിൽ നിന്നുമാണ്. റബർ ഉത്പന്നങ്ങളുടെ വിലയുമായി താരമത്യപ്പെടുത്തുമ്പോൾ ഉത്പാദകന് തുച്ഛമായ വിലയാണ് ലഭിച്ചുവരുന്നത്. റബർ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും ഇടത്തട്ടുകാരുടെ ചൂഷണം അവസാനിപ്പിക്കുന്നതിനുമായി ഈ മേഖലയിൽ ഒരു റബർ കർഷകസഹകരണസംഘം രൂപീകരിക്കേണ്ടതാണ്. റബർ ഉത്പന്നങ്ങളുടെ ഉപഭോഗം വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ വ്യവസായികമായും തൊഴിൽപരമായുമുള്ള സാധ്യതകൾ ചൂഷണം ചെയ്യുന്നതിനായി റബർ അധിഷ്ഠിത വ്യവസായ ശൃംഖലയ്ക്ക് രൂപം നൽകണം.

നമ്മുടെ പഞ്ചായത്തിലെ ഒരു മുഖ്യവിളയും ജനങ്ങളുടെ പ്രധാനവരുമാന മാർഗവുമായ തെങ്ങ്കൃഷി രൂക്ഷമായ പ്രതിസന്ധിയെ നേരിടുന്ന കാലഘട്ടമാണല്ലോ ഇത്. ഉത്പന്നത്തിന്റെ വിലയിടിവ് കർഷകന്റെ സാമ്പത്തീക സ്ഥിതിയെ തകർക്കുമ്പോൾ രോഗബാധകൃഷിയെ തന്നെ നശിപ്പിക്കുന്നു. സംഭരണ, സംസ്ക്കരണ വിപണന മേഖലകൾ ശക്തമാക്കുന്നതിനും ന്യായവില ഉറപ്പുവരുത്തുന്നതിനും സഹകരണ മേഖലയ്ക്ക് സാധിക്കുമെന്ന് ഉറപ്പുള്ളതുകൊണ്ട് ഈ മേഖലയിൽ ഒരു സഹകരണസ്ഥാപനം രൂപികരിക്കേണ്ടത് ആവശ്യമാണ്.

വനിതകളുടെ ഉന്നമനത്തിനായി വിവിധോദ്ദേശ്യ വനിതാസഹകരണസംഘം രൂപീകരിക്കണം. ഇതിന് കീഴിൽ തയ്യൽ റെഡിമെയ്ഡ് ഡ്രസ്സുകളുടെ നിർമ്മാണം, പച്ചക്കറി തോട്ട നിർമ്മാണം, പൗൾട്രിഫാം, ഭക്ഷ്യ സംസ്കരണയൂണിറ്റ് മുതലായ തൊഴിൽ മേഖലകൾ വളർത്തിയെടുക്കാനുള്ള സാധ്യതകൾ വളരെയേറെയാണ്. 21-ാം നൂറ്റാണ്ടിലേയ്ക്കുള്ള പ്രയാണത്തിനിടയിൽ കമ്പ്യൂട്ടർ-ഇലക്ട്രോണിക്സ് മേഖലകളിൽ ഉണ്ടായിട്ടുള്ള കുതിച്ചുചാട്ടം പ്രയോജനപ്പെടുത്താം. ഇത് ഒരു തൊഴിൽ സാധ്യത മേഖലയായി വളർത്താൻ സഹകരണപ്രസ്ഥാനം കൊണ്ട് സാധിക്കുമെന്നതിൽ സംശയമില്ല.

നമ്മുടെ പഞ്ചായത്തിന്റെ വടക്കൻമേഖലകളിൽ വൻതോതിൽ കരിങ്കൽ നിക്ഷേപങ്ങളുണ്ട്. ഇന്ന് ഈ മേഖലയിൽ അനേകം പേർ തൊഴിൽ ചെയ്തുവരുന്നുണ്ട്. ഈ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമവും സാമ്പത്തിക ഭദ്രതയും ഉറപ്പുവരുത്തുന്നതിനും ഒരു കരിങ്കൽ തൊഴിലാളിസഹകരണസംഘം രൂപീകരിക്കാവുന്നതാണ്. ഇത് ഈ മേഖലയുടെ വികസനത്തിനും അതുവഴി ചൂഷണം ഒഴിവാക്കുന്നതിനും സാധിക്കും. നമ്മുടെ പഞ്ചായത്തിൽ സഹകരണ മേഖലയിൽ ഉണ്ടാക്കാവുന്ന തൊഴിൽ സാധ്യതകൾ വികസിപ്പിക്കുന്നതിന് നാം ഇനിയും വൈകികൂടാ.

നാട്ടിൽ ഉല്പാദിക്കപ്പെടുന്ന പച്ചക്കറികളും കാർഷിക ഉല്പന്നങ്ങളും സംഭരിച്ച് വില്പന നടത്തുന്നതിന് വേണ്ടിയുള്ള ഒരു സഹകരണവിപണനസംഘം (Co-operative Marketing Society) സ്ഥാപിക്കുക. ഇതുവഴി ഉല്പാദകർക്കു ന്യായമായി വില ലഭിക്കുവാൻ അവസരം ഉണ്ടാകും. ഈ രംഗത്ത് പ്രവർത്തിക്കുന്ന ചെറുകിട വ്യാപാരികളെ ഇതിലെ അംഗങ്ങളാക്കാവുന്നതും ഇവരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതുമാണ്.



പട്ടികജാതി - പട്ടികവർഗ്ഗം

മൂക്കന്നൂർ ഗ്രാമത്തിന്റെ ജനസംഖ്യയിൽ ഗണ്യമായ സ്ഥാനം പട്ടികജാതിക്കാർക്കുണ്ട്. മിക്കവാറും ഗ്രാമത്തിന്റെ എല്ലാ ഭാഗത്തും പട്ടികജാതിക്കാർ താമസിക്കുണ്ട്. സമീപത്തുള്ള മറ്റ് പ്രദേശങ്ങിലുള്ളവരെ അപേക്ഷിച്ച് ഇവിടുത്തെ പട്ടികജാതിക്കാർ ഏറെ പ്രബുദ്ധരും വിദ്യാസമ്പന്നരും ആണ്. ഗ്രാമത്തിന്റെ സമസ്ത മേഖലകളിലും ഇവരുടെ സജീവ സാന്നിദ്ധ്യം ഉണ്ടായിട്ടുണ്ട്.

ഇപ്പോൾ ഗ്രാമത്തിൽ വട്ടേക്കാട്, തെക്കേ അട്ടാറ, വടക്കേ അട്ടാറ (കാട്ടാമ്പിള്ളി), കോക്കുന്ന്, മള്ളൂർക്കാട്, എടലക്കാട് എന്നീ 6 അംഗീകൃത പട്ടിക ജാതിക്കോളനികളുണ്ട്. ഇവയിൽ എടലക്കാട് ഒഴികെ എല്ലാ കോളനികളും വൈദ്യുതീകരിച്ചിട്ടുണ്ട്. എടലക്കാട് കോളനി വൈദ്യുതീകരണം നടന്നുവരുന്നു.

കോളനി നിവാസികൾക്ക് വിവിധ പദ്ധതികളിൽപ്പെടുത്തി വീടുകളും സുരക്ഷിത കക്കൂസുകളും നിർമ്മിച്ചിട്ടുണ്ട്. ഇപ്പോഴും നിർമ്മിച്ചു വരുന്നുണ്ട്. പ്രത്യേക ഘടകപദ്ധതി പ്രകാരം കിണറുകൾ കുഴിക്കുകയും പമ്പ് സെറ്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ചില കോളനികളിൽ നാമ മാത്രമായി ശുദ്ധ ജല വിതരണ സൗകര്യമുണ്ട്.

കാളാർകുഴി, പാണ്ടിയപ്പിള്ളി, പൂതംകുറ്റി, ഒലിവേലി എന്നീ കോളനികൾക്ക് നാളിത് വരെയും അംഗീകാരം ലഭിച്ചിട്ടില്ല. തന്മൂലം പ്രസ്തുത കോളനികളിൽ താമസിക്കുന്നവർക്ക് ആനുകൂല്യങ്ങൾ വേണ്ടത്ര ലഭിക്കുന്നില്ല.

സർക്കാരിന്റെ വിവിധ പദ്ധതികളിൽ പെടുത്തി ആടുമാടുകൾ, ഫലവൃക്ഷതൈകൾ, വിത്തിനങ്ങൾ, വളം, തൊഴിലുപകരണങ്ങൾ എന്നിവ സൗജന്യമായി നൽകി വരുന്നുണ്ട്. കോക്കുന്നിൽ പ്രവർത്തിക്കുന്ന പട്ടികജാതി ക്ഷേമസൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

ഗ്രാമത്തിലെ ഭൂരിഭാഗം പട്ടികജാതിക്കാരും കൃഷി തൊഴിലാളികളായിരുന്നു. എന്നാൽ കൃഷിലാഭകരമല്ലാതെ വന്ന സാഹചര്യത്തിൽ ഇതര മേഖലകളിലേക്ക് ശ്രദ്ധതിരിക്കുവാൻ ഇവരും നിർബന്ധിതരായിതീർന്നു. ഇപ്പോൾ പനമ്പ് നെയ്ത്ത്, ഇറ്റവെട്ട്, കരിങ്കൽ മടകൾ കെട്ടിടനിർമ്മാണം റബർടാപ്പിംഗ്തുടങ്ങിയ മേഖലകളിൽ ധാരാളം പേർ വ്യാപൃതരായിരിക്കുന്നു. സർക്കാർ ഓഫീസുകളിലും കമ്പനികളിലും ജോലിചെയ്യുന്നവർ വിരലിലെണ്ണാൻ മാത്രം.

പട്ടികജാതി, പട്ടിക വർഗ്ഗ വികസനകോർപ്പറേഷന്റെ പ്രവർത്തനമൊന്നും തന്നെ ഗ്രാത്തിലുണ്ടായിട്ടില്ല. ഗ്രാമത്തിൽ പട്ടികവർഗ്ഗത്തിൽപ്പെടുന്നവർ വളരെക്കുറവാണ്.

ഗ്രാമപഞ്ചായത്ത് ഭരണ സമിതിയിൽ ശ്രീ സി.കെ. കുഞ്ഞപ്പനും, സർവ്വീസ് സഹകരണ ബാങ്ക് ഭരണസമിതിയിൽ ശ്രീ. ടി.വി. സുബ്രനും പട്ടികജാതിക്കാരെ പ്രതിനിധീകരിക്കുന്നു.

പ്രശ്നങ്ങൾ

തൊഴിലില്ലായ്മയാണ് പട്ടികജാതിക്കാരെ അലട്ടുന്ന മുഖ്യപ്രശ്നം. കൃഷി അവഗണിക്കപ്പെട്ടതോടെ കാർഷികമേഖലയിലെ തൊഴിൽ സാദ്ധ്യതകളും ഇല്ലാതായി. കാർഷിക മേഖലയിലെ യന്ത്രവത്ക്കരണം തൊഴിൽ ലഭിക്കുവാനുള്ള സാധ്യതകളും കുറച്ചു. മാത്രവുമല്ല പട്ടികജാതിക്കാർക്ക് തൊഴിൽ ലഭിക്കാനുതകുന്ന തൊഴിൽ ശാലകളും ഉണ്ടായില്ല. സഹകാര്യമേഖലയിൽ സംവരണം ബാധകമാലത്തിനാൽ ഉള്ള സ്ഥാപനങ്ങളിൽ പോലും പട്ടികജാതിക്കാർക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നില്ല. തൊഴിൽ പരിശീലന സൗകര്യങ്ങളുടെ അഭാവവും മുഖ്യ പ്രശ്നം തന്നെ.

കുടിവെള്ളത്തിന്റെ ദൗർലഭ്യമാണ് മറ്റൊരു പ്രശ്നം. ഒറ്റ കോളനിയിൽപോലും ശുദ്ധജലവിതരണ പദ്ധതികളില്ല. എടലക്കാട് കോളനിയിൽ നയ മാത്രമായി സ്ഥാപിച്ചിരിക്കുന്ന രണ്ട് ടാപ്പുകളിലും ജലം

ഉണ്ടാകാറില്ല. എടലക്കാട്, മള്ളൂർക്കാട് കോളനിയിൽ കിണർ കുഴിക്കുന്നതിന് സ്ഥലമുണ്ടെങ്കിലും ഇത് വരെയും കിണർ കുഴിച്ചിട്ടില്ല. പ്രത്യേക ഘടകപദ്ധതിയിൽപ്പെടുത്തി ശുദ്ധജലവിതരണ പദ്ധതി ആരംഭിക്കണമെന്ന ആവശ്യം ഇനിയും അംഗീകരിക്കപ്പെട്ടിട്ടില്ല.

ഒരു പൊതുശ്മശാനത്തിന്റെ അഭാവംമൂലമുള്ള പ്രശ്നം ഗുരുതരമാണ്. ഇത് സംബന്ധിച്ച് നടത്തിയിട്ടുള്ള ശ്രമങ്ങളൊന്നും ഫലപ്രദമായിട്ടില്ല.

അടിസ്ഥാന സൗകര്യങ്ങളായ വീട്, കക്കൂസ്, വൈദ്യുതി എന്നിവ എല്ലാവർക്കും ലഭ്യമായിട്ടില്ല. താമസിക്കുന്ന സ്ഥലത്തിന് പട്ടയം ലഭിക്കാത്തത് ഗൗരവമായ പ്രശ്നമാണ്. എടലക്കാട്, ഒലിവേലി മിച്ചഭൂമികളിൽ പട്ടികജാതിക്കാർക്ക് ലഭിച്ചിട്ടുള്ള ഭൂമി ചില മദ്ധ്യവർത്തികൾ തട്ടിയെടുക്കുന്നു. റോഡ്, കനാൽ,പുറമ്പോക്കുകളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് യാതൊരു നടപടികളും സ്വീകരിക്കുന്നില്ല. പൂതംകുറ്റി നാല് സെന്റ് കോളനിയിൽ താമസിക്കുന്നവർക്ക് ഇടമലയാർ കനാലിന് സർവ്വേ ചെയ്തുവെന്ന കാരണത്താൽ പട്ടയം നൽകിയിട്ടില്ല. ഇത് സംബന്ധിച്ച അനിശ്ചിതത്വം തുടരുന്നത് ആശങ്കാജനകമാണ്.

ബാംബു കോർപറേഷന്റെ സേവനം പട്ടികജാതി കോളനികളിൽ ലഭ്യമല്ല. ഈറ്റ ലഭിക്കുന്നതിനും പനമ്പ് വിൽക്കുന്നതിനും ഏറെ ബുദ്ധിമുട്ടുന്നു. കോളനികളിൽ സാംസ്കാരിക നിലയങ്ങളോ കമ്മ്യൂണിറ്റി ഹാളുകളോ ഇല്ലാത്തതുമൂലം പട്ടികജാതിക്കാരുടെ പൊതുവായ പരിപാടികളും സാംസ്ക്കാരിക വിനിമയ പരിപാടികളും നടത്തുന്നതിന് കഴിയുന്നില്ല.

കർഷക തൊഴിലാളി പെൻഷൻ, വാർദ്ധക്യ പെൻഷൻ, വിധവാ പെൻഷൻ എന്നിവ യഥാസമയം വിതരണം ചെയ്യുന്നില്ല. കോളനികളിൽ യാതൊരു വിധ ചികിത്സാസൗകര്യങ്ങളുമില്ലാത്തതിനാൽ നിവാസികൾ വളരെയേറെ ബുദ്ധിമുട്ടുന്നു.

കാളാർകുഴി, പാണ്ടിയപ്പിള്ളി, പൂതംകുറ്റി, ഒലിവേലി, കോളനികക്ക് സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽഅർഹതപ്പെട്ട ആനുകൂല്യങ്ങൾ അവിടുത്തെ പട്ടികജാതിക്കാർക്ക് ലഭിക്കുന്നില്ല. പട്ടികജാതിപട്ടികവർഗ്ഗ വികസന കോർപറേഷൻ മുഖേനയുള്ള സാമ്പത്തിക സഹായങ്ങളുടെ വിതരണ സമ്പ്രദായം ഫലപ്രദമല്ല.

സാദ്ധ്യതകൾ

ഗ്രാമത്തിൽപുതിയവ്യവസായ സംരംഭങ്ങളാരംഭിക്കുകയാണ് തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള ഏക മാർഗ്ഗം. ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിൽ പട്ടികജാതി വ്യവസായ സംഘങ്ങൾ രൂപീകരിച്ച് വ്യവസായ സംരംഭങ്ങളാരംഭിക്കാവുന്നതാണ്. വ്യവസായസംരംഭങ്ങൾക്ക് വിദഗ്ധോപദേശം, സ്ഥലം, കെട്ടിടം, വൈദ്യുതി എന്നിവ സഹായനിരക്കിൽ ലഭ്യമാക്കണം. തൊഴിൽ പരിശീലന കേന്ദ്രവും ആരംഭിക്കണം.

കാർഷിക മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് വിത്തും വളവും യന്ത്രസാമഗ്രികളും സൗജന്യമായി നൽകണം. കൃഷിഭൂമി വാങ്ങുന്നതിനുള്ള സഹായം വർദ്ധിപ്പിച്ച് എല്ലാവർക്കും ലഭ്യമാക്കണം.

നിർദ്ധിഷ്ട നോർത്ത് കോതകുളങ്ങര ശുദ്ധജല വിതരണ പദ്ധതിയുടെ നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കണം. താബോർ ശുദ്ധജല പദ്ധതിയുടെ വെള്ളം മള്ളൂർക്കാട് എടലക്കാട് കോളനികളിൽവിതരണം ചെയ്യാൻ സംവിധാനം ഏർപ്പെടുത്തണം. പ്രസ്തുത പദ്ധതിയുടെ വെള്ളം ദുരുപയോഗപ്പെടുത്തുന്നവർക്കെതിരെ കർശന നടപടിയെടുക്കണം. ജലവിതരണ സംവിധാനം കാര്യക്ഷമമാക്കണം. മള്ളൂർക്കാട്, എടലക്കാട് കോളനികളിൽ പൊതുകിണർ കുളിക്കുന്നതിനായി കരുതിയിരിക്കുന്ന സ്ഥലത്ത് കിണർകുഴിച്ച് പമ്പ് സെറ്റ് സ്ഥാപിക്കണം.പ്രത്യേക ഘടകപദ്ധതിയിൽപ്പെടുത്തി എല്ലാ കോളനികളിലും ലിഫ്റ്റ് ഇറിഗേഷൻ ഏർപ്പെടുത്തണം. നിർദ്ധിഷ്ട വെള്ളപ്പാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കണം പണിപൂർത്തിയായ താബാർ, അട്ടാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ കമ്മീഷൻ ചെയ്യണം. ഒലിവേലിച്ചിറ വികസന പദ്ധതി പൂർത്തിയാക്കണം.

വൈദ്യുതികണക്ഷൻ അപേക്ഷിച്ചിട്ടുള്ളവർക്ക് സർക്കാർ ചിലവിൽ ഉടൻ കണക്ഷൻ നൽകണം. എടലക്കാട് കോളനിലൈൻ ഉടൻ കമ്മീഷൻ ചെയ്യണം. ഒലിവേലി കോളനിയിലേക്ക് പുതിയ ലൈൻ നിർമ്മിച്ച് വൈദ്യുതീകരിക്കണം.

കാളാർകുഴി ലക്ഷംവീട് കോളനി റോഡ്, കാട്ടാമ്പിള്ളി കോളനിറോഡ്, ഒലിവേലിച്ചിറ റോഡ്, തെക്കേ അട്ടാറ കോളനിറോഡ്, ഒലിവേലി ബെൽറ്റ്

റോഡ്, പറമ്പയം-കാട്ടാമ്പിള്ളി റോഡ്, പൂതംകുറ്റി-മള്ളൂർക്കാട്-കനാൽ ബണ്ട് റോഡ് എന്നിവ ടാർചെയ്ത് ഗതാഗതയോഗ്യമാക്കണം. മള്ളൂർക്കാട്-കോളനിയെ കാരമറ്റം കവലയുമായി ബന്ധിപ്പിക്കുന്നിടത്ത് (ഇടത് കരമെയിൻ കനാലിന്റെ 10-ാം കിലോ മീറ്റർ) കനാൽപ്പാലം നിർമ്മിക്കണം. പൂതംകുറ്റിയിൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രം സ്ഥാപിക്കണം. മാസത്തിലൊരിക്കൽ കോളനികളിൽ സൗജന്യ വൈദ്യപരിശോധന ഏർപ്പെടുത്തണം.

കനാൽ,റോഡ്, പുറമ്പോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കണം. പട്ടയമില്ലാത്തവർക്ക് കൈവശഭൂമിക്ക് പട്ടയം നൽകണം. മിച്ചഭൂമി അപഹരിക്കുന്ന ഇടനിലക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണം.

ബാംബു കോർപറേഷൻ ഡിപോകൾ എല്ലാ കോളനികളിലും ആരംഭിക്കണം. പനമ്പ് നെയ്ത്തുകൂലി വർദ്ധിപ്പിച്ച് നൽകണം. ഖാദിബോർഡ് യൂണിറ്റുകളിൽ സംവരണം ഏർപ്പെടുത്തണം. കോളനികളെ കേന്ദ്രീകരിച്ച് പുതിയ യൂണിറ്റുകൾ ആരംഭിക്കണം. സ്ത്രീകൾ കൈത്തൊഴിൽ, കുടിൽ വ്യവസായങ്ങൾ നടത്തുന്നതിന് പ്രോത്സാഹനം നൽകണം.

സ്വയംതൊഴിൽ പദ്ധതി വ്യാപകമായി നടപ്പിലാക്കണം. പട്ടികജാതിക്കാരുടെ ഉടമസ്ഥതയിൽ ഒരു റേഷൻ കട അനുവദിക്കണം. വഴിവിളക്കുകൾ സ്ഥാപിക്കണം. കോളനികളിൽ സർക്കാർ ചിലവിൽ സൗജന്യ ട്യൂഷൻ സെൻററുകൾ ആരംഭിക്കണം.

പഞ്ചായത്ത് തലത്തിൽ ഒരു പൊതുശ്മശാനം യുദ്ധകാലാടിസ്ഥാനത്തിൽ നിർമ്മിക്കണം.

ഗതാഗതം തുടർച്ച:

ബസ് സർവ്വീസുകൾ

പഞ്ചായത്തിൽ ഇപ്പോഴുള്ള ബസ് സർവ്വീസുകൾ വളരെ പരിമിതങ്ങളാണ്. യാത്രക്കാരുടെ വർദ്ധനവിനനുസരിച്ച് സർവ്വീസുകളിൽ വേണ്ടത്ര പുരോഗതിയുണ്ടായിട്ടില്ല. ഒട്ടേറെ റോഡുകൾ ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ടെങ്കിലും ഇവയിൽ പലതിലും ബസ് സർവ്വീസുകളില്ല. സമീപസ്ഥലങ്ങളായ അങ്കമാലി, കാലടി, പെരുമ്പാവൂർ, ആലുവ, ചാലക്കുടി എന്നിവിടങ്ങളിലേക്ക് ഏതാനും സർവ്വീസുകൾ ഉണ്ടെങ്കിവും ജില്ലാആസ്ഥാനമായ ഏറണാകുളം, ഏറ്റവും അടുത്തമെഡിക്കൽ കോളേജ് സ്ഥിതിചെയ്യുന്ന തൃശൂർ എന്നിവിടങ്ങളിലേക്ക് ഒറ്റ ബസ് സർവ്വീസ് പോലുമില്ല. ധാരാളം തൊഴിലാളികളുള്ള പ്ലാൻേറഷനിലേക്കുള്ള സർവ്വീസുകൾ നാമമാത്രമാണ്.

സ്വകാര്യ ബസ്സുകളും കെ. എസ്. ആർ.ടി.സി. ബസ്സുകളും മൂക്കന്നൂരിലൂടെ സർവ്വീസ് നടത്തുന്നുണ്ട്. എന്നാൽ രാത്രികാലങ്ങളിൽ ഇവയൊന്നും സർവ്വീസ് നടത്തുന്നില്ല. കെ.എസ്.ആർ.ടി.സി. ബസ്സുകൾ പലപ്പോഴും ട്രിപ്പു മുടക്കുന്നു. ബസ്സുകൾക്ക് മൂക്കന്നൂരിൽ സമയനിയന്ത്രണ സംവിധാനങ്ങളൊന്നുമില്ല. കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ കൂടെക്കൂടെയുള്ള സമയമാറ്റം ഗ്രാമത്തിലെ ബസ് സർവ്വീസുകളെ ആകെതന്നെ കുഴപ്പത്തിലാക്കുന്നു.

എറണാകുളത്തേക്കും തൃശൂരിലേക്കും മൂക്കന്നൂരിൽ നിന്ന് ബസ് സർവ്വീസുകൾ ആരംഭിക്കണം. എറണാകുളത്തേക്കുള്ള സർവ്വീസുകൾ പഞ്ചായത്തിന്റെ വടക്കേ അറ്റത്ത് നിന്നും തൃശൂർക്കുള്ള സർവ്വീസുകൾ തെക്കേ അറ്റത്തുനിന്നും ആരംഭിക്കണം. മൂക്കന്നൂർ വഴി തൃശൂർ-എറണാകുളം സർവ്വീസുകൾക്ക് ഏറെ സാദ്ധ്യതകളുണ്ട്. പ്ലാൻേറഷനിത്തിന് മൂക്കന്നൂർ വഴി കോട്ടയത്തേക്ക് ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ ആരംഭിക്കുണം. ഗുരുവായൂർ, ഭരണങ്ങാനം, ചോറ്റാനിക്കര തുടങ്ങിയ തീർത്ഥാടന കേന്ദ്രങ്ങളിലേക്കും ബസ് സർവ്വീസുകൾ ആവശ്യകമാണ്.

ആഴകം, തുറവൂർ വഴി ചാലക്കുടി-പെരുമ്പാവൂർ റൂട്ടിലും എടലക്കാട്, ചുള്ളിവഴി ചാലക്കുടി-പെരുമ്പാവൂർ റൂട്ടിലും കൂടുതൽ സർവ്വീസുകൾ ആരംഭിക്കണം. ആനപ്പാറ, പൂതംകുറ്റി, പാലിശേരി, നാല്കെട്ട് വഴി ചാലക്കുടി-പെരുമ്പാവൂർ റൂട്ടിലും പറമ്പയം, പാലിശ്ശേരി വഴി അങ്കമാലി-ചാലക്കുടി റൂട്ടിലും പുതുതായി ബസ് സർവ്വീസുകൾ ആരംഭിക്കേണ്ടത് ഗ്രാമത്തിന്റെ സമഗ്ര വികസനത്തിന് അനിവാര്യമാണ്. ജില്ലാആസ്ഥാനമായ എറണാകുളത്ത് നിന്ന് മൂക്കന്നൂർ വഴി വെറ്റിലപ്പാറ ഫെറി വരെ ബസ് സർവ്വീസ് ആരംഭിക്കണം. പ്ലാൻേറഷൻ റൂട്ടിലും കൂടുതൽ സർവ്വീസുകൾ നടത്തണം.ഇപ്പോൾ പാലാകവല വരെ സർവ്വീസുകൾ നടത്തുന്ന ബസ്സുകൾ കാളാർകുഴി , ബേസിൽ ഭവൻ കനാൻ ദേശം എന്നിവിടങ്ങളിലേക്കും കോക്കുന്ന് വരെ സർവ്വീസ് നടത്തുന്നവ അട്ടാറ, പറമ്പയം, ദേവഗിരി എന്നിവിടങ്ങളിലേക്കും, പൂതംകുറ്റി വരെ സർവ്വീസ് നടത്തുന്നവ മൂലേപ്പാറ, കാരമറ്റം, ഒലിവേലിച്ചിറ എന്നിവിടങ്ങളിലേക്കും സർവ്വീസ് നീട്ടേണ്ടതാണ്. അതുകൊണ്ട് മേൽപ്പറഞ്ഞ സ്ഥലങ്ങളുടെ വികസനസാദ്ധ്യതയേറും. യാത്രക്കാരുടെ സൗകര്യത്തിനും കൂടുതൽ ഫലപ്രദമാകും എരപ്പ് വഴി മൂക്കന്നൂർ-അങ്കമാലി റൂട്ടിൽ ബസ് സർവ്വീസുകൾക്ക് വളരെയേറെ സാദ്ധ്യതകളുണ്ട്.

തൃശൂർ ജില്ലയിൽ ജില്ലാതിർത്തിയായ അടിച്ചിലിവരെ സർവ്വീസ് നടത്തുന്ന ബസ്സുകൾ മൂക്കന്നൂരിലേക്കും അങ്കമാലിയിലേക്കും നീട്ടേണ്ടതാണ്. ആഴകം വഴി പൂതംകുറ്റിയിലേക്കുള്ള സർവ്വീസുകൾ വർദ്ധിപ്പിക്കണം. പ്രസ്തുത സർവ്വീസുകൾ ആശുപത്രിപ്പടിയുമായി ബന്ധിപ്പിക്കണം. മൂക്കന്നൂരിന്റെ മദ്ധ്യഭാഗത്ത് ഒരു ബസ്സ് സ്റ്റാൻഡ് നിർമ്മിക്കണം. രാത്രി പാർക്ക് ചെയ്യുന്ന ബസ്സുകളുടെ സൗകര്യാർത്ഥം എടലക്കാട് ഒരു ബസ് ഷെൽട്ടർ നിർമ്മിക്കണം. പഞ്ചായത്തിൽ സ്റ്റാൻഡ്-ഷെൽട്ടർ നിർമ്മിക്കണം

വിഭവ സമാഹരണം

ഗ്രാമ പഞ്ചായത്തിന്റെ വികസനം, വിഭവ ലഭ്യതയേയും അതിന്റെ ശരിയായ വിനിയോഗത്തേയും ആശ്രയിച്ചാണിരിക്കുന്നത്. മുക്കന്നൂർ പഞ്ചായത്തിൽ മുഖ്യമായി നമുക്ക് ലഭിക്കുന്ന വിഭവങ്ങൾ പ്രകൃതിജന്യമായ വിഭവങ്ങളും മനുഷ്യശക്തിയുമാണ്. ഇതിൽ മനുഷ്യശേഷി തന്നെയാണ് പ്രഥമ ഗണനീയം. 9 വാർഡുകളുള്ള ഈ പഞ്ചായത്തിൽ പതിനായിരത്തോളം യുവതിയുവാക്കൾ കർമ്മരംഗത്ത് അവരുടെ അദ്ധ്വാനം പ്രയോജനപ്പെടുത്തിയാൽ ഈ നാടിന്റെ വികസനത്തിന്റെഗണ്യമായ പങ്കുംചെയ്ത്തീർക്കാനാകും.

ഇവിടെയുള്ള എൻ.എസ്.എസ്., എൻ.സി.സി. പോലുള്ള സന്നദ്ധ സംഘടനകളുടെ സേവനം ഉപയോഗപ്പെടുത്തി വളരെയേറെ കാര്യങ്ങൾ ചെയ്ത് തീർക്കാൻ കഴിയും.

മനുഷ്യശേഷിയോടൊപ്പം ധനകാര്യസ്ഥാപനങ്ങളുടെ സാമ്പത്തിക പങ്കാളിത്തം ഉപയോഗപ്പെടുത്തി പഞ്ചായത്തിലുള്ള ചെറിയ റോഡുകൾ തോടുകൾ എന്നിവ നിർമ്മിക്കാം. തൊഴിൽ രഹിതരായ യുവാക്കൾക്ക് തൊഴിൽ കണ്ടെത്തുന്നതിനും അതുവഴി ഗ്രാമത്തിന്റെ വികസനം നടത്തുന്നതിനും ഒരേ സമയത്ത് സാധിക്കും.

കരിങ്കല്ല്, തടി, ചെങ്കല്ല് എന്നിവ പഞ്ചായത്തിന് പുറത്ത് കൊണ്ടുപോകുന്ന വാഹനങ്ങളിൽ നിന്ന് ചെറിയ തോതിൽ നികുതി ഏർപ്പെടുത്തിയാൽ അതിൽ നിന്ന് ലഭിക്കുന്ന പണം കൊണ്ട് ഗ്രാമീണറോഡുകളുടെ അറ്റകുറ്റപ്പണി ചെയ്യാനാകും. പഞ്ചായത്ത് അതിർത്തിയിലുള്ള ഉദ്യോഗസ്ഥരിൽ നിന്നും ബിസിനസ്സുകാരിൽ നിന്നും ഉയർന്ന സാമ്പത്തിക വരുമാനമുള്ളവരിൽ നിന്നും ചെറിയ തുകകൾ സമാഹരിച്ചാൽ അതുകൊണ്ട് തൊഴിൽ ഇല്ലാത്തവർക്കും നിർദ്ധനർക്കും ആലംബഹീനർക്കും ഒരു പരിധി വരെ സഹായം എത്തിക്കാൻ കഴിയും.

രണ്ട് ഏക്കറിൽ കൂടുതൽ റബ്ബർ കൃഷി ഉള്ളവരിൽ നിന്ന് വരുമാന അടിസ്ഥാനത്തിൽ പണം സമാഹരിച്ച് പ്രസ്തുത തുക കുടിൽ വ്യവസായ മേഖലയിൽ ചെലവഴിച്ചാൽ അതുവഴി ധാരാളം പേർക്ക് തൊഴിൽ ലഭിക്കും. ആയിരത്തി അഞ്ഞൂറ് (1500) ച:അടിയിൽ കൂടുതൽ വലിപ്പമുള്ള കെട്ടിടം പണിയുന്നവരിൽ നിന്നും ഒരു നിശ്ചിതഫീസ് ഈടാക്കിയാൽ അതുവഴി ഗണ്യമായ സാമ്പത്തിക വരുമാനം ഉണ്ടാക്കാൻ കഴിയും.

പഞ്ചായത്തു കുളങ്ങളിൽ മത്സ്യം വളർത്താനുള്ള ധാരാളം സൗകര്യങ്ങൾ ഉണ്ട്. ഈ ചിറകൾ കുളങ്ങൾ കെട്ടി ഉറപ്പു വരുത്തി മത്സ്യകൃഷി വൻതോതിൽ നടത്താൻ കഴിയും. അതുവഴി പ്രതിവർഷം 2 ലക്ഷം രൂപയെങ്കിലും സമാഹരിക്കാൻ കഴിയും.

ഗ്രാമീണ ജനതയുടെ സമ്പാദ്യശീലം വളർത്തുന്നതിന്റെ ഭാഗമായി മുഴുവൻ ഗ്രാമീണരേയും ദേശീയ സമ്പാദ്യ പദ്ധതിയിൽ പെടുത്തിയാൽ (ഇന്ദിര വികാസ് പദ്ധതി പോലുള്ളവ) പഞ്ചായത്തിന് കിട്ടുന്ന 20% വിഹിതം കൊണ്ട് വർഷം തോറും 20 ലക്ഷം രൂപയെങ്കിലും നേടാൻ കഴിയും. വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തിയെടുക്കാൻ ഈ പഞ്ചായത്തിലുള്ള മുഴുവൻ വിദ്യാർത്ഥികളേയും സഞ്ചയിക പോലുള്ള സേവിങ്ങ്സ് പദ്ധതിയിൽ പെടുത്താനും ഉദ്ദേശിക്കുന്നുണ്ട്.

. വലിയ സദ്യകൾ നടത്തുന്നവർ 25000 രൂപയിൽ അധികം ചെലവിടുന്നവരിൽ നിന്നും നിശ്ചിത ശതമാനം ഫീസ് ഈടാക്കേണ്ടതാണ്. നിർദ്ദിഷ്ട വെറ്റിലപ്പാറ പാലം പണി കഴിയുമ്പോൾ അതിലെ കടന്നു പോകുന്ന വാഹനങ്ങളിൽ നിന്ന് ടോൾ പിരിവ് ഏർപ്പെടുത്തിയാൽ അതുവഴി വലിയ സാമ്പത്തിക വരുമാനം പ്രതീക്ഷിക്കാവുന്നതാണ്.

ഈ പഞ്ചായത്തിന് ഒരു കമ്മ്യൂണിറ്റിഹാൾ ഇപ്പോൾ ഇല്ല. മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള കമ്മ്യൂണിറ്റി ഹാൾ ലഭ്യമാകുകയാണെങ്കിൽ അതിൽ നിന്നും വാടക ഇനത്തിൽ നല്ല ഒരു തുക വരുമാനം പ്രതീക്ഷിക്കാവുന്നതാണ്.

നിർദ്ദിഷ്ട ബസ്റ്റാൻറും ടാക്സി സ്റ്റാൻറും ലഭിച്ചു കഴിഞ്ഞാൽ വണ്ടികൾ പാർക്ക് ചെയ്യുന്നതിന്

ഈടാക്കുന്ന ഫീസ് ഇനത്തിൽ വലിയ ഒരു തുക വരുമാനമായിരിക്കും.

വളർത്തു നായകൾക്ക് ലൈസൻസ് ഫീസ് ഏർപ്പെടുത്തുകയാണെങ്കിൽ അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായകളുടെ എണ്ണം കുറയ്ക്കുവാൻ കഴിയുന്നതോടൊപ്പം പഞ്ചായത്തിന് സാമ്പത്തികമായ നേട്ടം ഉണ്ടാക്കാൻ കഴിയും.

ഫ്രിഡ്ജ്, റ്റി.വി., വി.സി.ആർ. വാഷിങ്ങ് മെഷിൻ എന്നിവകൾ ഉപയോഗിക്കുന്ന ഉപഭോക്താക്കളിൽ നിന്ന് നിശ്ചിത തുക വാർഷിക ഫീസായി ഈടാക്കിയാൽ അതുവഴി ദുർബല വിഭാഗങ്ങൾക്ക് പാർപ്പിടം, കക്കൂസ്, എന്നിവ നിർമ്മിക്കുന്നതിന് ഉപകരിക്കും.

വിവാഹങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്താൽ അതിന്റെ ഫീസായി നിശ്ചിത തുക ഈടാക്കാം. പരസ്യബോർഡുകൾക്ക് ഫീസ് ഈടാക്കാം.

വിദേശത്ത് ജോലി ചെയ്യുന്ന ഈ പഞ്ചായത്തിലെ നൂറുകണക്കിന് ആളുകളുടെ നിക്ഷേപം ചെലവഴിച്ച് വ്യവസായങ്ങൾ ആരംഭിച്ചാൽ ധാരാളം തൊഴിലവസരങ്ങൾ ലഭ്യമാകുന്നതോടൊപ്പം ധാരാളം പണവും സ്വരൂപിക്കാൻ കഴിയും.

വിഭവസമാഹരണ മേഖലകൾ

സഹകരിക്കുന്ന ബാങ്കുകൾ

1. യൂണിയൻ ബാങ്ക്, കറുകുറ്റി.
2. ഫെഡറൽ ബാങ്ക്, മൂക്കന്നൂർ.
3. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ - ചാലക്കുടി.
4. സർവ്വീസ് സഹകരണ ബാങ്ക് - മൂക്കന്നൂർ.

ഗവൺമെൻറിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ

1. അൺടൈഡ് ഫണ്ട്	- 276700 രൂ.	(1995-96)
2. വി.ടി.സി. ഗ്രാൻറ്	- 472691 രൂപ	"
3. വി.ആർ.എം. ഗ്രാൻറ്	- 51883രൂപ.	"
4. എസ്റ്റാബ്ലിഷ്മെൻറ്	- 29289	"
5. എം. ഐ. ഗ്രാൻറ്	- 6240	"
6. ബേസിക് ടാക്സ്	- 25619	"
7. ഭൂമി കൈമാറ്റ നികുതി	-218910	"

വനവും തടിസമ്പത്തും

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഗ്രാമത്തിന്റെ പകുതിയിലധികം ഭാഗവും വനമായിരുന്നു. കാട്ടുമൃഗങ്ങൾ സൈരൃവിഹാരം നടത്തിയിരുന്ന കാടുകൾ വലിയ തടിസമ്പത്തിന്റെ ഖനിയായിരുന്നു. അദ്ധ്വാനശീലരായിരുന്ന കർഷകർ കാലാന്തരത്തിൽ കാട് വെട്ടിത്തെളിച്ച് കൃഷിയിറക്കിവന്നു. ഇന്നിപ്പോൾ പഞ്ചായത്തിലെങ്ങും വനമില്ല. അടുത്തകാലത്ത് പോർക്കുന്നുപറ പ്രദേശം അയ്യമ്പുഴ പഞ്ചായത്തിൽ ചേർത്തതോട് കൂടി നൂറ്റാണ്ടുകളായി മൂക്കന്നൂരിന് അവകാശപ്പെട്ട വനപ്രദേശവും നഷ്ടമായി.

സാങ്കേതികമായി ഈ പഞ്ചായത്തിലല്ലെങ്കിലും പഞ്ചായത്തിനോട് ചേർന്ന്കിടക്കുന്ന ഒലിവേലി വനപ്രദേശം ഗ്രാമത്തിന് ഒരനുഗ്രഹമാണ്. വളരെയേറെ ചരിത്രപരമായ പ്രാധാന്യം ഒലിവേലി വനപ്രദേശങ്ങൾക്കുണ്ട്. രണ്ട് നൂറ്റാണ്ടുകൾക്ക് മുമ്പ് ഒലിവേലി ച്ചിറ ഒരു വലിയ ജലാശയം ആയിരുന്നുവെന്ന് അനുമാനിക്കപ്പെടുന്നു. അക്കാലത്ത് ജലാശയത്തിന് സമീപം വിശാലമായ മൈതാനമായിരുന്നു പോലും. ആദിവാസികളുടെ വലിയ ഉത്സവങ്ങൾ ഇവിടെ നടത്തിയിരുന്നു. വിവിധ ഊരുകളിൽ നിന്നുള്ള ആദിവാസികൾ ആഘോഷവേളകളിൽ ഇവിടെ ഒത്ത് ചേർന്നിരുന്നു. അവരുടെ കായിക കലാവിനോദങ്ങളുടെയും വേദിയായിരുന്നു ഒലിവേലിച്ചിറ മൈതാനം. പിന്നീട് കാലക്രമേണ വലിയ ജലാശയം മണ്ണാലിച്ച് നികന്ന് ഇപ്പോഴത്തെ ചിറയായി. മൈതാനത്തിനും രൂപമാറ്റം സംഭവിച്ചു. ആദിവാസികളുടെ പഴയ ആരാധനാ കേന്ദ്രങ്ങളുടെ ഭാഗങ്ങൾ അടുത്തകാലംവരെ ഒലിവേലി വനത്തിലുണ്ടായിരുന്നു. ഇപ്പോൾ ഇവിടെ ആദിവാസികളില്ല. എന്നാൽ ആദിവാസി പാരമ്പര്യഗണത്തിൽപ്പെടുന്നവരുണ്ട്. കാലം വരുത്തിയ പരിഷ്ക്കാരം ഏറ്റുവാങ്ങിയവരെങ്കിലും ആദിവാസി കലകളും കായികാഭ്യാസവും ഇപ്പോഴും അവർക്ക് വശംതന്നെ.

ഒലിവേലി വനപ്രദേശം ഈ പഞ്ചായത്തിലെ നിരവധി ആളുകൾക്ക് ഉപജീവനം നൽകുന്നുണ്ട്. പ്രസ്തുത വനത്തിലെ ജോലികളിൽ പകുതി മൂക്കന്നൂർ പഞ്ചായത്തിലുള്ളവർക്ക് ലഭിക്കുന്നു. കൃഷിക്കാവശ്യമായ ചവർ, വിറക് എന്നിവയും ലഭിക്കണം. വലിയൊരു മേച്ചിൽ പ്രദേശമാണ് ഒലിവേലി വനം. സമീപത്തുള്ള ധാരാളം പേർ കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നു. കന്നുകാലി വളർത്തുന്നതിന് മേയ്ക്കുന്നതിനും വളരെയേറെ സൗകര്യം ലഭിക്കുന്നു.

ഒലിവേലി വലപ്രദേശം വളരെയേറെ മനോഹരമാണ്. പ്രകൃതി രമണീയമായ ഒലിവേലിച്ചിറയും തേക്കിൻതോട്ടവും നിബിഢവനവും വിനോദ സഞ്ചാരികൾക്ക് ആകർഷകങ്ങളാണ്. ഈ സാദ്ധ്യതകൾ കണക്കിലെടുത്ത് സംസ്ഥാന വനംവകുപ്പ് 25 ലക്ഷം രൂപ അടങ്കൽ തുകയുള്ള ഒലിവേലി ച്ചിറ വികസന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. 51/2 ലക്ഷം രൂപയുടെ ജോലികൾ പൂർത്തിയായി. ശേഷിക്കുന്നവ അമാന്തം കൂടാതെ പൂർത്തിയാക്കേണ്ടതാണ്. മൈനർ ഇറിഗേഷൻ വകുപ്പ് യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സഹായത്തോടെ പഴയ ചിറയുടെ വികസനം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായി രണ്ട് പദ്ധതികളും പൂർത്തിയാകുന്നതോടെ ഈക്കോ ടൂറിസം വികസിപ്പിക്കാൻ കളിയും. മലയാറ്റൂർ, ഏഴാറ്റുമുഖം, അതിരപ്പിള്ളി ടൂറിസ്റ്റ് ശൃംഖലയിൽ ഒലിവേലിച്ചിറയും മുഖ്യ കണ്ണിയാകും. ഇത് മൂക്കന്നൂർ പഞ്ചായത്തിന്റെ വടക്കൻ മേഖലയുടെ വികസനത്തിന് ആക്കംകൂട്ടും.

പഞ്ചായത്ത് തനത് ഫണ്ട്

1. കെട്ടിട നികുതി

2. തൊഴിൽ നികുതി

3. ലൈസൻസ് ഫീസ്

മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് - വരവ്

	ഇനം	ധനാഭ്യർത്ഥന	പിരിച്ചത്	ബാക്കി
1.	കെട്ടിടനികുതി	218209-95	100 %	ഇല്ല
2.	തൊഴിൽ നികുതി	98530-00	,,	,,
3.	ലൈസൻസ് ഫീസ്	15996-00	,,	,,
4.	വസ്തു കൈമാറ്റ നികുതി 75 %	119810	,,	,,
5.	,, 25 %	100000-00	,,	,,
6.	ഡെപ്പോസിറ്റ്	7080-00	,,	,,
7.	പലവക	53353-50	,,	
	ആകെ	612079-45		

ഗവ: ഗ്രാൻറുകൾ

1.	fund	276700-00
2.	VTE grant	472691-00
3.	VRM grant	472691-00
4.	M.I. grant	51883-00
5.	Est. grant	29289-00
6.	Basic tax grant	25614-00
	Total	862417-00

അനുബന്ധം

വികസന സെമിനാറിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും മാദ്ധ്യതകളും അനുബന്ധമായി ചേർത്തിരിക്കുന്നു.

1. കൃഷി - ജലസേചനം

1. വ്യാപകമായ എലി നശീകരണ പരിപാടികൾ നടപ്പാക്കണം.

2. പാടശേഖരങ്ങളിലേയ്ക്ക് വിത്ത് വളം യന്ത്രോപകരണങ്ങൾ മുതലായവ കൊണ്ടുപോകുന്നതിന് ഫാം റോഡുകളുടെ നിർമ്മാണം നടത്തണം. അട്ടാറ ജോസ്ഗിരി ലിഫ്റ്റ് ഇറിഗേഷൻ പൂർത്തീകരിക്കുക.

3. സമഗ്ര നാളികേര വികസന പദ്ധതിയുടെ ഭാഗമായി കേടുവന്ന മുഴുവൻ തെങ്ങുകളും വെട്ടി മാറ്റുന്നതിന് അർഹമായ സഹായം ലഭ്യമാക്കണം.

4. കൃഷി വ്യവസായമായി അംഗീകരിക്കണം

5. കർഷകർക്ക് പെൻഷനും ഇൻഷൂറൻസും ഏർപ്പെടുത്തണം.

6. തുമ്പൂർ മുഴി ഡാമിന്റെ ഉയരം ഒരു മീറ്റർ വരെ ഉയർത്തി ജലസംഭരണശേഷി വർദ്ധിപ്പിക്കണം.

7. യൂറോപ്യൻ ഇക്കണോമിക് കമ്മ്യൂണിറ്റി പദ്ധതിയിൽ പെടുത്തി ചേരാമ്പിള്ളിതാഴം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഉടനെ നടപ്പാക്കണം.

8. ഹോർട്ടികൾച്ചർ ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുകയും ആവശ്യമായ സാമ്പത്തിക സഹായം നല്കുകയും ചെയ്യണം.

9. തെക്കെ അട്ടാറ ഹരിജൻ കോളനി കേന്ദ്രീകരിച്ച് ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിക്കുക.

10. കണ്ണപ്പാടം കാളാർകുഴി ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിക്കുക.

2. മൃഗസംരക്ഷണം

1. കന്നുകാലികൾക്ക് ധാതുലവണ മിശ്രിതം സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കണം.

2. കന്നുകുട്ടികളെ കഴിയുന്നതും നേരത്തെ മതിയിൽ എത്തിക്കുന്നതിന് ആവശ്യമായ പോഷകാഹാരം ലഭ്യമാക്കുകയും വൈറ്റമിൻ സപ്ലിമെന്റ് സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.

3. ശാസ്ത്രീയമായി പശുവളർത്തലിനെപ്പറ്റി ബോധവൽക്കരണ സെമിനാറുകൾ നടത്തുന്നതിനുള്ള സാമ്പത്തിക സഹായം നല്കുക.

4. ആദായകരമായ ക്ഷീരോല്പാദനത്തിന് പഞ്ചായത്തിൽ പച്ചപ്പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പുൽവിത്ത് ലഭ്യമാക്കുക.

ഉല്പാദന ശേഷി കൂടുതലുള്ള പശുക്കളെ വാങ്ങുന്നതിനുള്ള സഹായം നല്കുക.

പഞ്ചായത്ത് അതിർത്തിയിലുള്ള പുറമ്പോക്ക് സ്ഥലം തീറ്റപ്പുൽ കൃഷിക്ക് ഉപയുക്തമാക്കുക.

ചാലക്കുടി ഇടതുകര കനാൽ ആരംഭിക്കുന്നതിന്റെ അടുത്തുകിടക്കുന്ന സ്ഥലത്ത് 200 പശുക്കളുടെ ഒരു ഡയറി ഫാം, 300 കിടാരികളെ വളർത്തി എടുക്കുന്നതിനുള്ള പദ്ധതി ജില്ലാ പഞ്ചായത്ത് തലത്തിൽ നടപ്പാക്കണം. സ്വകാര്യവ്യക്തികളുടെ സഹകരണം ഉപയോഗപ്പെടുത്താവുന്നതാണ്. പ്രസ്തുത ഫാം മാട്ടുപ്പെട്ടി പോലെ ഒരു വിനോദ സഞ്ചാര കേന്ദ്രമാക്കി മാറ്റാൻ കഴിയും.

സങ്കരയിനം കന്നുകുട്ടികൾക്ക് മാസംതോറും വിരമരുന്നുകളും ധാതുലവണ മിശ്രിതങ്ങളും മീനെണ്ണയും കൊടുക്കുവാനുള്ള ഒരു പദ്ധതിക്ക് രൂപം കൊടുക്കുക. ഒരു കന്ന് കുട്ടിക്ക് ഇത്തരത്തിൽ മരുന്നും ലവണങ്ങളും കൊടുക്കുന്നതിന് 200 രൂപയോളം ചെലവാകും. ഒരു പഞ്ചായത്തിൽ 500 കന്നുകുട്ടികൾക്കും ഈ സഹായം ലഭ്യമാക്കണം.

അശാസ്ത്രീയവും വൃത്തിഹീനവുമായ തൊഴുത്തുകൾ അകിട് വീക്കത്തിന് കാരണമാകുന്നു. ഇതു കാരണം 5% ഉല്പാദന നഷ്ടം ഉണ്ടാകുന്നു. വൃത്തിയുള്ള തൊഴുത്ത് നിർമ്മാണത്തിന് സാമ്പത്തിക സഹായം എത്തിക്കുന്നതിനുള്ള പദ്ധതി ഉണ്ടാക്കുക. ഗുണഭോക്താവ് ദുർബലവിഭാഗക്കാരായിരിക്കണം. ച: പാടിക്ക് 40 രൂപ വരെ സഹായധനമായി നല്കാം..

ബാലവാടികളിലെ കുട്ടികൾക്ക് സൗജന്യമായി പാൽ, മുട്ട വിതരണം നടത്താനുള്ള

പദ്ധതി പഞ്ചായത്തുകളിൽ ആരംഭിക്കണം.

ശുദ്ധജല മത്സ്യം വളർത്തലിന് അനുയോജ്യമായ സ്ഥലമാണ് കാളാർകുഴിയിലുള്ള ആറാട്ടുപുഴയും. 100 അടി വീതിയും 6 അടി താഴ്ചയും ഉള്ള ജലാശയം ഇതിന് ഉപയോഗപ്പെടുത്താം.

3. പൊതുജനാരോഗ്യം - കുടിവെള്ളം

1. പ്രകൃതി ചികിത്സാകേന്ദ്രം ആരംഭിക്കണം.

2. താബോർ ശുദ്ധജല വിതരണം സുഗമമാക്കണം, വിപുലീകരിക്കണം. മോട്ടോറിന്റെ ശേഷി വർദ്ധിപ്പിക്കണം.

3. മുക്കന്നൂർ പഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായിട്ടുള്ള പ്രദേശങ്ങളിൽ ശാസ്ത്രീയമായി കുഴൽക്കിണറുകൾ നിർമ്മിക്കുകയും ജലവിതരണം നടത്തുകയും വേണം.

അയ്യമ്പുഴ പഞ്ചായത്തിനോട് ചേർന്നു കിടക്കുന്ന ഒലീവ് മൗണ്ട് പ്രദേശത്ത് അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നിലവിലുള്ള പദ്ധതി അയ്യംമ്പുഴ പദ്ധതിയുമായി ബന്ധിപ്പിക്കുക.

ആറാട്ട് പുഴയിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് ശുദ്ധീകരിച്ച് പഞ്ചായത്തിലെ 1,8,9 വാർഡുകളിലെയും പുത്തൻപാലം തോട്ടിൽ നിന്ന് പമ്പ് ചെയ്ത് 2,3 വാർഡുകളിലേയും ജലക്ഷാമം പരിഹരിക്കാം. ദുർബല വിഭാഗങ്ങൾക്ക് സൗജന്യ കക്കൂസ് നിർമ്മാണ പദ്ധതി ആരംഭിക്കുക.

4. വ്യവസായം

1. അതിരപ്പിള്ളിയിൽ ഒരു ജലവൈദ്യുത പദ്ധതി ആരംഭിക്കുക. വ്യവസായികാവശ്യത്തിന് കൂടുതൽ വൈദ്യുതി ലഭ്യമാക്കാം. ഈ പഞ്ചായത്തിൽ ദേശസാൽകൃത ബാങ്കിന്റെ ഒരു ശാഖ ആരംഭിക്കണം.

3. പഞ്ചായത്തിന്റെ പേരിൽ ശങ്കരൻകുഴിയിലുള്ള സ്ഥലം കരിങ്കൽ ക്വാറി ആക്കി മാറ്റിയാൽ വലിയ ഒരു വരുമാനമാർഗ്ഗമായിരിക്കും.

4. നെടുമ്പാശ്ശേരി വിമാനത്താവളം ഈ പഞ്ചായത്തിന്റെ സമീപത്തായതിനാൽ വെൽഡിഗ്, ഫിറ്റിഗ് എന്നിവയിൽ പരിശീലന കേന്ദ്രങ്ങൾക്ക് സാധ്യതയുണ്ട്.

5. ചൂരൽ വ്യവസാത്തിന് ആവശ്യമായ ചൂരൽ റബ്ബർ തോട്ടങ്ങളിൽ ഇടവിളയായി കൃഷി ചെയ്യുവാനുള്ള സാധ്യത ആരായുക; കഴിയുമെങ്കിൽ കർഷകർക്ക് ധനസഹായം നല്കുക.

വിദ്യാഭ്യാസം

1. ഉച്ചഭക്ഷണ പദ്ധതിക്ക് പഞ്ചായത്ത് സാമ്പത്തിക സഹായം ചെയ്യണം. ഇപ്പോൾ സർക്കാർ നല്കുന്ന സഹായം പര്യാപ്തമല്ല.

2. പഞ്ചായത്തിലുള്ള ഹയർ സെക്കൻററി സ്ക്കൂളിൽ വാണിജ്യ - ശാസ്ത്രവിഷയങ്ങൾ ആരംഭിക്കണം.3. സ്കൂളുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന് ആഗ്ലേയ സാഹിത്യത്തിൽ ബിരുദമുള്ളവരെ നിയമിക്കണം.

4. ക്ലാസ്സ്കയറ്റം അർഹരായ വിദ്യാർത്ഥികൾക്ക് മാത്രം നല്കുക. വിജയശതമാനം സർക്കാർ മുൻകൂട്ടി നിശ്ചയിക്കുന്ന സമ്പ്രദായം നിർത്തലാക്കണം.

5. സ്ക്കൂൾ ലൈബ്രറികളും ലബോറട്ടറികളും വിപുലീകരിക്കുന്നതിന് ആവശ്യമായ ധനസഹായം നല്കണം.

6. വിദ്യാലയ പഠന നിലവാര പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കണം.

7. കഴിവുള്ളവരെ അദ്ധ്യാപന രംഗത്ത് കൊണ്ടുവരാൻ അവർക്ക്

ആകർഷകമായ സേവന-വേതന വ്യവസ്ഥകൾ നടപ്പിലാക്കണം. ഉയരർന്ന യോഗ്യതയുള്ളവർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നല്കണം.

8. അദ്ധ്യാപക - അദ്ധ്യാപകേതര ജീവനക്കാരുടെ പെൻഷൻ പ്രായം 58 വയസ്സാക്കണം.

9. വിവിധ വകുപ്പുകൾ സഹകരിച്ച് വിദ്യാലയങ്ങളിൽ ചർച്ചകളും സെമിനാറുകളും സംഘടിപ്പിക്കുക. ഇതുവഴി വിദ്യാർത്ഥികൾക്ക് വിവിധ വിഷയങ്ങളിലുള്ള അഭിരുചി വർദ്ധിപ്പിക്കുവാൻ സാധിക്കും. (കൃഷി - ആരോഗ്യം പോലുള്ള വിഷയം)

10. വയോജന വിദ്യാഭ്യാസ സൗകര്യം എല്ലാ വാർഡുകളിലും ഗ്രന്ഥശാല സ്ഥാപിക്കുക; നിലവിലുള്ളവയിൽ കൂടുതൽ പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ലഭ്യമാക്കുക.

12. ആഴകം സർക്കാർ സ്ക്കൂളിലെ ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടം ബാലവാടി ആരംഭിക്കുന്നതിന്

ഉപയോഗപ്പെടുത്താം. ഇവടെ സ്പെഷ്യലിസ്റ്റ് ടീച്ചറെ നിയമിക്കണം.

13. ജനപ്രതിനിധികളായ അദ്ധ്യാപകർക്ക് ശമ്പളത്തോടു കൂടിയ അവധി നല്കി അത്തരം ഒഴിവുകളിൽ പുതിയ നിയമനം നടത്തി അധ്യയനം തടസ്സപ്പെടാത്ത അവസ്ഥ ഉണ്ടാക്കണം

14. സ്ക്കൂൾ ഉപജില്ല-റവന്യൂ ജില്ലാ കലാ-കായിക മത്സരങ്ങൾ മധ്യവേനലവധിക്കാലത്ത് നടത്തുക. അതുവഴി അദ്ധ്യയന ദിവസം നഷ്ടപ്പെടാതെ കഴിയും

15. വിദ്യാർത്ഥികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് കൂടുതൽ വാഹന സൗകര്യം ഏർപ്പെടുത്തണം

റോഡ് - ഊർജ്ജം

1. പള്ളിപ്പടി - കാളാർകുഴി, മൂക്കന്നൂർ - കാനാൻ ദേശം - വാതക്കാട്, കോക്കുന്ന്-എടക്കുന്ന് (മൂക്കന്നൂർ കറുകുറ്റി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന) റോഡ് P.W.D. ഏറ്റെടുക്കുക.

2. കാളാർ കുഴി, ആശുപത്രിപ്പടിയിൽ നിന്നും പടിഞ്ഞാറോട്ടുള്ള കനാൽ പാലങ്ങൾ പൊളിച്ച് വീതി കൂട്ടുക.

3. ബാപ്പു കോർപ്പറേഷൻ - കൂട്ടാല അമ്പലം റോഡ് വീതി കൂട്ടി ടാർ ചെയ്യുക.

4. ആഴകം ബ്രാഞ്ച് കനാലിന്റെ തെക്കെ ബണ്ട് വീതികൂട്ടി റോഡാക്കുക, കറുകുറ്റിക്കര - വട്ടക്കാട് ബ്രാഞ്ച് കനാലിന്റെ വടക്കെ ബണ്ട് വീതികൂട്ടി റോഡാക്കുക; ചിനൻചിറ-മണ്ണാറവഴി വീതികൂട്ടി നിർമ്മിക്കുക.

5. പുതുശ്ശേരിക്കവല - ആശാരിത്താഴം റോഡ് വീതികൂട്ടി ടാർ ചെയ്യുക.

6. പുല്ല-പോത്തുകുഴി റോഡ് വീതികൂട്ടി ടാർ ചെയ്യുക.

7. മൂക്കന്നൂർ - കറുകുറ്റി പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന വട്ടേക്കാട് - എടക്കുന്ന് (അട്ടാറ തോട് വഴി) റോഡ് നന്നാക്കി ഗതാഗത യോഗ്യമാക്കുക.

8. നിർദ്ദിഷ്ട കാസർഗോഡ് - തിരുവനന്തപുരം റോഡ് വെറ്റിലപ്പാറ വഴി കടന്നുപോകുക.

9. റോഡുകളുടെ അറ്റകുറ്റപ്പണി പഞ്ചായത്തിന്റെ ചുമതലയിലാക്കുക.

10. പുതുംകുറ്റി-കാരമറ്റം പ്രദേശത്ത് വൈദ്യുതി കിട്ടാത്തവർക്ക് എത്രയും വേഗം ആയത് ലഭ്യമാക്കണം.

11. റോഡുകളിൽ അശാസ്ത്രീയമായി സ്ഥാപിച്ചിട്ടുള്ള വൈദ്യുതി ടെലഫോൺ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക.

12. താബോർ - ശാസ്താംപാറ റോഡ്, താബോർ മേട്-പറമ്പയം റോഡ് എന്നിവിടങ്ങളിലുള്ളവർക്ക് വൈദ്യുതി ലഭ്യമാക്കുക.

13. എല്ലാ ഉപഭോക്താക്കൾക്കും കൂടുതൽ മണ്ണെണ്ണ ലഭ്യമാക്കുക.

14. മൂക്കന്നൂർ പഞ്ചായത്തിൽ ഒരു ഗ്യാസ് ഏജൻസി ആരംഭിക്കുക.

15. ഇന്ധനം ലാഭിക്കുന്നതിനും അനുയോജ്യമായ അടുപ്പുകൾ പ്രചരിപ്പിക്കുക.

16. വൈദ്യുതി സെക്ഷൻ ഓഫീസിൽ എല്ലാ ദിവസവും പണമിടപാടുകൾ നടത്താനുള്ള സൗകര്യം ഏർപ്പെടുത്തുക.

17. നെഹ്രുമെമ്മോറിയൽ ഹരിജൻ കോളനി തെക്കെ അട്ടാറ ഹരിജൻ കോളനി വഴി റോഡ് നിർമ്മിക്കുക.

18. കണിച്ചിപ്പാടം - ആഴകം - തുരുത്ത് കപ്പേള വഴി റോഡ് നിർമ്മിക്കണം.

19. താബോർ കാരമറ്റം റോഡിന്റെ ഇരുവശങ്ങളിലുള്ള വീടുകളിൽ വൈദ്യുതി ലഭ്യമാക്കുക.

8. സംസ്കാരം

1. കേരളോത്സവത്തിൽ കലാമത്സരങ്ങളും ഉൾപ്പെടുത്തണം

2. തീരം കലാവേദി, വട്ടേക്കാട്, മോഡേൺ ആർട്സ് ക്ലബ്

3. കലാമൂല്യമുള്ള സിനിമകൾ (വിദേശ സിനിമകൾ ഉൾപ്പെടെ) പ്രദർശിപ്പിക്കുന്നതിന് ഫിലിം സൊസൈറ്റി രൂപീകരിക്കുക.

4. കലാകാരന്മാർക്കും പഞ്ചായത്ത് തല പെൻഷൻ പദ്ധതി നടപ്പാക്കുക.

5. മലയാള മനോരമ, ദീപിക എന്നീ പത്രങ്ങളുടെ ബാലജനയൂണിറ്റുകളും മാതൃഭൂമിയുടെ സ്റ്റഡി സർക്കിളുകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്; ഇവരും സംസ്കാരിക വളർച്ചയിൽ പങ്കാളികളാണ്.

9. വനിതാക്ഷേമം

1. കുടനിർമ്മാണയൂണിറ്റ് -തൊഴിൽ രഹിതർക്ക് ആശ്വാസം

2. മന്ദബുദ്ധികൾക്ക് സംരക്ഷണ കേന്ദ്രം

3. ഈറ്റ വീടുകളിൽ എത്തിക്കാനും പനമ്പ് തിരിച്ചു കൊണ്ടുപോകാനുമുള്ള സംവിധാനം.

4. തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ വച്ച് വൈദ്യ പരിശോധനയും പ്രതിരോധ നടപടികളും സൗകര്യപ്പെടുത്തുക.

7. പാർപ്പിടം - സാമൂഹ്യക്ഷേമം

അടിസ്ഥാന വിവരം

1. അടിസ്ഥാന സൗകര്യങ്ങളില്ലാത്ത വീടുകളുടെ എണ്ണം : 400

2. ഓലമേഞ്ഞ വീടുകൾ : 217 എണ്ണം

3. ലക്ഷം വീട് കോളനികൾ : 4 എണ്ണം; വീടുകൾ : 80

4. 4 സെൻറ് കോളനികൾ : 2 എണ്ണം, വീടുകൾ : 40

ഈ 120 വീടുകളിലും അടിസ്ഥാന സൗകര്യങ്ങൾ ഇല്ല.

5. പഞ്ചായത്തിൽ ആവശ്യമായ വീടുകൾ : 1000 എണ്ണം

(9-ാം പഞ്ചവത്സര പദ്ധതിയിൽ)

1. ഇന്ദിര ആവാസ് യോജന പദ്ധതിയുടെ കീഴിൽ ലഭിച്ച വീടുകൾ : 10 എണ്ണം

2. മില്ല്യൻ വെൽ സ്കീമിൽ ലഭിച്ച വീടുകൾ : 4 എണ്ണം

3. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിയിൽ ലഭിച്ച വീടുകൾ : ഇല്ല.

4. ഈ പദ്ധതി പ്രകാരം വികലാംഗർക്ക് ലഭിച്ച വീടുകൾ : ഇല്ല.

നിർദ്ദേശങ്ങൾ

അടുത്ത 5 വർഷത്തേയ്ക്ക് ആവശ്യമായ 1000 വീടുകൾ നിർമ്മിക്കുമ്പോൾ, അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്ന രീതിയിൽ - നിലവിലുള്ള പാർപ്പിട പദ്ധതികൾ നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന അനാവശ്യ ചെലവുകൾ കൂടാതെ സൗകര്യപ്രദമായ സ്ഥലങ്ങളിൽ പ്ലാറ്റുകൾ നിർമ്മിക്കാവുന്നതാണ്. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് 3 നിലകൾ വരെയുള്ള പ്ലാറ്റുകൾ നിർമ്മിക്കുന്നതായിരിക്കും നല്ലത്. ഇത്തരം പാർപ്പിട സമുച്ചയങ്ങൾക്ക് പൊതുവായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ വികലാംഗർ, പട്ടികജാതി പട്ടികവർഗ്ഗക്കാർ ഉൾപ്പെടെയുള്ള ദുർബല വിഭാഗങ്ങൾക്ക് മുൻഗണന നല്കണം.

ഇത്തരം ഭവനനിർമ്മാണ പദ്ധതിക്ക് സ്ഥലവിസ്തൃതി കുറച്ച് മതിയാകും; മാത്രമല്ല നിർമ്മാണ ചെലവ് കുറയ്ക്കാനും കഴിയും.

ഗുണഭോക്താക്കളെ നാല് വിഭാഗങ്ങളായി തിരിക്കാം

1. ഒരുവീടിന് ആവശ്യമായ ചെലവിൻെറ 75% തിരിച്ചടക്കാൻ കഴിയുന്ന വിഭാഗം; 25 ശതമാനം തുക സബ്സിഡിയായി നല്കണം.

2. ഒരു വീടിനാവശ്യമായ ചെലവിൻെറ 50% തുക തിരിച്ചടയ്ക്കാൻ കഴിയുന്ന വിഭാഗം; 50 ശതമാനം സബ്സിഡിയായി നല്കണം.

3. ഒരു വീടിനാവശ്യമായി വരുന്ന ചെലവിൻെറ 25% തിരിച്ചടയ്ക്കാൻ കഴിയുന്ന വിഭാഗം; 75 ശതമാനം സബ്സിഡിയായി നല്കണം.

4. സൗജന്യമായി വീട് ലഭിക്കാൻ അർഹതയുള്ള വിഭാഗം (ദുർബലവിഭാഗം) ഈ നാല് വിഭാഗക്കാർക്കും ആവശ്യമായ പ്ലാറ്റുകൾക്ക് ഭൂമി സൗജന്യമായി നല്കണം.

5. ചെത്തുതൊഴിലാളികളുടെ ഉന്നമനത്തിനു തകുന്ന കേരേമ പ്രവർത്തനങ്ങളും ചാരായ നിരോധനം കൊണ്ട് തൊഴിൽ രഹിതരായവർക്ക് പകരം തൊഴിൽ പദ്ധതിയും നടപ്പാക്കണം.

10. സഹകരണം

രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നടുന്നതിനും തെങ്ങൊന്നിന് കുറഞ്ഞത് 500 രൂപ സബ്സിഡി നല്കുക.

2. കേരകർഷകർക്ക് സർവ്വീസ് സഹകരണബാങ്കിന്റെ ആഭിമുഖ്യത്തിൽ കെട്ട്തെങ്ങ് വായ്പാപദ്ധതി നടപ്പിലാക്കുക.

3. ഭവന നിർമ്മാണ വായ്പാ പദ്ധതി ആവിഷ്ക്കരിക്കുക.

11. പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം

1. പാക്കിംഗ് കവറുകൾ നിർമ്മിക്കുന്ന യൂണിറ്റ് പഞ്ചായത്തടിസ്ഥാനത്തിൽ തുടങ്ങിയാൽ പട്ടികജാതി യുവതിയുവാക്കൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കാം. തയ്യൽ പരിശീലന കേന്ദ്രത്തിലൂടെ പട്ടികജാതി യുവതികൾക്ക് തയ്യൽ പരിശാലനം നല്കി തയ്യൽ വേലകൾ ചെയ്യുവാനുള്ള അവസരം ഒരുക്കുക. ഇതിന് ഒരു റെഡിമേഡ് ഗാർമെൻറ് യൂണിറ്റ് ആരംഭിക്കുകവഴി ഇവർക്ക് തൊഴിലവസരങ്ങൾ നല്കുവാൻ കഴിയും.

2. പട്ടികജാതി വികസന കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രിയദർശിനി ബസ്സ് സർവ്വീസിന്റെ പെർമിറ്റ് പഞ്ചായത്തിത്തിൽ ആനുവദിച്ചാൽ അഭ്യസ്ഥവിദ്യരായ പട്ടികജാതി യുവാക്കൾക്ക് തൊഴിലവസരം ലഭിക്കും. ഇതോടൊപ്പം ഒരു പരിധിവരെ നാട്ടിലെ യാത്രപ്രശ്നം പരിഹരിക്കാനും കഴിയും.

പട്ടികജാതി വികസന കോർപ്പറേഷന്റെ പ്രവർത്തനം തൃപ്തികരമല്ല. ഇതിനുവേണ്ടി അനുവദിക്കുന്ന പണം പകുതിയിലധികവും ഉപയോഗപ്പെടുത്തുന്നില്ല. കോർപ്പറേഷന്റെ പ്രവർത്തനം ജില്ലാ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ കാര്യക്ഷമമാക്കണം.

കോക്കുന്ന് ലക്ഷം വീട് കോളനി, ദേവഗിരി, മൂലേപ്പാറ എന്നീ സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം വളരെ രൂക്ഷമാണ്.

12. വിഭവസമാഹരണം.

1. എൻ.സി.സി, എൻ.എസ്സ്.എസ്സ്, സ്കൗട്ട് പോലുള്ള സംഘടനകളുടെ സേവനം വികസന പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്താവുന്നതാണ്.

2. സന്നദ്ധ സംഘടനകളുടെ സഹകരണം വിഭവസമാഹരണത്തിന് ഏറെ സഹായകരമായിരിക്കും; ആയത് വേണ്ടരീതിയിൽ പ്രയോജനപ്പെടുത്താം.

3. ഫർണിച്ചർ നിർമ്മാണ യൂണിറ്റുകളിൽ നിന്നും നാമമാത്രമായ നികുതി ഈടാക്കുക.

4. കൂടുതൽ മഹിളാപ്രധാൻ ഏജൻറുമാരെ നിയമിച്ച് ദേശീയ സമ്പാദ്യപദ്ധതി വ്യാപകമാക്കുകവഴി പഞ്ചായത്തിനും വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും.

5. ഇരുചക്ര വാഹനങ്ങളുടെ രജിസ്ട്രേഷൻ പഞ്ചായത്തിന്റെ കീഴിലാക്കുക. ഇതു ഒരു വരുമാനമാർഗ്ഗമായിരിക്കും.

6. നമ്മുടെ പഞ്ചായത്ത് ഒരു ബഡ്ജറ്റ് പഞ്ചായത്താക്കുക.

7. വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്ന ജോലി പഞ്ചായത്തിനെ ഏല്പിച്ചാൽ, ഇതിൽ നിന്നും കിട്ടുന്ന വരുമാനം പഞ്ചായത്തിന് മുതൽകൂട്ടാകും.

8. പഞ്ചായത്തിലെ തൊഴിൽ രഹിതരും വിദ്യാസമ്പന്നരുമായവരെ ഉൾപ്പെടുത്തി സാമ്പത്തികമായി കഴിവുള്ളവരുടെ സഹായത്തോടെ വ്യവസായയൂണിറ്റുകൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾക്ക് ഒരു വിദഗ്ധ സമിതി രൂപീകരിക്കുക.9. സദ്യകൾ, ടി.വി, ഫ്രിഡ്ജ്, വി.സി.ആർ എന്നിവക്ക് നികുതി ചുമത്താനുള്ള നിർദ്ദേശം പ്രായോഗികമല്ല.

10. നർദ്ദിഷ്ട വെറ്റിലപ്പാറ പാലം മൂക്കന്നൂർ പഞ്ചായത്തതിർത്തിയിൽ അല്ലാത്തതിനാൽ ടോൾ പിരിവ് നിർദ്ദേശം പ്രായോഗികമല്ല.

11. പഞ്ചായത്തിലെ പുറമ്പോക്ക് പാറകൾ പഞ്ചായത്തിന് വിട്ടുകൊടുത്താൽ ഒരു സ്ഥിര വരുമാനമാർഗ്ഗമായിരിക്കും.

13. പാറമടകൾക്ക് പഞ്ചായത്ത് വക ലൈസൻസ് ഏർപ്പെടുത്തിയാൽ പഞ്ചായത്തിന് ഒരു തുക സമാഹരിക്കുവാൻ കഴിയും.

14. പഞ്ചായത്തിൽ നിന്ന് പുറത്തുകൊണ്ടുപോകുന്ന കരിങ്കല്ലിന് നിശ്ചിത തുക ഈടാക്കിയാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാം.

..മുക്കന്നൂർ പഞ്ചായത്ത് - ഒന്നാംതരത്തിൽ -

..ഭൂപ്രകൃതിയും നിരവണ്ണങ്ങളും.

ഭൂപ്രകൃതി.	വെള്ളച്ചാറ വലിയ കുന്നിൻ മണ്ട.	താഴ്വര.	ചെറിയ കുന്ന്.	സമതലം, താഴ്വര.	വലിയകുന്ന്.	കുന്നിൻ ചരിവ്.	താഴ്വര.	ചെറിയകുന്ന്.	താഴ്വര. സമതലം.	കുന്നിൻ ചരിവ്.	കോക്കുന്ന്. കുന്നിൻ - മണ്ട.	താഴ്വര നില.	സമതലം.	പുഴയോരം.
മൺതരം.	ഇരുമ്പൻ കലർന്നു കിടക്കുന്ന ചെമ്മണ്ണ്.	പാറക്കെട്ട്. എക്കൽമണ്ണ്.	പാറക്കെട്ട്. ചരൽ കലർന്നു കിടക്കുന്ന ചെമ്മണ്ണ്.	ചെളി മണ്ണ്, ചെമ്മണ്ണ്.	പാറക്കെട്ട്. ഇരുമ്പൻ കലർന്നു കിടക്കുന്ന ചെമ്മണ്ണ്.	ഇരുമ്പൻ കലർന്നു കിടക്കുന്ന മണ്ണ്.	ചെളിമണ്ണ്.	ചെമ്മണ്ണ്.	ചെമ്മണ്ണ്, ചെളി മണ്ണ്.	ഇരുമ്പൻ കലർന്നു കിടക്കുന്ന ചെമ്മണ്ണ്.	ഇരുമ്പൻ കലർന്നു കിടക്കുന്ന ചെമ്മണ്ണ്.	എക്കൽ ചരലോടു കൂടിയ മണ്ണ്.	ചെമ്മണ്ണ്, ചെളിമണ്ണ്.	ചെളിമണ്ണ്, ചെമ്മണ്ണ്.
സസ്യാവരണം	റബ്ബർ, തെങ്ക്, തെങ്ക്, കുരുമുളക് കൃഷിചെയ്യുന്നു.	തെങ്ക്, റബ്ബർ. ഇരുമുള്ള്.	റബ്ബർ, തെങ്ക്, തെങ്ങ്.	തെങ്ങ്, നെല്ല്, കവുങ്ക്	റബ്ബർ, തെങ്ക്. ഇഞ്ചി, പുല്ല്.	റബ്ബർ തെങ്ങ് കവുങ്ക്, കുരുമുളക്.	നെല്ല്, തെങ്ങ്.	തെങ്ങ്, റബ്ബർ, തെങ്ക്, വനവൃക്ഷം.	നെല്ല്, തെങ്ങ്, ഇഞ്ചി, കമുങ്ക്.	റബ്ബർ, തെങ്ങ്. തെങ്ക്,	റബ്ബർ, തെങ്ക്.	നെല്ല്, തെങ്ങ്, വാഴ, ഇഞ്ചി.	നെല്ല്, തെങ്ങ്, വാഴ ഇഞ്ചി, റബ്ബർ.	നെല്ല്, തെങ്ങ്, കവുങ്ക്, വാഴ, ഇഞ്ചി കുരുമുളക്.
ജലസ്രോതസ്സ്	ഇല്ല.	ഒലിവേലിച്ചിറ.	ഇല്ല	വൃക്ഷാന്തോട്, കുളം.	ഇല്ല.	ഇല്ല.	തോട്.	കുളം.	കുളം, തോട്.	കിണർ.	ഇല്ല.	കിണർ, കുളം.	കിണർ കുളം.	പുഴ
പരിസ്ഥിതി പ്രശ്നം.	വർഷകാലത്ത് മണ്ണൊലിച്ച്.	വരൾച്ച.	വരൾച്ച	വെള്ളക്കെട്ട്, പായൽ.	മണ്ണൊലിച്ച്. വിളനാശത്തിൽ പാറപൊട്ടിക്കൽ. വരൾച്ച.	മണ്ണൊലിച്ച്, വരൾച്ച, കാട് വിഴുങ്ങൽ. തെങ്ങിൻ തൂട്ടിൽ പാറപൊട്ടിക്കൽ.	വരൾച്ച; കാട് വിഴുങ്ങൽ തെങ്ങിൻ, പായൽ.	വരൾച്ച. തെങ്ങിൻ കാട് വിഴുങ്ങൽ.	പായൽ, തെങ്ങിൻ കാട് വിഴുങ്ങൽ.	വരൾച്ച തെങ്ങിൻ കാട് വിഴുങ്ങൽ.	വരൾച്ച തെങ്ങിൻ കാട് വിഴുങ്ങൽ	പായൽ. കാട് വിഴുങ്ങൽ.	കാട് വിഴുങ്ങൽ വർഷകാലത്ത് വെള്ളക്കെട്ട്.	കാട് വിഴുങ്ങൽ മണ്ണൊലിച്ച് വരൾച്ച.

പഞ്ചായത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ വിവരം

സ്കൂളിന്റെ പേര്	ഉടമസ്ഥത	വിദ്യാർത്ഥികൾ ആൺ	പെൺ	ആകെ	SC/ST	ടോട്ട് പഠിക്കുന്നവർ	പഠനം നിർത്തിയവർ	അദ്ധ്യാപകർ	സ്വന്തം വിസ്തീർണ്ണം	കുളി സൗകര്യങ്ങൾ	ആകെ ഡിവിഷനുകൾ	കെട്ടിടങ്ങൾ	മുറികളുടെ എണ്ണം	പഞ്ചായത്ത് നികുതി	മതിപ്പ് വില	കൈ
S.H.O.H.S																
മുക്കന്നൂർ	എയ്ഡഡ്	370	239	609	54	90	4	52	3ഏ	2ഏ	37	3	45			
യു.പി.വിഭാഗം	എയ്ഡഡ്	346	194	540	53	87	5	52	3ഏ	2ഏ						
എൽ.പി.വിഭാഗം	എയ്ഡഡ്	152	109	261	22	16	-	52	3ഏ	2ഏ						
ഗവ.നഴ്സറി സ്കൂൾ																
മുക്കന്നൂർ	സർക്കാർ	69	72	141	12	-	-	7	0.53ഏ	2.5ഏ	-	-	-	7050/-	5.5 ലക്ഷം	15
ഗവ.എച്ച്.എസ്																
മുക്കന്നൂർ	സർക്കാർ	324	246	570	15	-	6	21	-	-	17	3				
യു.പി.വിഭാഗം	സർക്കാർ															
എൽ.പി.വിഭാഗം	സർക്കാർ															
H.F.H.S														3025	1.75 ലക്ഷം	79
താഴേബാർ	എയ്ഡഡ്	220	204	424	75/2	-	18	20	3.144ഏ	-	-	-	-	-	3025/-	1.7
		79672/-														
പോളി ഫാമിലി																
യുപിഎസ് താഴേബാർ	എയ്ഡഡ്															
പോളി ഫാമിലി																
എൽപിസ്കൂൾ താഴേബാർ	എയ്ഡഡ്	398	365	763	80/5	-	4	26	.5ഏ	-	20	1	-	4320/-	16.5 ലക്ഷം	10
ഗവ. യു.പി.എസ്																
ആഴകം	സർക്കാർ															
എൽ.പി. വിഭാഗം	സർക്കാർ															
നെഹ്റു മെമ്മോറിയൽ																
എൽപിസ്കൂൾ വട്ടക്കല്ല്	എയ്ഡഡ്	129	108	237	39	-	10	7	1.25ഏ	-	7	2	-	925/-	12 ലക്ഷം	274
ബ്രദേഴ്സ് ഓർഫനേജ്																
മുക്കന്നൂർ	അംഗീകൃതം	439	17	456	17	-	-	38	-	-	9	2	-	1540/-	77ലക്ഷം	6
ആകെ		2447	1554	4001	374	193	47	171	-	-	101	12	-	16860/-	110 ലക്ഷം	431

നന്ദിയോടെ.....

ഈ വികസന രേഖ
തയ്യാറാക്കുന്നതിന് ഞങ്ങളോട് സഹകരിച്ച
ഏറെ ബഹുമാന്യവ്യക്തികളുണ്ട്.
അവരുടെ രാപകലില്ലാത്ത അദ്ധ്വാനം
ഞങ്ങൾ നന്ദിയോടെ സ്മരിക്കുന്നു.
ഈ റിപ്പോർട്ട്
പൂർണ്ണമാണെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല;
പരിമിതികളുണ്ട്.
എങ്കിലും ഇതിലൂടെ
നമ്മുടെ പഞ്ചായത്തിന്റെ ഒരു ഏകദേശ ചിത്രം
ലഭിക്കുമെന്ന് ഞങ്ങൾ കരുതുന്നു.
ഈ വികസന റിപ്പോർട്ട്
അച്ചടിച്ച് തയ്യാറാക്കിയ
അങ്കമാലി ജെ.കെ. ഓഫ്സെറ്റ് പ്രിന്റേഴ്സിനും
നന്ദിപറയുന്നു.
ഏവർക്കും ഒരിക്കൽ കൂടി നന്ദി രേഖപ്പെടുത്തികൊണ്ട്,

സ്നേഹ പൂർവ്വം
പഞ്ചായത്ത് സമിതി
മുക്കന്നൂർ ഗ്രാമപഞ്ചായത്ത്
മുക്കന്നൂർ - 683577